# കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുതങ്ങളും



ശ്രീനി പട്ടത്താനം

# കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുത രഹസ്യങ്ങളും

ഒരു മാസ്സ് ബുക്ക്ക്ലബ്ബ് പ്രസിദ്ധീകരണം

Keralathile Kshethrangalum Divyalbhutha rahasyan-
galum □
Malayalam □ Sreeni Pattathanam □ First Published
February 1987 □ Printed at G. K. Printers, Quilon-1.
Ph: 76809 □ Cover design: Ajay. T. J. □ Cover
printed at Sheeba printers, Quilon-1 □ Copy
right reserved □ Published by: Mass Publications,
Quilon-691 004 □ Price Rs. 15 □

MP Mbc S. No. 6 1/87 Cr 1/8

# കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുത രഹസ്യങ്ങളും

ശ്രീനി പട്ടത്താനം

എം. ബി. സി. നമ്പർ-6

പ്രസാധകർ

**മാസ് പബ്ലിക്കേഷൻസ്**

കൊല്ലം-691 004

ശ്രീനി പട്ടത്താനത്തിന്റെ
കൃതികൾ

---

മനുഷ്യദൈവങ്ങൾ

കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുത രഹസ്യങ്ങളും

ശ്രീനി പട്ടത്താനം

---

കൊല്ലം-691 004

—വർഗീയതയുടെ ഭീഷണി അപകടകരമാംവിധം വളർന്നിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഹിന്ദു ഭൂരിപക്ഷ വർഗീയത ഇന്നതിൻെറ പരമാവധി ശക്തിയോടുകൂടി രംഗത്തു വന്നിരിക്കയാണ്.

വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും കാലത്തിനു് വളരെ ശേഷം രൂപംകൊണ്ട ഹിന്ദുമതം ക്ഷേത്രങ്ങളുടെയും അവയിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദൈവങ്ങളുടെയും അത്ഭുത കഥകളെ ചുററിയാണ് അതിൻെറ വിശ്വാസത്തിൻെറ കോട്ട പണിതിട്ടുള്ളതു്. ഇത്തരം കഥകളുടെ അശാസ്ത്രീയത വ്യക്തമാക്കുന്ന ഒരു ഗ്രന്ഥമാണിതു്. വർഗ്ഗീയതക്കെതിരെയുള്ള സമരത്തിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിലൂടെ ഞങ്ങളും പങ്കുചേരുന്നു.

– പ്രസാധകർ –

# ഉള്ളടക്കം

1 ശൂലം കുത്തലും അഗ്നിക്കാവടിയും

2 മധൂർ അമ്പലവും വാൽനക്ഷത്രവും

3 ചെങ്ങന്നൂർ ഭഗവതിയുടെ മെൻസസ്

4 നിലയ്ക്കലും പള്ളിയറക്കാവും

5 ചോററാനിക്കരയിലെ പ്രേതബാധ

6 ചിലന്തി ക്ഷേത്രം

7 പൊങ്കാലവിളയാട്ടവും കരകംതുള്ളലും

8 മലയാലപ്പുഴയിലെ മാടനും ശിവലിംഗവും

9 കൊടുങ്ങല്ലൂരിലെ തെറിപ്പാട്ട്

10 അനന്തനും പാലാഴിയും ലൈംഗിക ശിൽപ്പങ്ങളും

11 ചെട്ടികുളങ്ങരയിലെ കുത്തിയോട്ടം

12 അഷ്ടമുടിയിലെ ഉരുളൽ

13 ഗരുഡൻ തൂക്കം

14 കൃഷ്ണൻ (ഗുരുവായൂരപ്പൻ) ദൈവാവതാരമല്ല

15 ഗണപതി ബ്രഹ്മചാരിയല്ല

16 മണ്ണാറശാലയിലെ മനുഷ്യദൈവവും
സർപ്പദൈവങ്ങളും

17 പോലീസുകാർ കൊളുത്തുന്ന മകരവിളക്ക്

18 ഓച്ചിറ ക്ഷേത്രം ബുദ്ധവിഹാരമാണ്

19 നാരായണഗുരു ദൈവാവതാരമോ?

20 ദൈവവും ദർശനവും

# ഈ ഗ്രന്ഥം എന്തുകൊണ്ടു്

ഇന്ത്യ ഇന്നു മതമൗലികവാദത്താൽ തകർന്നുകൊണ്ടിരിക്കയാണു്. ഓരോ മതസ്ഥർക്കും രാഷ്ട്രം അവരുടേതായിത്തീരണം. ഈ ലക്ഷ്യത്തിനായി എല്ലാ മതങ്ങളും അവരുടെ സർവ്വശക്തികളും ഉപയോഗിച്ച് പ്രചരണങ്ങളും പ്രകടനങ്ങളും സംഗമങ്ങളും നടത്തുകയാണു്. അതിന്റെ ഫലമോ മനുഷ്യർ തമ്മിൽ വെട്ടിമരിച്ച് രാജ്യം ചോരപ്പുഴയായി മാറുന്നു.

അതുമൂലം ശാശ്വതമായ ശാന്തി നഷ്ടപ്പെട്ട ഇന്ത്യയിൽ ഇന്നു് ഒരു "മനുഷ്യനെ" കാണാനില്ലാത്ത അവസ്ഥയാണു്. പകരം ഹിന്ദുവും, മുസൽമാനും, ക്രിസ്ത്യാനിയും, സിക്കും, പാർസിയും, ഗൂർഖയെയുമൊക്കെയാണു് കാണുക.

ഇവർക്കു് ദേശീയ കുത്തകശക്തികളുടെയും, വൈദേശിക സാമ്രാജ്യത്വശക്തികളുടെയും ഒത്താശയുണ്ടെന്നുള്ളതു് പരസ്യമായ ഒരു യാഥാർത്ഥ്യമാണു്.

രാജ്യത്തെ ശിഥിലമാക്കാനൊരുങ്ങുന്ന ഇത്തരം ശക്തികൾക്കെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹം അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

മതരഹിതവും ചൂഷണരഹിതവുമായ ഒരു സമൂഹത്തിൽ മാത്രമേ മാനവസ്നേഹവും സമാധാനവും ഉണരുകയുള്ളു.

ഇതിനുവേണ്ട കർമ്മപരിപാടി മതങ്ങളിൽനിന്നും മനുഷ്യനെ വേർപെടുത്തുന്ന ബോധവൽക്കരണമാർഗ്ഗമാണു്. ഇതിനുവേണ്ടി ഏതൊരുമനുഷ്യനും അവനവനു കഴിയുന്ന പ്രവർത്തനങ്ങളിൽ ഉടൻതന്നെ വ്യാപൃതനാകേണ്ടിയിരിക്കുന്നു.

ആ ലക്ഷ്യത്തിനുവേണ്ടിയുള്ള ആദ്യത്തെ ഒരു എളിയ ശ്രമമാണു് ഈ ഗ്രന്ഥത്തിൽ ഞാൻ ചെയ്യാൻ ശ്രമിച്ചിട്ടുള്ളതു്.

ഈ മഹാലക്ഷ്യത്തിനുവേണ്ടിയുള്ള നിങ്ങളുടെ യാത്രയ്ക്കു് ഈ ഗ്രന്ഥം ഒരു "കാരണ"മായാൽ, ഗ്രന്ഥോദ്ദേശ്യം സഫലമായെന്നു ഞാൻ കരുതും.

കൊല്ലം,
6-12-'86.

—ശ്രീനി പട്ടത്താനം

## ഒന്നു്

# ശൂലംകുത്തലും അഗ്നിക്കാവടിയും

കേരളത്തിൽ ആയിരക്കണക്കിനു് മുരുകൻ ക്ഷേത്രങ്ങളുണ്ടു്. ഈക്ഷേത്രങ്ങളിൽ നിലവിലുള്ള ദിവ്യാത്ഭുതങ്ങളാണു് കവിളിലും നാവിലും ശൂലം കുത്തിയിറക്കലും അഗ്നിക്കാവടിയും. മുരുകന്റെ ദൈവീകശക്തിയെ വെളിപ്പെടുത്തുന്നതിനുവേണ്ടിയാണു് ഇവർ ഇതു് ചെയ്യുന്നതു്. ആദ്യമായി ശൂലം കുത്തൽ എന്താണെന്നു് നമുക്കു നോക്കാം.

പ്രാകൃതകാലം മുതൽ ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനായി ആത്മപീഡന മാർഗ്ഗങ്ങളിലൂടെ വിശ്വാസികൾ ചെയ്തിരുന്ന മോക്ഷമാർഗ്ഗമാണു് ഇന്നും തുടർന്നുവരുന്ന ഈ ശൂലം കുത്തൽ.

ഈ ദിവ്യാത്ഭുതത്തിനു യാതൊരു ദൈവീകശക്തിയും വേണ്ടെന്നുള്ളതാണു് യാഥാർത്ഥ്യം.

ഇതിന്റെ രഹസ്യമെന്തെന്നു് നമുക്കു നോക്കാം.

മുരുകൻസിദ്ധിയുള്ളവരെല്ലാംതന്നെ കവിളിലും നാവിലും മാത്രമാണ് ശൂലംകുത്തിയിറക്കുന്നതു്. ഇതിനു കാരണം നാവിലും കവിളിലും പൊതുവെ രക്തവാഹിനിക്കുഴലുകൾ കുറവാണ്. ഈ ഭാഗം നോക്കി ശൂലം കുത്തിയിറക്കിയാൽ രക്തപ്രവാഹമുണ്ടാവുകയില്ല. സ്ത്രീകൾ ആഭരണം ധരിക്കുന്നതിനായി കാതിലും മൂക്കിലും സൂചികുത്തുന്നതു് ഇതിനുദാഹരണമാണ്.

എന്നാൽ ആട്ടോഹിപ്പ്നോട്ടിക്ക് അവസ്ഥയിൽ എത്തുന്ന ചിലരുണ്ട്. അവർ മായികമൂർഛയെ പ്രാപിക്കുന്നതോടെ അവരുടെ അന്നനാളഗ്രന്ഥികൾക്ക് ഉത്തേജനം ഉണ്ടാവുകയും അപ്പോൾ അഡ്രിനാലിൻ എന്ന ദ്രാവകം രക്തവാഹിനിയിൽ പതിക്കുകയും ചെയ്യുന്നു. അതിൻെറ ഫലമായി സൂക്ഷ്മനാഡികൾ ചുരുങ്ങുകയും രക്തപ്രവാഹത്തെ തടയുകയും ചെയ്യും.

എന്നാൽ മുറിവ് ഉണങ്ങുവാൻ ഇവരെല്ലാം ചെയ്യുന്നതു് മുറിവിൽ ഭസ്മം പൂശുകയെന്നതാണ്. കാരണം ഭസ്മം രോഗാണുനാശിനിയാണ്. നായ്പോലും ചാരത്തിലുരുണ്ട് മുറിവുണക്കുന്നതു നാം കണ്ടിട്ടുണ്ട്. അതിനാൽ ഭസ്മം ചാരത്തെ അപേക്ഷിച്ച് കുറച്ചുകൂടി മെച്ചപ്പെട്ട ഔഷധമാണ്. ഇവർ ശൂലം കുത്തിയതിനുശേഷം ശൂലത്തിൽ നാരങ്ങ കൊരുത്തിടുക പതിവാണ്. നാരങ്ങ കൊരുത്തിടുന്നതിൻെറ ഉദ്ദേശ്യം രക്തപ്രവാഹം ഉണ്ടാകാതിരിക്കാനാണ്. നാരങ്ങാനീരിനു് രക്തത്തെ കട്ട (clot) പിടിപ്പിക്കുവാനുള്ള ശക്തിയുണ്ട്. അതുപോലെ കുത്താൻ ഉപയോഗിക്കുന്ന ശൂലം എപ്പോഴും വെള്ളി ചെമ്പ് തുടങ്ങിയ ലോഹങ്ങൾ കൊണ്ടുള്ളതുമാത്രമായിരിക്കും. ഈ ലോഹങ്ങൾ തെരഞ്ഞെടുക്കുവാൻ കാരണം അവ തുരുമ്പെടുക്കുകയില്ലെന്നുള്ളതുകൊണ്ടാണ്. ഇരുമ്പിനു മുറിവിനെ പഴുപ്പിക്കാൻ കഴിയുമല്ലോ?

എന്നാൽ കൂടുതൽ ശാസ്ത്രീയ പഠനം നടത്തിയ ദിവ്യന്മാർ ഇന്നു ചെയ്യുന്നതു് കുറേക്കൂടി ഭദ്രമായ രീതിയിലാണ്. ശൂലം കുത്തുന്നതിനു മുമ്പായി ശൂലം സ്റ്ററിലൈസ് (sterilise) ചെയ്യുക എന്നതാണ് പ്രധാനപരിപാടി. സ്റ്ററിലൈസ് ചെയ്തശേഷം

ശൂലം റെക്ടിഫൈഡ് സ്പിരിററിൽ സൂക്ഷിച്ചിരിക്കും. കുത്താനെടുക്കുമ്പോൾ പഞ്ഞിയിൽ മുക്കിയ സ്പിരിററുകൊണ്ട് വീണ്ടും തുടച്ചശേഷമാണ് കുത്തുക. കുത്തുമ്പോൾ കവിളിലെ മസിൽ വലിച്ചു പെരുവിരലിൽ ഒതുക്കിവച്ചശേഷമാണ് കുത്തുന്നത്. കൂർത്ത മുനയുള്ള ശൂലമോ സൂചിയോ കൊണ്ടാണ് കുത്തുന്നത്. അതുകൊണ്ടുള്ള ഗുണം പോയിൻറ് സൂചിയാണെങ്കിൽ മുറിവുണ്ടാക്കി തുളച്ചുപോവുകയേയുള്ളൂ. മാത്രമല്ല കുത്തിയ പാടുപോലും കാണുകയില്ല. അതുപോലെ നാവിൽ കുത്തുമ്പോൾ മുകളിൽനിന്നും കീഴോട്ട് കുത്തിയിറക്കുകയാണ് ചെയ്യുന്നത്. തിരിച്ചാണെങ്കിൽ കൂടുതൽ വേദനയുണ്ടാകും.

കവിളിലും നാവിലും കുത്തിയ ശൂലത്തിൻെറ ഇരു അഗ്രങ്ങളിലും എട്ടുപത്ത് നാരങ്ങ കൊരുത്തിടാവുന്നതാണ്. നാരങ്ങയുടെ ഭാരം താങ്ങുവാൻ ഈ നാവിനും കവിളിനും കഴിയും.

ഈ മാദ്ധ്യമത്തിലൂടെയാണ് ചില സിദ്ധന്മാർ ശരീരമാസകലം നാരങ്ങ കൊരുത്തിടുന്നത്. വെള്ളി നൂൽക്കമ്പിയാണ് ഇതിനു പയോഗിക്കുന്നത്.

അതുപോലെ ചിലർ കഴുത്തിലൂടെ ശൂലം കുത്തിയിറക്കി കാണിക്കാറുണ്ട്. അതിൻെറ തന്ത്രം യഥാർത്ഥത്തിൽ കഴുത്തിലൂടെയല്ല ശൂലം കുത്തുന്നതെന്നുള്ളതാണ്. കഴുത്തിലെ തൊലി മുന്നോട്ടുവലിച്ചു നീട്ടിയിട്ട് ശൂലം കുത്തിയിറക്കിയശേഷം തൊലിവിട്ടാൽ കഴുത്തിലൂടെ കുത്തിയിറക്കിയതായി നമുക്ക് തോന്നും. അതാണ് അതിൻെറ രഹസ്യം.

മുരുകൻ സന്നിവേശിച്ചിരിക്കുന്ന ഈ ദിവ്യന്മാരോട് ഒരുകാര്യം ചോദിക്കുകയാണ്. നിങ്ങൾ ദിവ്യശക്തികൊണ്ടുതന്നെയാണ് കവിളിലും നാവിലും ശൂലം കുത്തിയിറക്കുന്നതെങ്കിൽ സ്വന്തം നെഞ്ചിലൂടെയോ, ശിരസ്സിലൂടെയോ ഈ ശൂലം കുത്തിയിറക്കാൻ തയ്യാറാണോ?

ഇതുവരെ ഒരു ദിവ്യന്മാരും ചെയ്തു കണ്ടിട്ടില്ലാത്തതിനാൽ

ഈ ശൂലം കുത്തലിൽ പൊള്ളത്തരം ഉണ്ടെന്നുള്ളതു വ്യക്തമാണ്. അല്ലെങ്കിൽ ഇക്കാര്യം അവർ ചെയ്തു തെളിയിക്കട്ടെ.

## അഗ്നിക്കാവടി

അഗ്നിക്കാവടിയെക്കുറിച്ച് പറയുമ്പോൾ അതിൽ എടുത്തുപറയാവുന്ന ക്ഷേത്രങ്ങളാണ് കൊല്ലം ചിററടീശ്വരം ക്ഷേത്രവും, പെരുങ്കുഴി ശ്രീരാജരാജേശ്വരി ക്ഷേത്രവും, പീരുമേടിനടുത്തുള്ള റാണി കോവിലും.

അഗ്നിക്കാവടിയെ തീക്കനലാട്ടമെന്നും പറയാറുണ്ട്. തീക്കനലാട്ടമെന്നും, അഗ്നിക്കാവടിയാട്ടമെന്നും പറയുന്നതു്, തീക്കനലിലൂടെ വെളിച്ചപ്പാടന്മാർ കാവടിയുമേന്തി നഗ്നപാദരായി നടക്കുന്നതിനെയാണ്.

ക്ഷേത്രത്തിൽ ഒരുക്കിയിരിക്കുന്ന ഈ തീക്കനലിലൂടെ ദിവ്യന്മാർ നടക്കുന്നതോടുകൂടി ഭക്തന്മാർ അത്ഭുതപ്പെടുകയും ക്ഷേത്രത്തിലിരിക്കുന്ന മുരുകൻ ദിവ്യൻെറ ശരീരത്തിൽ സന്നിവേശിച്ചിരിക്കുന്നതുകൊണ്ടാണ് അയാളുടെ പാദം പൊള്ളാതിരിക്കുന്നതെന്നും ഇവർ വിശ്വസിക്കുന്നു. അങ്ങനെ മുരുകശക്തിയിൽ കൂടുതൽ വിശ്വാസം ജനിക്കുന്ന ഇവർ മുരുകൻെറ കാരുണ്യം ലഭിക്കുന്നതിനായി ഈ ക്ഷേത്രങ്ങളിലേക്ക് പട്ടിണികിടന്നുകൊണ്ടാണെങ്കിലും, ആകെ കൈകളിലുള്ള പണവും പണ്ടങ്ങളും സംഭാവന ചെയ്യുന്നു.

തീക്കനലിലൂടെ കാലു് പൊള്ളാതെ നടക്കാനുള്ള ശാസ്ത്രീയമാർഗ്ഗത്തെ ഭക്തജനങ്ങളിൽനിന്നും ഒളിച്ചുവെച്ചുകൊണ്ടാണ് ഇവർ ദിവ്യതയുടെ പേരിൽ ഈ തട്ടിപ്പ് നടത്തുന്നതു്. അതിനുപരി വീണ്ടും ചില അടവുകൾ ഇവർ സ്വീകരിക്കാറുണ്ട്. ചുരുക്കത്തിൽ ഭക്തന്മാരുടെ ശ്രദ്ധയെ മുഴുവൻ മുരുകശക്തിയെന്ന വ്യാജശക്തിയിലേക്ക് ആകർഷിച്ചുകൊണ്ട് ആ ഇടവേളയിൽ മററു തന്ത്രങ്ങൾ ഇവർ പ്രയോഗിക്കുന്നു. അതു് ഭക്തജനങ്ങൾ ഒട്ടും അറിയുന്നതുമില്ല. ഇത്തരം ഇടവേളകൾ സൃഷ്ടിച്ചുകൊണ്ട് നമ്മളിൽ അത്ഭുതം ജനി

പ്പിക്കുന്നതു് സാധാരണ മാജിക്കുകാരാണ്. അഥവാ കൺകെട്ടുകാർ. അതിനാൽ അഗ്നിക്കാവടി എന്ന ദിവ്യാത്ഭുതം ഒരു കൺകെട്ടാണെന്നു പറയുന്നതിൽ ആർക്കും സംശയം വേണ്ട.

ദിവ്യന്മാർ തീക്കനലിലൂടെ ഓടുന്നതു രസകരമാണ്. ദിവ്യജലമെന്ന വ്യാജേന തീക്കനലിന്റെ ഇരുതലയ്ക്കലും നല്ല കട്ടിയിൽ കലക്കിയ അരത്തവെള്ളം നിറച്ച കുടങ്ങൾ നിരത്തിവെച്ചിരിക്കും. ഓടാനിറങ്ങുമ്പോൾ പ്രധാന ദിവ്യന്റെ ശിരസ്സിലേക്കു് പരികർമ്മികൾ ഈ അരത്തവെള്ളം ഒഴിക്കും. ഈ അരത്തവെള്ളം ശരീരത്തിലൂടെ ഒലിക്കുമ്പോഴാണ് തീക്കനലിലൂടെ ഇവർ ഓടുന്നതു്. മറുതലയ്ക്കൽ ചെല്ലുമ്പോൾ വീണ്ടും മറുവശത്തു് നിൽക്കുന്ന പരികർമ്മികൾ അരത്തവെള്ളമെടുത്തു് ഒഴിക്കുകയായി. ആപാദചൂഡം വെള്ളവുമായിട്ടാണ് അടുത്ത ഓട്ടം. പ്രധാന ദിവ്യനോടിക്കഴിഞ്ഞാൽ അടുത്ത ദിവ്യനോടുന്നതു് ആദ്യത്തെ ദിവ്യൻ ഓടിയ, അണഞ്ഞുകിടക്കുന്ന പാദമുദ്രകൾ നോക്കിയാണ്.

ഈ അരത്തവെള്ളം ഇങ്ങനെ ഒഴിക്കുന്നതിന്റെ ഉദ്ദേശ്യം പലതാണ്. പ്രധാനമായും തീക്കനലിലൂടെ ഓടുമ്പോൾ ചൂടു് ശരീരത്തിൽ ഏൽക്കാതിരിക്കുക, കനലിന്റെ തലയ്ക്കൽ വെച്ചൊഴിക്കുന്ന അരത്തവെള്ളം തറയിൽവീണു താഴുന്ന അവസരത്തിൽ ആ മണ്ണു് ചെളിപോലെയാകുകയും അവ പാദത്തിൽ ഒട്ടിപ്പിടിക്കുകയും ആ പാദം കനലിലൂടെ നടന്നുപോകുമ്പോൾ ചൂടേൽക്കാതിരിക്കാൻ സഹായിക്കുകയും ചെയ്യുക, അതുപോലെ പിന്നീടു് നടക്കാനുള്ള പരികർമ്മികൾക്കു് കൂടുതലായി അണഞ്ഞപാദങ്ങളും ഉണ്ടാക്കിക്കൊടുക്കുക തുടങ്ങിയവയാണ്.

ഈ കനലാട്ടം വെറും കബളിപ്പിക്കലാണ്.

യഥാർത്ഥത്തിൽ ഈ ദിവ്യന്മാർ ഓടുന്നതുപോലെ ദിവ്യതയില്ലാത്ത ആർക്കും ഓടാവുന്നതാണ്. തീക്കനലിലൂടെ ഓടുകയോ, നടക്കുകയോ ചെയ്യുന്നതിനും ആർക്കും കഴിയും.

## തീയിൽക്കൂടി നടക്കുന്നതെങ്ങനെ?

തീക്കനലിലൂടെ നടക്കുന്നതിന്റെ ശാസ്ത്രീയവശം എന്തെന്നു നമുക്കു നോക്കാം. ആദ്യം എരിഞ്ഞുതീരാത്ത കനൽക്കൊള്ളികൾ എടുത്തുമാററിയ ശേഷം കനൽ തട്ടി നിരപ്പാക്കുക. തട്ടി നിരപ്പാക്കിയ കനലിൽനിന്നും ചാരം മാററിക്കളയുക. ശേഷം ആദ്യപാദം ചവിട്ടുന്നതിനുമുമ്പായി നാം മനസ്സൊന്നു കൺട്രോൾ ചെയ്യുക. മനസ്സ് പതറിയാൽ നടത്തയിലുള്ള വേഗതയ്ക്കു താളപ്പിഴയുണ്ടാകും. താളപ്പിഴയുണ്ടായാൽ സമയത്തിനു വ്യത്യാസമുണ്ടാവുകയും പാദംപൊള്ളുകയും ചെയ്യുമെന്നതിൽ സംശയമില്ല. താളപ്പിഴ ഒഴിവാക്കാനാണ് മനസ്സ് കൺട്രോൾചെയ്യുന്നതു്. അതിനുശേഷം വേഗത്തിൽനടന്നുപോകാൻ തീരുമാനിക്കുക. എന്നിട്ടു നടക്കുക. നടക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യം ഒരുസെക്കന്റിനുള്ളിൽ പാദംചവിട്ടുകയും, എടുക്കുകയുംവേണമെന്നുള്ളതാണ്. മറിച്ച് ഒരു സെക്കൻറിലധികം നേരം പാദം കനലിലിരുന്നുപോയാൽ പൊള്ളുമെന്നതിൽ സംശയമില്ല. കാരണം ചവിട്ടുന്നതോടെ ആ ഭാഗം അണയുന്നു. തീക്കനൽ അണയുന്നതു് അരസെക്കന്റിനുള്ളിൽ നടക്കുന്ന പ്രക്രിയയാണ്. എന്നാൽ അണഞ്ഞ ഭാഗത്തിലേക്കു് നമ്മുടെ പാദത്തിൽനിന്നും ഓക്സിജൻ ലഭിക്കുന്നതോടെ അണഞ്ഞ ഭാഗം വീണ്ടും കത്തുകയും പാദത്തിലെ തൊക്ക് അതിനിടയിൽപ്പെട്ട് കരിയുകയും ചെയ്യുന്നു. അതുകൊണ്ട് കാലിൽനിന്നും ഓക്സിജൻ പകരാനുള്ള സമയം അനുവദിക്കരുതു്. ഇതു് അടുത്ത അരസെക്കൻറിനുള്ളിൽ നടക്കേണ്ട കാര്യമാണ്. ഇതിനുവിധേയമാകാതിരുന്നാൽ ആർക്കും തീക്കനലിലൂടെ നടക്കാം. അതുകൊണ്ടാണ് വളരെ വേഗത്തിൽ നടക്കുകയോ ഓടുകയോ ചെയ്യണമെന്നു പറയുന്നതു്. എല്ലാ ദിവ്യന്മാരും തീക്കനലിനു മുകളിലൂടെ ഓടുന്നതു് ഇതുകൊണ്ടാണ്.

ശൂലംകുത്തലും അഗ്നിക്കാവടിയാട്ടവും മുരുകന്റെ സിദ്ധികൊണ്ടാണ് നടത്തപ്പെടുന്നതെന്നാണല്ലോ അവർ അവകാശപ്പെടുന്നതു്. അതുകൊണ്ടു് ഈ മുരുകൻ ആരാണെന്നു് ഒന്നു പരിശോധിക്കുന്നതു് നല്ലതാണ്.

## സുബ്രഹ്മണ്യ ജനനകാരണം

കശ്യപപ്രജാപതിക്കു് ധനു എന്ന ഭാര്യയിൽ വജ്രാംഗൻ എന്ന ഒരു പുത്രൻ ജനിച്ചു. വജ്രാംഗൻ വരാംഗി എന്ന സ്ത്രീയെ വിവാഹം കഴിച്ചു. അസുരഭാവം കൈവെടിഞ്ഞു് ജീവിതം കഴിക്കുന്നതിനുവേണ്ടി വജ്രാംഗൻ ബ്രഹ്മാവിനെ തപസ്സുചെയ്തു. തപസ്സിൽ നിന്നുണർന്നപ്പോൾ വരാംഗിയെ കണ്ടില്ല. വജ്രാംഗൻ വരാംഗിയെ അന്വേഷിച്ചു് കാടുകളിൽ അലഞ്ഞുനടന്നു. ഒടുവിൽ ഒരു വൃക്ഷച്ചുവട്ടിൽ കരഞ്ഞുനിൽക്കുന്ന വരാംഗിയെ വജ്രാംഗൻ കണ്ടുമുട്ടി. കണ്ണുനീരിന്റെ കാരണമെന്തെന്നു വജ്രാംഗൻ ചോദിച്ചു. ഭർത്താവു് സമാധിയിലിരുന്ന ആയിരം വർഷങ്ങളും ഇന്ദ്രൻ വന്നു തന്നെ പീഡിപ്പിച്ചുകൊണ്ടിരുന്ന വിവരം അവൾ അറിയിച്ചു. ഒരിക്കൽ ഇന്ദ്രൻ വാനരരൂപത്തിൽവന്നു പൂജാപാത്രങ്ങൾ മുതലായവ എടുത്തെറിഞ്ഞു. മറ്റൊരിക്കൽ സിംഹരൂപത്തിൽവന്നു് അവളെ ഭയപ്പെടുത്തി. സർപ്പരൂപത്തിൽവന്നു് അവളുടെ കാലുകളിൽ കടിച്ചു. ഈ വിവരങ്ങളെല്ലാമറിഞ്ഞു് ദുഃഖിതനായ വജ്രാംഗൻ ഇന്ദ്രൻ ചെയ്ത അനീതികൾക്കു പരിഹാരമുണ്ടാക്കാതെ ഇനിയും ജീവിതമില്ലെന്നു് നിശ്ചയിച്ചു് വീണ്ടും തപസ്സു തുടങ്ങി. ബ്രഹ്മാവു് പ്രത്യക്ഷനായി. അങ്ങു പ്രസാദിക്കുന്നുവെങ്കിൽ എനിക്കു് ഇന്ദ്രനുൾപ്പെടെയുള്ള സകല ദേവന്മാരെയും തോൽപ്പിക്കത്തക്ക പ്രഭാവത്തോടുകൂടി ഒരു പുത്രൻ ജനിക്കണം എന്നു് വജ്രാംഗൻ അപേക്ഷിച്ചു. ബ്രഹ്മാവു് അതനുവദിച്ചു. വരാംഗി ഗർഭിണിയായി. പന്ത്രണ്ടുമാസം കഴിഞ്ഞപ്പോൾ അവർ പ്രസവിച്ചു. കുട്ടിക്കു താരകാസുരൻ എന്നു പേരിട്ടു.

താരകാസുരൻ ബാല്യത്തിൽതന്നെ തപസ്സിനുപോയി. പഞ്ചാഗ്നി മദ്ധ്യത്തിൽ ദീർഘകാലം തപസ്സനുഷ്ഠിച്ചു. ബ്രഹ്മാവു് പ്രത്യക്ഷനായി. എനിക്കു മരണമുണ്ടെങ്കിൽ ഏഴുനാൾ മാത്രം പ്രായമുള്ള കുട്ടിയുടെ കൈകൾ കൊണ്ടായിരിക്കണം എന്ന വരം താരകൻ ചോദിച്ചു. ബ്രഹ്മാവു് അതനുവദിച്ചു. വരലാഭം കൊണ്ടു് അഹങ്കാരിയായിതീർന്ന താരകാസുരൻ ത്രിലോകങ്ങളും ജയിച്ചടക്കി.

താരകാസുരനെ ജയിക്കുന്നതിൽ ദേവന്മാർ യാതൊരുമാർഗ്ഗങ്ങളും കണ്ടില്ല. ദേവന്മാർക്കു് ശിശുക്കൾ ജനിക്കുകയുമില്ല. അതിനും ഒരു കാരണമുണ്ടു്. ഒരിക്കൽ ശിവനും പാർവ്വതിയുംകൂടി ക്രീഡതുടങ്ങി. 100 ദിവ്യവത്സരങ്ങൾ കഴിഞ്ഞിട്ടും സുരതം അവസാനിച്ചില്ല. ലോകം ഇളകിവശായി ദേവകൾ ഭയന്നു. അവർ സുരതം നിർത്തണമെന്നു ശിവനോടു് പ്രാർത്ഥിച്ചു. ശിവൻ അതു് സമ്മതിച്ചു. പക്ഷെ, സ്ഥാനം വിട്ടിളകിയ രേതസ്സ് എന്തുചെയ്യും. അതിനെ ആരുതാങ്ങുമെന്നു ദേവകളോടു് ചോദിച്ചു. അതിനെ ഭൂമി തന്നെ താങ്ങട്ടെ എന്നവർ അഭിപ്രായപ്പെട്ടു. രേതസ്സിനെ ഭൂമിതിൽ വിസർജ്ജിച്ചു. ആ രേതസ്സുകൊണ്ടു് കാടുകളും പർവ്വതങ്ങളും നിറഞ്ഞു. ഇനിയുമെന്താണു് വഴി. ഒടുവിൽ ദേവകൾ അഗ്നിയെ വിളിച്ചു അവയെ ഭക്ഷിക്കുവാൻ പറഞ്ഞു. അഗ്നി അതിനെ ഭക്ഷിച്ചു ദഹിച്ചുകഴിഞ്ഞപ്പോൾ അതിൻെറ ചാരം ഒരു വെൺകുന്നായി കൂടിക്കിടന്നു. അതൊരു അമക്കാടായിത്തീർന്നു. എന്നാൽ പാർവ്വതിക്കു ദേവകളുടെ സംരംഭം ഒട്ടും ഇഷ്ടപ്പെട്ടില്ല. താരകാസുരനെ ഏഴുനാളിനധികം പ്രായമാകാത്ത ഒരു ശിശുവിനു മാത്രമേ വധിക്കാൻ സാധിക്കുകയുള്ളു, ശിവനിൽനിന്നും ജനിക്കുന്ന ഒരു കുട്ടിക്കു മാത്രമേ അതിനുശക്തിയുണ്ടാവുകയുള്ളുവെന്നു ദേവകൾ മനസ്സിലാക്കി. സതിയുടെ മരണംകൊണ്ടു് ശിവൻ ദുഃഖിതനായി കഴിയുന്ന ഘട്ടമായിരുന്നു ഇതു്. ഹിമവൽ പുത്രിയായ പാർവ്വതി ശിവനെ ഭർത്താവായി ലഭിക്കാൻ തപസ്സനുഷ്ഠിച്ചുകൊണ്ടിരുന്നു. പ്രാണായാമ നിമഗ്നനായ ശിവനെ ചലിപ്പിക്കുവാൻ ആർക്കും കഴിഞ്ഞില്ല. ഒടുവിൽ ദേവകൾ കാമദേവനെ കാര്യം ഭരമേല്പിച്ചു. കാമൻെറ ശ്രമം ശിവനോടു് ഫലിച്ചില്ലെന്നു മാത്രമല്ല ശിവൻ കാമനെ നേത്രാഗ്നികൊണ്ടു് ചാമ്പലാക്കുകയുംചെയ്തു. പാർവ്വതിയുടെ തപസ്സ് മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ ശിവൻ അവളുടെ അടുക്കൽ പ്രത്യക്ഷപ്പെട്ടു. അവളുടെ ഇംഗിതം മനസ്സിലാക്കി ശിവൻ അവളെ വിവാഹം കഴിച്ചു.

ശിവൻെറ സ്ഖലിച്ച ശുക്ലം അഗ്നി പാനംചെയ്യുന്നു പറഞ്ഞല്ലോ. അതിൻെറ ശക്തിയാൽ അഗ്നിയുടെ തേജസ്സ് മങ്ങി

പ്പോയി. അഗ്നി ദേവകളുടെ അടുക്കൽച്ചെന്നു സങ്കടം പറഞ്ഞു. അവർ ക്ഷണനത്തിൽ അഗ്നിയെ ബ്രഹ്മലോകത്തേയ്ക്കു് അയച്ചു. അങ്ങോട്ടുപോകുംവഴി അഗ്നിദേവൻ ഗംഗാദേവിയെ കണ്ടെത്തി ഇങ്ങനെ പറഞ്ഞു—"അല്ലയോ, ഗംഗാദേവീ മഹേശ്വരന്റെ ഈ രേതസ്സ് വഹിക്കാൻ യാതൊരു നിവൃത്തിയുമില്ല. വിട്ടാൽ ലോകമൊക്കെ വെന്തുപോകും. അതിനാൽ ഭവതി ഏററുവാങ്ങുക. ഭവതിക്കു ശ്രേഷ്ഠനായൊരു പുത്രൻ ജനിക്കും. (പാർവ്വതിയുടെ ഒരു സഹോദരിയായ കുടിലയെ മുമ്പൊരിക്കൽ ബ്രഹ്മാവ് ശപിച്ച് ഒരു നദിയാക്കിയിട്ടുണ്ടു്. ഈ കുടിലാനദിയാണു് ശിവരേതസ് അഗ്നിയോടു് ഏററുവാങ്ങിയതെന്നു ഒരു കഥ വാമനപുരാണം 57-ാം അദ്ധ്യായത്തിൽ കാണുന്നു.) അഗ്നിയുടെ വാക്കുകൾ കേട്ടു് ഗംഗാനദി "എന്റെ വെള്ളത്തിലിട്ടേക്കുക" എന്നുമാത്രം മറുപടി പറഞ്ഞു. അഗ്നി ശിവരേതസിനെ ഗംഗയിലേക്കെറിഞ്ഞശേഷം നടന്നു കളഞ്ഞു. അയ്യായിരം സംവത്സരത്തോളം ശിവരേതസ് അഗ്നിയുടെ കൈവശമിരുന്നതിനാൽ അഗ്നിയുടെ മാംസരക്തമേദസ്സുകളും, തലമുടി, മീശ, രോമം, കണ്ണു് മുതലായവയെല്ലാം സ്വർണ്ണവർണ്ണമായിത്തീർന്നു. തന്നിമിത്തം അഗ്നിക്കു് അന്നുമുതൽ ഹിരണ്യരേതസ്സ് എന്ന പേരു് കിട്ടി.

സമയം കടന്നുപോയി. ശിവരേതസ്സ് ഗംഗയ്ക്കു് ഒരു ഭാരമായിത്തീർന്നു. ഗംഗ ബ്രഹ്മാവിന്റെ അടുക്കൽചെന്നു വിവരം പറഞ്ഞു. ആ ചുട്ടെരിയുന്ന നദിയെ കണ്ടിട്ടു് "ഇത്ര ഗർഭം നിനക്കു ആരിൽ നിന്നുണ്ടായി" എന്നു ബ്രഹ്മാവ് ചോദിച്ചു. അവൾ പറഞ്ഞു "ശിവന്റെ ശുക്ലം അഗ്നി പാനം ചെയ്തില്ലയോ? അതു വഹിക്കുവാൻ നിവൃത്തിയില്ലാതെ ആ രേതസ്സ് എന്നിൽ നിക്ഷേപിച്ചു. അയ്യായിരം വർഷമായി ഞാനിതു വഹിച്ചുപോന്നു. എന്നിട്ടും പ്രസവിക്കുന്നില്ല. തുതു കേട്ടിട്ടു് ബ്രഹ്മാവ് പറഞ്ഞു:—"നീ ഉദയപർവ്വതത്തിലേയ്ക്കു പോകുക. അവിടെ ഒരു 100 കോടി വിസ്താരമുള്ള ശരവണം (അമക്കാട്ടു്, ഞാങ്ങണപ്പുല്ലു വളർന്നുനിൽക്കുന്ന വനം) ഉണ്ടു്. അവിടെ ഈ രേതസിനെ നീ നിക്ഷേപിച്ചുകൊള്ളുക. 10000 വർഷം കഴിഞ്ഞാൽ ഒരാൺകുട്ടിയാകും" —ബ്രഹ്മാ

വിൻെറ നിർദ്ദേശമനുസരിച്ച് സ്ത്രീ രൂപിണിയായ ആ പർവ്വതപുത്രി ഉദയാദ്രിയിൽചെന്നു ഗർഭത്തെ മുഖത്തിലൂടെ വെളിയിലേക്കിട്ടു.

ശിവരേതസ്സ് കൊണ്ടു് ആ ശരവണക്കാട്ടിലുള്ള സകലവൃക്ഷങ്ങളും പശു പക്ഷികളുമെല്ലാം സുവർണ്ണമായി ചമഞ്ഞു. 10,000 വർഷം ചെന്നപ്പോൾ ബാലസൂര്യനു തുല്യമായ ശരീരകാന്തിയോടുകൂടി അവിടെ ഒരു ആൺകുട്ടി ഉണ്ടായിവന്നു. ആ ശിശുവാണ് സുബ്രഹ്മണ്യൻ.

കുട്ടി, ദിവ്യമായ ശരവണത്തിൽ മലർന്നുകിടന്നു കാലിൻെറ പെരുവിരൽ വായിൽവെച്ച് മേഘഗർജ്ജനത്തിൽ കരഞ്ഞു. അപ്പോൾ ആ വഴിക്ക് സഞ്ചരിച്ചുകൊണ്ടിരുന്ന തേജസ്സികളായ ആറു ദിവ്യകൃർത്തികമാർ ശരവണത്തിൽ കിടന്നുകരയുന്ന കുട്ടിയെ കണ്ടെത്തി. അവർ ഉള്ളലിഞ്ഞു കുഞ്ഞിൻെറ അടുക്കൽവന്നു. "അഹമഹമികയാ" കുട്ടിക്കു് മുലകൊടുക്കാൻ തർക്കിച്ചു. അതു കണ്ടിട്ടു് അവൻ ആറു കൃർത്തികമാരേയും മാറിമാറി നോക്കിയതുകൊണ്ടു് കുട്ടിക്കു് ആറുമുഖം ഉണ്ടായിവന്നു. കൃർത്തികമാർ മുലകൊടുത്തുവളർത്തിയതിനാൽ കുഞ്ഞിനു് കാർത്തികേയൻ എന്നു പേരുണ്ടായി. ശിശു ജനിച്ചവിവരം ബ്രഹ്മാവ് അഗ്നിയെ അറിയിച്ചു. സന്തുഷ്ടനായ അഗ്നി വേഗമേറിയ ആടിൻെറ പുറത്തുകയറി വെമ്പലോടെ നടകൊണ്ടു. അദ്ദേഹത്തെ കണ്ടിട്ടു് ഗംഗ ചോദിച്ചു—"അങ്ങ് ഇത്ര ബദ്ധപ്പെട്ടു് എങ്ങോട്ടാണ്?" ശരവണത്തിൽ പുത്രനുണ്ടായിരിക്കുന്നു. അവനെ കാണാൻ പോകയാണെന്നു അഗ്നി പറഞ്ഞു. കുട്ടി ഗംഗയുടേതാണെന്നു ഗംഗ. കുട്ടി അഗ്നിയുടേതാണെന്നു അഗ്നി. അവർ ഇങ്ങനെ ശിശുവിൻെറ ഉടമസ്ഥതയെച്ചൊല്ലി തർക്കിച്ചുകൊണ്ടു നിന്നപ്പോൾ മഹാവിഷ്ണു ആ വഴിക്കുവന്നു. വിവരം കേട്ടശേഷം വിഷ്ണു അവരെ തർക്കം തീർക്കുന്നതിനുവേണ്ടി ശിവൻെറ അടുക്കലേക്കു് പറഞ്ഞുവിട്ടു.

അവർ ശിവൻെറ അടുക്കൽച്ചെന്നു് ഉണ്ണി ആരുടേതാണെന്നു ചോദിച്ചു. അതുകേട്ടിട്ടു് തിരുവുള്ളം കുളിർത്ത ശിവൻ "ഭാഗ്യം ഭാഗ്യം" എന്നിങ്ങനെ പാർവ്വതിയോടു് അരുളിചെയ്തു. കുഞ്ഞിനെ കാണാൻപോകാൻ പാർവ്വതി ശിവനെ നിർബ്ബന്ധിച്ചു, കുഞ്ഞിനെ

കണ്ടിട്ടുവേണം ആരുടെ പുത്രനാണെന്നു തീരുമാനിക്കാൻ. ശിവനും പാർവ്വതിയും, അഗ്നിയും, ഗംഗയുംകൂടി ശരവണക്കാട്ടിൽവന്നു. ശരവണത്തിൽ വന്നെത്തിയ അവർ കൃത്തികമാരുടെ മടിയിൽകിടക്കുന്ന പിഞ്ചുകുഞ്ഞിനെ കണ്ടു. ശിശു ആരെ നോക്കുന്നുവെന്നറിയട്ടെ. അതിനുശേഷം വേണം പിതൃത്വം നിശ്ചയിക്കുവാൻ—എന്നു ശിവൻ പറഞ്ഞു. ശിശു അവരുടെ ഇംഗിതം അറിഞ്ഞിട്ട് യോഗബലംകൊണ്ട് കുമാരൻ, വിശാഖൻ, ശാഖൻ, നൈഗമേയൻ എന്നുപേരുള്ള നാലുശരീരം കൈക്കൊണ്ടു. കുമാരൻ ശങ്കരനെയും, വിശാഖൻ പാർവ്വതിയെയും, ശാഖൻ കുടിലയേയും, നൈഗമേയൻ അഗ്നിയേയും നോക്കി—എല്ലാവരും പരമാനന്ദമടഞ്ഞു. ആറുമുഖൻ ശിവൻെറ പുത്രനാണോ എന്നു കൃത്തികമാർ ചോദിച്ചു. ശിവൻ ഇങ്ങനെ മറുപടി പറഞ്ഞു. ഇവൻ കാർത്തികേയൻ എന്ന പേരിൽ നിങ്ങളുടെയും കുമാരൻ എന്ന പേരിൽ ഗംഗയുടെയും സ്കന്ദൻ എന്ന പേരിൽ പാർവ്വതിയുടേയും, ഗുഹൻ എന്ന പേരിൽ എൻേറയും, മഹാസേനൻ എന്ന പേരിൽ അഗ്നിയുടെയും, ശരവണൻ എന്ന പേരിൽ ശരവണത്തിൻേറയും പുത്രനായിത്തീരട്ടെ. മഹായോഗിയായ ഇവൻ ഇങ്ങനെയെല്ലാം ലോകത്തിൽ വിളിക്കപ്പെടും. ആറു മുഖമുള്ളതിനാൽ ആറുമുഖനെന്നപേരിൽ വിഖ്യാതനായിത്തീരും.

(മഹാഭാരതം)

മുരുകൻ അഥവാ സുബ്രഹ്മണ്യൻ എന്ന ദൈവം ഉണ്ടായതെങ്ങനെയെന്നു ഈ കഥയിൽനിന്നും നമുക്കു വ്യക്തമാണ്. അതുകൊണ്ട് ഈ കഥയിൽനിന്നുതന്നെയാണ് ഈ മുരുകദൈവത്തിൻെറ ജനനമെന്നതും ഒരു യാഥാർത്ഥ്യമാണ്. മഹാഭാരത രചയിതാവിൻെറ അതുല്യമായ ഭാവനയിൽനിന്നുമാണ് ഈ കഥയുണ്ടായിട്ടുള്ളതു്. അപ്പോൾ രചയിതാവാണ് ഈ മുരുകദൈവത്തിൻെറ സൃഷ്ടികർത്താവ് എന്നുവരുന്നു. മുരുകദൈവത്തെ സൃഷ്ടിച്ചതു് ഒരു മനുഷ്യനാണെന്ന യാഥാർത്ഥ്യവും തെളിഞ്ഞുവരുന്നു.

ഇതുപോലെ സുബ്രഹ്മണ്യനുമായി ബന്ധപ്പെട്ട അനവധി ഭാവനാകഥകളുണ്ട്. ഇതിനു ഒന്നുരണ്ട് കഥകൾകൂടി ഉദാഹരിക്കാം.

## ഉദരം മുറിഞ്ഞു വന്നവൻ

സുബ്രഹ്മണ്യൻെറ അത്യധികമായ തേജസ്സ് കണ്ട് ഇന്ദ്രന് തൻെറ സ്ഥാനം നഷ്ടപ്പെട്ടേക്കുമോയെന്നു സംശയമുണ്ടായി. ഉടൻ തന്നെ ഇന്ദ്രൻ സ്കന്ദനുമായി ഏററുമുട്ടി. ഇന്ദ്രൻ വജ്രായുധമയച്ചു. അതു സുബ്രഹ്മണ്യൻെറ വലത്തേ പള്ളയ്ക്കു തറച്ചു. വജ്രംകൊണ്ടു മുറിഞ്ഞ സ്ഥലത്തുനിന്നും പൊൻപട്ടയിട്ടു വേലേന്തി ദിവ്യകുണ്ഡലങ്ങൾ ധരിച്ച ഒരു പുരുഷൻ ആവിർഭവിച്ചു. അവനെ വിശാഖൻ എന്നു പേരിട്ടു. അവനെ കണ്ടു ഭയപ്പെട്ട ഇന്ദ്രൻ സുബ്രഹ്മണ്യനെ അഭയം പ്രാപിച്ചു.

(മഹാഭാരതം—വനപർവ്വം 227-ാം അദ്ധ്യായം)

## സുബ്രഹ്മണ്യൻ എന്ന ഗ്രഹം

സുബ്രഹ്മണ്യൻ ദേവസേനയെ വിവാഹം കഴിച്ചപ്പോൾ സുബ്രഹ്മണ്യൻെറ മാതാക്കൾ ആറുപേരും അടുക്കൽവന്നു പുത്രനെയും പുത്രഭാര്യയേയും അനുഗ്രഹിച്ചു. അതിനുശേഷം സ്കന്ദൻ മാതാക്കളോട് ഇങ്ങനെ പറഞ്ഞു. "നിങ്ങൾ എൻെറ അച്ഛനായ ശിവനോടു് ഒന്നിച്ചു വർത്തിക്കുക. എനിക്കു് പതിനാറുവയസ്സാകുന്നിടംവരെ ഞാൻ ശിശുക്കളെ കൊല്ലുന്ന ഒരു ഗ്രഹമായി കഴിഞ്ഞുകൂടുന്നതാണ്. ഞാൻ കൊല്ലുന്ന ശിശുക്കൾ നിങ്ങൾക്കു ആഹാരമായിത്തീരും. ഇത്രയും പറഞ്ഞയുടനെ സ്കന്ദൻെറ ശരീരത്തിൽനിന്നും അഗ്നിസമാനമായ ഒരു ഘോരപുരുഷൻ വെളിയിൽവന്നു. അതിനു രൗദ്രഗ്രഹം എന്നു് പേരുകൊടുത്തു. രൗദ്രഗ്രഹത്തെ സ്കന്ദഅപസ്മാരമെന്നും ശകുനിഗ്രഹമെന്നും പൂതനാഗ്രഹമെന്നും മററും പലരും പല പേരുകൾ വിളിച്ചു. ഈ ഗ്രഹമാണ് ശിശുമരണത്തിനു കാരണമായിത്തീരുന്നതെന്നു് വിശ്വസിക്കപ്പെടുന്നു.

(മഹാഭാരതം വനപർവ്വം 230-ാം അദ്ധ്യായം)

## രണ്ട്

# മധൂർ അമ്പലവും വാൽനക്ഷത്രവും

കാസർകോട്ട് ജില്ലയിലെ ഒരു പ്രധാന ക്ഷേത്രമാണ് മധൂർ അമ്പലം.

1986-ൽ ഹാലി വാൽനക്ഷത്രം പ്രത്യക്ഷപ്പെട്ടപ്പോൾ ഭൂമിയിൽ താമസിക്കുന്നവർക്ക് ദോഷമുണ്ടാകുമെന്ന് ചില ജോത്സ്യന്മാർ പ്രവചിച്ചിരുന്നുവത്രെ. അതുകൊണ്ട് വാൽനക്ഷത്രത്തിന്റെ ശക്തി കുറയ്ക്കുന്നതിനും ജനങ്ങൾക്ക് അതുമൂലമുണ്ടാകുന്ന ദോഷം മാറുന്നതിനും ജ്യോതിഷന്മാർ 101 തേങ്ങയുടെ യാഗം നടത്തണമെന്നാവശ്യപ്പെടുകയുണ്ടായി. അപ്രകാരം വാൽനക്ഷത്രം പ്രത്യക്ഷപ്പെടുന്നതിന് ഏതാനുംദിവസങ്ങൾക്കുമുമ്പ് മധൂർ അമ്പലത്തിൽ 101 തേങ്ങയുടെ ഒരു യാഗം നടത്തുകയുണ്ടായി.

ഇതൊരു അന്ധവിശ്വാസം മാത്രമാണ്. ഇവർക്ക് വാൽനക്ഷത്രത്തെക്കുറിച്ചോ, ജ്യോതിശ്ശാസ്ത്രത്തെക്കുറിച്ചോ ഒരു വസ്തുതയും അറിഞ്ഞുകൂടാത്തവരാണ്. എന്താണ് ഹാലീസ് നക്ഷത്രമെന്ന് നമുക്കു നോക്കാം.

"ഹാലീസ് കോമററ്" എന്ന വാൽനക്ഷത്രം രാത്രിയിൽ ആകാശത്ത് പ്രത്യക്ഷപ്പെടുന്ന നക്ഷത്രങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. സൗരയൂഥത്തിന്റെ ഭാഗമാണത്. പിന്നിൽ വാലുള്ള നക്ഷത്രംപോലെ തോന്നിയതുകൊണ്ടാണ് പ്രാചീനനിരീക്ഷകർ അതിനെ വാൽനക്ഷത്രമെന്നു വിളിച്ചത്. വാനനിരീക്ഷണം നടത്തിയ ഗ്രീക്കുകാർ ഈ വാൽനക്ഷത്രത്തിനു 'കോമററ്' എന്നാണ് പേരിട്ടത്. കോമററ് എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം പൂടയുള്ള നക്ഷത്രം എന്നായിരുന്നു. നമ്മൾ പൂടയെ വാലാക്കി. അങ്ങിനെയാണ് കോമററ് എന്ന വാൽനക്ഷത്രമുണ്ടായത്.

വാൽനക്ഷത്രത്തെക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എങ്കിലും മഞ്ഞും വാതകവും കൂടിച്ചേർന്ന ഒരു മിശ്രിതമാണ് വാൽനക്ഷത്രമെന്ന് ശാസ്ത്രകാരന്മാർ പറയുന്നു.

സൂര്യന്റെ ആകർഷണവലയത്തിനടുത്തെത്തുമ്പോൾ അതിലുള്ള മഞ്ഞും വാതകവും ചൂടുകൊണ്ട് ഉരുകി ബാഷ്പമായി മാറും. അത് ആകർഷണശക്തിയാൽ സൂര്യനു് എതിർവശത്തേയ്ക്ക് വാലുപോലെ നീണ്ടുനിൽക്കുകയും തല സൂര്യനു അഭിമുഖമായി നിൽക്കുകയും ചെയ്യും. സൗരയൂഥത്തിലേയ്ക്ക് കടക്കുന്നതോടെയാണു് ഇവയുടെ വാൽ പ്രത്യക്ഷപ്പെടുന്നത്. സൂര്യനിൽനിന്നകന്നുപോകുമ്പോഴും കുറേനാൾ വാൽ കൂടെയുണ്ടായിരിക്കും. അകന്നുപോകുന്തോറും വാലിന്റെ നീളം കുറഞ്ഞുകുറഞ്ഞുവരും. ഇക്കാരണത്താലാണു് വാലിന്റെ വലിപ്പം ഓരോ ഭ്രമണത്തിലും വ്യത്യസ്തമായിരിക്കുന്നത്.

വാൽനക്ഷത്രത്തിനു സ്വയംപ്രകാശമില്ലെന്നുള്ളതാണു് മറെറാരു യാഥാർത്ഥ്യം. ചന്ദ്രനെപ്പോലെ സൂര്യപ്രകാശം പ്രതിഫലിക്കുന്നതുകൊണ്ടാണു് ഇവയ്ക്കു് പ്രകാശമുണ്ടാകുന്നത്.

വിവിധ കാലയളവുകളിൽ സൂര്യനെ മുഖംകാണിച്ചുകൊണ്ടു് ഒരു ലക്ഷത്തോളം വാൽനക്ഷത്രങ്ങൾ വ്യോമവീഥിയിൽ ചുററിത്തിരിയുന്നുണ്ടു്.

1811-ൽ പ്രത്യക്ഷപ്പെട്ട ഒരു വാൽനക്ഷത്രം ഇനി വരുന്നതു് 3000 വർഷത്തിനുശേഷമായിരിക്കും. 1864-ൽ പ്രത്യക്ഷപ്പെട്ട മറെറാരു വാൽനക്ഷത്രം ഇനി പ്രത്യക്ഷപ്പെടുന്നതു് 28,00,000 വർഷത്തിനുശേഷമായിരിക്കും.

വാൽനക്ഷത്രത്തിന്റെ കഥ ഇങ്ങനെയിരിക്കെ വാൽനക്ഷത്രം പ്രത്യക്ഷപ്പെടുമ്പോൾ ഭൂമിയിലുള്ളവർക്കു് ദോഷമുണ്ടാകുമെന്നു പറയുന്നതു് ശരിയല്ല. മാത്രമല്ല ഇതിനു പരിഹാരം ദൈവപ്രീതിക്കുവേണ്ടിയുള്ള യാഗമാണെന്നുപറയുന്നതു് പതിനാറാം നൂററാണ്ടുകാരുടെ വിശ്വാസമാണു്.

ഹാലീസ് വാൽനക്ഷത്രം ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു് തിരികെ പോയിട്ടും ഇതുവരെ ഭൂമിയിലുള്ളവർക്കു് യാതൊരു കുഴപ്പവുമുണ്ടായില്ല. ഇതു ജ്യോതിഷപ്രവചനത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്നതാണു്.

## എന്താണു് ജ്യോതിഷം ?

ഇന്ത്യൻ ജ്യോതിഷം ഇന്നും സൗരയൂഥത്തെ അംഗീകരിക്കുന്നില്ല. അവർ ഭൗമയൂഥത്തെയാണു് അംഗീകരിക്കുന്നതു്. "നിരന്തര നിമിഷഗണിതം" എന്ന പഞ്ചാംഗത്തിന്റെ കർത്താവായ ടി. ശ്രീനിവാസറാവു പറയുന്നു—"ഭൂമി സ്ഥിരമാണെന്നും, ഗ്രഹങ്ങൾ ഭൂമിയെ ചുററി അവയുടെ മാർഗ്ഗങ്ങളിൽക്കൂടി കിഴക്കുനിന്നും പടിഞ്ഞാറോട്ടു് സഞ്ചരിക്കുന്നുവെന്നുമാണു് ഹിന്ദുക്കളുടെ മതം" എന്നാണു്. എന്താണു് പഞ്ചാംഗത്തിൽ പറയുന്ന ഭൗമയൂഥമെന്നു് നോക്കാം.

സൂര്യൻ, ചന്ദ്രൻ, കേതു, രാഹു, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നിവ ഭൗമയൂഥത്തിലെ ഗ്രഹങ്ങളാണു്. ഇതിൽ ഏററവും രസകരമെന്നുപറയുന്നതു്—സൂര്യൻ ഗ്രഹമല്ല; നക്ഷത്രമാണു്. ചന്ദ്രൻ ഗ്രഹമല്ല; ഉപഗ്രഹമാണു്. രാഹു, കേതു ഇവ ഗ്രഹങ്ങളല്ല; വെറും സങ്കല്പമാണു്. ഇത്രയും തെററായി പറയുന്നതിനോടൊപ്പം സൗരയൂഥത്തിലുള്ള യുറാനസ്സ്, നെപ്ട്യൂൺ, പ്ലൂട്ടോ എന്ന

മൂന്നു് യഥാർത്ഥ ഗ്രഹങ്ങളെപ്പററി ഒന്നും പറയുന്നില്ല. അതുപോലെ പത്താമതായി കണ്ടുപിടിച്ച 'വൽക്കൻ' എന്ന ഗ്രഹത്തെപ്പററിയും ഇതിൽ പറയുന്നില്ല. ചൊവ്വയും വ്യാഴത്തിനുമിടയിൽ 1500-ഓളം ക്ഷുദ്രഗ്രഹങ്ങളെപ്പററിയും അടുത്തകാലംവരെ കണ്ടുപിടിക്കപ്പെട്ട 10,000 ധൂമകേതുക്കളെപ്പററിയും 30 ഉപഗ്രഹങ്ങളെപ്പററിയും ഈ ഭൗമയൂഥത്തിൽ പറയുന്നില്ല. പൊതുവെ പറഞ്ഞാൽ 5 യഥാർത്ഥ ഗ്രഹങ്ങളേ ഈ ഭൗമയൂഥത്തിലുള്ളു.

നമ്മുടെ ഗാലക്സിയായ ആകാശഗംഗയിൽ നൂറായിരം ദശലക്ഷം നക്ഷത്രങ്ങളും അനവധി നെബുലകളും ഒട്ടേറെ ദീപ്തവും ഇരുണ്ടതുമായ മേഘലങ്ങളുമുണ്ടു്. 1947-ൽ കാലിഫോർണിയയിലെ മൗണ്ടു് പലോമറിലുള്ള 200 ഇഞ്ചു് ടെലസ്കോപ്പിലൂടെ പ്രപഞ്ചത്തെ വീക്ഷിച്ചപ്പോൾ 100 കോടിയോളം ഗാലക്സികളെ കണ്ടെത്താൻകഴിഞ്ഞു. പ്രപഞ്ചത്തിൻെറ അനന്തവിസ്തൃതിയെക്കുറിച്ച് പറയുമ്പോൾ ഇതു് വളരെ ചെറിയൊരംശം മാത്രമാണു്.

ഈ ദൃശ്യമേഖലയേയും വിട്ടു് പതിന്മടങ്ങു് അകലത്തിലുള്ള ഗാലക്സികളെയും നെബുലകളെയും കുറിച്ചു് ആധുനികോപകരണങ്ങളുടെ സഹായത്തോടെ പഠിക്കാനിന്നു് കഴിഞ്ഞിട്ടുണ്ടു്.

ഇത്രയും ശാസ്ത്രസത്യങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ടാണു് ജോത്സ്യം ഇന്നു് നിലനിൽക്കുന്നതു്. 1609-ൽ ഗലീലിയോ ദൂരദർശിനി കണ്ടുപിടിക്കുന്നതിനുമുമ്പുള്ള ടോളമിയുടെ കണക്കുകൂട്ടലായിരുന്നു ഭൗമയൂഥസിദ്ധാന്തം. എന്നാൽ ദൂരദർശിനിയുടെ കണ്ടുപിടുത്തത്തോടെ കോപ്പർനിക്കസ്, സൂര്യനാണു് സൗരയൂഥത്തിൻെറ കേന്ദ്രമെന്നു് സ്ഥാപിക്കുകയും, മുൻ ധാരണ മാറുകയുംചെയ്തു. ഈ തെററായ ശാസ്ത്രമാണു് ജ്യോതിഷത്തിൻെറ അടിസ്ഥാനം. ജോത്സ്യത്തെക്കുറിച്ച് പറയുമ്പോൾ ജാതകഫലത്തെക്കുറിച്ചുകൂടി പറയേണ്ടിയിരിക്കുന്നു. ഒരു കുഞ്ഞു് ജനിക്കുമ്പോൾ ഒരു സെക്കൻെറുപോലും തെററാതെയാണു് ജാതകം കുറിക്കേണ്ടതെന്നു് ജോത്സ്യന്മാർ പറയുന്നു. കാരണം സമയം തെററിയാൽ കുട്ടിയുടെ ജനനനേരത്തുള്ള നക്ഷത്രം തെററുമെന്നാണു്. അല്ലെങ്കിൽ നക്ഷത്രഫലം തെററിപ്പോകുമെന്നാണു്. ഈ കണക്കു പറയുന്ന ഈ ജ്യോതിഷന്മാർക്കു് ആധുനിക ജ്യോതിശാസ്ത്രം എന്തെന്നറിയില്ല. ഒരു കുഞ്ഞു് ഗർഭാശയ

ത്തിൽനിന്ന പുറത്തുവരുന്നതു് തല, ഉടൽ, കാൽ എന്നിങ്ങനെയാണു്. ഇതിൽ ഏതു നേരമാണു് പ്രസവനേരമെന്നു് ജ്യോത്സ്യന്മാർ പറഞ്ഞിട്ടില്ല. ശരീരം പൂർണ്ണമായി പുറത്തുവന്നതിനുശേഷമോ, അതോ പൊക്കിൾക്കൊടി മുറിച്ചതിനുശേഷമോ ജനനം എന്നും പറഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ ജനനം നടക്കുന്നതു് പ്രസവത്തിലല്ല, സ്ത്രീയും പുരുഷനും ഇണചേർന്നശേഷം ബീജവും അണ്ഡവും തമ്മിൽ സംയോജിച്ചു് ഭ്രൂണമുണ്ടാകുന്ന മുഹൂർത്തത്തിലാണു്. പിന്നീടു് പൂർണ്ണ വളർച്ചയെത്തി ഗർഭാശയത്തിൽനിന്നു് പുറന്തള്ളപ്പെടുകയാണു് ചെയ്യുന്നതു്. ജനനനേരത്തു് ഒരു സെക്കൻറു് തെററരുതെന്നു് പറയുന്ന ഇവർ പ്രകാശവർഷത്തെക്കുറിച്ചു് അജ്ഞരായതുകൊണ്ടാണു് ഇങ്ങനെ പറയുന്നതു്.

"ഒരു വർഷത്തിൽ പ്രകാശം സഞ്ചരിക്കുന്ന ദൂരത്തെ ഒരു പ്രകാശവർഷമെന്നു പറയുന്നു." പ്രകാശം ഒരു സെക്കൻറിൽ 1,86,300 നാഴിക സഞ്ചരിക്കുമെന്നതുകൊണ്ടു് ഒരു വർഷത്തിൽ അതു് 5,878,000,000,000 നാഴിക സഞ്ചരിക്കും. ഒരു പ്രകാശവർഷമെന്നു പറയുന്നതു് ഇതിനെയാണു്. ഇത്തരത്തിലുള്ള ആയിരക്കണക്കിനും ലക്ഷക്കണക്കിനും പ്രകാശവർഷങ്ങളാണു് നക്ഷത്രസമൂഹങ്ങൾ തമ്മിലും ഒററയ്ക്കുള്ള നക്ഷത്രങ്ങൾ തമ്മിലുമുള്ള അകലം. അനേക പ്രകാശവർഷങ്ങൾ ദൂരത്തിലുള്ള നക്ഷത്രങ്ങളെയാണു് നാം ആകാശത്തിലേയ്ക്കു് നോക്കുമ്പോൾ കാണുന്നതു്. നാം വീക്ഷിക്കുന്ന ഒരു നക്ഷത്രം ആയിരം പ്രകാശവർഷം അകലത്തിലാണെങ്കിൽ 1000 വർഷം മുമ്പുള്ള ആ നക്ഷത്രത്തിൻെറ പ്രതിബിംബമാണു് നാം കാണുന്നതെന്നുവരുന്നു. കാരണം ആയിരംവർഷം സഞ്ചരിച്ചതിനുശേഷമാണല്ലോ ആ പ്രകാശരശ്മികൾ നമ്മുടെ കണ്ണിലെത്തിച്ചേരുന്നതു്. ഇപ്പോൾ ആ നക്ഷത്രത്തിൽനിന്നു പുറപ്പെടുന്ന പ്രകാശരശ്മികൾ ഇനി 1000 വർഷങ്ങൾക്കുശേഷം അതിനെ വീക്ഷിക്കുന്ന ഒരാൾക്കേ കാണാൻകഴിയൂ. അപ്പോൾ ലക്ഷക്കണക്കിനു പ്രകാശവർഷം ദൂരെയുള്ള പല നക്ഷത്രങ്ങളും, നാം കാണുന്ന സമയത്തു്, വമ്പിച്ച രൂപഭേദങ്ങൾക്കു് വിഷയീഭവിച്ചിട്ടുണ്ടായിരിക്കാം. പത്തുലക്ഷം പ്രകാശവർഷങ്ങൾക്കപ്പുറമുള്ള ഒരു നക്ഷത്രത്തെ നാമിന്നു് കാണുന്നുവെന്നിരിക്കട്ടെ. നാമതിനെ കണ്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ അതു് അതേപോലെ അവിടെ നിലനിൽക്കണമെന്നില്ല. 10 ലക്ഷം

വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ആ നക്ഷത്രത്തെയായിരിക്കും നാമിപ്പോൾ കാണുക. അതു് ഈ കാലത്തിനിടയ്ക്കു് പല പരിവർത്തനങ്ങൾക്കും വിധേയമാവുകയോ ആ സ്ഥാനത്തുനിന്നു് അപ്രത്യക്ഷമാവുകപോലുമോ ചെയ്തിരിക്കാം. അതിവിദൂര മേഖലകളെക്കുറിച്ചുള്ള പഠനത്തിൽ നമുക്കനുഭവപ്പെടുന്ന പ്രധാനപ്പെട്ട ഒരു പരിമിതിയാണിതു്. (പ്രപഞ്ചവും മനുഷ്യനും—കെ. വേണു. പേജ്-39)

സൂര്യനിലേയ്ക്കു് ഭൂമിയിൽനിന്നുള്ള ദൂരം 8 പ്രകാശമിനിട്ടാണ്. അതായതു് ഇപ്പോൾ നാം കാണുന്ന സൂര്യൻ 8 പ്രകാശമിനിട്ടു് മുമ്പുള്ള രൂപത്തിലാണ്. ഏററവും അടുത്ത നക്ഷത്രമായ പ്രോക്സിമസെൻടോറി നാലു് പ്രകാശവർഷം അകലെയത്രെ. അതായതു് 4 പ്രകാശവർഷം മുമ്പുള്ള നക്ഷത്രത്തെയാണ് നാമിപ്പോൾ കാണുന്നതു്.

ഈ വസ്തുതകൾ കണക്കിലെടുക്കാതെയാണ് ജോത്സ്യൻ ജനനസമയത്തിൻെറ കൃത്യതയെക്കുറിച്ചു് പറയുന്നതു്.

യഥാർത്ഥത്തിൽ ഒരു കുട്ടിയുടെ ജനനനേരത്തെ നക്ഷത്രം ആയിരമോ പതിനായിരമോ കണക്കിനു് പ്രകാശവർഷത്തിനപ്പുറമുള്ള നക്ഷത്രമാണെങ്കിൽ ജ്യോതിഷൻെറ ഈ കണക്കുകൂട്ടലിനെന്തർത്ഥം. അതുകൊണ്ടാണ് ജ്യോതിശ്ശാസ്ത്രത്തിൻെറ പേരിൽ നിലകൊള്ളുന്ന ജോതിഷം കപടമായി മാറുന്നതെന്നും അതിനോടു ബന്ധപ്പെടുത്തുന്ന ജീവൽപ്രശ്നങ്ങൾ തെററാണെന്നും തെളിയുന്നതു്. ഈ കപടശാസ്ത്രം മുഖേനയാണ് കേരളത്തിൽ ലക്ഷക്കണക്കിനു ദൈവങ്ങളെ കുടിയിരുത്തിയിട്ടുള്ളതും ഇനി കുടിയിരുത്താനുള്ളതും.

കക്കയും കവിടിയും നിരത്തിവെച്ചു് ഈ ജ്യോതിഷന്മാർ പറയുന്നതു് ജ്യോതിഷമല്ല, ചെറിയ മനഃശാസ്ത്രമാണ്. ജ്യോതിഷത്തിൻെറ മേലങ്കി അണിഞ്ഞുകൊണ്ടു് നടത്തുന്ന ഈ പ്രവചനം ശുദ്ധ തട്ടിപ്പാണ്.

ഈ ജ്യോതിഷന്മാരാണ് ക്ഷേത്രങ്ങൾക്കും മററും വിശ്വാസികളിൽനിന്നു് പണം ചോർത്തിക്കൊടുക്കുന്നതു്. ഇവരാണ് അന്ധവിശ്വാസം പരത്തുന്നതിൻെറ മൂലക്കല്ലു്.

## മൂന്നു്

# ചെങ്ങന്നൂർ ഭഗവതിയുടെ മെൻസസ്

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഭഗവതിക്ഷേത്രത്തിലെ ഭഗവതിയുടെ തൃപ്പൂത്തു് പ്രസിദ്ധമാണല്ലോ. അതായതു് ഭഗവതി പ്രതിഷ്ഠയിൽനിന്നും മാസംതോറും ആർത്തവം (Mensus) ഉണ്ടാകുമെന്നാണു് പറയുന്നതു്.

മുൻപു് എല്ലാമാസവും വിഗ്രഹത്തിൽനിന്നും തീണ്ടാരി ഉണ്ടാകുമായിരുന്നെങ്കിലും ഇപ്പോൾ വർഷത്തിൽ മൂന്നു് നാലു് പ്രാവശ്യമേ ഉണ്ടാകുന്നുള്ളൂ.

പുലർച്ചയ്ക്കു് ക്ഷേത്രം തുറന്നാലുടൻ മുഖ്യ പൂജാരിയും കീഴ്ശാന്തിയും ചേർന്നു് കഴിഞ്ഞദിവസം ധരിപ്പിച്ചിരുന്ന ആടകളെല്ലാം അഴിച്ചെടുക്കും. എന്നിട്ടു് ഈ നിർമ്മാല്യം കൂട്ടിക്കെട്ടി മന്ത്രമുരുവിട്ടു കൊണ്ടു് കീഴ്ശാന്തിയെ ഏല്പിക്കുന്നു. കീഴ്ശാന്തി നല്ലതുപോലെ ഈ പാവാട (ആട) പരിശോധിച്ചശേഷം അതിൽ രക്തക്കറ കാണുകയാണെങ്കിൽ അതു് ക്ഷേത്ര തന്ത്രിയുടെ ഇല്ലത്തിലെത്തിക്കുകയും പതിവാണു്. ഇല്ലത്തിൽ ഇല്ലക്കിഴത്തി അതു പരിശോധിക്കുകയും രക്തക്കറ തീണ്ടാരിയുടേതാണെന്നു തെളിയുകയാണെങ്കിൽ ഭഗവതിക്കു് തീണ്ടാരിയാണെന്നു തീർച്ചപ്പെടുത്തുകയും ചെയ്യും.

താമസിയാതെ ഈ പാവാട വില്പനയ്ക്കായി ഭക്തജനങ്ങളുടെ മുമ്പിലേയ്ക്കു വരും. പത്തു രൂപയാണു് ദേവസ്വംബോർഡു് നിശ്ചയിച്ചിരിക്കുന്ന വില. എന്നാൽ ഭക്തജനങ്ങൾ നൂറുകണക്കിനു് രൂപ വിലകൊടുത്തും വാങ്ങുന്നു. മാത്രമല്ല, പലരും നേരത്തെ ബുക്കു് ചെയ്താണു് ഈ തീണ്ടാരിത്തുണി വാങ്ങുന്നതു്.

തീണ്ടാരി വന്നുകഴിഞ്ഞാൽ ക്ഷേത്രം മൂന്നുദിവസം അടയ്ക്കുക പതിവാണു്. ആ മൂന്നുദിവസവും ദേവിയുടെ ഒരു ചെറിയ രൂപം നല്പമ്പലം എന്നറിയപ്പെടുന്ന മുറിയിൽ പ്രതിഷ്ഠിച്ചു പൂജനടത്തും. നാലാംദിവസം വിഗ്രഹത്തെ വെള്ളത്തിൽ കുളിപ്പിക്കും. അതിനു ശേഷം ഈ വിഗ്രഹത്തെ പിടിയാനയുടെ പുറത്തിരുത്തി താളമേളങ്ങളോടെ. താലപ്പൊലിയോടെ, അടുത്തുള്ള പമ്പയാററിൽ കൊണ്ടു പോയി കുളിപ്പിക്കും. വിവാഹാഭ്യർത്ഥനക്കാരും, സന്താനാവശ്യക്കാരുമാണു് ഈ ചടങ്ങിൽ കൂടുതലും പങ്കെടുക്കുന്നതു്. നേരത്തെ ആനപ്പുറത്തിരിക്കുന്ന ശിവവിഗ്രഹത്തോടൊപ്പം പാർവ്വതി വിഗ്രഹത്തേയുംകൂട്ടിക്കൊണ്ടു് തിരിച്ചു് ക്ഷേത്രത്തിലെത്തുന്നു. പതിവിൻപടി പൂജകൾ തുടങ്ങുന്നു. ഈ ചടങ്ങിനെയാണു് ചെങ്ങന്നൂർ ഭഗവതിയുടെ തൃപ്പൂത്താറാട്ടു് എന്നു പറയുന്നതു്.

ചെങ്ങന്നൂർ ഭഗവതിയുടെ തീണ്ടാരിക്കു കാരണമായ രണ്ടു് കഥകളുണ്ടു്.

കൈലാസത്തിൽ ശിവ പാർവ്വതിമാരുടെ വിവാഹം നടത്താൻ തീരുമാനിച്ചു. മുപ്പത്തിമുക്കോടി ദൈവങ്ങളേയും വിവാഹത്തിനു ക്ഷണിച്ചു. ക്ഷണപ്രകാരം എല്ലാവരും വിവാഹത്തിൽ പങ്കു കൊള്ളുവാനായി കൈലാസത്തിൽ എത്തി. പക്ഷേ എല്ലാവരും കൈലാസത്തിൽ വന്നപ്പോൾ ഭാരക്കൂടുതൽകൊണ്ടു് കൈലാസം വടക്കോട്ടൊന്നു ചരിഞ്ഞു. സംഗതി കുഴപ്പത്തിലാകുന്നതറിഞ്ഞു് ശിവൻ അഗസ്ത്യമുനിയെ വിളിച്ചു വിവരം പറഞ്ഞു. മാത്രമല്ല, അഗസ്ത്യൻ തെക്കേഅററത്തു പോകണമെന്നും ശിവൻ പറഞ്ഞു. ഇതുകേട്ട അഗസ്ത്യൻ വല്ലാത്ത വിഷമത്തിലായി. ശിവപാർവ്വതിമാരുടെ വിവാഹം കാണാൻകഴിയാതെപോകുന്നതിലാണു് അഗസ്ത്യനു ദുഃഖം. അങ്ങനെ അതിനു പരിഹാരമായി ശിവൻ അഗസ്ത്യനോടു് പറഞ്ഞു: വിവാഹശേഷം ദമ്പതികൾ അഗസ്ത്യനെ ചെന്നു ദർശനം നടത്തിക്കൊള്ളാമെന്നു്. ആ വ്യവസ്ഥയിൽ മുനി തെക്കോട്ടു യാത്രയായി.

അപ്രകാരം വിവാഹംകഴിഞ്ഞു് ദമ്പതികൾ ചെന്നു് അഗസ്ത്യനു ദർശനം നൽകി. പക്ഷേ അന്നു് പാർവ്വതിക്കു മാസമുറ തെററുകയാണുചെയ്തതു്. മാസമുറ ഉണ്ടായതിനെത്തുടർന്നു് 28 ദിവസം അവിടെ താമസിച്ചു. അതാണു് ചെങ്ങന്നൂർ ഭഗവതിക്കു് മാസമുറ ഉണ്ടാകാൻ കാരണമെന്നുപറയുന്നു.

## മറെറാരു കഥ

ദക്ഷൻ തൻെറ പ്രസിദ്ധിക്കുവേണ്ടിയും ശിവനെ അപമാനപ്പെടുത്തുന്നതിനുമായി ദക്ഷയാഗം നടത്തുവാൻ തീരുമാനിച്ചു. പക്ഷേ ദക്ഷപുത്രിയായ സതി പിതാവിൻെറ അനുവാദംകൂടാതെ യാഗശാലയിലെത്തി. തന്നെയും ഭർത്താവിനെയും അപമാനിക്കുവാനായി നടത്തുന്ന ദക്ഷയാഗത്തെ പരാജയപ്പെടുത്തുവാനായി സതി തീരുമാനിച്ചു. അതിൻെറ ഫലമായി ദക്ഷനൊരുക്കിയ യാഗാഗ്നിയിൽ സതി ചാടി മരിച്ചു. ഇതറിഞ്ഞ ശിവൻ കോപാന്ധനാകുകയും കരിഞ്ഞ സതിയുടെ മൃതശരീരമെടുത്തു് താണ്ഡവമാടുവാൻ തുടങ്ങുകയുംചെയ്തു.

അപ്പോൾ കാര്യഗൗരവം മനസ്സിലാക്കിയ മഹാവിഷ്ണു തൻെറ

ചക്രായുധമെടുത്തു് ശിവന്റെ കയ്യിലിരുന്ന സതിയുടെ മൃതശരീരം വെട്ടിവീഴ്ത്തുകയുണ്ടായി. എവിടെയെല്ലാം സതിയുടെ കഷ്ണിച്ച മൃതശരീരങ്ങൾ വീണുവോ അവിടെയെല്ലാം ശിവശക്തിയും സന്നിവേശിച്ചു. സതിയുടെ തല തളിപ്പറമ്പിലും യോനി ചെങ്ങന്നൂരിലും വീണു. അതിനാലാണു് ചെങ്ങന്നൂർ ദേവിക്കു് തീണ്ടാരിയുണ്ടായതെന്നാണു് പറയുന്നതു്. കഥകളിങ്ങനെയാണെങ്കിലും വിഗ്രഹത്തിൽനിന്നും തീണ്ടാരിയുണ്ടാകുന്നതു് അൽഭുതമായി അവശേഷിക്കുന്നു. ആരംഭത്തിൽ ഈ ദേവീവിഗ്രഹം കല്ലായിരുന്നു. എന്നാൽ അഗ്നിബാധയ്ക്കുശേഷം ഇപ്പോൾ പഞ്ചലോഹത്തിലുള്ള വിഗ്രഹമാണു്. എന്നാലും മാസമുറ ഇപ്പോഴുമുണ്ടെന്നുള്ളതാണു് അൽഭുതം.

ഈ അൽഭുതത്തെപ്പററി പ്രമുഖ യുക്തിവാദിയായിരുന്ന വി. ടി. ഭട്ടതിരിപ്പാട്ടു് ഒരിക്കൽ ചെങ്ങന്നൂരുവെച്ചു് പറയുകയുണ്ടായി: "ഈ വിഗ്രഹത്തിൽനിന്നും തീണ്ടാരിയുണ്ടാകുന്നെന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കില്ല. അഥവാ പ്രത്യക്ഷപ്പെടുന്ന കറ തീണ്ടാരിയുടെ രക്തക്കറയാണെങ്കിൽ, ക്ഷേത്രത്തിലെ ശാന്തിക്കാരന്റെ ഭാര്യയുടെ തീണ്ടാരിത്തുണിയാവണം അതു്. അതു് അയാൾ തന്നെ കൊണ്ടുവന്നു് ഉടുപ്പിച്ചശേഷം പിറേറന്നു് അഴിച്ചെടുക്കുകയാണു്. ഇതാണു് ഇതിന്റെ യാഥാർത്ഥ്യം. ഇതല്ല എന്നാണു് അവരുടെ അഭിപ്രായമെങ്കിൽ ഒരുസംഘം ശാസ്ത്രജ്ഞന്മാരുടെ പരിശോധനയ്ക്കു് ഈ തീണ്ടാരി വിധേയമാക്കാൻ തയ്യാറാണോ?"

ഇതുവരെ ഈ വെല്ലുവിളി സ്വീകരിക്കുവാൻ ദേവസ്വംബോർഡ് തയ്യാറായിട്ടില്ല.

തീണ്ടാരിയുടെ ശാസ്ത്രീയവശമെന്താണെന്നു് നമുക്കു നോക്കാം— ആൺകുട്ടി യൗവ്വനം പ്രാപിക്കുന്നതോടെ തല, കഴുത്തു്, ഉടൽ, വാൽ എന്നീ ഭാഗങ്ങൾ ചേർന്ന സൂക്ഷ്മകോശങ്ങളായ അനവധി ബീജങ്ങൾ അവന്റെ വൃഷണങ്ങളിൽ പ്രത്യുല്പാദനത്തിനായി ഉണ്ടായിത്തുടങ്ങുന്നു.

അതുപോലെ പ്രായപൂർത്തിയായ സ്ത്രീകളിൽ പ്രത്യുല്പാദനത്തിനാവശ്യമായ പക്വമായ അണ്ഡാണുക്കൾ അണ്ഡാശയങ്ങളിൽ ഉണ്ടാ

യിരിക്കും. ആൺകുട്ടികൾ പ്രായപൂർത്തിയാകുമ്പോഴാണു് ബീജങ്ങളുണ്ടാകുന്നതെങ്കിൽ, പെൺകുട്ടികൾ ഗർഭാശയത്തിലായിരിക്കുമ്പോഴേ അണ്ഡങ്ങൾ ഉണ്ടായിത്തുടങ്ങിയിരിക്കും. ഇവ രണ്ടുകോടിയിൽപരമാണു് കാണുക.

അണ്ഡാണു ബീജത്തെ അപേക്ഷിച്ച് വളരെ വലുതാണു്. കോശകേന്ദ്രവും കോശദ്രവ്യവുമുള്ള ഒരു പ്രത്യേക കോശമാണു് ഇതു്. ഇതിനു ബീജത്തെപ്പോലെ സ്വയം സഞ്ചരിക്കുവാനുള്ള കഴിവില്ല.

ഒരു ബീജം അണ്ഡാണുവിനുസമീപം വന്നാൽ അതു് അണ്ഡാണുവിനെ തുളച്ച് ഉള്ളിൽ കടക്കുകയും രണ്ടു കോശങ്ങളും തമ്മിൽ സംയോജിക്കുകയും ചെയ്യും. ഇതിനെയാണു് ബീജസങ്കലനം എന്നു പറയുന്നതു്. ഈ പ്രവർത്തനത്തിൽ ബീജത്തിൻെറയും അണ്ഡാണുവിൻെറയും കോശകേന്ദ്രങ്ങൾ മാത്രം യോജിച്ച് ഒരൊററ കോശകേന്ദ്രമായിത്തീരുന്നു.

ഇതിനെ സൈഗോട്ട് എന്നാണ് പറയുന്നതു്. ഈ കോശത്തിനു് ബീജത്തിനോടോ, അണ്ഡാണുവിനോടോ സാദൃശ്യമുണ്ടായിരിക്കുകയില്ല.

അണ്ഡാശയത്തിൽനിന്നു അണ്ഡാണു പുറത്തുവരുമ്പോൾ ഗർഭാശയത്തിനുള്ളിൽ ഒരു ശ്ലേഷ്മസ്തരമുണ്ടാകുന്നു. ബീജസങ്കലനം നടക്കാതെവന്നാൽ അണ്ഡാണു മൃതമാവുകയും ശ്ലേഷ്മസ്തരം കുറേ രക്തത്തോടൊപ്പം ശരീരത്തിൽനിന്നും യോനിവഴി പുറന്തള്ളപ്പെടുകയും ചെയ്യുക പതിവാണു്. ഇതിനെയാണു് ആർത്തവം (Mensus) അഥവാ തീണ്ടാരി എന്നു പറയുന്നതു്.

ഇത്രയും ശാരീരികപ്രവർത്തനത്തിനു ശേഷമേ ആർത്തവം നടക്കുകയുള്ളുവെന്നിരിക്കെ മജ്ജയും മാംസവുമില്ലാത്ത ഭഗവതിവിഗ്രഹത്തിൽനിന്നും ആർത്തവം നടക്കുന്നുവെന്നു പറയുന്നതു് ശുദ്ധ വഞ്ചനയാണു്.

## നാല്

# നിലയ്ക്കലും പള്ളിയറക്കാവും

ശബരിമലയ്ക്കടുത്തുള്ള നിലയ്ക്കലിൽ ക്രൈസ്തവരും ഹിന്ദുക്കളും തമ്മിൽ നടന്ന വിവാദം പ്രസിദ്ധമാണല്ലോ. നിലയ്ക്കലിൽ കുരിശ്ശ് കണ്ട ഭാഗം ക്രിസ്ത്യാനികൾക്കു പതിച്ചുകൊടുക്കണമെന്ന് ക്രിസ്ത്യാനികളും ശബരിമലമുതൽ പ്ളാപ്പള്ളിവരെ അയ്യപ്പന്റെ പൂങ്കാവനമാണെന്നും ഇവിടെ ഒരടി മണ്ണുപോലും ക്രിസ്ത്യാനികൾക്ക് നൽകാൻ

അനുവദിക്കുകയില്ലെന്ന് ഹിന്ദുക്കളും തമ്മിൽ നടന്ന വാദപ്രതിവാദങ്ങളാണല്ലോ നിലയ്ക്കൽ സംഭവത്തിന്റെ പിന്നിലുള്ള പ്രശ്നം.

മാസങ്ങളോളം നീണ്ടുനിന്ന ഈ പ്രശ്നം അവസാനം ക്രിസ്ത്യാനികൾക്ക് ആങ്ങാമൂഴിയിൽ ഭൂമി നൽകിയതോടെ തീരുകയാണുണ്ടായതു്. എങ്കിലും ഹിന്ദുക്കൾ മൗനമായിരുന്നില്ല. അവർ ഈ സമയത്തു് ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽവച്ച് ഒരു ജ്യോതിഷപ്രവചനം നടത്തുകയുണ്ടായി. ജ്യോതിഷത്തിൽ "നിലയ്ക്കലിൽ രാജാധികാരവും ബ്രാഹ്മണാധിവാസവും ഉണ്ടായിരുന്നതായും, കൊടിയേററ്, ആറാട്ട് എന്നിവയോടുകൂടി ഉത്സവം നടത്തിവന്ന ഒരു മഹാക്ഷേത്രം ഉണ്ടായിരുന്നതായും ഈതിബാധയുണ്ടായഘട്ടത്തിൽ ജനപഥങ്ങളും ദേവനുമായി ഒഴിഞ്ഞുപോയതായും, നിലയ്ക്കലിൽ വൈഷ്ണവസാന്നിദ്ധ്യം ഉണ്ടായിരുന്നതായും, ഇപ്പോഴും വൈഷ്ണവസാന്നിദ്ധ്യത്തിനു് പ്രാധാന്യം കാണുന്നതായും" തെളിഞ്ഞു കാണപ്പെട്ടു.

നിലയ്ക്കലിൽ കുരിശു് കണ്ടെന്നു് ക്രിസ്ത്യാനികൾ പറഞ്ഞുതുടങ്ങിയപ്പോൾതന്നെ ദേവസ്വക്കാർ ഇത്തരം കഥകൾ പറഞ്ഞുതുടങ്ങിയിരുന്നു. അതായതു് നിലയ്ക്കൽ ശിവക്ഷേത്രത്തിനു തൊട്ടു കിഴക്കുവശം കാണുന്ന പറമ്പ് പണ്ട് വനമായിരുന്നുവെന്നും ആ വനത്തിൽ വള്ളികളാൽ പിണഞ്ഞ ഒരറയുണ്ടായിരുന്നുവെന്നും ആ അറയിൽവെച്ച് ശിവനും മോഹിനിയും തമ്മിൽ പള്ളികൊണ്ടുവെന്നും അങ്ങനെ അയ്യപ്പൻ ജനിച്ചുവെന്നും അതുകൊണ്ടു് ആ ഭാഗത്തെ പള്ളിയറക്കാവ് എന്നു വിളിച്ചിരുന്നുവെന്നും അതിനുശേഷമാണ് ഇന്നു് നശിച്ചുകാണുന്ന മഹാക്ഷേത്രമുണ്ടായതെന്നും ആ ക്ഷേത്രത്തിൽ മോഹിനിയായിരുന്നു ചൈതന്യമെന്നും അങ്ങനെയാണ് ആ ക്ഷേത്രം പള്ളിയറക്കാവ് ഭഗവതി ക്ഷേത്രമായി മാറിയതെന്നുമാണ് പുത്തൻ പുരാണം.

ഈ കെട്ടുകഥ സ്ഥാപിച്ചെടുക്കാൻ നേരത്തെ ഇവർ ചില രേഖകൾ ചൂണ്ടിക്കാണിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് പള്ളിയറക്കാവ് പറമ്പിൽ ഒരു മുറിയുടെ വീതിയിൽ കൂടിക്കിടന്നിരുന്ന കുറെ പാറക്കഷണങ്ങൾ നിലയ്ക്കലിൽ നശിച്ചുപോയ ഒരു മഹാക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളാണെന്നു് ഉദാഹരിച്ചതു്. കുരി

ശ്രൂ് കണ്ടെന്നും പറഞ്ഞു് ക്രിസ്ത്യാനികൾ ആരാധന തുടങ്ങിയപ്പോഴാണ് ഈ കല്ലുകൾ ഒരു മുറിയുടെ രീതിയിൽ ഒരുക്കുകയും ഇവർ വിളക്കുകത്തിക്കലും മററും ആരംഭിക്കുകയും ചെയ്തതു്.

ഞാൻ അവിടെ നടത്തിയ ഒരന്വേഷണത്തിൽനിന്നും മനസിലാക്കാൻ കഴിഞ്ഞതു് ഈ പാറക്കൂട്ടത്തിൽ ഒരു മഹാക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളോ അതിനോടനുബന്ധിച്ച മറെറന്തെങ്കിലും രേഖകളോ ഇല്ലെന്നുള്ളതാണ്.

മറിച്ചു് അവിടെ നാഗപ്രതിമകൾ നിർമ്മിച്ചിരുന്ന ഏതോ കൊത്തുപണിക്കാർ കേന്ദ്രീകരിച്ചിരുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നതു്. അതിനു തെളിവാണ് പള്ളിയറക്കാവ് പരിസരത്തു കാണുന്ന നാഗരാജാവിന്റേയും നാഗയക്ഷിയുടേയും ഒരേ സ്വഭാവത്തിലുള്ള പ്രതിമകൾ. അതിൽത്തന്നെ ഉടഞ്ഞവയും പൂർത്തിയാക്കാത്തവയുമായ പ്രതിമകളും കാണാവുന്നതാണ്. ദേവസ്വക്കാർ ഇന്നു് ഇവയെല്ലാമെടുത്തു് പൂജ തുടങ്ങിയിരിക്കുകയാണ്.

ഈ പ്രതിമകൾ നാട്ടിൻപ്രദേശത്തു് ആരാധനയ്ക്കു് വന്നിട്ടുള്ളതിനും തെളിവുകളുണ്ട്. പത്തനംതിട്ട ജില്ലയിൽ അംബരചുംബിയായ ചുട്ടിപ്പാറയിൽ ആരാധന നടത്തിക്കൊണ്ടിരിക്കുന്ന നാഗപ്രതിമയും ഓമല്ലൂർ ക്ഷേത്രത്തിനകത്തും, ജംഗ്ഷനിലും, പത്തനംതിട്ട ഡി. എസ്. പി. ഓഫീസിനു സമീപം അലക്കുകാർ വെച്ചാരാധിക്കുന്ന നാഗപ്രതിമയും ഇതിനുദാഹരണമാണ്. ഈ വിഗ്രഹങ്ങളുടെ നീളവും വീതിയും പഴക്കവും കൊത്തുപണിയിലുള്ള ഏകതാനതയും തന്നെയാണ് പള്ളിയറക്കാവിൽ കാണുന്ന വാരിക്കൂട്ടിയ പാറക്കഷണങ്ങൾക്കുമുള്ളതു്. ഇതിന്റെ അടിസ്ഥാനത്തിൽ പള്ളിയറക്കാവിൽ ഒരു മഹാക്ഷേത്രമുണ്ടായിരുന്നുവെന്നു പറയുന്നതു് കെട്ടുകഥയാണ്.

## അഞ്ച്

# ചോററാനിക്കരയിലെ പ്രേതബാധ

എറണാകുളം ചോററാനിക്കര ക്ഷേത്രത്തിലെ ഒരു പ്രധാന അൽഭുതമാണ് ബാധ ഉപദ്രവം മാററൽ. ഇതിനുവേണ്ടി അനവധി സ്ത്രീകൾ ഇവിടെവന്നു് ഭജനം പാർക്കുന്നുണ്ട്.

ബ്രഹ്മശ്രീ–പി. എസ്. പുരുഷോത്തമൻ നമ്പൂതിരി എഴുതിയ "ചോററാനിക്കര ദേവീമാഹാത്മ്യവും ക്ഷേത്രോല്പത്തിയും" എന്ന ഗ്രന്ഥത്തിൽ ഈ പ്രേതബാധയെക്കുറിച്ച് പറയുന്നതു നോക്കുക.

"ബാധോപദ്രവശാന്തികൾക്കും മററുമായി ഇന്നു ധാരാളംപേർ ഇവിടെ വരുന്നു. അങ്ങനെ വരുന്നവർ സരസ്വതീയാമത്തിൽ (രാവിലെ 3 മണിക്കു്) ശരീരശ്ശുദ്ധി വരുത്തി ദേവിയെ കണ്ടുവണങ്ങണം. ശീവേലിയിൽ സംബന്ധിച്ചു് പ്രദക്ഷിണം നടത്തണം. നിർമ്മാല്യദർശനവും പ്രധാനമാണ്. ഭജനം തുടങ്ങിയാൽ കാലാവധി കഴിയുന്നതിനുമുമ്പായി അതിർത്തിവിട്ടു പുറത്തുപോകുവാൻ പാടില്ല. പ്രാരാബ്ധ ചിന്തകൾ കഴിവതും ഉപേക്ഷിക്കണം. ഭജനക്കാർ പടിഞ്ഞാറെ ഗോപുരം കടന്നുപോകരുതെന്നാണ് സങ്കല്പം. ദേവിയല്ലാതെ മററാരും തുണയ്ക്കുവാനില്ല എന്ന ബോധം എന്നുമുണ്ടായിരിക്കണം. അപസ്മാരം, ചിത്തഭ്രമം, ഭ്രാന്തു്, ദാരിദ്ര്യം തുടങ്ങിയ ദുസ്സാദ്ധ്യമായ വിഷമങ്ങൾ നീക്കി സൗഖ്യം തരുന്നതാണ്. ഇതു് ഭക്തിയോടെ അവിടെ ഭജിച്ചിട്ടുള്ള ഏവർക്കും അറിവുള്ള സംഗതിയാണ്.

ഇവിടെ സ്ഥിതിചെയ്യുന്ന അയ്യപ്പനും കീഴ്ക്കാവിലമ്മയുംകൂടി എല്ലാ ബാധകളെയും ചോററാനിക്കര അമ്മയുടെ ആജ്ഞാനുസാരം പിടികൂടി സത്യംചെയ്യിച്ചു് ഒഴിച്ചുകളയുന്നു. ചില അദൃശ്യശക്തികളുടെ ആവേശംകൊണ്ടു് ഭ്രാന്തു്, ഓർമ്മക്കേടു്, കൂടുതൽ ഉറക്കം. ഉറക്കമില്ലായ്മ, പരസ്പര ബന്ധമില്ലാത്ത വാക്കുകൾ പറയുക, കുളി മുതലായ കാര്യങ്ങൾ ഉപേക്ഷിക്കുക, വസ്ത്രധാരണംപോലും വേണ്ടെന്നുവെച്ചു നടക്കുക, അനാവശ്യമായി അത്യധികം കോപിക്കുക, അട്ടഹസിക്കുക, അന്യരെ ഉപദ്രവിക്കുക ഇങ്ങനെപോകുന്നു ബുദ്ധിഭ്രമക്കാരുടെ സ്വഭാവം.

ഭൂതപ്രേതപിശാച് ഗന്ധർവ്വാദികളുടെ ആവേശമാണതിനു കാരണം. ഇവർ ക്ഷേത്രസങ്കേതത്തിലെത്തുമ്പോൾതന്നെ അസുഖത്തിനു് ആശ്വാസം ലഭിക്കാറുണ്ടു്. കൂടുതൽ ശക്തിയുള്ള ബാധക്കാർ ഭജനമിരിക്കുകയാണ് പതിവ്. ഭജനം രോഗിയെക്കൊണ്ടു് ബന്ധുക്കൾ നടത്തിക്കുകയാണ് വേണ്ടതു്. അഞ്ചു്, ഏഴു്, പതിനൊന്നു് ഇങ്ങനെ ഭജനം പലതരത്തിൽ നടക്കുന്നു. ഇവർ ക്ഷേത്രത്തിലെ നിവേദ്യം മാത്രമേ കഴിക്കാവൂ. പ്രാർത്ഥനയുടെ ഗതിക്കനുസരിച്ചു് ശാസ്താവ് ബാധാപീഢിതരെ

പിടിച്ച് വിസ്തരിക്കും. സാധാരണ ബാധകളെയെല്ലാം തൻെറ മുൻഭാഗത്തെ തൂണുകളിൽ ആണിയടിച്ച് ബന്ധിച്ച് രോഗിയെ പറഞ്ഞയയ്ക്കും. കൂടിയ ബാധയാണെങ്കിൽ ഉച്ചപൂജ കഴിഞ്ഞ് നട തുറക്കുമ്പോൾ ഭദ്രയെ ഏൽപ്പിക്കുന്നു. ബാധയെ തൻെറ മുമ്പിൽവെച്ച് സത്യം ചെയ്യിച്ചശേഷം കീഴ്ക്കാവിലമ്മയെ ഏൽപ്പിക്കുന്നു. ഉഗ്രമൂർത്തിയായ കീഴ്ക്കാവിലമ്മ ബാക്കികാര്യങ്ങൾ ശരിപ്പെടുത്തും.

ഇളക്കക്കാരനും (പ്രേതബാധ) ദേവിയും തമ്മിലുള്ള വാദങ്ങൾ അതിശയകരമാണ്. ചോദ്യങ്ങളും ഉത്തരങ്ങളും രോഗിതന്നെത്താൻ നടത്തുന്നു. അതായത് രോഗിയുടെ ശരീരത്തിൽ ബാധയോടൊപ്പം അമ്മയും ആവേശിക്കുന്നു. രോഗിയുടെ ശരീരമാകുന്ന യന്ത്രത്തെക്കൊണ്ട് രണ്ടുപേരും സംസാരിക്കുന്നു. അഥവാ സംസാരിപ്പിക്കുന്നു.

"ഒഴിഞ്ഞുപോകണം."

"ഇല്ല, പോകില്ല."

"പോയില്ലെങ്കിൽ പറഞ്ഞയയ്ക്കും."

"ഒരുകൊല്ലത്തെ അവധിയെങ്കിലും തരണം."

"ഒരവധിയുമില്ല.........ഉം. എന്തുപറയുന്നു."

"അയ്യോ ഞാൻ പൊയ്ക്കൊള്ളാമേ. എന്നെ അടിക്കരുതേ..."

"ശരി......എന്നാൽ സത്യംചെയ്യൂ......ഈ ആണികളെല്ലാം നിനക്കുള്ളതാണ്."

"അയ്യോ, ഇതു മൂന്നു വേണ്ട......ഒന്നു മതി."

ഇങ്ങനെയെല്ലാം രോഗി പുലമ്പുന്നു.

ഇതിൽനിന്നു് ദേവിയുടേയും, ബാധയുടേയും സംഭാഷണം തിരിച്ചറിയാൻ വിഷമമില്ല. രൂപഭാവങ്ങളും അതിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഈ രംഗം കാണുന്ന ബന്ധുക്കളും ഭക്തന്മാരുമെല്ലാം "അമ്മേ നാരായണ, ദേവീ നാരായണ" എന്നു് ഭക്തിപൂർവ്വം ഉച്ചരിച്ചുകൊണ്ട് അൽഭുതത്തോടെ നിൽക്കുന്നുണ്ടാ

വും. ഒടുവിൽ പാലമരത്തെ വലംവച്ചതിനുശേഷം ആണി ഓരോന്നായി രോഗി സ്വന്തം അവയവങ്ങൾകൊണ്ടു് അടിച്ചു കയററും. ചുററികയുടെ സ്ഥാനത്തു് കയ്യോ. കാലോ, നെററിയോ ആയിരിക്കും. ഇതു് ഇന്നും അവിടെ കാണാവുന്ന ഒരൽഭുതമാണു്!!

ചോററാനിക്കരയിലെ ശിവക്ഷേത്രത്തിന്റെ മുന്നിൽ വൈകിട്ടും അയ്യപ്പക്ഷേത്രത്തിന്റെ മുന്നിൽ രാവിലെയുമാണു് ഭജനം പാർക്കുന്നതു്. ഇതിൽ സ്ത്രീകളാണു് അധികവും. പ്രേതബാധയെക്കുറിച്ചുള്ള തെററായ വിശ്വാസം പകർന്നുകൊണ്ടു് പാവങ്ങളെ വഞ്ചിക്കുകയാണു് ഇവർ ചെയ്യുന്നതു്. പ്രേതബാധ യഥാർത്ഥത്തിൽ ഒരു രോഗമാണു്. ഈ രോഗം ശാസ്ത്രീയമായി മാററാവുന്നതാണു്.

## എന്താണ് പ്രേതബാധ (ബാധോപദ്രവം) ?

പ്രമുഖ മനഃശാസ്ത്രജ്ഞനായ ഡോ: മുരളീകൃഷ്ണ, പ്രേതബാധയുടെ അസ്തിത്വത്തെ ചോദ്യം ചെയ്തുകൊണ്ടു് പറയുന്നതു നോക്കുക.

“ശവശരീരങ്ങളുടെ പോസ്റ്റ്മാർട്ടം കുററാന്വേഷണത്തിലെ ഒരു പതിവ്പരിപാടിയാണു്. ശവശരീരങ്ങളെ പ്രേതങ്ങൾ എന്നും പറയുന്നുണ്ടു്. ആദികാലത്തു് ഭൂമിയിൽ പ്രേതങ്ങളുണ്ടായിരുന്നില്ല. മനുഷ്യൻ ഭൂമിയിൽ ജീവിക്കാൻ തുടങ്ങിയതിനുശേഷം ഒമ്പതു ലക്ഷംവർഷം കഴിഞ്ഞാണു് ഈശ്വരവിശ്വാസം ഉണ്ടായതെന്നാണു് റഷ്യക്കാരുടെ കണക്കുകൂട്ടൽ. കഴിഞ്ഞ അനേകവർഷങ്ങളായി മനുഷ്യർ ദൈവത്തെക്കുറിച്ചും പ്രേതത്തെക്കുറിച്ചുമൊക്കെ നിരന്തരമായി ചിന്തിച്ചുകൊണ്ടിരിക്കുന്നു.

പ്രേതങ്ങളുടെ ഉല്പത്തി വിശ്വാസം ദൈവവിശ്വാസത്തിനും അല്പം മുമ്പുതന്നെ തുടങ്ങിയിരിക്കാനാണു് സാദ്ധ്യത. സഹവാസികളുടെ പെട്ടെന്നുള്ള മരണം ആദ്യമനുഷ്യനെ നടുക്കുകയും അമ്പരപ്പിക്കുകയും ചെയ്തിരിക്കണം. ഓർക്കാപ്പുറത്തു മരിച്ചവർ—നിശ്ചലരായി മാറിയവർ വീണ്ടും തിരിച്ചുവരുമെന്ന വിശ്വാസം എന്നും അവർ മനസ്സിൽ സൂക്ഷിച്ചിരിക്കാനാണു് സാദ്ധ്യത.

പ്രേതങ്ങളുടെ നിലനില്പിനുള്ള ഉറച്ച തെളിവായി എന്നും ഉയർത്തിപ്പിടിച്ചിരുന്നതു് ചില വ്യക്തികൾക്കുണ്ടായ പ്രേതദർശനാനുഭവങ്ങളാണല്ലോ. കണ്ടവരെല്ലാംതന്നെ പ്രേതങ്ങളെ വ്യക്തമായ ബാഹ്യരൂപഘടനയിലും വേഷസംവിധാനത്തിലുമാണ് കണ്ടിട്ടുള്ളതു്. നഗ്നരൂപികളായ പ്രേതങ്ങളെ ആരും കണ്ടതായി കഥകളില്ല. വസ്ത്രം ധരിച്ച സർവ്വാഭരണഭൂതയായ ഒരു പ്രേതത്തെ ശാസ്ത്രസങ്കല്പത്തിനു് ഉൾക്കൊള്ളാനാകുമോ? അപ്പോൾ വസ്ത്രത്തിനും ആഭരണത്തിനുംകൂടി ഒരു പ്രേതരൂപത്തിലുള്ള അസ്തിത്വം ഉണ്ടാകുമല്ലോ? ജീവനില്ലാത്ത ഉടയാടകൾക്കും ഒരു പ്രേതമോ നഗ്നശരീരത്തോടെ മാതൃഗർഭത്തിൽനിന്നും പിറവിയെടുക്കുന്ന ബാഹ്യശരീരം മരണസമയത്തു് പ്രേതമാകുമ്പോൾ ധരിക്കാൻവേണ്ടി വസ്ത്രത്തിൻേറയും ആഭരണത്തിൻേറയും സൂക്ഷ്മപ്രേതരൂപങ്ങളെ വഹിച്ചുകൊണ്ടു പോകുമെന്നു വിശ്വസിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. പറയപ്പെടുന്ന പ്രേതരൂപികൾക്കെല്ലാം വസ്ത്രം പരുത്തിയും, സിൽക്കും, ടെറിലിനുമൊക്കെ എവിടെനിന്നു കിട്ടുന്നു? പ്രേതദർശനം ഒരു യാഥാർത്ഥ്യമാണെങ്കിൽ നഗ്നരൂപികളായിത്തന്നെയല്ലേ അവരെയും കാണേണ്ടതു്?

അറിയപ്പെട്ട ഒട്ടേറെ പ്രേത ദർശനാനുഭവങ്ങളിൽ പ്രേതങ്ങളുമായി സംഭാഷണം നടത്തുകയും ആശയങ്ങൾ കൈമാറുകയും ചെയ്യുന്നു. ശബ്ദം ഉണ്ടാകുന്നതു് തൊണ്ടയിലുള്ള സ്വന പേശികളാണല്ലോ. വായു കടന്നുപോകുമ്പോൾ അവയിലുണ്ടാകുന്ന പ്രകമ്പനങ്ങളാണ് ശബ്ദമായി മാറുന്നതു്. വായുവിലെ തരംഗങ്ങളായാണ് ശബ്ദം സഞ്ചരിക്കുന്നതു്. പ്രേതങ്ങൾക്കു് ഭൂമിയിൽവെച്ചു് ശബ്ദിക്കണമെങ്കിൽ ഭൂമിയുടെ അന്തരീക്ഷത്തിലുള്ള വായുപടലത്തെ തന്നെ ആശ്രയിക്കേണ്ടിവരുന്നു. അങ്ങനെ ഒരു തരംഗവ്യാപ്തി സൃഷ്ടിക്കാൻ പ്രേതത്തിനു കഴിവുണ്ടെങ്കിൽ മനുഷ്യൻെറ ശ്രവണേന്ദ്രിയങ്ങൾക്കു്, കുറഞ്ഞപക്ഷം മനുഷ്യൻ രൂപംകൊടുക്കുന്ന ഏററവും ശക്തിയുള്ള ശബ്ദതരംഗ മാപിനികൾക്കോ അവയെ കണ്ടെത്താനും തിരിച്ചറിയാനും കഴിയേണ്ടതുണ്ടു്. അപ്പോൾ വളരെ കുറച്ചു പേർക്കുമാത്രം പ്രേതത്തിൻെറ ശബ്ദം കേൾക്കാൻ കഴിഞ്ഞു എന്ന വാദത്തെ എങ്ങനെ സ്വീകരിക്കാനാവും?

ഇനി പ്രേതങ്ങളുടെ സഞ്ചാരങ്ങളിലേക്കു് കടക്കാം. മരണശേഷം ഞൊടിനേരത്തിനകം പ്രേതങ്ങൾ അതിവിദൂര സ്ഥലങ്ങളിൽ എത്തിച്ചേർന്നതായി അനുഭവ കഥകളിൽ കാണുന്നു. അതുകൊണ്ടു തന്നെ പ്രേതങ്ങൾക്കു് പ്രകൃത്യാതീത സഞ്ചാരശേഷി ഉണ്ടായിരിക്കണമല്ലോ. അവയുടെ ചലനവും ശബ്ദത്തെപ്പോലെ പ്രകൃതിനിയമങ്ങൾക്കു് ഉപരിതന്നെയായിരിക്കണം. ഇത്തരത്തിൽ പ്രകൃത്യാതീതശേഷിയുള്ള സഞ്ചാരവും ശബ്ദവും മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കു് എങ്ങനെ കാണാനും കേൾക്കാനും ആവും. മനുഷ്യേന്ദ്രിയങ്ങളെല്ലാം തന്നെ പ്രകൃതിശക്തികൾക്കു് വിധേയമായി പ്രവർത്തിക്കുന്നവ മാത്രമാണു്. ഇവയിലൊന്നിലുംതന്നെ ഇന്ദ്രിയാതീതമായ എന്തെങ്കിലും ശേഷികൾ ഉള്ളതായി തെളിയിക്കാനും കഴിഞ്ഞിട്ടില്ല. സഞ്ചാരത്തിനു് ഊർജ്ജം വേണമല്ലോ. നിരന്തരം അതിദ്രുതം സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഊർജ്ജം അതിനു ആനുപാതികമായി ശേഖരണം നടത്തേണ്ടിയിരിക്കുന്നു. പ്രേതം ഏതെങ്കിലും തരത്തിലുള്ള ഭക്ഷണം കഴിക്കാറുണ്ടോ? അപ്പോൾ വിസർജ്ജ്യവും അനിവാര്യമല്ലേ? ഊർജ്ജസംഭരണം ഉണ്ടെങ്കിൽ വളർച്ചയും വാർദ്ധക്യവും നാശവും ഉണ്ടായേ കഴിയൂ. അപ്പോൾപിന്നെ പ്രേതങ്ങൾക്കു് മരണം ഉണ്ടാകണം?

അതുപോലെ ഭൂഉപരിതലത്തിലെ അന്തരീക്ഷത്തിലൂടെ ഏതു പദാർത്ഥവും ക്രമാതീതമായ വേഗത്തിൽ സഞ്ചരിച്ചാൽ അവയുടെ താപനില വർദ്ധിക്കുകയും തീപിടിക്കുകയും ചെയ്യും. ബാഹ്യാകാശത്തിൽനിന്നും എരിഞ്ഞുവീഴുന്ന ഉൽക്കകളും നക്ഷത്രച്ചീളുകളും പോലും അന്തരീക്ഷത്തിലെത്തുംമുമ്പുതന്നെ അഗ്നിക്കിരയാകുന്നു. അനിതര സാധാരണമായ വേഗത്തിൽ സഞ്ചരിക്കുവാൻ കഴിയുന്ന പ്രേതങ്ങൾക്കുമാത്രം ഉഷ്ണത്തിന്റെ ബാധയും എരിഞ്ഞുവീഴലും ഒന്നും ഉണ്ടാകില്ലെന്നു് എങ്ങനെ വിശ്വസിക്കാനാവും? സഞ്ചരിക്കേണ്ടതു് ഭൂമിയുടെ ഈ അന്തരീക്ഷത്തിൽ തന്നെയാണല്ലോ?

ഗ്രഹോപരിതലങ്ങളിലെല്ലാംതന്നെ വസ്തുക്കളുടെ നിലനിൽപ്പിനും സ്ഥാനനിർണ്ണയത്തിനും ആധാരമാക്കിയിരിക്കുന്നതു് ഗുരുത്വാകർഷണശക്തിയാണു്. അണുവിനേക്കാൾ സൂക്ഷ്മമായ ഒന്നിനു് ഗുരുത്വാകർഷണനിയമങ്ങൾക്കിടയിൽ നിലനിൽക്കാനോ സഞ്ചരി

ക്കാനോ ശക്തിയുണ്ടാകുമെന്നു് വിശ്വസിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. ഭൂ ഉപരിതലത്തിൽ തങ്ങിനിൽക്കണമെങ്കിൽ വസ്തുക്കൾക്കു് പിണ്ഡഭാരം അനിവാര്യമാണു്. പിണ്ഡഭാരം കുറഞ്ഞ വാതകങ്ങൾപോലും ശൂന്യാകാശത്തിലേക്കു് ഒലിച്ചുപോകുന്നു. അപ്പോൾ ഭൂമിയിൽ വസിക്കുന്ന പ്രേതത്തിനു് പിണ്ഡഭാരവും ഗുരുത്വാകർഷണപ്രതികരണവും ഉണ്ടാകണം. അങ്ങനെയുണ്ടെങ്കിൽ ഭൗതികശാസ്ത്രനിയമങ്ങളിലൂടെ അതു് കണ്ടെത്താനും കഴിയും.

ഉറക്കത്തിൽ കാണുന്ന സ്വപ്നംപോലെ ഉറങ്ങാതിരിക്കുമ്പോൾ ചിലർ കാണുന്ന സ്വപ്നം മാത്രമാണു് ഈ പ്രേതദർശനങ്ങളെല്ലാംതന്നെ. ഒരുതരത്തിലുള്ള ആട്ടോ ഹിപ്പ്നോട്ടിക് നിലയിലെത്തിക്കൊണ്ടു് മനസ്സിന്റെ അഗാധതലങ്ങളിൽ കടന്നുകൂടിയിട്ടുള്ള ഭീതിനിറഞ്ഞ വിശ്വാസങ്ങളെ മായികദർശനമാക്കി മാററുന്നതാണു് പ്രേതകഥകളുടെ അടിസ്ഥാനരഹസ്യം. (മനഃശാസ്ത്രം മാസിക, 84 ഡിസംബർ)

(ഡോ. കൃഷ്ണൻ ഇളയതു് കൺസൽട്ടൻറ് സൈക്യാട്രിസ്റ്റ് പെരിന്തൽമണ്ണ) പ്രേതത്തെക്കുറിച്ചു് പറയുന്നതു് നോക്കുക:—

"പാരമ്പര്യം (Hereditary genetic factors) പരിതഃസ്ഥിതി (Environment) ചില പ്രത്യേക ശാരീരിക ക്രമക്കേടുകൾ (Biological or physiological factors) തുടങ്ങിയവ മനോരോഗങ്ങൾക്കു് കാരണമാകുന്നു. ജീവിതസമരത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ പലതരത്തിലുള്ള സമ്മർദ്ദങ്ങളേയും (Pressurers) നേരിടേണ്ടിവരുന്നു. മാനസിക പ്രതിരോധശക്തികൾ (Psychological defences) ഒരളവോളം അവയെ നേരിടാനുള്ള കരുത്തു നൽകുന്നു. രോഗബീജങ്ങൾക്കു് പൊട്ടിമുളയ്ക്കുവാൻ അവസരം ലഭിക്കാതെവരുന്നു. ആഘാതത്തിന്റെ (Stress) ശക്തി പ്രതിരോധനിരകളെ തകർക്കുമ്പോൾ വിവിധ രൂപത്തിലുള്ള മനോരോഗലക്ഷണങ്ങൾ വ്യക്തി കാണിക്കുവാൻ തുടങ്ങുന്നു. ഇവയിൽ പ്രേതബാധയുടെ ലക്ഷണങ്ങൾ കാണിക്കുന്ന മനോരോഗങ്ങൾ രണ്ടു വിഭാഗത്തിൽപ്പെടുന്നു. 1. ഞരമ്പുരോഗങ്ങൾ (Neuroses) എന്ന വിഭാഗത്തിലെ ഹിസ്റ്റീരിയ (Hysteria) 2. ഉന്മാദരോഗങ്ങൾ (Psychoses) എന്ന വിഭാഗത്തിലെ

സ്കിസോഫ്റേനിയ (Schizo Phrenia). വിഷാദരോഗങ്ങൾ (M. D. P.-depression). വിഭ്രാന്തികൾ (M. D. P-mania) അപസ്മാരരോഗം (Epilephtic psychoses) എന്നിവ.

പ്രകൃത്യാതന്നെ ഉപരിപ്ലവം (Shallow). അപക്വവും (Unimature) ആയ മനസ്സ്, അമിതമായ വൈകാരികാവേശം (Highly emotional). പ്രകടനപരത (Dramatic) ശ്രദ്ധ പിടിച്ചുപററാനുള്ള പ്രവണത (Attention Seeking) കൗശലം (Cunning) എന്നീ സ്വഭാവങ്ങൾ ചിലപ്പോൾ പ്രകടമാക്കിക്കൊണ്ട് ഹിസ്റ്റീരിക്കാകുന്നു. ഇത്തരം സ്വഭാവവിശേഷമുള്ളവർക്ക് ഹിസ്റ്റീരിക് വ്യക്തിത്വം (Hysterical personality) ഉള്ളതായും കാണാം. ദുർബ്ബലവും അപക്വവുമായ മനസ്സിൻെറ ഉടമസ്ഥന് ജീവിതപ്രശ്നങ്ങൾ എത്ര നിസ്സാരമായാലും ശരി, സങ്കീർണ്ണവും ഭീകരവുമായി തോന്നപ്പെടുന്നു. പ്രശ്നങ്ങളോട് ഏററുമുട്ടി അവയെ അതിജീവിക്കുന്നതിനുപകരം അവയിൽനിന്ന് ഒളിച്ചോടുവാനുള്ള വ്യഗ്രതയാണ് ഇക്കൂട്ടരിൽ കൂടുതലും കണ്ടുവരുന്നത്. അഥവാ തനിച്ച് സംഘർഷങ്ങളേയും സമ്മർദ്ദങ്ങളേയും നേരിടേണ്ടിവരുമ്പോൾ പ്രതിരോധശക്തികൾ തകർന്ന് രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങുന്നു. നേരായ മാർഗ്ഗത്തിലൂടെ ലക്ഷ്യം നേടുവാൻ കഴിഞ്ഞില്ലെങ്കിൽ ലക്ഷ്യപ്രാപ്തിക്ക് (Primary Gain) രോഗത്തിൻെറ മാർഗ്ഗം അവലംബിക്കുന്നു. തൽഫലമായി ലഭിക്കുന്ന ശ്രദ്ധയും പരിചരണങ്ങളും രോഗത്തെ തുടർന്നും നിലനിർത്തിപ്പോരുന്നു, ആഗ്രഹപൂരണത്തിനും ശ്രദ്ധാകേന്ദ്രമായി തുടരുന്നതിനും രോഗത്തിൻെറ മററ ആവശ്യമായതിനാൽ രോഗത്തെ സംബന്ധിച്ചിടത്തോളം രോഗി പലപ്പോഴും നിസ്സംഗനായിരിക്കും. രോഗം മാറേണ്ടത് ബന്ധുജനങ്ങളുടേയോ, ഡോക്ടറുടേയോ ആവശ്യമായി മാറുന്നു. പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുന്നവനോ, രോഗത്തിൻെറ മറ തൻെറ കാര്യസാദ്ധ്യത്തിനായി തെരഞ്ഞെടുക്കുന്നവനോ ആയ രോഗി, തൻെറ ഭാവനാവിലാസത്തിനനുസൃതമായ രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങുന്നു. പ്രേതബാധ, മറവി, സ്വപ്നാടനം തുടങ്ങിയ രോഗലക്ഷണങ്ങൾ (Hysterical Psychoses) വക്കോളം എത്തിനിൽക്കുന്നു. ആഗ്രഹപൂരണത്തിനുള്ള ശ്രമത്തെ രോഗമായി മാററുന്ന പ്രവണത H. C. R. (Hysterical Conversion Reaction)

എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെടുന്നതു്. സൗകര്യത്തിനുവേണ്ടി ഈ രോഗലക്ഷണങ്ങളെ താഴെക്കാണുന്നവിധത്തിൽ വേർതിരിക്കാം.

ഉന്മാദാവസ്ഥകൾ (Hysterical Psychoses)

1 മറവി (Hy-ammnesia)

2 ഉന്മാദാവസ്ഥ (Hyfuge state)

3 സ്വപ്നാടനം (Somnambulism)

4 വിവിധ വ്യക്തിത്വം (Multiple personality)

5 പ്രേതബാധ (Possession Syndrome)

എച്ച്. സി. ആർ. (Hy Conversion Reactions)

1 അപസ്മാരം (Hyfits)

2 അന്ധത (Hy blindness)

3 ബധിരത (Hy deafness)

4 മൂകത (Hy aphonia)

5 തളർവാതം (Hy-hemiplegia & Para plegia monoplegia etc)

പ്രേതബാധിതനെന്നു കരുതപ്പെടുന്ന രോഗി മേൽക്കാണിച്ച വിവിധ രോഗലക്ഷണങ്ങൾ തനിച്ചോ കൂടിക്കലർന്നോ കാണിച്ചുവെന്നുവരാം. ഒരേ രോഗലക്ഷണംതന്നെ തുടർച്ചയായി കാണിച്ചുവെന്നും വരാം. കുറേക്കാലം ഒരു പ്രത്യേക ലക്ഷണംമാത്രം കാണിച്ചിരുന്ന രോഗി പിന്നീടു് കുറേക്കാലത്തേയ്ക്കു മററു ലക്ഷണങ്ങൾ മാത്രം കാണിച്ചുവെന്നും വരാം.

പ്രേതബാധയ്ക്കു പണ്ടുമുതലേയുള്ള ചികിത്സ ഉഴിഞ്ഞുകളയലോ, മന്ത്രവാദമോ, ആവാഹനമോ, വഴിപാടുകളോ ആണ്. അത്ഭുതകരമായ ഫലപ്രാപ്തിയും ചിലർക്കനുഭവപ്പെട്ടുവരുന്നു. അന്ധനു് കാഴ്ച ലഭിച്ചതും ബധിരനു ശ്രവണശക്തി ലഭിച്ചതും, തളർന്ന വാതരോഗി നടന്നതും, മൂകൻ ദൈവസ്തോത്രങ്ങൾ ആലപിച്ചതുമായ കഥകൾ

ഉദാഹരണങ്ങളാണ്. "മുള്ളിനെ മുള്ളുകൊണ്ട് എടുക്കുന്നതു"പോലെയുള്ള ഒരു ചികിത്സാക്രമമാണ് ഇവയെല്ലാം. രോഗമറിയാത്ത ചികിത്സ. പിന്നെ എങ്ങനെ ഫലം ലഭിക്കുന്നുവെന്നല്ലേ? അപകട മനസിനെ വികല്പം ബാധിക്കുമ്പോൾ, കൂടുതൽ മേധാശക്തിയും, ആജ്ഞാശക്തിയുമുള്ള ഒരു മനസിന് ആജ്ഞാവർത്തിയാക്കുവാൻ കഴിയുന്നു. സജഷൻ (Suggestion), ഹിപ്നോസിസ്–മോഹനിദ്ര (Hypnosis) എന്നെല്ലാമറിയപ്പെടുന്ന ചികിത്സാക്രമങ്ങളുടെയും അടിസ്ഥാനം ഈ തത്വമാണ്. ശാസ്ത്രീയമായ ഉറച്ച അടിത്തറ ഇല്ലാത്തതുകൊണ്ട് ഇത്തരം ചികിത്സാമുറകൾക്ക് ശാശ്വതമായ രോഗനിവാരണം സാദ്ധ്യമല്ല പലപ്പോഴും.

പ്രേതബാധയുടെ മൂടുപടമണിഞ്ഞ ഹിസ്റ്റീരിയ പോലുള്ള ഞരമ്പുരോഗങ്ങൾക്ക് (Neuroses) സൈക്കോ തെറാപ്പി എന്ന ചികിത്സാരീതിയാണ് ഏററവും ഫലപ്രദമായി കണ്ടിട്ടുള്ളത്. അതിൽ പ്രധാനമായും മൂന്നു ഘടകങ്ങൾ അടങ്ങിയിരിക്കുന്നു.

1 രോഗകാരണം അതായത് രോഗി മറക്കുവാനോ ഒളിച്ചോടുവാനോ ശ്രമിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുക.

2 പ്രശ്നത്തെ അഭിമുഖീകരിക്കാനുള്ള കഴിവ് രോഗിയിൽ ഉണ്ടാക്കുവാൻ വികലമല്ലാത്ത മാനസിക പ്രതിരോധശക്തി (Normal Psychological Defences) സമ്പാദിക്കുന്നതിനു് രോഗിയെ സഹായിക്കുക.

3. പ്രശ്നത്തെ സ്വയം അതിജീവിക്കുക. ഇവയാണ്.

രോഗിയുടെയും രോഗത്തിൻേറയും പ്രകൃതമനുസരിച്ച് അനുയോജ്യമായ ചികിത്സാരീതി തെറാപ്പിചികിത്സകൻ തെരഞ്ഞെടുക്കുന്നു. പലപ്പോഴും വളരെക്കാലംതന്നെ നീണ്ടുനിൽക്കുന്ന ചികിത്സാ സമ്പ്രദായമായതിനാൽ അത്യന്തം ക്ഷമയും, അർപ്പണബോധവും ഇരുഭാഗത്തുനിന്നുമുണ്ടായാൽ വിജയം 100 ശതമാനമാണ്. നമ്മുടെ നാട്ടിൽ പലപ്പോഴും കുടുംബാംഗങ്ങൾക്കുകൂടി ചികിത്സി

ക്കേണ്ടിവരും (Family therapy). സമൂഹത്തിൽ നടമാടുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ സന്ധിയില്ലാത്ത സമരമാണ് അന്തിമചികിത്സ.

പ്രേതബാധിതരായവർ മററു മാനസികാസ്വാസ്ഥ്യങ്ങൾ പ്രകടിപ്പിക്കുന്നുവെങ്കിൽ തക്കതായ മരുന്നുകൾ കൊടുക്കാവുന്നതാണ്. വിഷാദം, ഉൾക്കണ്ഠ, ഭയം ഇവയ്ക്കെല്ലാം അനുയോജ്യമായ മരുന്നുകൾ (Antidepressants, Minor tranguillizers) കൊടുക്കാം. വിഭ്രാന്തി (M. D. P. depression) സ്കിസോഫ്രേനിയ (Schizophrenia) തുടങ്ങിയ രോഗങ്ങൾക്ക് അവയ്ക്ക് നിർദ്ദേശിക്കപ്പെട്ട മരുന്നുകൾ ക്രമമായി കൊടുത്താൽ രോഗം പൂർണ്ണമായി ഭേദപ്പെടുന്നു. രോഗം മാറുമ്പോൾ രോഗലക്ഷണമായ പ്രേതബാധയും വിട്ടുമാറും.

(മനഃശാസ്ത്രം മാസിക – '84 നവംബർ)

അറിഞ്ഞുകൊണ്ടോ അറിയാതെയോ സ്വയം ഒരു വ്യക്തി നടത്തുന്ന മനോനാടകമാണ് പ്രേതബാധ അഥവാ ബാധോപദ്രവം എന്നാണ് പ്രമുഖ മനഃശാസ്ത്രജ്ഞന്മാരെല്ലാം ഇന്ന് അഭിപ്രായപ്പെടുന്നത്.

ഇത്തരം അനവധി മനോനാടകക്കാരായ മനോരോഗികളാണ് ചോററാനിക്കരയിൽ പ്രേതബാധയുമായി ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. അജ്ഞതമൂലം വന്നുകൊണ്ടിരിക്കുന്ന ഈ സാധാരണക്കാരെ ചികിത്സിച്ച് ഭേദമാക്കാവുന്ന ഒരു ശാസ്ത്രീയമായ ചികിത്സാപദ്ധതിയല്ല ഇന്നു ചോററാനിക്കരയിലുള്ളത്. ചോററാനിക്കര ദേവിയുടെ പേരിൽ ദേവസ്വംബോർഡും അറിഞ്ഞുകൊണ്ടു നടത്തുന്ന ഒരു പ്രേതനാടകമാണ് ഇവിടുത്തെ പ്രേതചികിത്സ.

പുസ്തകങ്ങളിലൂടെയും ലഘുലേഖകളിലൂടെയും മററു പ്രചരണമാദ്ധ്യമങ്ങളിലൂടെയും മരിച്ചവരുടെ ആത്മാവാണ് മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതെന്നും അവരെ ഭദ്രകാളിയും അയ്യപ്പനും കീഴ്ക്കാവിലമ്മയും ചേർന്നു ബന്ധിക്കുമെന്നും പറഞ്ഞ് ദുഷ്പ്രചരണം

നടത്തി അജ്ഞരായ പ്രേതബാധക്കാരെ ക്ഷേത്രത്തിലേയ്ക്കു് ആകർഷിച്ച് ചൂഷണംചെയ്തുകൊണ്ടിരിക്കുകയാണ് ഇവർ. എന്നാൽ ഈ അശാസ്ത്രീയമായ ചികിത്സയിലൂടെ രോഗികൾക്കു് ഗുണമുണ്ടാകുന്നില്ലെന്നുള്ളതാണ്യാഥാർത്ഥ്യം. ഒരുപക്ഷേ ആരംഭബാധകൾ ചിലർക്കു മാറിയാലും നാളുകൾ പഴകിയ, വളർന്ന പ്രേതബാധകൾ മാറുന്നമെന്നില്ല. ആരംഭബാധകൾ മാറുവാനുള്ള കാരണം ദൈവീകശക്തിയൊന്നുമല്ല, രോഗി സ്വയം നൽകുന്ന നിർദ്ദേശം (Auto Hypnotism) കൊണ്ടുമാത്രമാണ്. അതുകൊണ്ടു് കൂടുതൽ അപകടസാദ്ധ്യതയുള്ള ഈ അശാസ്ത്രീയചികിത്സയിൽ പ്രേതബാധകൾ കുരുങ്ങാതെ വിദഗ്ദ്ധരായ മനോരോഗവിദഗ്ദ്ധന്മാരെ സമീപിക്കുകയാണ് വേണ്ടതു്.

# ആറ്

# ചിലന്തി ക്ഷേത്രം

പത്തനംതിട്ട ജില്ലയിൽ കൊടുമൺ വൈകുണ്ഠപുരം ക്ഷേത്രത്തിനടുത്താണ് പള്ളിയറ ദേവീക്ഷേത്രം എന്നറിയപ്പെടുന്ന ചിലന്തി ക്ഷേത്രം സ്ഥിതിചെയ്യുന്നതു്.

ചിലന്തിക്ഷേത്രത്തിൻെറ പ്രത്യേകത, ചിലന്തി കടിച്ച് എന്തു ചികിത്സ ചെയ്തിട്ടും മാറാത്ത രോഗികൾ ഒരു മലർ നിവേദ്യവും വഴിപാടും കഴിച്ചാൽ അസുഖം ഭേദമാകുമെന്നുള്ളതാണ്. നാനാ ജാതി മതസ്ഥരും ഈവിധത്തിൽ ചിലന്തിവിഷം മാറുന്നതിനും ദോഷം മാറുന്നതിനും നേർച്ച ചെയ്തുവരുന്നുണ്ടു്. മലർനിവേദ്യത്തിനപുറമേ, സ്വർണ്ണത്തിലും വെള്ളിയിലും ചിലന്തിയും, ചിലന്തി

മുട്ടകളുടേയും രൂപങ്ങൾ ഉണ്ടാക്കി ക്ഷേത്രത്തിൽ വഴിപാടായി നൽകുന്നുണ്ട്.

ഈ ക്ഷേത്രത്തെ ചുററിപ്പററി ഒരു കെട്ടുകഥ നിലവിലുണ്ട്. അതെന്താണെന്നു വിവരിക്കാം.

പണ്ട് ക്ഷേത്രത്തിൻെറ തൊട്ടു പിറകുവശം കോയിക്കൽ കൊട്ടാരമായിരുന്നു. കൊട്ടമൺ കോയിക്കൽ കൊട്ടാരത്തിലെ അവസാനത്തെ അംഗമായിരുന്നു ശക്തിഭദ്രൻ എന്ന ചേര രാജാവ്. കൊച്ചി അകവൂർമന ബ്രാഹ്മണരിൽപ്പെട്ട ഒരാളായിരുന്നു അദ്ദേഹം. ഇദ്ദേഹം ശങ്കരാചാര്യരുടെ (A. D. 8-ാം നൂററാണ്ട്) സമകാലികനായിരുന്നു. ലക്ഷണമൊത്ത ആദ്യത്തെ ആശ്ചര്യചൂഡാമണി എന്ന നാടകം എഴുതിയതു് ഇദ്ദേഹമാണെന്നാണ് പറയുന്നതു്.

അക്കാലത്തു് ഭാരതസഞ്ചാരം നടത്തിക്കൊണ്ടിരുന്ന ശങ്കരാചാര്യർ ചെങ്ങന്നൂരിലെത്തി. അപ്പോൾ താൻ രചിച്ച ആശ്ചര്യചൂഡാമണി എന്ന നാടകം അദ്ദേഹത്തെ കാണിക്കുകയുണ്ടായി. ശങ്കരാചാര്യർ ഇതു വാങ്ങി നോക്കിയശേഷം ഒന്നും മിണ്ടാതെ കൊടുത്തിട്ട് തിരിച്ചുപോയി. ഇതിനെത്തുടർന്നു് നാടകം മോശമായതുകൊണ്ടാണ് തിരിച്ചുകൊടുത്തതെന്നു കരുതി ശക്തിഭദ്രൻ നാടകം തീയിലിട്ടു ചുട്ടുകളഞ്ഞു. ഏതാനുംദിവസം കഴിഞ്ഞു് ശങ്കരാചാര്യർ വന്നു് നാടകം ചോദിക്കുകയുണ്ടായി. ഉടൻ ശക്തിഭദ്രൻ ഉണ്ടായ സംഭവം പറഞ്ഞു. അതിനെത്തുടർന്നു് ശങ്കരാചാര്യർ ശക്തിഭദ്രനു് എഴുതിയെടുക്കുവാനായി ആ നാടകം ചൊല്ലിക്കൊടുത്തു എന്നാണ് പറയുന്നതു്.

ഇക്കാലത്തു് മണിപ്പുഴ കുളക്കട മഠത്തിലെ രണ്ടു സ്ത്രീകൾ ഈ കൊട്ടാരത്തിൽ പാർത്തുവന്നിരുന്നു. ഒരുദിവസം ആരും ഇല്ലാതിരുന്ന അവസരത്തിൽ ഒരു തെമ്മാടി കൊട്ടാരത്തിനുള്ളിൽ കടക്കുകയും അറപ്പുരയിൽച്ചെന്നു് അറപ്പുരയിലുണ്ടായിരുന്ന 2 സ്ത്രീകളിൽ ഒരാളെ ബലാൽസംഗം ചെയ്യുകയും അതിനുശേഷം തെമ്മാടി അവിടെനിന്നു് കടന്നുകളയുകയും ചെയ്തു. അപമാനിതയും ദുഃഖിതയുമായ ആ സ്ത്രീ ഉടൻതന്നെ അറപ്പുരയുടെ കതക് എന്നെന്നേക്കുമായി അടച്ചു. പിന്നീട് ആ കതക് തുറന്നിട്ടില്ലെന്നാണു് വിശ്വാസം.

വളരെനാളുകൾക്കുശേഷം ഒരുദിവസം ആ കതകു് തുറന്നുനോക്കുമ്പോൾ എല്ലാവരും കണ്ടതു് ആ സ്ത്രീയെ ചിലന്തികൾ പൊതിഞ്ഞിരിക്കുന്നതായിട്ടായിരുന്നു. ആ നിമിഷം അവർ മരിക്കുകയും അവരുടെ ശക്തി മുഴുവൻ ദേവിയിൽ ലയിക്കുകയും ചെയ്യുകയുണ്ടായി. ഈ ശക്തിയാണു് ഇന്നും ദേവിയിൽ കുടികൊള്ളുന്നതു്.

സ്ത്രീയുടെ മരണത്തിനുശേഷം കൊട്ടാരത്തിലുണ്ടായിരുന്ന നീരാട്ടുകുളത്തിൽ കുളിക്കുവാൻ ആരു് ഇറങ്ങിച്ചെന്നാലും പായൽപോലെ ചിലന്തികൾ കിടക്കുന്നതു' കാണാമായിരുന്നുവെന്നാണു് പറയുന്നതു്. (ക്ഷേത്രത്തിലെ പ്രധാന നടത്തിപ്പുകാരൻ ഹരിപ്പാട്ടു് പള്ളിപ്പാടം അച്ചുതൻനായർ പറഞ്ഞ ഐതിഹ്യം)

ഏതു ചിലന്തിരോഗികളും രോഗം മാറുവാൻ മൂന്നു രൂപയുടെ മലർ നിവേദ്യവും രണ്ടു രൂപയുടെ വഴിപാടും കഴിക്കുമ്പോൾ ശാന്തി ഒരു ഭസ്മം മാത്രമാണു് കൊടുക്കുക. ഈ ഭസ്മം ഉപയോഗിക്കുന്നതോടുകൂടി അസുഖം മാറുമെന്നാണു് അഭിപ്രായം. എന്നാൽ രോഗം മാറാത്ത അനവധി രോഗികൾ ആസ്പത്രിയെ അഭയംപ്രാപിച്ച കഥ അവിടെനിന്നറിയാൻകഴിഞ്ഞിട്ടുണ്ടു്.

ഇതൊരു തട്ടിപ്പു പരിപാടിയാണു്. മന്ത്രവാദികൾ ഏതസുഖത്തിനും ഭസ്മം കൊടുക്കുന്ന ഒരു അടവു് നിലവിലുണ്ടു്. ആ തന്ത്രം ഇവിടെ പ്രയോഗിക്കുന്നുവെന്നു മാത്രം.

ജനങ്ങളിൽ അന്ധവിശ്വാസം വളർത്തുന്നതിൽ വലിയൊരു പങ്കു് ദേവസ്വംബോർഡിനാണു്. ഇത്തരം അന്ധവിശ്വാസങ്ങൾ ഇവർ ക്ഷേത്രങ്ങളിൽ വികസിപ്പിച്ചെടുക്കുന്നു. വളർച്ചപ്രാപിക്കാത്ത ക്ഷേത്രങ്ങളിൽ ധനാഗമനമുണ്ടാകണമെങ്കിൽ ഇത്തരം അന്ധവിശ്വാസങ്ങളിലൂടെ ജനങ്ങളെ സ്വാധീനിക്കാൻ കഴിയണം. മാനവരാശിയെ അന്ധവിശ്വാസത്തിൽ എക്കാലവും തളക്കുന്നതിനു് മററു് ആരാധനാലയങ്ങളോടൊപ്പം ക്ഷേത്രവും നിൽക്കുന്നു.

ഏഴ്

# പൊങ്കാലവിളയാട്ടവും കരകംതുള്ളലും

കേരളത്തിലെ പല അമ്മൻകോവിലുകളിലും കാണുന്ന ഒരു ദിവ്യാത്ഭുതമാണ് പൊങ്കാലവിളയാട്ടം അഥവാ തിളച്ച പായസം കോരി ശരീരത്തിൽ ഒഴിക്കൽ. ആയിരക്കണക്കിനു ഭക്തജനങ്ങൾ അർപ്പിക്കുന്ന തിളച്ച പൊങ്കൽ വെളിച്ചപ്പാടന്മാർ ശരീരത്തിൽ കോരി ഒഴിച്ച് ദൈവീകശക്തി ബോദ്ധ്യപ്പെടുത്തുമെന്നുള്ളതാണ്

ഈ അത്ഭുതം. അമ്മൻ, മുത്താരമ്മൻ, ഭദ്രകാളി, മാടൻ, ചുടലമാടൻ തുടങ്ങിയ ദൈവങ്ങളാണ് ഈ വെളിച്ചപ്പാടന്മാരുടെ ദേഹത്ത്` വരുന്നെന്നു പറയുന്നത്.

ദൈവം ശരീരത്തിൽ വന്നെന്നു പറഞ്ഞുകൊണ്ട് തിളച്ച പായസം കോരി ഒഴിക്കുന്നത് ഒരു കബളിപ്പിക്കലിലൂടെയാണ്. ആ കബളിപ്പിക്കലിൻെറ രഹസ്യം എന്താണെന്നു നമുക്കു നോക്കാം.

തിളച്ചുമറിയുന്ന പായസം ശരീരത്തിൽ കോരി ഒഴിച്ചാൽ പൊള്ളാതിരിക്കാനുള്ള കാരണം ഈ ചൂടേറിയ പായസം ശരീരത്തിൽ കോരി ഒഴിക്കുവാൻ ഒരു പ്രത്യേക മാദ്ധ്യമം ഉപയോഗിക്കുന്നതുകൊണ്ടാണ്.

വളരെ കിളുന്തായ കവുങ്ങിൻപൂക്കുലയാണ് ആ മാദ്ധ്യമം. കവുങ്ങിൻപൂക്കുല തിളച്ച പായസത്തിൽ മുക്കി ശരീരത്തിൽ കോരി ഒഴിച്ചാൽ ശരീരം പൊള്ളുകയില്ല. കാരണം കവുങ്ങിൻ പൂക്കുലയ്ക്ക് താപത്തെ നല്ലതുപോലെ ആഗീരണംചെയ്യുവാൻ കഴിയുമെന്നുള്ളതാണ്. താപം ആഗീരണംചെയ്തശേഷം ബഹിർഗ്ഗമിക്കുന്ന പായസത്തിനു് ഇളംചൂട് മാത്രമേ കാണുകയുള്ളു. ഭക്തജനങ്ങൾ തിളപ്പിക്കുന്ന പായസം അടുപ്പിലിരിക്കുമ്പോൾ നൂറുഡിഗ്രി (100°C) സെൻറിഗ്രേഡിലായിരിക്കും തിളച്ചുമറിയുന്നത്. ഈ അവസ്ഥയിൽ പായസം ശരീരത്തിൽ വീഴുകയോ കൈവിരൽ മുക്കുകയോ ചെയ്താൽ തീർച്ചയായും പൊള്ളൽ അനുഭവപ്പെടും. എന്നാൽ അവ പൂക്കുല എന്ന മാദ്ധ്യമത്തിലൂടെ പകരുമ്പോൾ ഇതിൻെറ താപനില നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഈ മാദ്ധ്യമത്തെക്കുറിച്ച് ഭക്തജനങ്ങൾ ആരും ശ്രദ്ധിക്കാറില്ല. അതുകൊണ്ട് ഇതൊരു കൺകെട്ടുവിദ്യയാണെന്നു് നിസ്സംശയം പറയാം. അല്ലെങ്കിൽ കവുങ്ങിൻപൂക്കുല ഉപയോഗിക്കാതെ ഇവർ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുന്ന പായസം കലത്തോടുകൂടി ശരീരത്തിൽ എടുത്തൊഴിക്കട്ടെ. അവരുടെ ദിവ്യത നമുക്ക് അംഗീകരിക്കാം.

കവുങ്ങിൻപൂക്കുല ഉപയോഗിച്ച് ആർക്കുവേണമെങ്കിലും തിളച്ച പായസം ശരീരത്തിൽ കോരിഒഴിക്കാം. ആരു് തിളപ്പിക്കുന്ന

ഏതു പായസവും എത്ര കലങ്ങൾ വേണമെങ്കിലും ഈ ദിവ്യന്മാർ കോരി ഒഴിക്കുന്നതുപോലെ പൂക്കുല ഉപയോഗിച്ച്, ശരീരത്തിൽ ഒരു ദിവ്യതയും അവകാശപ്പെടാതെ ഈ ഗ്രന്ഥകർത്താവ് കോരി ഒഴിക്കാൻ തയ്യാറാണു്.

## പായസം കൈകൊണ്ടുവാരുന്നതെങ്ങനെ?

ഈ ദിവ്യന്മാർ തിളച്ച പായസം കൈകൊണ്ട് വാരാറുണ്ട്. ഇതും എല്ലാവരെയും സ്തബ്ധരാക്കാറുണ്ട്. ഇതിലും ഒരു കപടമാർഗ്ഗം ഉണ്ട്. എന്താണവയുടെ രഹസ്യമെന്നു നോക്കാം.

എല്ലാവരുടെയും മനസ്സിൽ 100 ഡിഗ്രി സെൻറിഗ്രേഡിലുള്ള തിളച്ച പായസത്തെക്കുറിച്ചുള്ള ധാരണയാണുള്ളതു്. 100 ഡിഗ്രി സെൻറിഗ്രേഡിലുള്ള പായസത്തിൽ കൈവീണാലോ അവ തെറിച്ചു വീണാലോ പൊള്ളുമെന്നതിൽ സംശയമില്ല. 100 ഡിഗ്രി സെൻറിഗ്രേഡ് വരെ പായസം തിളപ്പിച്ചിട്ടുണ്ടെന്നുള്ളതു് യാഥാർത്ഥ്യവുമാണു്. എന്നാൽ ഇവർ കൈകൊണ്ട വാരുവാൻ വരുന്നതു്, ആദ്യ റൗണ്ടിൽ പൂക്കുലകൊണ്ടു് പായസം കോരി പോയതിനു(ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞു') ശേഷമാണ്. ഈ നേരം പായസത്തിൻെറ ചുവട്ടിൽ തീ കാണുകയില്ല. മാത്രമല്ല ഇവയുടെ ആവി മുഴുവൻ (100 ഡിഗ്രി സെൻറിഗ്രേഡ്) നഷ്ടപ്പെട്ടിരിക്കുകയും ചെയ്യും. ഈ വേളയിലാണു് ഇവർ കൈകൊണ്ട പായസം വാരുന്നതു്. അതു കൊണ്ടാണു് കൈ പൊള്ളാതിരിക്കുന്നതു്.

## കരകമെഴുന്നള്ളത്തു്

അമ്മൻക്ഷേത്രങ്ങളിൽ സാധാരണ കാണുന്ന മറെറാരു അൽഭുതമാണു് കരകമെഴുന്നള്ളത്തു്. 41 ദിവസം വ്രതംനിന്നശേഷം അമ്മൻ ശരീരത്തിൽ വന്നെന്നു ബോദ്ധ്യപ്പെടുത്തുന്ന പ്രധാന ദിവ്യനാണു് കരകമെടുക്കുന്നതു്. വെള്ളം നിറച്ച വെങ്കലക്കുടത്തിനുള്ളിലേക്ക് പ്രത്യേകം തയ്യാറാക്കിയ പുഷ്പമകുടം വെച്ചുറപ്പിച്ചിട്ടുള്ളതിനെയാണു് കരകമെന്നും അമ്മൻകുടയെന്നും പറയുന്നതു്.

കരകം ചുമ്മുമ്പോൾ ചുമ്മുന്ന ദിവ്യന്റെ ശരീരത്തിൽ അമ്മ അഥവാ അമ്മൻ (ദേവി) ഉണ്ടായിരിക്കുമെന്നാണു് ഇവരുടെ അഭിപ്രായം. അമ്മൻ ദിവ്യന്റെ ശരീരത്തിൽ ഉണ്ടെങ്കിൽ ദിവ്യനു് കൈകൊണ്ടു തൊടാതെതന്നെ കരകം തലയിൽവെച്ചുകൊണ്ടുപോകാൻ കഴിയുമെന്നാണു് ഇവർ പറയുന്നതു്. അല്ലെങ്കിൽ അതിനു് കഴിയുകയില്ലെന്നും.

നാട്ടിലെ പ്രജകളെ കാണുവാൻ അമ്മ എഴുന്നള്ളുന്നതാണു് കരകമെഴുന്നള്ളത്തെന്നാണു് ഐതീഹ്യം. അമ്മനോടൊപ്പം മററു് ദൈവങ്ങളുടെ വെളിച്ചപ്പാടന്മാരും ഉണ്ടാകും. നെയ്യാണ്ടിമേളം, ചെണ്ടമേളം, തോററൻപാട്ടു് തുടങ്ങിയ താളമേളങ്ങളോടെ താലപ്പൊലിയുമേന്തി നാട്ടും നഗരവും ചുററി പ്രജകളുടെ പേടിസ്വപ്നങ്ങളായ പ്രേതങ്ങളെ ശ്മശാനത്തിൽ ഓടിച്ചശേഷം കുരുതിയുംകഴിഞ്ഞു് പ്രഭാതത്തിൽ അമ്മൻകരകം ക്ഷേത്രത്തിൽ എത്തിച്ചേരും.

ഈ അവസരത്തിൽ കൈകൾ തൊടാതെയോ, ഒരു കൈകൊണ്ടു തൊട്ടുകൊണ്ടോ മാത്രമാണു് പ്രധാന ദിവ്യന്റെ ശിരസ്സിൽ കരകം ഇരിക്കുന്നതു്. ഇരിക്കുമ്പോൾ കരകം മറിയുകയില്ല. ഇതിലും അല്പം തട്ടിപ്പുണ്ടു്. അതെന്താണെന്നു വ്യക്തമാക്കാം. ആററിൽനിന്നു് കരകം ശിരസ്സിൽ കൊള്ളുന്നതു് മുങ്ങിപ്പൊങ്ങി വരുമ്പോഴാണു്. ഒന്നുരണ്ടുപേരുടെ സഹായത്തോടെയാണു് അവ ശിരസ്സിൽ കൊള്ളുന്നതും.

ശിരസ്സിൽ കൊള്ളുമ്പോൾ വീഴാതിരിക്കാൻ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ടു്. ശിരസ്സിൽ നേരേ വയ്ക്കരുതു്. തല ഇടത്തോട്ടു ചരിച്ചതിനുശേഷം ശിരസ്സിന്റെ വലതു പകുതിയിലായിരിക്കണം കരകം കൊള്ളേണ്ടതു്. കരകം നേരേ വെച്ചാൽ ശിരസ്സിന്റെ മദ്ധ്യഭാഗം ഉയർന്നിരിക്കുന്നതുകൊണ്ടു് കുടത്തിന്റെ ചുവട്ടിനിരിക്കുവാൻ പരന്ന പ്രതലം ലഭിക്കാത്തതിനാൽ ഉരുണ്ടുപോകും.

സാധാരണ ഇവർ കരകം ആററിൽനിന്നും ശിരസ്സിൽ കൊണ്ടുകഴിഞ്ഞാൽ ഉടനെതന്നെ മററു രണ്ടുമൂന്നുപേർ വന്നു് ശിരസ്സിലിരി

കുന്ന കുടത്തിൻെറ ചുവട്ടിലേയ്ക്കു് പത്തിരുപതു മിനിട്ടുനേരം വലിയ മൂന്നുനാലു കൂട്ടു് ഭസ്മം വാരിയടിക്കുക പതിവാണു്. ഭസ്മം ഇങ്ങനെ വാരിയടിക്കുന്നതു് കുടവും ശിരസ്സും തമ്മിൽ ഒരു ബന്ധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണു്. ചുരുക്കത്തിൽ കുടമിരിക്കുന്നതിനാവശ്യമായ ഒരു തിരുക ഭസ്മംകൊണ്ടു് കുടത്തിനു ചുവട്ടിലുണ്ടാക്കുകയെന്നതാണു് അവരുടെ ലക്ഷ്യം.

കരകമെടുക്കുന്നതിനു കുറേ പരിശീലനംകൂടിയുണ്ടെങ്കിൽ നല്ലതുപോലെ ബാലൻസ്ചെയ്തുകൊണ്ടു പോകാവുന്നതാണു്. പൂർണ്ണമായും ബാലൻസിലാണു് ഇതു കൊണ്ടുപോകുന്നതു്. ഇക്കാര്യം ദിവ്യൻ എപ്പോഴും ഓർക്കുന്നതിനായി ഒന്നുരണ്ടു ഡെമ്മി കരകമെടുപ്പുകാർ കൂടി ഒപ്പം കാണുന്നതു് പതിവാണു്.

## എട്ട്

# മലയാലപ്പുഴയിലെ മാടനും ശിവലിംഗവും

പത്തനംതിട്ട ജില്ലയിലെ പ്രധാന ക്ഷേത്രമാണു് മലയാലപ്പുഴ ഭഗവതിക്ഷേത്രം. ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠയ്ക്കു പുറമേ ഒന്നിലേറെ ഉപദേവതകളുടെ പ്രതിഷ്ഠകളുമുണ്ട്. ഗണപതി, ശിവനും പാർവ്വതി, ശാസ്താവു്, വിഷ്ണു മൂർത്തി, നാഗരാജാവു്, നാഗയക്ഷി തുടങ്ങിയവർ. കൂടാതെ ശിവക്ഷേത്രവും യക്ഷി അമ്പലവുമുണ്ടു്. ശിവക്ഷേത്രത്തിലെ ശിവലിംഗം സ്വയംഭൂവാണെന്നാണു് ഭക്തജനങ്ങളുടെ വിശ്വാസം.

പ്രസ്തുത സ്വയംഭൂ വിഗ്രഹത്തെ സംബന്ധിച്ച് ഒരു വിശ്വാസമുണ്ട്. പൊതുവെ മഴയില്ലാതെ വരുമ്പോൾ നാട്ടുകാർ കൂട്ടംകൂട്ടമായി വന്ന് കരിക്കടിച്ച് ഇളംനീർ ശിവലിംഗത്തിലഭിഷേകം ചെയ്താൽ ആകാശം കാർമേഘം കൊണ്ട് മൂടിക്കെട്ടി മഴ ലഭിക്കുകയും കുടിനീർ ലഭ്യമാകുകയും ചെയ്യുമെന്നുള്ളതാണ് ആ വിശ്വാസം. അതുപോലെ ക്ഷേത്രത്തിനു വെളിയിൽ ഒരു പടുകൂററൻ ആൽവൃക്ഷം നിൽപ്പുണ്ട്. ഈ വൃക്ഷത്തിൽ ഒരു ഇരുമ്പുവടി ചാരിവച്ചിട്ടുണ്ട്.

മാടസ്വാമിയുടെ പ്രതീകമാണ് ഈ ഇരുമ്പുവടി എന്നാണ് പറയുന്നത്. പടയണി തുള്ളിവരുന്ന വേലൻ ചില സന്ദർഭങ്ങളിൽ ഉറഞ്ഞുതുള്ളിവന്ന് ഈ ഇരുമ്പുവടി എടുത്ത് വളയ്ക്കുമത്രെ.

'മലയാലപ്പുഴ ഇടത്തിട്ട ഭഗവതിക്ഷേത്രമാഹാത്മ്യം' എന്ന ഗ്രന്ഥത്തിൽ പറയുന്ന ദിവ്യാത്ഭുതങ്ങളാണ് ഈ കഥകൾ. അതേ ഗ്രന്ഥത്തിൽ ഈ ക്ഷേത്രത്തിലെ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചും പറയുന്നു. മുകളിൽ പറഞ്ഞ അന്ധവിശ്വാസങ്ങൾ പകർന്നാണ് അവർ ഈ ധനാഗമമാർഗ്ഗം ഉണ്ടാക്കിയിരിക്കുന്നത്.

അതായത് അഭീഷ്ടസിദ്ധിക്കും അനുഗ്രഹലബ്ധിക്കുമായി കദളിപ്പഴം, നേർച്ചപ്പാവാട, നെയ്യ്, വെളിച്ചെണ്ണ, കർപ്പൂരം, കരിങ്കച്ച തുടങ്ങിയ നേർച്ചകളും, ചാവിറക്ക്, ശതാശതം, പടയണി തുടങ്ങിയ വഴിപാടുകളും, നെയ്യപ്പം, ശർക്കര തുടങ്ങിയ നിവേദ്യങ്ങളും ശ്രീവിദ്യ, അഷ്ടോക്ഷരശതം, ലളിതാസഹസ്രനാമവും തുടങ്ങിയ അർച്ചനകളും, കന്നുകാലികളുടെ രോഗശമനത്തിനും വംശവർദ്ധനവിനും കിഴക്കേ നടയിലുള്ള മാടസ്വാമിക്ക് വഴിപാടർപ്പിക്കൽ എന്നിവയും നടത്തുന്നുണ്ട്. വേലന്മാർ കരിക്കടിച്ച് പടയണി തുള്ളി ഫലം പറയുകയും ആ കല്പനകൾ അനുസരിച്ച് ഭക്തന്മാർ നേർച്ചകൾ നടത്തുകയും ശത്രുപ്രാർത്ഥനകൊണ്ട് മരിച്ച് ദേവിയിങ്കൽ ചെന്നുചേർന്നിട്ടുള്ള ചാവുകളെ വേലൻ പടയണിതുള്ളി പറഞ്ഞ് ഇറക്കി കൊണ്ടുപോയി പിതൃപീഢ ഒഴിവാക്കുന്ന സമ്പ്രദായവും നിലവിലുണ്ട്.

ഗ്രന്ഥത്തിൽ പറയുന്ന ഈ അത്ഭുതങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ ഈ ക്ഷേത്രം പോയി പരിശോധിച്ചു. അപ്പോൾ അതിൽ അവ

കാശപ്പെടുന്ന ഈ അത്ഭുതങ്ങളെല്ലാം വെറും കെട്ടുകഥകളാണെന്നു് ബോദ്ധ്യമായി.

സ്വയംഭൂ ആണെന്നു് അവകാശപ്പെടുന്ന ശിവലിംഗത്തിന്റെ കഥ നമുക്കു് നോക്കാം. ക്ഷേത്രത്തിന്റെ ചുററുമതിലിനുള്ളിൽ ഇടതുമാറി കിഴക്കേമൂലയിൽ ചുടുകട്ടകൊണ്ടു കെട്ടിയ അറയിലാണു് ശിവലിംഗമിരിക്കുന്നതു്. പൂർണ്ണരൂപഭാവങ്ങളുമുള്ള ദേവസങ്കല്പമാണല്ലോ സ്വയംഭൂവിഗ്രഹം. എന്നാൽ സ്വയംഭൂവായി ജനിച്ചിട്ടുള്ള ഒരു സ്വഭാവവും ഈ ശിവലിംഗത്തിനില്ല. മാത്രമല്ല കുഴവിക്കല്ലിന്റെ പ്രകൃതിപോലൊരു കറുത്ത കൽക്കഷണം കമഴ്ത്തിവച്ചിരിക്കുകയാണെന്നുള്ളതു് ആർക്കുകണ്ടാലും മനസ്സിലാക്കാൻ കഴിയും, അതിന്റെ മുകളിൽ കുറേ ഭാഗം അടർന്നുപോയതും കാണാവുന്നതാണു്. ഇതിന്റെ ജനനവും വളർച്ചയും അതുകൊണ്ടു വ്യക്തമല്ല. ആ ഭാഗം ഒളിക്കാൻ ശ്രമിക്കുന്നതിനാൽ ഈ ശിവലിംഗം സ്വയംഭൂ അല്ലെന്നുള്ളതു് വ്യക്തമാണു്.

ഇതുപോലെയാണു് പടയണി തുള്ളിവരുന്ന വേലൻ കഴുത്തിലിട്ടു വളയ്ക്കുന്ന ഉരുക്കുദണ്ഡിന്റെ കാര്യവും. ഉദ്ദേശം രണ്ടു മീററർ നീളവും മൂന്നര സെൻറീമീററർ കനവുമുള്ള ഈ ഉരുക്കുദണ്ഡു് ആൽത്തറയിൽ പറഞ്ഞതുപോലെ മാടന്റെ ഇരിപ്പിടത്തിൽ ചാരിവെച്ചിട്ടുണ്ടു്. ഇതിന്റെ രഹസ്യം മനസ്സിലാക്കുന്നതിനായി മാടൻ തുള്ളിവരുന്ന മലയാലപ്പുഴയിലെ "കുഞ്ഞിരാമനെ" ഞാൻ കണ്ടു സംസാരിച്ചു. നിങ്ങൾ മാടൻതുള്ളിവരുന്ന ദിവസം ഒന്നറിഞ്ഞാൽക്കൊള്ളാമെന്നും, ഉരുക്കുദണ്ഡു് കഴുത്തിലിട്ടു വളയ്ക്കുന്നതൊന്നു കാണുന്നതിനു വേണ്ടിയാണെന്നും ഞാൻ കുഞ്ഞിരാമനോടു് പറഞ്ഞു. അഞ്ചുവർഷത്തിനുമുമ്പുവരെ ഞാനിതു ചെയ്തിരുന്നുവെന്നും പ്രായാധിക്യമായതിനെത്തുടർന്നു് ഇപ്പോൾ ചെയ്യാറില്ലെന്നുമായിരുന്നു കുഞ്ഞിരാമനിൽനിന്നും എനിക്കു കിട്ടിയ മറുപടി.

ഇതിൽനിന്നും മനസ്സിലാക്കാൻകഴിയുന്ന രസകരമായൊരു കാര്യം യഥാർത്ഥത്തിൽ ഈ ഉരുക്കുദണ്ഡു് അഞ്ചുവർഷത്തിനുമുമ്പു് വളച്ചിട്ടുണ്ടെങ്കിൽ അതു് കുഞ്ഞിരാമന്റെ ആരോഗ്യംകൊണ്ടു മാത്രമായിരുന്നു. മറിച്ചു് മാടന്റെ ശക്തികൊണ്ടായിരുന്നില്ല. മാട

ൻെറ ശക്തിയാണെങ്കിൽ അന്നും ഇന്നും കുഞ്ഞിരാമൻ അതു വളളണമല്ലോ. പ്രായാധിക്യം പ്രശ്നമാവില്ലല്ലോ. ഇതിൽനിന്നും ഈ കഥയും യുക്തമല്ലെന്നുള്ളതു വ്യക്തമാണ്.

മററൊരു ശ്രദ്ധേയമായ കാര്യം ഇവിടത്തെ ഒരു പ്രധാന നേർച്ചയായ പാവാടയുടെ കാര്യമാണ്. ഇവിടെ നേർച്ചപ്പാവാടകൾ വിൽക്കുന്ന വിപുലമായ കടകൾതന്നെയുണ്ട്. ഈ കടകളിൽ ദേവിക്കു ഉടുക്കാനാവശ്യമായ പലയിനത്തിലുള്ള പാവാടകൾ വില്പനയ്ക്കുണ്ട്. നാടൻതുണിക്കുള്ളതു, പട്ടുതുണിക്കുള്ളതു, വെൽവെററു തുണിക്കുള്ളതു, പോളിസ്റ്റർ തുണിക്കുള്ളതു. അവരവരുടെ യഥാശക്തിയനുസരിച്ചുള്ള തുക കൊടുത്താൽ ഇഷ്ടപ്പെട്ട പാവാട വാങ്ങി ഭഗവതിക്കു നേർച്ചകൊടുക്കാവുന്നതാണ്. നേർച്ചകളായി ഓരോരുത്തർ വാങ്ങിക്കൊടുക്കുന്ന ഈ പാവാടകൾ വീണ്ടും വില്പനനടക്കുന്ന കടകളിലേക്കു തിരിച്ചുവരുമെന്നുള്ളതാണ് രസകരം. വില്പനക്കാരും ക്ഷേത്രക്കാരും തമ്മിലുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇതു ചെയ്തുവരുന്നതു. നാലോ അഞ്ചോ രൂപ തുണിവിലവരുന്ന ഈ പാവാടകൾക്കു ഈ കടകളിൽ പത്തും, ഇരുപത്തിയഞ്ചും, അൻപതും രൂപവരെ വിലയുണ്ട്.

പല അൽഭുതശക്തികളുമുണ്ടെന്നു അവകാശപ്പെടുന്ന മലയാലപ്പുഴ ഭഗവതിയുടെ ശക്തിയെ ചോദ്യംചെയ്യുന്ന ഒരു സംഭവം അടുത്തകാലത്തുണ്ടായി. പ്രസിദ്ധമായ കുമ്പഴ ബസ്സപകടമാണിതു കോമോസ് എന്ന ബസ്സ് ക്ഷേത്രത്തിനു ഏകദേശം മൂന്നു ഫർലോംഗിനുള്ളിൽവെച്ചു ഇടതുവശത്തെ കുഴിയിലേക്കു മറിയുകയും ഭൂരിഭാഗംപേർ മരിക്കുകയുംചെയ്തു. ക്ഷേത്രദർശനംകഴിഞ്ഞുവന്ന നിരവധി ഭക്തജനങ്ങളും ബസ്സിനുള്ളിൽ ഉണ്ടായിരുന്നു. നിരപരാധികളായ ആ മനുഷ്യർ മരണപ്പെട്ടപ്പോൾ അൽഭുതശക്തികളുള്ള മലയാലപ്പുഴ ഭഗവതി എവിടെയായിരുന്നു. മനുഷ്യരെപ്പററിക്കുന്ന ഈ ഭഗവതിമാർക്കു ഒരു ശക്തിയുമില്ലെന്നുള്ളതു ഇതിൽനിന്നു വ്യക്തമാണല്ലോ.

ഒൻപതു്

# കൊടുങ്ങല്ലൂരിലെ തെറിപ്പാട്ടു്

ഇന്നും കൊടുങ്ങല്ലൂർ ക്ഷേത്രം തെറിപ്പാട്ടുകൊണ്ടു് പ്രസിദ്ധമാണു്.

തെറിപ്പാട്ടിൻെറ ഉല്പത്തിയെപ്പററി ഇവിടെ ഒരു പുരാണകഥയുണ്ടു്.

ദാരികാസുരവധത്തിനുശേഷം കോപംകൊണ്ടു് ജ്വലിച്ച കന്യകയായ ദേവിയെ ഒന്നു ശാന്തമാക്കുന്നതിനു് ഭക്തന്മാർ കിണഞ്ഞു പരിശ്രമിച്ചു. അവസാനം ഭക്തന്മാർ ഒരാശയം കണ്ടെത്തി. തെറിപറയുക. എത്രയൊക്കെയായാലും പെണ്ണല്ലേ. പെണ്ണിനെ തെറി പറഞ്ഞാൽ കുറച്ചൊക്കെ അടങ്ങുമല്ലോ? അങ്ങനെ അവർ തെറി പറഞ്ഞുതുടങ്ങി. തുടർന്നു് അതൊരു പതിവായിത്തീർന്നു.

എന്നാൽ ചരിത്രവുമായി ബന്ധപ്പെട്ട മറെറാരു കഥയുണ്ട്.

പണ്ട് ഈ ക്ഷേത്രം ഒരു ബുദ്ധവിഹാരമായിരുന്നു. ബ്രാഹ്മണാധിപത്യം ശക്തിപ്രാപിച്ചപ്പോൾ ഈ ബുദ്ധവിഹാരത്തിലെ ബുദ്ധഭിക്ഷുക്കളെയും ഭിക്ഷുകിമാരെയും ഓടിക്കുന്നതിനുവേണ്ടി കോഴിയെ അറുത്ത് രക്തമൊഴിക്കുകയും തെറിപ്പാട്ടു നടത്തുകയും ചെയ്തുവെന്നാണ് പറയുന്നത്.

കേരളത്തിൻെറ സാംസ്കാരികചരിത്രത്തിൽ ചരിത്രകാരനായ പി. കെ. ബാലകൃഷ്ണൻ ഇക്കാര്യം വ്യക്തമാക്കുന്നു.

"താന്ത്രിക മതപ്രകാരം ആരാധന നടന്നിരുന്ന ബൗദ്ധവിഹാരങ്ങളെ ഹൈന്ദവക്ഷേത്രങ്ങളായി രൂപാന്തരപ്പെടുത്തുവാൻ എളുപ്പമായിരുന്നു. പല കാളീക്ഷേത്രങ്ങളും ഇങ്ങനെ രൂപാന്തരപ്പെട്ടതായി കരുതപ്പെടുന്നു. കൊടുങ്ങല്ലൂർ കാളീക്ഷേത്രം ആദിയിൽ ഒരു ബൗദ്ധക്ഷേത്രമായിരുന്നുവെന്ന് പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നുണ്ട്. അവിടെ ബലിക്കല്ലായി ഉപയോഗിച്ചിരുന്ന വൃത്താകാരത്തിലുള്ള ശിലയിന്മേൽ കാണുന്ന പത്മദളങ്ങൾ ഒരു ബൗദ്ധസ്തൂപത്തിൻെറ ഭാഗമായിരുന്നു ഈ ശിലയെന്ന് വെളിപ്പെടുത്തുന്നുണ്ട്. ബൗദ്ധരെ ഓടിക്കുവാൻവേണ്ടിയാണ് കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ കോഴിവെട്ടും തെറിപ്പാട്ടും ആരംഭിച്ചതെന്ന ഐതിഹ്യത്തിൽ എന്തെങ്കിലും സത്യമുണ്ടായിരിക്കാമെന്ന് ഈ ബലിക്കല്ലു സൂചന നൽകുന്നു." (പേജ് 255-56)

ഇന്നും നിലവിലിരിക്കുന്ന ഈ പ്രാകൃതാചാരം ഹരിദ്വാറിലും, ചന്ദ്രഗുഡിയിലും നടക്കുന്ന നഗ്നതാപ്രദർശനനേർച്ചയ്ക്ക് സമാനമാണ്. ഈ വൈകൃതം നിരോധിക്കുവാൻ ഇവിടുത്തെ സർക്കാരിന് കഴിയുന്നില്ല. അശ്ലീല പ്രസിദ്ധീകരണങ്ങളും മററും നിരോധിക്കുന്ന സർക്കാർ ഇവിടെ രണ്ടുകൈയുംകെട്ടി നോക്കിനിൽക്കുകയാണ്.

ഈ പൂരപ്പാട്ടിൽ പങ്കെടുക്കുന്ന ഭൂരിഭാഗംപേരും മനഃപ്പൂർവ്വം പാടുന്നവരാണ്. എന്നാൽ കുറേപ്പേർ ആട്ടോ ഹിപ്നോട്ടിക്ക് അവസ്ഥയിൽ തെറിപ്പാട്ട് പാടുന്നവരാണ്.

ഈ പൂരപ്പാട്ടിനു് വർഷങ്ങളായി നേതൃത്വംകൊടുത്തിരുന്നതു് ഒരു പ്രൊഫസ്സർ തമ്പുരാനാണ്.

ഇതുപോലെ മറെറാരൽഭുതമാണ് ഇവിടുത്തെതന്നെ വസൂരിമാല.

## വസൂരിമാല

"മേൽഭാഗം മൂടിയിട്ടില്ലാത്ത അനാർഭാടമായ ഒരു ചതുരക്കെട്ടിനുള്ളിലാണ് വസൂരിമാലയുടെ കരിങ്കൽവിഗ്രഹം. അഞ്ച് അടിയോളം ഉയരം വരും. കാലത്തിൻെറ തേയ്മാനംകൊണ്ടു് മുഖഭാഗങ്ങൾ വ്യക്തമല്ലാതായിക്കഴിഞ്ഞു. വലതുകാല്പ് മടക്കി ഇടതുകാല്പ് തൂക്കിയിട്ടുള്ള ലളിതാസനത്തിലാണ് വസൂരിമാല ഇരിക്കുന്നതു്. രണ്ടു കൈകളിലൊന്നായ വലംകൈ അഭയമുദ്ര കാണിക്കുമ്പോൾ ഇടം കൈപ്പത്തിയിൽ അർദ്ധവൃത്താകൃതിയിലുള്ള ഒരു പാത്രം പിടിച്ചിരിക്കുന്നു. വിതതമായ ജട ശിരസ്സിൻെറ അലങ്കാരമായി മാറുന്നു. ഇടത്തേ തോളിൽ തുടങ്ങി ഉദരഭാഗത്തിൻെറ വലതുവശത്തുകൂടി കടന്നു് ദേഹം ചുററുന്നു. തലയോട്ടികൾ കോർത്തുള്ള മാല വസൂരിമാലയ്ക്കു് ഭയാനകഭംഗി നൽകുന്നു.

മഞ്ഞളും കുരുമുളകുമാണു് വസൂരിമാലയ്ക്കുള്ള വഴിപാടു്. 25 പൈസയാണു് ഈ വഴിപാടിനു് നിരക്കു്. കൊടുങ്ങല്ലൂരമ്മയുടെ തോഴിയാണു് വസൂരിമാലയെന്നു പറയുന്നു. പോരിൽ ഭദ്രകാളി പരാജയപ്പെടുത്തിയ ദാരികൻെറ പത്നിയായ മഹോദരി പിന്നീടു് ഭഗവതിയെ ആശ്രയിച്ചുവെന്നും തോഴിയായിത്തീർന്നുവെന്നും അവരുടെ പ്രതിമയാണിതെന്നും ഐതിഹ്യം പറയുന്നു. വസൂരി, വിഷൂചിക മുതലായ പകർച്ചവ്യാധികളുടെ നിവാരണത്തിനും പ്രതിരോധത്തിനും വസൂരിമാലയുടെ പ്രീതി കൂടിയേ തീരൂ എന്നാണു് വിശ്വാസം. ഭഗവതി കോപിക്കുമ്പോൾ വസൂരിയുടെ വിത്തുകൾ നാട്ടിലെമ്പാടും വിതയ്ക്കുന്നതു് ഈ വസൂരിമാലയാണെന്നു് ഭക്തജനങ്ങൾ വിശ്വസിച്ചുപോകുന്നു."

(1985 മാർച്ച് 31 മാതൃഭൂമി ആഴ്ചപ്പതിപ്പിൽനിന്നു്)

താന്ത്രിക ബുദ്ധമതത്തിലെ മാരീചിയാണു് വസൂരിമാലയെന്നു് മററൊരഭിപ്രായമുണ്ടു്. (1980 മാർച്ച് 23, മാതൃഭൂമി ആഴ്ചപ്പതിപ്പ്)

അതല്ല ഒരുകാലത്തു് ഭാരതത്തിൽ എല്ലായിടത്തുമുണ്ടായിരുന്ന ശാക്തേയമതത്തിലെ ചാമുണ്ഡിവിഗ്രഹമാണു് വസൂരിമാലയെന്നും അഭിപ്രായമുണ്ടു്. ഇത്തരം വിഗ്രഹങ്ങൾ ഇന്നും ഒറീസ്സ, ആന്ധ്ര, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ പ്രദേശങ്ങളിൽ കാണാവുന്നതാണു്. കൊടുങ്ങല്ലൂരെ വസൂരിമാലയുടെ വിഗ്രഹവുമായി വളരെ സാദൃശ്യമുള്ള ഒരു ചെറിയ കൽവിഗ്രഹം പഴയ ചെങ്ങമനാട്ട് ഗ്രാമത്തിലെ ശിവക്ഷേത്രത്തിൽ കാണാം. വലതുകാൽ മടക്കി ഇടതുകാൽ തൂക്കിയിട്ട് ലളിതാസനത്തിൽ ഇരിക്കുന്ന ഈ ചാമുണ്ഡിവിഗ്രഹത്തിൻെറ ശിരസ്സിലെ അലങ്കാരം വസൂരിമാലയുടെ ശിരോലങ്കാരത്തെ ഓർമ്മിപ്പിക്കും. (മാതൃഭൂമി '85 മാർച്ച്31)

അതുപോലെ ഹിന്ദുക്ഷേത്രങ്ങളിലെ ഭഗവതിമാരുടെ ഉൽപ്പത്തിയും ബുദ്ധ, ജൈനമതങ്ങളിൽനിന്നാണു്.

കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം ബുദ്ധക്ഷേത്രമായിരുന്നതിനു് അനവധി തെളിവുകളുണ്ടു്.

കേരളത്തിലെ ഉത്സവങ്ങൾ എന്ന ഗ്രന്ഥത്തിൽ പി. ഐ. എ. കരീം പറയുന്നതു് നോക്കുക:

"ചരിത്രാതീതകാലം മുതൽ വിദേശ രാജ്യങ്ങളുമായി ബന്ധം പുലർത്തിവന്ന ചുരുക്കം ചില കേരള തുറമുഖങ്ങളിൽ പ്രധാനപ്പെട്ട കൊടുങ്ങല്ലൂർ, പ്രാചീന കേരളത്തിൻെറ തലസ്ഥാനനഗരമായിരുന്നു. ഫിനീഷ്യാക്കാർ, ഈജിപ്ററുകാർ, മെസപ്പെട്ടോമിയക്കാർ, ഗ്രീക്കുകാർ, റോമാക്കാർ, അറേബ്യാക്കാർ, ചൈനക്കാർ തുടങ്ങിയ വിവിധ ജനവർഗ്ഗങ്ങൾ കൊടുങ്ങല്ലൂരിൽ വാണിജ്യാർത്ഥം എത്തിച്ചേർന്നിരുന്നു. പ്ളീനി, ടോളമി തുടങ്ങിയ പല പ്രാചീനപണ്ഡിതന്മാർ ഈ നഗരത്തിൻെറ വാണിജ്യപ്രാധാന്യത്തെപ്പററി തങ്ങളുടെ കൃതികളിൽ പരാമർശിച്ചിട്ടുണ്ടു്. അന്നു് ഈ നഗരം മുസ്സിരിസ് എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. സംഘകാലകൃതികളിലും ഇൻഡ്യൻ ഇതിഹാസങ്ങളിലും ഈ നഗരത്തെ പരാമർശിച്ചിട്ടുണ്ടു്. മുരചിപത്തനം, മുചിറി, മാകോതൈ, മഹോദയപുരം,

മഹോദയപട്ടണം, തിരുവഞ്ചിപുരം, മുയിരിക്കോട്ട് ആദിയായ പേരുകളിൽ ഈ പട്ടണം അറിയപ്പെട്ടിരുന്നു. അശോകചക്രവർത്തിയുടെ കാലത്തിനടുത്ത് മുസ്സിരിസിൽ ബുദ്ധമതക്ഷേത്രവും നിലവിലിരുന്നു. ഈ നഗരം ഒരു പ്രധാന ബുദ്ധമതകേന്ദ്രമായിരുന്നുവെന്നാണു് ചരിത്രകാരന്മാരുടെ അഭിപ്രായം. എന്നാൽ പില്ക്കാലത്ത് ബുദ്ധമതം ക്ഷയിക്കുകയും ഹിന്ദുമതം പ്രബലപ്പെടുകയും ചെയ്തതോടുകൂടി മുസ്സിറിസ് കൊടുങ്ങല്ലൂരായിത്തീർന്നു.

കൊടുംകാളിയൂരും, കോടിലിംഗപുരവും, കൊടുംകോളിയൂരും, കൊടുംകൊലയൂരും, കൊടുംദേവിവാഴുംകോട്ടം ഈ സ്ഥലത്തിനു ലഭിച്ച പേരുകളാണു്. ബുദ്ധമതത്തിന്റെ അധഃപതനകാലത്ത് ബ്രാഹ്മണർ ഹൈന്ദവ ഭരണാധികാരികളുടെ സഹായത്തോടെ ഇവിടെ സ്ഥിതിചെയ്തിരുന്ന ബുദ്ധക്ഷേത്രം കൈയ്യടക്കുകയും അവിടെ കാളിയെ പ്രതിഷ്ഠിച്ച് ക്ഷേത്രം സ്ഥാപിക്കുകയും ചെയ്തതാണെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഈ ബുദ്ധമതകേന്ദ്രം ഹിന്ദുമതസ്ഥർ കീഴടക്കുന്നതിനുവേണ്ടി നൂററാണ്ടുകൾക്കുമുമ്പ് നടത്തിയ നായുധസംഘട്ടനത്തിന്റെ സ്മരണയാണു് ഇവിടെ ആഘോഷിക്കുന്ന ഭരണി ഉത്സവത്തോടനുബന്ധിച്ചുള്ള കാവുതീണ്ടലും പൂരപ്പാട്ടും. ഒരു യുദ്ധത്തിന്റെ പ്രതീതി തന്നെയാണു് ഇവിടുത്തെ ഭരണിയുത്സവത്തിന്റെ പരിപാടികൾക്കുള്ളതു്."

പ്രാചീനലിഖിതങ്ങൾ എന്ന ഗ്രന്ഥത്തിൽ ശ്രീ. വി. ആർ. പരമേശ്വരൻപിള്ള പറയുന്നതു് നോക്കുക:

"പള്ളിച്ചന്തമെന്നും പള്ളിപ്പുറമെന്നും പഴയ രേഖകളിൽ കാണിച്ചിരിക്കുന്ന ക്ഷേത്രങ്ങളെല്ലാം ഇന്നു് ഹിന്ദുക്ഷേത്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണു്. ജൈനരുടെ പത്മാദേവിയും, ബൗദ്ധരുടെ പ്രജ്ഞാപാരമിതയും പില്ക്കാലത്ത് ഹിന്ദുക്കളുടെ ഭഗവതിയായിത്തീർന്നു."

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂർ ഭഗവതി ബൗദ്ധരുടെ പ്രജ്ഞാപാരമിതയാണെന്നു് അനുമാനിക്കാം.

## പത്ത്

# അനന്തനും പാലാഴിയും ലൈംഗിക ശിൽപ്പങ്ങളും

കേരളത്തിലെ പ്രമുഖമായ ക്ഷേത്രങ്ങളിൽ ഒന്നാണ് തിരുവനന്തപുരത്തെ ശ്രീ അനന്തപത്മനാഭസ്വാമിക്ഷേത്രം.

ഈ ക്ഷേത്രം ഉണ്ടായതിനു് പല കഥകളും പറയുന്നുണ്ട്. അതിൽ ഒന്നു് ക്ഷേത്രം വക ഗ്രന്ഥവരിയിൽ കാണുന്നതും അനന്തശയനമാഹാത്മ്യം എന്ന ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതുമാണ്.

കഥയുടെ സാരമിതാണ്:

ദിവാകരൻ എന്ന മുനി 'ആതർത്ത'ദേശത്തു് തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോൾ വിഷ്ണുഭഗവാൻ രണ്ടുവയസ്സ് പ്രായമുള്ള ഒരു

കുട്ടിയുടെ രൂപത്തിൽ അദ്ദേഹത്തിനു് പ്രത്യക്ഷമായി. ആ കുട്ടിയോടു് മുനിക്കു് അതിയായ വാത്സല്യം തോന്നിയതിനാൽ കുട്ടി തന്നോടൊത്തു് താമസിക്കുവാൻ മുനി ആവശ്യപ്പെട്ടു. ഒരു വ്യവസ്ഥയുടെ പേരിൽ കുട്ടി സമ്മതിച്ചു. തന്നെ എന്നെങ്കിലും അപമാനിച്ചാൽ പിന്നെ ഒരു നിമിഷംപോലും മുനിയുടെകൂടെ താമസിക്കുകയില്ല എന്നായിരുന്നു വ്യവസ്ഥ. മുനി അതു് സമ്മതിക്കുകയും ചെയ്തു. കുട്ടിയുടെ ബാലചാപല്യങ്ങളെ സ്നേഹപൂർവം വീക്ഷിച്ചും കുട്ടിയെ ഹാർദ്ദമായി ഓമനിച്ചും സന്യാസി തൻെറ ജീവിതം സുഖമായി കഴിച്ചുവന്നു.

എന്നാൽ ഒരുദിവസം സന്യാസി പൂജചെയ്തുകൊണ്ടിരിക്കെ കുട്ടി സാളഗ്രാമം എടുത്തു് കടിക്കുകയും സന്യാസിക്കു് സഹിക്കാൻവയ്യാത്ത വികൃതികൾ കാട്ടുകയുംചെയ്തു. സന്യാസി കുട്ടിയെ ശാസിച്ചു. വ്യവസ്ഥ ലംഘിച്ചതിനാൽ പൂർവപ്രതിജ്ഞയനുസരിച്ചു് കുട്ടി തൽക്ഷണം അവിടെനിന്നും ഓടിക്കളഞ്ഞു. എന്നാൽ ഓടുന്ന സമയം, തന്നെ കാണണമെങ്കിൽ അനന്തൻകാട്ടിൽ വരണമെന്നു് കുട്ടി വിളിച്ചുപറഞ്ഞു. അപ്പോഴാണു് സന്യാസിക്കു് സംഗതിയുടെ പരമാർത്ഥം മനസ്സിലായതു്. സന്യാസി ഉടൻതന്നെ കുട്ടി ഓടിയ ദിക്കുനോക്കി ഓട്ടംതുടങ്ങി. ഒടുവിൽ സമുദ്രതീരത്തുള്ള ഒരു വനാന്തരത്തിലെ ഇലിപ്പവൃക്ഷത്തിൻെറ ഉള്ളിൽ കുട്ടി മായുകയും ആ വൃക്ഷം ഉടൻതന്നെ നിലംപതിക്കുകയും ചെയ്തു. ആ വൃക്ഷം വിഷ്ണുരൂപമായി സന്യാസിക്കു് തോന്നി. ആ വൃക്ഷത്തിൻെറ തല തിരുവല്ലത്തും പാദം തൃപ്പാപ്പൂരു് വരെയും നീണ്ടുകിടന്നു. തനിക്കു് നന്നായി കാണത്തക്കവണ്ണം ഭഗവത്രൂപത്തെ ചുരുക്കിത്തരണമെന്നുള്ള സന്യാസിയുടെ അപേക്ഷപ്രകാരം ഭഗവാൻ തൻെറ ഭഗവത് രൂപത്തെ സന്യാസിയുടെ യോഗദണ്ഡിൻെറ മൂന്നിരട്ടിവലുപ്പത്തിൽ കാണിച്ചുകൊടുത്തു. അതിനുശേഷം സന്യാസി ഭഗവാനെ പൂജിക്കുകയും ഭഗവാൻ പ്രസാദിച്ചു് സന്യാസിയുടെ നാട്ടുകാരനായ തുളുബ്രാഹ്മണൻ തന്നെ പൂജിക്കണമെന്നു് കല്പിക്കുകയുംചെയ്തു. ഇതാണു് കഥ.

സത്യത്തിൽ തുളുബ്രാഹ്മണർ കെട്ടിച്ചമച്ച ഒരു കഥയാണിതു്, സാക്ഷാൽ ഭഗവാൻതന്നെ, തന്നെ പൂജിക്കണമെന്നു് തുളുബ്രാഹ്മണ

രോട്ട് ആവശ്യപ്പെട്ടവെന്നു പറഞ്ഞാൽ പിന്നെ പ്രശ്നമില്ലല്ലോ, ഒരുപക്ഷെ അതിനു് നേതൃത്വംകൊടുത്തതു് ദിവാകരനെന്ന തുളു ബ്രാഹ്മണസന്യാസിയുമായിരിക്കാം.

നമുക്കു് ആ കഥയൊന്നു പരിശോധിക്കാം.

ത്രിമൂർത്തികളിലൊരാളാണല്ലോ വിഷ്ണു. ത്രിമൂർത്തികളെന്നു പറയുമ്പോൾ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ. അതായതു് സൃഷ്ടിസ്ഥിതി സംഹാരനായകന്മാർ. സൃഷ്ടി സ്ഥിതി സംഹാരമെന്നു പറയുന്നതു് ആത്മീയദർശനപ്രകാരം ബ്രഹ്മമാണെന്നു് പുരാണവിശ്വാസം. ബ്രഹ്മം വിശ്വാസമായതിനാൽ ത്രിമൂർത്തികൾക്കു് അസ്തിത്വമില്ലാതെയും വരുന്നു.

സാഹിത്യത്തിൽ പ്രതീകാത്മകരചനയുടെ ഫലമാണു് ഈ ദൈവങ്ങളെല്ലാം. തത്വശാസ്ത്രത്തിൻെറ കലാപരമായ പരിണാമം. അതിനു് ഉദാഹരണമാണു് പത്മനാഭസ്വാമിക്ഷേത്രത്തിലെ അനന്തശയനംതന്നെ. ആദിയോ അന്തമോ ഇല്ലാത്തതാണു് അനന്തം. ഈ അനന്തനിൽ ശയിക്കുന്നവൻ ഈശ്വരൻ. അതായതു് ബ്രഹ്മം. ഇതു് പ്രതീകാത്മകത്വം സ്വീകരിച്ചപ്പോൾ അനന്തമായതു് അനന്തനെന്ന സർപ്പമായും അനന്തത്തിൽ ശയിക്കുന്ന ബ്രഹ്മത്തെ മഹാവിഷ്ണുവായും സാഹിത്യത്തിൽ പാത്രസൃഷ്ടിയായി ജന്മംകൊണ്ടു. അതുകൊണ്ടു് മഹാവിഷ്ണു എന്നൊരു ദൈവം ഉണ്ടായിരുന്നില്ലെന്നും നിലവിലില്ലെന്നും വ്യക്തമാണു്. B. C. 2000 കാലഘട്ടത്തിൽ ബുദ്ധമതത്തിനു് സമാന്തരമായി വളർന്നുവന്ന വൈഷ്ണവമതമാണു് ഇത്തരം രചനകൾക്കു് പിന്നിലുള്ളതെന്നു് അനുമാനിക്കാം.

## ഈയംകൊണ്ടടച്ച പാലാഴി

ഈ ക്ഷേത്രത്തിൽ വരുന്നവർക്കു് ഒരു അന്ധവിശ്വാസം പകർന്നുകൊണ്ടാണു് ദേവസ്വം അധികാരികൾ അയയ്ക്കുക. അതിനുവേണ്ടി പലരേയും അവിടെ നിയോഗിച്ചിട്ടുണ്ടു്. അവരിൽ പ്രമുഖനാണു് ശിവരാമകൃഷ്ണനെന്ന ഗൈഡു്.

ശ്രീകോവിലിനുമുന്നിൽ ഭഗവത്ദർശനത്തിനായി കളിത്തട്ട പോലൊരു പുരയുണ്ട്. ഇതിൻെറ മുന്നിലെ മൂന്നുവശങ്ങളിലും പാലാഴിയാണ്. ഈ പാലാഴി ഉദ്ദേശം അഞ്ചടി നീളവും രണ്ടടി വീതിയുമുള്ള പാറക്കല്ലുകൾകൊണ്ട് അടച്ചിരിക്കയാണു്. മുകളി ലോട്ട് ഒട്ടും ഒഴകാതിരിക്കാൻ ഈയംകൊണ്ട് അടച്ചിരിക്കുന്നതും കാണാവുന്നതാണു്.

മഹാവിഷ്ണു ശയിക്കുന്ന അനന്തനെന്ന സർപ്പം ശയിക്കുന്നതു് പാലാഴിയിലാണെന്നാണല്ലോ പുരാണം. അതുകൊണ്ടാണു് ഗൈഡ് ശിവരാമകൃഷ്ണൻ ഇതിൻെറ മുൻവശം പാലാഴിയാണെന്നു് പറഞ്ഞുകൊടുക്കുന്നതു്. കാരണം, മുകളിൽ മഹാവിഷ്ണു ശയിക്കുകയാണല്ലോ.

യഥാർത്ഥത്തിൽ ഈ അനന്തശയനവിഗ്രഹം പാറയിൽ കൊത്തിയെടുത്ത ഒരു കാവ്യമാണ്. അതു് വ്യക്തമായി ആർക്കും മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് കല്ലിൽ കൊത്തിയ കവിതയ്ക്കുപിന്നിൽ പാലാഴി എങ്ങനെ ജന്മംകൊള്ളും.

## ലൈംഗികാവയവങ്ങൾ

ഈ ക്ഷേത്രം ശില്പകലാസ്തംഭങ്ങളാൽ നിർമ്മിതമാണ്. ഓരോ സ്തംഭവും നഗ്നതാപ്രദർശനമാണ് ലക്ഷ്യമാക്കിയിരിക്കുന്നതു്. ലൈംഗികാവയവങ്ങളും ഇണചേരലുമാണ് ഇതിൽ രചിച്ചിരിക്കുന്നതു്. വിവിധതരത്തിലുള്ള പുരുഷലിംഗങ്ങളും സ്ത്രീയോനികളും വിവിധ പോസുകളിലുള്ള ഇണചേരലുകളുമാണ് കൊത്തിവെച്ചിരിക്കുന്നതു്. അതിനുപരിയാണ് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ഇണചേരലും സ്വവർഗ്ഗത്തിൽപ്പെടാത്ത മൃഗങ്ങൾതമ്മിലുള്ള ഇണചേരലും. ചുരുക്കംപറഞ്ഞാൽ സാംസ്കാരിക അധഃപതനം വിളമ്പുന്ന രതിവൈകൃതങ്ങളുടെ ഒരു പ്രദർശനശാലയാണ് ഈ ക്ഷേത്രം.

ഈ ലൈംഗികാഭാസപ്രദർശനങ്ങൾ തനി പ്രാകൃതമാണ്. ലൈംഗിക അരാജകതചത്തിൻെറ പ്രതിഫലനമാണ് ഈ രതിക്രീഡകൾ. ഗ്രീസിലും, ഈജിപ്ററിലും, ഇററലിയിലും, സ്പെയി

നിലും, അൾജീരിയായിലുമൊക്കെ പ്രാചീനകാലത്തു് നടമാടിയിരുന്ന ഈ ലൈംഗിക വൈകൃതങ്ങൾ.

## സംഭോഗത്തിനുപരി

ഇവിടത്തെ വിഷ്ണുവിഗ്രഹത്തിന് ഏകദേശം ആറു മീററർ നീളവും രണ്ടു മീററർ വീതിയുമുണ്ടു്. വിഗ്രഹം കാണുവാൻ മൂന്നു വാതിലുകൾതന്നെയുണ്ടു്. വിഗ്രഹത്തിനു മുന്നിലായി കളിത്തട്ടു പോലൊരു പുരയുണ്ടു്. ഇതിൽ നിന്നുകൊണ്ടാണ് ഭക്തജനങ്ങൾ ഭഗവത്ദർശനം നടത്തുന്നതു്. ദർശനം നടത്തുമ്പോൾ വിഗ്രഹത്തിനു പിന്നിൽ നല്ല കൂരിരുട്ടാണ്. അതിൻെറ പ്രതിഫലനമെന്നപോൽ കളിത്തട്ടിലും നല്ല ഇരുട്ടുതന്നെ. സ്ത്രീകളും പുരുഷന്മാരും ഈ ഇരുളിൽ ഇടകലർന്നുനിന്നുകൊണ്ടാണ് ദർശനം നടത്തുന്നതു്. സംഭോഗത്തിനുപരി മററെല്ലാം ഇവിടെ ഇപ്പോഴും നടക്കുന്നു. ഈ ഉദ്ദേശ്യത്തോടുകൂടി ആയിരുന്നു പ്രാചീനകാലത്തു് ഇതിൻെറ നിർമ്മാണം,

സംസ്കാരചിത്തനായ ഒരാൾക്കു് കുടുംബസമേതം (അമ്മ സഹോദരിമാർ) ഈ ക്ഷേത്രത്തിൽ പോകാൻ കഴിയില്ല. ചരിത്രകാരനായ ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായംതന്നെ നോക്കുക.

"ഇത്ര ആഭാസമായ വിഗ്രഹങ്ങൾ കൊത്തിവെക്കാൻ ലജ്ജിക്കാത്ത ഒരു സമുദായം എല്ലാവിധ ദുരാചാരങ്ങൾക്കും കേന്ദ്രമായിരിരിക്കാമെന്നു് പെഴ്സി ബ്രൌൺ പറഞ്ഞിട്ടുള്ളതിൽ വളരെയേറെ സത്യമുണ്ടെന്നുവേണം വിചാരിക്കാൻ.

അടുത്തകാലത്തൊരുദിവസം ഞാൻ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പോയി. ഒരു ഫ്റഞ്ചു് വനിതയുംകൂടെയുണ്ടായിരുന്നു. കേരളചരിത്രത്തെപ്പററി എൻെറ കീഴിൽ ഗവേഷണംനടത്തുന്ന അവർക്കു് ക്ഷേത്രത്തിലെ ശിലാശില്പങ്ങളും ചരിത്രപ്രധാനമായ മററു് കാര്യങ്ങളും പരിചയപ്പെടുത്തിക്കൊടുക്കാനാണ്ഞാൻ പോയതു്. ക്ഷേത്ര ഭാരവാഹികളും ശാന്തിക്കാരും ഞങ്ങൾക്കു് സകല സഹായങ്ങളും നൽകി. ഞാൻ അവരോടു് കൃതജ്ഞനുമാണ്. എന്നാൽ

നഗ്നമായി രതിവൈകൃതങ്ങൾ കൊത്തിവച്ചിട്ടുള്ള പ്രതിമാശില്പങ്ങൾ ആ മാന്യതയുടെ ദൃഷ്ടിയിൽപ്പെടാതെ സൂക്ഷിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിവന്നു. അവയെല്ലാം കലാസുന്ദരങ്ങളാണെന്നതിൽ സംശയമില്ല. പക്ഷേ അവയുടെ പിന്നിലുള്ള സംസ്കാരത്തെപ്പററി ചിന്തിക്കുമ്പോൾ ലജ്ജതോന്നും. സാന്മാർഗ്ഗികമായി പാതാളംവരെ ആണ്ട ഒരു സമുദായത്തെയാണ് അവ പ്രതിനിധാനം ചെയ്യുന്നതു്. അതിലൊന്നെങ്കിലും സംസ്കൃതചിത്തയായ ഒരു യൂറോപ്യൻ വനിത കണ്ടാൽ എന്തായിരിക്കും നമ്മുടെ സംസ്കാരത്തെപ്പററി വിചാരിക്കുക? ലോകപ്രശസ്തിയാർജ്ജിച്ചിട്ടുള്ള കോണാർക്കത്തിലേയും ജഗന്നാഥത്തിലേയും ശിലാശിൽപ്പങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. അവയൊന്നുംതന്നെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലും ശുചീന്ദ്രം ക്ഷേത്രത്തിലും കാണുന്ന പ്രതിമകളോളം ജുഗുപ്സാവഹമല്ല. സംസ്കാരമുള്ളവർ ഒരിക്കൽ ഈ ക്ഷേത്രങ്ങളിൽ പോയാൽ പിന്നീട് അവിടെ കാലുകുത്താൻ അറയ്ക്കും. ലീലാതിലകകാരൻെറയും പുനം നമ്പൂതിരിയുടെയും സംസ്കാരമാണ് അവിടെ കാണുന്നതു്. അതുകൊണ്ട് ക്ഷേത്രാധികാരികളായ ജന്മിമാരുടെയും നാട്ടുവാഴികളുടെയും കാമസംപൂർത്തിക്ക് കളമൊരുക്കാൻകൂടി ഉദ്ദേശിച്ച് കൊത്തിവച്ചിട്ടുള്ളതാണ് ഈ അശ്ലീലശില്പങ്ങൾ എന്ന് ആരെങ്കിലും അഭിപ്രായപ്പെട്ടാൽ ആരും അയാളുടെമേൽ ചാടി വീഴേണ്ടതില്ല." (അന്നത്തെ കേരളം—പേജ് 122, 123, 126, 127)

ആർഷഭാരതത്തിൻെറ ആഢ്യതയെപ്പററി പുലമ്പുന്നവർ ബോധപൂർവ്വം ഇന്നും ഈ സദാചാരവിരുദ്ധ സംസ്കാരം തുടരുകയാണ്. ഒരുപക്ഷേ ഇതിനുംകാണും അവർക്ക് ഒരു വളഞ്ഞ ഉത്തരം.

പതിനൊന്നു്

# ചെട്ടിക്കുളങ്ങരയിലെ കുത്തിയോട്ടം

കേരളത്തിലെ ക്ഷേത്രങ്ങളിൽ നിലവിലുള്ള ഒരു ദിവ്യാത്ഭുതമാണ്‌ കുത്തിയോട്ടം. ഇതിൽ പ്രമുഖമായ ഒരു ക്ഷേത്രമാണ്‌ ചെട്ടികുളങ്ങര.

ഭദ്രകാളിയെ പ്രീതിപ്പെടുത്തുന്നതിനും അഭീഷ്ടസിദ്ധിക്കുമായി നരബലി നൽകുന്നതിന്‌ പകരമാണ്‌ ദേവീസന്നിധിയിൽ ഇന്നു രക്തം നൽകുന്ന ഈ വഴിപാട്‌ നടത്തുന്നത്‌.

ചെട്ടിക്കുളങ്ങര ക്ഷേത്രത്തിന്റെ ഉല്പത്തി മുതൽ ഈ കുത്തിയോട്ടം നടത്തിവരുന്നതായി പറയപ്പെടുന്നു.

കുത്തിയോട്ടം ആരംഭിക്കുന്നതു് വഴിപാടുകാരന്റെ വീട്ടിൽനിന്നുമാണു്. നെററിപ്പട്ടം കെട്ടിയ ഗജവീരന്മാർ, പഞ്ചവാദ്യം, നാദസ്വരം, പമ്പമേളം, കാവടി, കരകം, താലപ്പൊലി തുടങ്ങിയവയുടെ അകമ്പടിയോടുകൂടിയാണു് ആരംഭിക്കുന്നതു്.

കുത്തിയോട്ടം ഒരുക്കിയെടുത്ത ആശാന്മാർ അപ്പോൾ താളത്തിനൊത്തു് കുത്തിയോട്ടപ്പാട്ടു് പാടിത്തുടങ്ങും.

"പാർത്തലമൊക്കെ പ്രസിദ്ധിയേറുന്ന
ചെട്ടിക്കുളങ്ങര വാഴമമ്മേ
ആർത്തപരായണി ഭദ്രകാളി ജഗ-
ദീശ്വരി ശങ്കരീ ലോകമായേ!
ശ്രീഗുരുഭൂതകാരുണ്യാൽ തുടങ്ങുവാനീ
സഭവന്ദനം ചെയ്തിടുന്നേൻ
തന്നാരേ—തന തന്നാരേ
തന്നാരേ—തന തന്നാരേ......"

താളത്തിനൊത്തു പാടി കുട്ടികളെ താളത്തിനൊത്തു ചുവടുവെയ്പിച്ചാണു് കൊണ്ടുവരുന്നതു്. കൈകൊട്ടി കൈകൊട്ടി കുട്ടികളുടെ ചെവിയിലേയ്ക്കു ചേർന്നുനിന്നാണു് ആശാന്മാർ പാടിക്കൊടുക്കുന്നതു്.

എട്ടുവയസ്സിനു മുകളിൽ പന്ത്രണ്ടുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളാണിവർ.

കുത്തിയോട്ടം നടത്തുമ്പോൾ കുട്ടികളുടെ വേഷം താറുംപാച്ചി മുണ്ടുടുത്തശേഷം പൂമാലകൾ അണിഞ്ഞതാണു്. വീതിയിൽ കണ്ണെഴുതി, വർണ്ണങ്ങളുള്ള തൊപ്പി തുടങ്ങി പരമാവധി ഇവർ കുട്ടികളെ അണിയിച്ചൊരുക്കിയിരിക്കും.

കുത്തിയോട്ടക്കാരന്റെ ഇരുകരങ്ങളും മുകളിലോട്ടു് ഉയർത്തിപ്പിടിച്ചു് ആ കൈകളിൽ ഒരു കത്തിയും ആ കത്തിയിൽ ഒരു അടയ്ക്കായും കുത്തിനിർത്തിയിട്ടുണ്ടാവും.

കുത്തിയോട്ടം ക്ഷേത്രത്തിലെത്തിക്കഴിഞ്ഞാൽ ക്ഷേത്രപ്രദക്ഷിണമാണു് അടുത്ത പരിപാടി. മൂന്നുപ്രാവശ്യം ക്ഷേത്രപ്രദക്ഷിണം നടത്തി ബലിക്കൽപ്പുരയിൽ ചെന്നു കഴിഞ്ഞാൽ പ്രദക്ഷിണം നിറുത്തുകയായി. നിറുത്തിക്കഴിഞ്ഞു് ദേവിയുടെ അനുഗ്രഹാശിസ്സുകൾ വാങ്ങും. അതു കഴിയുന്നതോടുകൂടി കുട്ടികളുടെ മുതുകിൽ നട്ടെല്ലിനു് ഇരുവശങ്ങളിൽ, വാരിയെല്ലിനു് കീഴ്ഭാഗത്തായി തൊലിയിൽ വളരെ ചെറുതായി കൊരുത്തിരിക്കുന്ന ചൂരൽ (ചൂരലെന്നു പറയുന്നതു വെള്ളിയിലുള്ള നൂലാണു്) ആശാന്മാർ ഊരിയെടുത്തു ദേവിക്കു് അർപ്പിക്കും.

ഉടൻതന്നെ ദേവിക്കു സമർപ്പിച്ച പ്രസാദം ശാന്തിക്കാരൻ പുറത്തേക്കു കൊണ്ടുവരും. അതേററു വാങ്ങി (ഭസ്മം) വെററിലയിൽ തേച്ച ശേഷം മുറിവുള്ള ഭാഗത്തു് വെച്ച് കെട്ടുന്നു. ഇതോടുകൂടി മുറിവുകൾ ദിവ്യ ശക്തികൊണ്ടു് അപ്രത്യക്ഷമായി പോകുമെന്നാണു് പറയുന്നതു്. ചെട്ടികുളങ്ങരയിൽ ഭരണി നാളിലാണു് കുത്തിയോട്ടം നടത്തുന്നതു്. രാവിലെ 8 മണിമുതൽ കുത്തിയോട്ടങ്ങൾ ക്ഷേത്രത്തിൽ വന്നുകൊണ്ടിരിക്കും.

ഇതോടുകൂടി കുത്തിയോട്ടത്തിൻെറ ചടങ്ങുകൾ പൂർത്തിയാകും. വളരെയധികം പണം ചെലവാക്കിയാണു് ഈ വഴിപാടു് നേർച്ചക്കാർ നടത്തുന്നതു്.

കുത്തിയോട്ടങ്ങൾ പരിശീലിപ്പിക്കാനായി ഒരു വലിയ സംഘം ആശാന്മാർ ഈ ക്ഷേത്രത്തിനെ ചുററിപ്പററിയുണ്ടു്. ഒരു സംഘത്തിൽ 18 ആശാന്മാർവരെ കാണും. കുത്തിയോട്ടം പരിശീലിപ്പിക്കുന്ന കുട്ടിക്കു് ചുവടുകൾ പറഞ്ഞുകൊടുക്കുന്നതും പാട്ടുകൾ പഠിപ്പിക്കുന്നതും ഇവരാണു്.

കുത്തിയോട്ടക്കാരായ ബാലന്മാർ എട്ടുദിവസത്തെ കഠിനവ്രതം (പരിശീലനം നേടുക) അനുഷ്ഠിക്കണമെന്നാണു് പറയുന്നതു്. ശിവരാത്രി ആരംഭിക്കുന്ന വ്രതം ഭരണിനാൾവരെ തുടരും.

ശിവരാത്രിനാൾ ചെട്ടികുളങ്ങര അമ്പലത്തിൽ അത്താഴപൂജ കഴിഞ്ഞു് നട അടച്ചുകഴിഞ്ഞാൽ ഉടനെ കുത്തിയോട്ടക്കാരുടെ പരിശീലനം ആരംഭിക്കുകയാണു് പതിവു്.

സന്ധ്യക്ക് ആരംഭിക്കുന്ന ഈ പരിശീലനം എന്നും രാത്രി 11 മണിവരെ നീണ്ടുനിൽക്കും. കുത്തിയോട്ടം പരിശീലിപ്പിക്കുന്ന ആ സ്ഥലത്ത് അപ്പോൾ ദേവീസാന്നിദ്ധ്യമുണ്ടായിരിക്കുമെന്നാണ് വിശ്വാസം.

കുത്തിയോട്ടത്തിന്റെ ചുവടുകൾ പഠിപ്പിച്ചുതുടങ്ങുന്ന ആദ്യ ദിവസംമുതൽ കുത്തിയോട്ടം നടത്തുന്ന ഭരണിനാൾവരെ വഴിപാടു കാരന്റെ വീട്ടിൽ ഉത്സവപ്രതീതിയാണ്. ആ വീട്ടിൽ ചെല്ലുന്ന ആർക്കും മൃഷ്ടാന്നഭോജനം നൽകണമെന്നാണ് വയ്പ്.

ചുവടുകൾ പഠിപ്പിക്കുന്നതിന്റെ സമാപനദിവസം കരക്കാർക്ക് സദ്യയും പൊലിവുപാട്ടും നടത്തണം.

പിറേറന്ന് കുത്തിയോട്ടക്കാർ വിശ്രമിക്കുകയും ഭരണിനാൾ രാവിലെ മുഹൂർത്തംനോക്കി ചൂരൽമുറിക്കുക (നൂൽ കുത്തുക) യും ചെയ്യും.

## എന്താണിവയുടെ രഹസ്യം ?

വ്രതമനുഷ്ഠിക്കൽ എന്നു പറയുന്നതു് ചുവട് വയ്ക്കാനുള്ള പരിശീലനം മാത്രമാണ്. ദേവീസാന്നിദ്ധ്യം പരിശീലനസ്ഥലത്തുണ്ടാകുമെന്നു പറയുന്നതു് വെറുതേയാണ്. കാരണം ദേവിയില്ലാതെങ്ങനെയാണ് ദേവീസാന്നിദ്ധ്യമുണ്ടാവുക.

ചൂരൽ എന്നു പറയുന്ന വെള്ളി നൂൽ ശരീരത്തിന്റെ ഏതു ഭാഗത്തുള്ള തൊലിക്കിലും കൊരുക്കാവുന്നതാണ്. തൊലിക്ക് പഴുക്കില്ല. കാരണം വെള്ളി നൂലിന് സെപ്ററിക്കു പവ്വറില്ല. വെററിലയ്ക്ക് ഔഷധഗുണമുണ്ട്. പ്രസാദമായി കൊടുക്കുന്ന ഭസ്മം വെററിലയിൽ പുരട്ടിയശേഷമാണ് കുത്തിയ സ്ഥലത്ത് പൊതിഞ്ഞുവയ്ക്കുക. ഭസ്മം ബാക്ടീരിയാനാശിനികൂടിയാണല്ലോ? അതുകൊണ്ട് മുറിവ് ഉടൻതന്നെ ഉണങ്ങുമെന്നതിനു് സംശയമില്ല. ഇതിന് വ്രതമെടുക്കേണ്ട കാര്യമില്ല. ഇതു ദേവിയുടെ ദിവ്യശക്തികൊണ്ടല്ല. ഇപ്പോൾ കുത്തുന്നവർ വെള്ളിനൂൽ സ്റ്റെറിലൈസ് ചെയ്തശേഷം സ്പിരിററിൽ മുക്കിയാണ് തൊലിക്കിൽ കൊരുക്കുക. നൂൽ ഊരിയ

ശേഷം വീണ്ടും സ്പിരിററ് തുടങ്ങുന്നതോടുകൂടി തപക്ക് പഴക്കാതിരിക്കുകയും പെട്ടെന്ന് ഉണങ്ങുകയും ചെയ്യുന്നു.

## എന്താണ് ചെട്ടിക്കുളങ്ങര ഭഗവതി?

ചെട്ടിക്കുളങ്ങര ക്ഷേത്രത്തിനു് ഏതാണ്ട് 650-ൽ പരം വർഷത്തെ പഴക്കമുണ്ടെന്നു് വിശ്വസിക്കപ്പെടുന്നു. കൊടുങ്ങല്ലൂർ ഭഗവതിയാണ് ചെട്ടിക്കുളങ്ങര ഭഗവതിയെന്നു് പഴമക്കാർ പറയുന്നു. പഴമക്കാർക്ക് അതിനൊരു കഥയുണ്ട്.

ഒരിക്കൽ ചെട്ടിക്കുളങ്ങരയിലുള്ള ചില കര പ്രമാണിമാർ സമീപത്തുള്ള ഒരു കരയിലെ ക്ഷേത്രത്തിൽ ദർശനത്തിനായി പോയി. അന്നവിടെ ഉത്സവമായിരുന്നു. ചെട്ടിക്കുളങ്ങരക്കാർ അവിടെ ചെന്നപ്പോൾ ആ കരക്കാർ അപമാനിച്ചു.

സ്വന്തമായി ക്ഷേത്രവും ദേവീ സാന്നിദ്ധ്യവും ഇല്ലാത്തതിനാലാണല്ലോ അപമാനിതരായതെന്ന ദുഃഖംമൂലം അവർ കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ പോയി ദേവി പ്രസാദിക്കുന്നതിനായി ഭജനമിരുന്നു.

അവസാനം ദേവി പ്രസാദിച്ച് പറഞ്ഞു, "നിങ്ങൾ സന്തോഷത്തോടെ പൊയ്ക്കൊള്ളൂ. ഇന്നു മുതൽ അവിടെ എന്റെ സാന്നിദ്ധ്യമുണ്ടാകും."

അങ്ങനെ അവർ മടങ്ങി.

ഒന്നുരണ്ടുദിവസം കഴിഞ്ഞു്, ഒരു രാത്രിയിൽ കരീപ്പുഴ ഭാഗത്ത് കടത്തുകാരനായ വൃദ്ധന്റെ മുമ്പിൽ അതി സുന്ദരിയായ ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ടു പറഞ്ഞു—"എന്നെ അക്കരെ അക്കണം."

വൃദ്ധൻ അപ്രകാരം ചെയ്തു.

കരയ്ക്കിറങ്ങിയ യുവതി പറഞ്ഞു. "ഈ രാത്രി ഒററയ്ക്കു പോകാൻ എനിക്കു ഭയമാണ്. രാത്രി താമസിക്കുവാൻ ഒരിടം വേണം."

"തമ്പുരാട്ടിക്ക് വിരോധമില്ലെങ്കിൽ അടിയന്റെ കുടിലിൽ അന്തിയുറങ്ങാം."

യുവതി അതനുസരിച്ചു.

വൃദ്ധൻ വീട്ടിൽ ചെന്നയുടനെ യുവതിക്ക് ആഹാരമായി ഉണ്ടായിരുന്ന കഞ്ഞിയും, കൊഞ്ചുകറിയും കൊടുത്തു.

യുവതി സ്വാദോടെ കഴിച്ച് കീറപ്പായിൽ കിടന്നുറങ്ങി.

പുലർച്ചയ്ക്കു് വൃദ്ധൻ ഉണർന്നു നോക്കിയപ്പോൾ യുവതിയെ കണ്ടില്ല.

അന്നു് ചെട്ടികുളങ്ങരയിൽ ഇപ്പോഴത്തെ ക്ഷേത്രം നില്ക്കുന്നതിൻെറ തെക്കു ഭാഗത്തായി ഒരില്ലം ഉണ്ടായിരുന്നു.

ആ ഇല്ലത്തു് പുര മേച്ചിൽ നടക്കുകയായിരുന്നു. പുര മേച്ചിൽക്കാർക്കു കഞ്ഞിയും മുതിരയും പർപ്പടകവുമായിരുന്നു ആഹാരം. കഞ്ഞി കുടിച്ചുകൊണ്ടിരിക്കെ അസാമാന്യ തേജസ്സുള്ള ഒരു യുവതി അവിടെ ചെല്ലുകയും തനിക്കു് ആഹാരം വേണമെന്നു് ആവശ്യപ്പെടുകയും ചെയ്തു.

ആഹാരം കഴിഞ്ഞു് ഇല്ലത്തിൻെറ പിറകുവശത്തുള്ള കുളക്കരയിലേക്കു് അവർ നടന്നു. പെട്ടെന്നു് യുവതി അപ്രത്യക്ഷയായി. തൽക്ഷണം ഇല്ലത്തെ ഒരു അന്തർജ്ജനം ബോധംകെട്ടു വീഴുകയും ചെയ്തു.

എല്ലാവരും യുവതിയെ അന്വേഷിച്ചു.

ഈ സമയത്തു് ഭജനമിരിക്കാൻ പോയ കരപ്രമാണിമാർക്കും ദേവിയുടെ അരുളപ്പാടുണ്ടായി.

"ഞാൻ നിങ്ങളുടെ നാട്ടിൽ വന്നിട്ടുണ്ടു്. എൻെറ സാന്നിദ്ധ്യം എന്നുമിവിടെയുണ്ടാകും."

ദേവി മറഞ്ഞ കുളക്കരയ്ക്കടുത്തായി കരപ്രമാണിമാർ ഒരു താൽക്കാലിക ക്ഷേത്രം പണിതു്; ദേവീവിഗ്രഹം പ്രതിഷ്ഠിച്ച് ആരാധന തുടങ്ങി.

ചെട്ടികുളങ്ങര ക്ഷേത്രത്തിൻെറ ഉത്ഭവം ഇങ്ങനെയാണെന്നു പഴമക്കാർ വിശ്വസിക്കുന്നു.

അതുപോലെ മറെറാരു കഥയുണ്ടു്.

ഈ സ്ഥലത്തിനു് ചെട്ടികുളങ്ങരയെന്നു് പേരു കിട്ടാൻ കാരണം അന്നു് ഇന്നത്തെ ക്ഷേത്രക്കുളം നിൽക്കുന്ന ഭാഗത്തു് കുശവന്മാർ,

ചെട്ടികൾ തുടങ്ങിയവരായിരുന്നു താമസിച്ചിരുന്നത്. ഇല്ലത്തു് ദേവി പ്രത്യക്ഷപ്പെട്ട ദിവസം വൈകുന്നേരം അവിടെയുള്ള ഒരു ചെട്ടിയുടെ ഭവനത്തിൽ ചെല്ലുകയും രാത്രിയായിപ്പോയതിനാൽ തനിക്കവിടെ കഴിയുവാൻ അനുവാദം നൽകുന്നമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു. പക്ഷേ വീട്ടുടമ അതു സമ്മതിച്ചില്ല. മാത്രമല്ല യുവതിയെ ചൂല്കൊണ്ടടിച്ചു് പുറത്താക്കുകയും ചെയ്തു. യുവതിയെ ആട്ടിപ്പുറത്താക്കുന്നതു കണ്ട അവിടെയുള്ളവർ മുഴുവൻ ആർത്തു ചിരിച്ചു.

"എന്നെ അപമാനിച്ചതിനുള്ള ശിക്ഷ നിങ്ങൾക്കു കിട്ടും."

എന്നു പറഞ്ഞു് യുവതി അപ്രത്യക്ഷയായി, ചുരുക്കം ദിവസങ്ങൾക്കകം അവിടെ മസൂരി പടർന്നു പിടിക്കുകയും അവിടെയുള്ളവർ മുഴുവൻ ചത്തൊടുങ്ങുകയും ചെയ്തു. അന്നു് ആട്ടിപ്പുറത്താക്കിയ വീട്ടുകാരുടെ വീടിരുന്ന സ്ഥലത്തു് പിന്നീടു് കുളം തോണ്ടി. അങ്ങനെ ചെട്ടിയുടെ വീടിരുന്ന സ്ഥലം കുളമായതിനാൽ ചെട്ടിക്കുളമായിട്ടും, കുളക്കര ചെട്ടിക്കുളങ്ങരയായും മാറിയെന്നാണു് കഥ.

## ക്ഷേത്രപ്പിറവി

ചെട്ടികുളങ്ങര ഭഗവതിയെക്കുറിച്ചു് മുകളിൽ പറഞ്ഞ ചില ഐതീഹ്യങ്ങൾ നിലവിലുണ്ടെങ്കിലും ചരിത്രകാരന്മാർ ഈ അത്ഭുത കഥകൾ ഒന്നും അംഗീകരിക്കുന്നില്ല.

"മാവേലിക്കരത്താലൂക്കിൽ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ ഉത്സവത്തിനു് പതിവുള്ള കുതിരകെട്ടു്, ശിവരാത്രികാലത്തു് തെക്കൻ ദിക്കിൽ നടന്നുവരുന്ന ശാലയോട്ടം പല ക്ഷേത്രങ്ങളിലും നിലനില്ക്കുന്ന താലപ്പൊലി, കുത്തിയോട്ടം, അന്നം കെട്ടു് ആദിയായവ ബൗദ്ധാചാരങ്ങളുടെ അവശിഷ്ടങ്ങളാണ്. ബർമ്മയിൽ ഇന്നും ഉത്സവങ്ങൾക്കു് ഇവിടെയുള്ളതുപോലെ അന്നം കെട്ടുണ്ടു്."

(കേരളത്തിന്റെ സാംസ്കാരിക ചരിത്രം പി. കെ. ഗോപാലകൃഷ്ണൻ—പേജ് 255-56)

"സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ" എന്ന ഗ്രന്ഥത്തിൽ ഇളംകുളം കുഞ്ഞൻപിള്ളയും അതു വ്യക്തമാക്കുന്നു.

"ചിറയിൻകീഴുമുതൽ അമ്പലപ്പുഴവരെ നടപ്പുള്ള കുതിരകെട്ടു് തുടങ്ങിയ കെട്ടുകാഴ്ചകൾ ബുദ്ധമതോത്സവത്തിന്റെ അവശിഷ്ടങ്ങ

ളാണ്. പകൽക്കുറി, വെളിനല്ലൂർ, ചിറക്കര, ഊഴാക്കോട്ട്, ചാത്തന്നൂർ, ചെട്ടികുളങ്ങര മുതലായ ക്ഷേത്രങ്ങളിലെ ഒരു പ്രധാന ചടങ്ങാണിതു്. ഈമാതിരിയുള്ള കുതിരകെട്ട് ഫാഹിയാൻ പട്നായിൽ കണ്ടെത്തിയതായി വർണ്ണിച്ചിട്ടുള്ളതിൽനിന്ന് ഉത്തര ഭാരതത്തിലും ബുദ്ധമതത്തിന് പ്രാബല്യമുണ്ടായിരുന്നകാലത്തു് കെട്ടുകാഴ്ച നിലനിന്നിരുന്നുവെന്ന് വ്യക്തമാകുന്നു."

ചരിത്രകാരന്മാരുടെ ഈ അഭിപ്രായത്തിൽനിന്നും ചെട്ടികുളങ്ങര ക്ഷേത്രം ഒരു ബുദ്ധമതകേന്ദ്രമായിരുന്നുവെന്ന് വ്യക്തമാകുന്നു. കൊടുങ്ങല്ലൂർ ഭഗവതിയാണ് ചെട്ടികുളങ്ങരയിലെ ദേവിയെന്ന് പറയുന്നതിൽനിന്നും ബുദ്ധമതകേന്ദ്രമായിരുന്ന കൊടുങ്ങല്ലൂരിന് അക്കാലത്തു് ചെട്ടികുളങ്ങരയുമായി ബന്ധമുണ്ടായിരുന്നുവെന്ന് അനുമാനിക്കാം. അതുകൊണ്ടാണ് ബുദ്ധമതാചാരമായ കുത്തിയോട്ടം ഇന്നും ചെട്ടികുളങ്ങരയിൽ നിലവിലുള്ളതു്. ഇക്കാരണങ്ങളാൽ ചെട്ടികുളങ്ങര ഭഗവതിയുടെ മാതൃത്വം ബുദ്ധനിൽനിന്നാണെന്ന് പറയാം. പരിസരപ്രദേശത്തുനിന്ന് ലഭിച്ചിട്ടുള്ള ബുദ്ധവിഗ്രഹങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ തെളിവുകളാണ്.

"കേരളത്തിൽ ജൈനമതത്തേക്കാൾ ബുദ്ധമതത്തിനായിരുന്നു പ്രചാരം. കരുമാടി, മാവേലിക്കര, ഭരണിക്കാവ്, ഈ പ്രദേശങ്ങളിൽനിന്ന് ബുദ്ധവിഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്."

(സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ. ഇളംകുളം കുഞ്ഞൻപിള്ള)

പന്ത്രണ്ട്

# അഷ്ടമുടിയിലെ ഉരുളൽ

കൊല്ലം അഷ്ടമുടി വീരഭദ്രസ്വാമി ക്ഷേത്രം കേരളത്തിലെ ഏക വീരഭദ്രസ്വാമി ക്ഷേത്രമാണു്. ഇവിടെ ദിവ്യമെന്നവകാശപ്പെടുന്ന പല അന്ധവിശ്വാസങ്ങളും നിലവിലുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നു് ഉരുളൽ ആണു്.

അഷ്ടമുടിക്കായലിൽ മുങ്ങിക്കുളിച്ചു് ഈറനോടെ ക്ഷേത്രത്തിനു വലംവെച്ച് ഉരുളൽനേർച്ച നടത്തിയാൽ സർവദുഃഖങ്ങളും മാറുമെന്നാണു് വിശ്വാസം.

---

എല്ലാ വർഷവും ഇരുപത്തിയെട്ടാം ഓണത്തിനാണു് ഈ ഉരുളൽനേർച്ച നടത്തുന്നതു്. ഉരുളൽ എന്നു പറഞ്ഞാൽ നേർച്ചയുള്ളവർ കായലിലിറങ്ങി കുളിച്ചശേഷം മേൽവസ്ത്രമില്ലാതെ തൊഴുകയ്യോടെ ക്ഷേത്രവളപ്പിലിറങ്ങി ഉരുളുകയെന്നതാണു്. അതു് എത്ര വലത്തു വേണമെങ്കിലും നേർച്ചപോലെ ആകാം. പുരുഷന്മാരാണു് ഭൂരിഭാഗവും. ഇതു് വെറുമൊരു വിശ്വാസംമാത്രമാണു്.

ഈ ഉരുളലിനു് ദക്ഷയാഗം കഥയുമായി ബന്ധമുണ്ടെന്നാണും ഐതിഹ്യം. തൃക്കടവൂരിലെ ശിവക്ഷേത്രം, തൃക്കരുവയിലെ ഭദ്രകാളിക്ഷേത്രം, അഷ്ടമുടിയിലെ വീരഭദ്രസ്വാമിക്ഷേത്രം എന്നിവ ഈ ഐതീഹ്യത്തിൻെറ തെളിവുകളാണെന്നു് പറയുന്നു.

കുളിച്ചു് സ്വയം ഉരുളുവാൻ കഴിയാത്തവർക്കായി ദേവസ്വക്കാരുടെ ഒത്താശ്ശയോടെ നൂറുകണക്കിനു് ആൾക്കാർ ഉരുളാൻ തയ്യാറായി ഇവിടുണ്ടു്. ഇവർ ഇരുപത്തഞ്ചുപൈസ മുതൽ പല തരത്തിലുള്ള തുകകളാണു് വാങ്ങുന്നതു്. തുകയുടെ കണക്കനുസരിച്ചായിരിക്കും ഉരുളലിൻെറ എണ്ണവും.

മററൊരു വിശ്വാസമാണു് ഉരുളൽദിവസം എല്ലാപേർക്കും മുങ്ങിക്കുളിക്കുവാനായി ഈ കായലരുകിലെ വെള്ളം താണുകൊടുക്കുമെന്നുള്ളതു്. ഇതും തെററായൊരു വിശ്വാസമാണു്.

ഈ ലേഖകൻ അവിടം രണ്ടാഴ്ചക്കാലം പരിശോധിച്ചു. ഉത്സവത്തിനു മുമ്പും പിമ്പും. പക്ഷെ വെള്ളത്തിനു യാതൊരു മാററവും ഇല്ല. മാത്രമല്ല ഇവിടം ഒട്ടും ആഴമില്ലാത്ത ഭാഗവുമാണു്. ഇതു് ആർക്കും പരിശോധിച്ചു് മനസ്സിലാക്കാവുന്നതാണു്.

## പതിമൂന്നു്

# ഗരുഡൻ തൂക്കം

ത്രാസ് പോലെ തടിയിൽ പണിതുയർത്തിയതാണു് ഗരുഡൻ തൂക്കത്തിനാവശ്യമായ 'ചാട്' എന്നു പറയുന്ന യന്ത്രം. ഈ ചാടിനു് ഏകദേശം 25 അടി നീളമുണ്ടാകും. ഇതിൻെറ ഒരു തലയ്ക്കൽ ഒരു ചതുരത്തട്ടു് തടിയിൽ ഘടിപ്പിച്ചിട്ടുണ്ടു്. ഈ തട്ടിലായിരിക്കും നൊയമ്പ് നോററിട്ടുള്ള ഗരുഡമനുഷ്യൻ തൂങ്ങിക്കിടക്കുന്നതു്. ചൂണ്ടയിൽ ചരടുകൊരുക്കുന്നു, ആ ചൂണ്ട ഗരുഡമനുഷ്യൻെറ നട്ടെല്ലിൻെറ ഇരുവശവുമുള്ള മാംസപേശികളിൽ കൊരുത്തശേഷം ചാടിൻെറ ചതുരത്തട്ടിൽ തൂങ്ങിക്കിടക്കുകയാണു് ചെയ്യുന്നതു്. തൂങ്ങിക്കിടക്കുന്ന ഈ ഗരുഡൻ, ഉദ്ദിഷ്ടകാര്യപ്രാപ്തി നേടിയ കുട്ടികളെയുംകൊണ്ടു് തൂക്കാൻനില്ക്കുമ്പോൾ, ചാടിൻെറ മറുവശത്തു് തയ്യാറായി നില്ക്കുന്ന കുറഞ്ഞതു് 5 പേരെങ്കിലും ചാട് പിടിച്ചുയർത്തുന്നതിൻെറഫലമായി ഗരുഡൻ കുട്ടിയേയുംകൊണ്ടു് മുകളിലേയ്ക്കുയരുക പതിവാണു്. ദേവിപ്രസാദം മൂലമാണു് ചൂണ്ടയിൽ ഈ വെളിച്ചപ്പാടിനു കൊരുത്തുകിടക്കാൻ കഴിയുന്നതെന്നാണു് പറയുന്നതു്.

പത്തനംതിട്ടയിൽ ഏഴംകുളം ക്ഷേത്രത്തിലും കൊല്ലത്തെ മുളങ്കാടകം ക്ഷേത്രത്തിലും അങ്കമാലിക്കടുത്തുള്ള പുത്തൻകാവ് ഭഗവതിക്ഷേത്രത്തിലും മററനവധി ക്ഷേത്രങ്ങളിലും ഈ ഗരുഡൻതൂക്കം ഇന്നും നടത്തുന്നുണ്ടു്.

നാല്പത്തിയൊന്നുദിവസത്തെ വ്രതവും അതിന്റെ അവസാനത്തെ മൂന്നാഴ്ചക്കാലത്തെ മുതുകിനു തിരുമ്മലും ഗരുഡൻതൂക്കത്തിന്റെ ഒരുക്കത്തിനുവേണ്ടി ഇവർ ചെയ്യാറുണ്ട്.

ആദ്യകാലങ്ങളിൽ ഗരുഡൻതൂക്കക്കാരെ 'ചാടിൽ' നിർത്തി മരിക്കുവാൻ അനുവദിച്ചിരുന്നു. എന്നാൽ അതിനുശേഷം വെളിച്ചപ്പാടിന്റെ നിർദ്ദേശപ്രകാരം 'ചാടിൽ നിന്നും ആളെ ഇറക്കാം' എന്ന രീതിയും ഉണ്ടായിവന്നു. പ്രാകൃതകാലത്തു് ദേവീപ്രീതിക്കുവേണ്ടി നടത്തുന്ന നരബലികൾ പകരമാണു് ഈ ഗരുഡൻതൂക്കമെന്നും, ദേവീപ്രസാദം ലഭിക്കുന്നതിനും, അടുത്ത ജന്മത്തിൽ നന്മവരുന്നതിനുമായി ആത്മപീഡനരീതിയിലുള്ള സ്വയംസമർപ്പണമാണു് ഈ ഗരുഡൻതൂക്കമെന്നും പറയുന്നുണ്ട്.

ഈ ഗരുഡൻതൂക്കത്തിൽ ഒരത്ഭുതവുമില്ല. നാവിലും കവിളിലും ശൂലംകുത്തിയിറക്കുന്നതുപോലെയുള്ള ഒരു തന്ത്രമാണിതും. ഇനം കൊളുത്തു ഊരിയശേഷം ആ ഭാഗത്തു് അവർ മഞ്ഞൾ പുരട്ടുന്നതു് നമുക്കു കാണാം. മഞ്ഞൾ ഒരണുനാശിനിയായതുകൊണ്ട് മുറിവു് ഉണങ്ങാനാണു് ഇവർ ഇങ്ങനെ ചെയ്യുന്നതു്.

ഇന്നത്തെ ഗരുഡന്മാർ ചൂണ്ട കൊരുക്കുന്നതു് ചില ക്ഷേത്രങ്ങളിൽ നിർത്തിയിട്ടുണ്ട്. പകരം അരയിൽ കെട്ടിയ കച്ചയിൽ കൊളുത്തു് കൊരുക്കുന്ന സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. കൊളുത്തു കൊരുക്കുന്ന ചില ക്ഷേത്രങ്ങളിൽ കൊരുക്കുന്നതിനുമുമ്പു് ഇവർ തുരുമ്പിക്കാത്ത കൊളുത്തു് സ്റ്റെറിലൈസ് (Sterilize) ചെയ്തശേഷം സ്പിരിട്ട് തുടച്ചു് മാംസപേശിയിൽ കൊരുക്കുകയും ആ ഭാഗത്തു് വീണ്ടും സ്പിരിട്ട തുടച്ചു് മുറിവുണക്കുകയുമാണു് ചെയ്യുന്നതു്.

ഇതുപോലെ നട്ടെല്ലിന്റെ ഇരുവശങ്ങളിൽ കൊളുത്തു കൊരുത്തശേഷം രഥം കെട്ടിവലിക്കുന്ന ഒരു സമ്പ്രദായം തമിഴ്നാട്ടിലുണ്ട്. അതിന്റെ രഹസ്യവും ഇതുതന്നെ.

പതിനാല്

# കൃഷ്ണൻ (ഗുരുവായൂരപ്പൻ) ദൈവാവതാരമല്ല

കേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും ദിവ്യാൽഭുതങ്ങൾ നടത്തിയാണ് തട്ടിപ്പ് നടത്തുന്നതെങ്കിൽ ഗുരുവായൂരിൽ ദിവ്യാൽഭുത കഥകളിലൂടെയാണ് തട്ടിപ്പ് നടത്തുന്നത്. അത്തരം അനവധി കഥകളുണ്ടവിടെ. ചില പ്രധാന കഥകൾ സൂചിപ്പിക്കാം.

## ദിവ്യവിഗ്രഹം

"ഗുരുവായൂർ ക്ഷേത്രത്തിലെ വിഗ്രഹം അപൂർവ്വമായ പതഞ്ജല ശിലകൊണ്ടും അഞ്ജനക്കല്ലുകൊണ്ടും ഉള്ളതാണ്. തന്മൂലം ഇതു് ദിവ്യമായി കണക്കാക്കുന്നു. വൈകുണ്ഠത്തിൽ മഹാവിഷ്ണു പൂജിച്ചിരുന്ന കൃഷ്ണവിഗ്രഹമാണത്രെ ഇതു്. വിഷ്ണു അതു് ബ്രഹ്മാവിനു കൊടുത്തു. ബ്രഹ്മാവിൽനിന്നു് സുതപസ്സിനും, അദ്ദേഹത്തിൽ നിന്നു് കശ്യപ പ്രജാപതിക്കും കിട്ടി. കശ്യപ പ്രജാപതി വസുദേവർക്കും, വസുദേവർ ശ്രീകൃഷ്ണനും കൊടുത്തു. ശ്രീകൃഷ്ണൻ ഇതു് ദ്വാ

രകയിൽ പ്രതിഷ്ഠിച്ച് ആരാധിച്ചുപോന്നു. ദ്വാരക ആഴിയിലാണ്ടു പോകുന്ന സമയത്ത് ജലോപരി ഒരു വിഗ്രഹം കാണാമെന്നും കലി യുഗത്തിൽ എല്ലാപേർക്കും ആരാധിച്ച് മുക്തികിട്ടാൻ സഹായകമാ വുംവിധം ഉചിതസ്ഥലത്ത് അതെടുത്ത് പ്രതിഷ്ഠിക്കണമെന്നും ദേവ ഗുരുവായ ബൃഹസ്പതിയോട്ട് പറയുവാൻ സ്വർഗ്ഗാരോഹണത്തി നുമുമ്പ് ഭഗവാൻ ഉദ്ധവരെ ഏല്പിച്ചു."

(ഗുരുവായൂർ ഭൂലോകവൈകുണ്ഠം—പേജ് 2)

ഇതാണ് ഗുരുവായൂർ കൃഷ്ണവിഗ്രഹത്തിൻെറ കഥ. ഇതുപോ ലെയാണ് ഗുരുവായൂർ എന്ന സ്ഥലപ്പേരു് കിട്ടിയ കഥയും. അതും നമുക്ക് നോക്കാം.

"ബൃഹസ്പതിയും വായുവുംകൂടി ലോകം മുഴുവൻ ചുററിസഞ്ച രിച്ച്, ഉചിതമായ ഒരു സ്ഥലം കണ്ടെത്താൻ പരശുരാമൻെറ ക്ഷണം അനുസരിച്ച് അവർ കേരളത്തിൽവന്നു്; ശിവൻ തപസ്സുചെയ്തിരുന്ന രുദ്രതീർത്ഥത്തിൻെറ സമീപമെത്തി. ബൃഹസ്പതിയുടെയും വായുവിൻെറയും ആഗമനോദ്ദേശം ഗ്രഹിച്ച് ശിവൻ തീർത്ഥത്തിൽ നിന്നു് മുകളിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു: "നിങ്ങൾ അന്വേഷി ക്കുന്ന ഏററവും ഉത്തമമായ സ്ഥലം ഇതുതന്നെ. വളരെ യുഗങ്ങ ളായി ഞാൻ ഇവിടെയാണ് തപസ്സ്ചെയ്യുന്നത്. ഇവിടെത്തന്നെ യാണ് പ്രചേതസ്സുകളും തപസ്സുചെയ്തത്. ഇവിടെവച്ചാണ് പ്രചേ തസ്സുകൾക്ക് ഞാൻ രുദ്രഗീതം ഉപദേശിച്ചത്. വിഷ്ണു പൂജി ച്ചിരുന്ന ഈ വിഷ്ണുവിഗ്രഹം പ്രതിഷ്ഠിക്കേണ്ടതിവിടെത്തന്നെ യാണെന്നു് അദ്ദേഹം പണ്ടേ തീരുമാനിച്ചിരിക്കുന്നു. ഞാൻ സസ ന്തോഷം ഈ സ്ഥലം ഒഴിയുകയും തീർത്ഥത്തിൻെറ മറുകരയായ മമ്മിയൂരിൽ പാർവ്വതിയോടൊത്ത് വാഴുകയും ചെയ്തുകൊള്ളാം."

ശിവൻ കല്പിച്ചതനുസരിച്ച് പരശുരാമൻെറ സാന്നിദ്ധ്യത്തിൽ ബൃഹസ്പതി (ഗുരു) യും വായുവുംകൂടി പ്രതിഷ്ഠ നടത്തി. ശിവൻ പൂജാദികളെല്ലാം ചെയ്തു. ഗുരുവിനെയും വായുവിനെയും അനുഗ്രഹിച്ചു. "നിങ്ങൾ അനുഗ്രഹീതരാണ്. ഈ പുണ്യസ്ഥലം

മേലിൽ നിങ്ങളുടെപേരിൽ അറിയപ്പെട്ടും." അങ്ങനെ ഗുരുവായൂർ എന്ന പേർ വീണു.

(ഗുരുവായൂർ ഭൂലോകവൈകുണ്ഠം—പേജ് 3)

പ്രതിഷ്ഠയ്ക്കുശേഷം ഗുരുവും വായുവും ദേവശില്പിയായ വിശ്വകർമ്മാവിനെ വിളിച്ച് അമ്പലം പണിയാൻ ആജ്ഞാപിച്ചു. മേടം ഒന്നാംതീയതി, വിഷു ദിവസം ഉദയസൂര്യൻ സ്വകരങ്ങൾകൊണ്ടും ഭഗവൽപാദങ്ങളിൽ അഭിവാദ്യംചെയ്യത്തക്കവിധം വിശ്വകർമ്മാവു് അമ്പലം പണിയുകയും ചെയ്തു.

വൈകുണ്ഠത്തിൽ മഹാവിഷ്ണു പൂജിച്ചിരുന്ന കൃഷ്ണവിഗ്രഹം സർവ്വചൈതന്യസമ്പൂർണ്ണമായി ഇവിടെയുള്ളതുകൊണ്ട് ഗുരുവായൂർ ഭൂലോകവൈകുണ്ഠമാകുന്നു.

(ഗുരുവായൂർ ഭൂലോകവൈകുണ്ഠം—പേജ് 4)

ഗുരുവായൂരപ്പന്റെ ഉൽപ്പത്തിയെക്കുറിച്ച് പറയുന്ന ഈ സംഭവങ്ങൾ കെട്ടുകഥകളാണെന്നു് സാമാന്യബുദ്ധിയുള്ള ഏവർക്കും മനസ്സിലാവുന്നതാണ്. ഗുരുവായൂരപ്പൻ അഥവാ ശ്രീകൃഷ്ണൻ എന്ന ദൈവം എങ്ങനെയുണ്ടായെന്നു് നമുക്കൊന്നു പരിശോധിക്കാം. ചരിത്രകാരനായ ഇടമറുകു് പറയുന്നതു നോക്കുക.

കൃഷ്ണന്റെ കഥ പ്രധാനമായി വിവരിക്കുന്ന കൃതികൾ—ഭാഗവതം, വിഷ്ണുപുരാണം, ഹരിവംശം എന്നിവയാണല്ലോ. മഹാഭാരതത്തിലും കൃഷ്ണനെപ്പററി കുറെ വിവരങ്ങളുണ്ട്. ഇവയെല്ലാം സസൂക്ഷ്മം പഠിച്ച, ഡാനിയേൽ എച്ച്. എച്ച്. ഇൻഗാൾസ് എന്ന ചരിത്രകാരൻ പറയുന്നതു് ചുരുങ്ങിയപക്ഷം മൂന്നു കഥകൾചേർന്നാണ് ആധുനിക കൃഷ്ണകഥ രൂപമെടുത്തതെന്നാണ്. ഇതിൽ ആദ്യത്തെ കൃഷ്ണകഥ ബി. സി. 300-നു മുമ്പുള്ളതാണ്. യാദവഗോത്രക്കാരുടെ നേതാവായ കൃഷ്ണനാണതു്. അവതാരവും ഗീതോപദേശകനുമായ കൃഷ്ണന്റെ കഥയാണ് മറെറാന്നു്. ഗോകുലകൃഷ്ണൻ ഇതു രണ്ടിൽനിന്നും വ്യത്യസ്തവുമാണത്രെ.

(ക്രിസ്തുവും കൃഷ്ണനും ജീവിച്ചിരുന്നില്ല—പേജ്. 35, 36)

ഇനി ചരിത്രകാരനായ ഡി. ഡി. കൊസാംബി പറയുന്നതു് നോക്കാം:

"കൃഷ്ണനു് ഇൻഡ്യൻ ജനങ്ങൾക്കിടയിൽ ബി. സി. നാലാം നൂററാണ്ടിൽപോലും ധാരാളം അനുയായികളുണ്ടായിരുന്നു. ശുംഗന്മാരുടെ കാലത്തിൻെറ അവസാനമായപ്പോഴേക്കും കൃഷ്ണനെ 'ഭഗവത്' എന്നു വിളിച്ചിരുന്നു. ബുദ്ധൻ ഈ പേരിലാണു് അറിയപ്പെട്ടിരുന്നതു്. ഭിൽസാ (വിദിഷ)യ്ക്കു് സമീപമുള്ള ഒരു സ്തംഭത്തിന്മേൽ ഹെലിയോഡോറസ് എന്ന ഗ്രീക്ക അംബാസിഡർ താൻ കൃഷ്ണഭക്തിമാർഗ്ഗത്തിൽ ചേർന്നതായി പ്രഖ്യാപിക്കുന്നു. കൃഷ്ണൻ ആര്യന്മാർക്കു് മുമ്പുള്ള ജനതയിൽ നിന്നുയർന്നതാണെന്നു് പാണിനിയുടെ ഒരു പരാമർശത്തിൽ നിന്നു് വ്യക്തമാവുന്നുണ്ടു്. (പാണിനി 4-3: 98, വ്യാഖ്യാതാവായ പതഞ്ജലിയുടെ വിവരണത്തിൽ). ഇതിൽ കൃഷ്ണനും അർജ്ജുനനും ക്ഷത്രിയന്മാരായിരുന്നില്ലെന്നു പറയുന്നു. കൃഷ്ണനു് ഗണ്യമായ പഴക്കമുണ്ടെന്നുറപ്പാണു്. മൂർച്ചയുള്ള ഏറു ചക്രം പ്രത്യേകായുധമായി ഉപയോഗിക്കുന്ന ഒരേയൊരു ദൈവമാണു് കൃഷ്ണൻ. ഈ പ്രത്യേകായുധം വേദങ്ങൾക്കു് പരിചിതമായിരുന്നില്ല. ബുദ്ധനു് എത്രയോ മുമ്പുതന്നെ ഇതു് കാലഹരണപ്പെട്ടു. മിർസാപ്പൂരിലെ ഗുഹാചിത്രങ്ങൾ മാത്രമാണു് (ചിത്രം 1-17) ഇവയ്ക്കുള്ള ചരിത്രപരമായ തെളിവായുള്ളതു്. അവിടെ കുതിരകളെ പൂട്ടിയ രഥങ്ങളിൽ ആക്രമണകാരികളിലൊരാൾ (ഇവർ ആദിമനിവാസികളായ ശിലായുഗചിത്രകാരന്മാരുടെ ശത്രുക്കളായിരുന്നു എന്നതു് വ്യക്തമാണു്.) ചക്രമെറിയാൻ ഓങ്ങിനില്ക്കുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ഈ സംഭവവും അതിൻെറ ചിത്രീകരണവും ബി. സി. 800-നോടടുപ്പിച്ചായിരുന്നുവെന്നു് ഏതാണ്ടു് ഉറപ്പിക്കാം. ആ കാലമായപ്പോഴേയ്ക്കും ഈ കാർവർണ്ണൻ നായകൻ ആദിനിവാസി എന്നതിൽനിന്നു് മാറി ദേവന്മാരുടെ ഭാഗത്തായിക്കഴിഞ്ഞിരുന്നു.

(മിത്തും യാഥാർത്ഥ്യവും—ഡി. ഡി. കൊസാംബി. പേജ്-37)

കൊസാംബിയുടെ അഭിപ്രായത്തിൽ കൃഷ്ണൻെറ ഉല്പത്തി

ആര്യന്മാർ വരുന്നതിനുമുമ്പുള്ള ദ്രാവിഡരിൽനിന്നാണെന്നു വ്യക്തമാകുകയാണല്ലോ.

ഈ അഭിപ്രായത്തിനു് ഉപോദ്ബലകമാണു് സർദാർ കെ.എം. പണിക്കരുടെ അഭിപ്രായം. "യൂറോപ്യൻ പണ്ഡിതന്മാർ, ആര്യന്മാരുടെ കുടിയേററം നടന്നതു് ബി. സി. 1500-ലാണെന്നാണു് പറയുന്നതു്. ഈ ആര്യന്മാർ സിന്ധുനദീതടം കീഴടക്കി ഗംഗാസമതലത്തിലെത്തുന്നതു് ബി. സി. ആയിരാമാണ്ടോട്ടുകൂടിയാണു്. അവർ അവിടെ ആധിപത്യം നേടാൻ പിന്നെയും ശതാബ്ദങ്ങൾ വേണ്ടിവന്നു. ഇക്കാലത്തു് അവർ രചിച്ച പല കൃതികളും നമുക്കു് കിട്ടിയിട്ടുണ്ടു്. അതിലെങ്ങുംതന്നെ കൃഷ്ണനെപ്പററിയോ മഹാഭാരതയുദ്ധത്തെപ്പററിയോ പറയുന്നില്ല. ബി. സി. ആറാംശതകത്തിലാണു് ബുദ്ധൻ ജനിക്കുന്നതു്. അവിടംമുതലിങ്ങോട്ടുള്ള ചരിത്രസംഭവങ്ങൾ ഏതാണ്ടു് വ്യക്തവുമാണു്. അന്നും ഭാഗവതത്തിലും മഹാഭാരതത്തിലും വിവരിക്കുന്ന തരത്തിലുള്ള ഒരു കൃഷ്ണൻ ജീവിച്ചിരുന്നതായി തെളിവില്ല."

(വള്ളത്തോളിൻെറ ഋഗ്വേദപരിഭാഷയുടെ മുഖവുര)

ഇതിനൊരു തെളിവുകൂടിയാണു് ചരിത്രഗവേഷകരായ ബി. ബി. ലാലിൻെറയും എച്ച്. സങ്കാലിയയുടെയും അഭിപ്രായങ്ങൾ.

ഭാരതയുദ്ധം നടന്ന സംഭവമാണെന്നും അതുകൊണ്ടു് കൃഷ്ണൻ ജീവിച്ചിരുന്നയാളാണെന്നുമാണു് പറയുന്നതു്. നമുക്കു് ഭാരതയുദ്ധം നടന്നതെപ്പോഴെന്നു് ഒന്നു പരിശോധിക്കാം: ബി. സി. 1414-ലാണെന്നും ബി. സി. 2449-ലാണെന്നും ബി. സി. 3102-ലാണെന്നും അഭിപ്രായമുണ്ടു്. പക്ഷെ ഇൻഡ്യാഗവർമ്മെൻറിൻെറ ഭൂഗർഭഗവേഷണവിഭാഗം ഡയറക്ടറും ഗ്വാളിയോറിലെ ശിവാജി യൂണിവേഴ്സിററിയുടെ തലവനുമായ ബി. ബി. ലാൽ അയോദ്ധ്യയിൽ നടത്തിയ ഖനനത്തെക്കുറിച്ചു പറയുന്നതു് ബി. സി. 800-നു മുമ്പു് ആ സ്ഥലം മനുഷ്യവാസയോഗ്യമായിരുന്നില്ലെന്നാണു്. അതല്ല, അവിടെയൊരു നഗരം ഉണ്ടായിരുന്നുവെങ്കിൽ അതു് തെളിയിക്കാൻ ഭൂഗർഭഗവേഷകന്മാരെയും ചരിത്രകാരന്മാരെയും പുരാണമതവിശ്വാസികളെയും അദ്ദേഹം വെല്ലുവിളിക്കുന്നു.

അതുപോലെ ശ്രദ്ധേയമായൊരുകാര്യം ഭാരതയുദ്ധത്തിൽ ഉപയോഗിച്ചുവെന്നു് പറയുന്ന ആയുധങ്ങളും സാമഗ്രികളും ബി. സി. 600-നുമുമ്പ് നിലവിലുണ്ടായിരുന്നില്ലെന്നു് പ്രമുഖ ചരിത്രകാരനായ എച്ച്. സങ്കാലിയയും അഭിപ്രായപ്പെടുന്നു.

ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ കൃഷ്ണൻ ഒരു ദൈവമല്ലെന്നു് തെളിയുന്നു. കാലാകാലങ്ങളിലുണ്ടായ മനുഷ്യചിന്തയും ഭാവനയും ഏകോപിച്ച ഒരു കഥാപാത്രം എന്നതിനുപരി കൃഷ്ണൻ ആരുമല്ല. ഇക്കാരണംകൊണ്ടു് കൃഷ്ണനു് ആരുടെയെങ്കിലും ദുഃഖം അകററാനോ പ്രശ്നപരിഹാരങ്ങൾ വരുത്തുവാനോ കഴിയില്ല.

പതിനഞ്ച്

# ഗണപതി ബ്രഹ്മചാരിയല്ല

കേരളത്തിൽ അനവധി ഗണപതിക്ഷേത്രങ്ങളുണ്ട്. അതിൽ എടുത്തുപറയാവുന്ന രണ്ടു ക്ഷേത്രങ്ങളാണു് തിരുവനന്തപുരം പഴവങ്ങാടി ഗണപതിക്ഷേത്രവും കൊട്ടാരക്കര ഗണപതിക്ഷേത്രവും.

ഗണപതിയുടെ ഉല്പത്തിയെപ്പററി പല കഥകളും പുരാണത്തിൽ പറയുന്നുണ്ട്. നമുക്കു് അതൊന്നു നോക്കാം.

## ആനലീല

"ശിവനും പാർവതിയും കൂടി ഒരിക്കൽ വാനരരൂപം ധരിച്ചു് വനത്തിൽ പ്രവേശിച്ചു് ഓരോ രതിക്രീഡകൾ ചെയ്തുകൊണ്ടിരുന്നു. തദവസരത്തിൽ പാർവതി ഗർഭിണിയായി. ആ ഗർഭത്തെ ആവാഹിച്ചു് വായുഭഗവാനു കൊടുത്തു. വായുഭഗവാൻ ആ ഗർഭം അഞ്ജനാദേവിയുടെ ഉദരത്തിൽ നിക്ഷേപിച്ചു. അഞ്ജനാദേവി പ്രസവിച്ചു. ആ പുത്രനാണു് ഹനുമാൻ. പിന്നീടു് ശിവൻ ഒരു കൊമ്പനാനയായി, പാർവതി ഒരു പിടിയാനയായി. ആ ഘട്ടത്തിൽ പാർവതി ഗർഭിണിയാകുകയും ആനയുടെ രൂപത്തിലുള്ള ഗണപതിയെ പ്രസവിക്കുകയും ചെയ്തു." (ഉത്തരരാമായണം)

## ആനത്തല കൂട്ടിയിണക്കി

"ഒരിക്കൽ പാർവതി ശനിഗ്രഹത്തെ ഗണപതിക്കു് കാണിച്ചുകൊടുത്തു. ശനിയുടെ ദൃഷ്ടിപാതംകൊണ്ടു് ഗണപതിയുടെ തല ദഹിച്ചുപോയി. തൽസ്ഥാനത്തു് ഒരു ആനത്തല കൂട്ടിയിണക്കി"യതാണെന്നാണു് മറെറാരു കഥ. (പത്മപുരാണം)

## വെട്ടിക്കളഞ്ഞ തല

"ഒരിക്കൽ പാർവതി വസ്ത്രങ്ങളെല്ലാം മാററി ഒററമുണ്ടുടുത്തു കൊണ്ട് കുളിക്കാൻ ഒരു മുറിയിൽ കയറി. ശിവനും പിറകെ ചെന്നു. ആ മുറിയിലേക്കു കടക്കാൻതുടങ്ങിയപ്പോൾ ഗണപതി തടഞ്ഞു. കുപിതനായ ശിവൻ ഗണപതിയുടെ തല വെട്ടിക്കളഞ്ഞു. കോപമടങ്ങിയപ്പോൾ ശിവൻ ഗണപതിക്ക് ഒരു ആനത്തല പകരം വെച്ചു കൊടുത്തു." (പത്മപുരാണം)

ഗണപതിയുടെ ജനനത്തെക്കുറിച്ച് പുരാണത്തിൽത്തന്നെ വ്യത്യസ്തമായ കഥകളാണു് പറയുന്നതെന്ന് മുകളിൽ ഉദ്ധരിച്ച കഥകളിൽനിന്ന് വ്യക്തമാണല്ലോ. ഏതോ മൂലവസ്തുതയെ ചുവടുപിടിച്ച് ഓരോ പുരാണകാരന്മാർ എഴുതിയ കഥകളാണിതെന്ന നമുക്ക് അനുമാനിക്കാം.

അതിനുദാഹരണമാണു് പ്രമുഖ ചിത്രകാരനായ ഷാബി കരുവാററ ഗണപതിരൂപത്തിൻെറ ഉല്പത്തിയെക്കുറിച്ച് പറയുന്ന അഭിപ്രായം:

"ഹിന്ദുദൈവങ്ങളിൽ സൗന്ദര്യമുള്ളവരും വൈരൂപ്യരുമുണ്ടല്ലോ. വൈരൂപ്യമുള്ളവരിൽ പ്രഥമഗണനീയനാണു് ഗണപതിയെന്നു വിശേഷിപ്പിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു. ദൈവങ്ങളെല്ലാം തന്നെ മനുഷ്യരാൽ സൃഷ്ടിക്കപ്പെട്ടതാണ്. ഭാവനയിൽ അവരുടെ ചിത്രങ്ങൾ രചിക്കാൻ ചിത്രകാരന്മാരുണ്ടായിരുന്നു. അന്ന് അങ്ങനെ വരയ്ക്കുന്ന ചിത്രങ്ങൾക്ക് കൂടുതൽ പ്രോത്സാഹനങ്ങളും ലഭിച്ചിരുന്നു. ഇവിടെ ആനത്തലയും കുടവയറും തുമ്പിക്കയ്യുമുള്ള ഗണപതിയെ സൃഷ്ടിക്കാനുണ്ടായ കാരണങ്ങളും അതിൽനിന്നു ഗണപതി രൂപമെടുത്ത രസകരമായ ചരിത്രവും വിവരിക്കാം.

'ഗണം' എന്ന വാക്കിൻെറ അർത്ഥം കൂട്ടമെന്നാണ്. പതി എന്നതിനു് സംരക്ഷകൻ എന്നും. ഗണപതി എന്ന വാക്കിനു് കൂട്ടത്തെ സംരക്ഷിക്കുന്നവൻ എന്നർത്ഥമാണുള്ളതു്. ഗണപതിയുടെ ജനനകാരണങ്ങളെപ്പററി പറയുമ്പോൾ പുരാതനമനുഷ്യരുടെ ജീവിതപന്ഥാവിലൂടെ സഞ്ചരിക്കണം.

പൗരാണികകാലത്ത് ആഹാരസമ്പാദനത്തിനായി മനുഷ്യൻ വേട്ടയാടൽ ആരംഭിച്ചു. കാലം കുറേക്കൂടി കടന്നുപോയപ്പോൾ ഒരു പുതിയ നിയമം ആവിർഭവിച്ചു. സംഘത്തിലുള്ള എല്ലാവരും വേട്ടയാടിക്കിട്ടുന്ന ആഹാരത്തിൽ പകുതി തലവനായി കൊണ്ടുവരണമെന്ന്. മററുള്ളവർക്ക് നേതാവു പറയുന്നത് ശരിയാണെന്നു തോന്നി. കാട്ടിൽ ആ നിയമം നിലവിൽ വന്നതോടെ തലവന് സുഭിക്ഷമായ ജീവിതംതന്നെയായി. താമസിയാതെ പല കുത്തക നിയമങ്ങളും കൂട്ടരുടെ മേൽ അടിച്ചേൽപ്പിക്കാൻ തലവന് കഴിഞ്ഞു.

തലവൻെറ നിർദ്ദേശപ്രകാരം ചിത്രകാരൻ ഈ ആശയങ്ങൾ ഉൾക്കൊള്ളിച്ച് രചിച്ച ഒരു ചിത്രമാണ് 'ഗണപതി' (കൂട്ടത്തിൻെറ സംരക്ഷകൻ). ഈ ചിത്രത്തിൽ ചിത്രകാരൻ ഉദ്ദേശിച്ചിരിക്കുന്ന ആശയങ്ങൾ എന്താണെന്നു നോക്കാം.

തലവൻെറ കുടവയർ സങ്കൽപ്പിച്ചുകൊണ്ട് ആദ്യമായി ചിത്രകാരൻ ചുവരിൽ ഒരു വലിയ വൃത്തം വരച്ചു. ഓരോരുത്തരും കൊണ്ടുക്കൊടുക്കുന്ന ആഹാരങ്ങൾ കഴിക്കുന്നതിൽ ഒററയാനായ തലവൻെറ കഴിവും മനസ്സിലാക്കിയാണ് ചിത്രകാരൻ അങ്ങനെ കുടവയർ വരച്ചത്. രണ്ടാമത്തെ കാര്യം തലവൻ കാട്ടിലെ സർവരുടേയും നേതാവാണ്—മറെറാരു വിധത്തിൽ പറഞ്ഞാൽ എല്ലാവരേക്കാൾ വലിയവനാണ്. അങ്ങിനെ വരുമ്പോൾ കാട്ടിലെ വലിയ മൃഗമായ ആനയുടെ രൂപം ചിത്രത്തിനു യോജിച്ചിരിക്കും എന്നു ചിത്രകാരൻ കണക്കിലെടുത്തു. പെട്ടെന്നുതന്നെ ആദ്യം വരച്ച വലിയ വൃത്തത്തിന് മുകളിൽ ആനയുടെ തല ചിത്രകാരൻ വരച്ചു. ഇപ്പോൾ ചിത്രത്തിൻെറ രൂപം വലിയ വൃത്തത്തിനു മുകളിൽ തുമ്പിക്കയ്യുള്ള ആനയുടെ തലയുടെ രൂപവുമാണ്. പിന്നീട് വൃത്തത്തിൻെറ ഇരുവശത്തുമായി നാലു കൈകൾ വരച്ചു. കാട്ടിൽ എല്ലാവരേയും ഭരിക്കാനുള്ള കഴിവിനെ വ്യക്തമാക്കാനാണ് ചിത്രകാരൻ നാലു കൈകൾ ചേർത്തത്. ഇപ്പോൾ ആനയുടെ തലയും കുടവയറും നാലു കൈകളുമുള്ള രൂപം ചിത്രത്തിനുണ്ടായി. കാട്ടിലെ മനുഷ്യൻെറ നേതാവിൻെറ ചിത്രം മനുഷ്യസാദൃശ്യമില്ലാത്ത മറെറാരുതരം ജീവിയെപ്പോലെ തോന്നി. കൂടുതൽ മനുഷ്യൻെറ രൂപസാദൃശ്യത്തിന് അരമുതൽ മനുഷ്യനെപ്പോലെ കാലുകളും മററും വരച്ച്

ചിത്രം പൂർത്തിയാക്കി. ആനത്തലയും കുടവയറുമുള്ള ഗണപതി ചിത്രം ഇത്തരത്തിൽ നിർമ്മിച്ചതാകാം. പിന്നീട് ജനങ്ങൾ ഈ ചിത്രത്തിൻെറ പേരിൽ കെട്ടിച്ചമച്ച അനവധി കഥകളുണ്ടാക്കി."
(രാന്നരേഖ യുക്തിവാദമാസിക—1982 ഏപ്രിൽ ലക്കം 9)

പ്രമുഖ പണ്ഡിതനായ എൻ. വി. കൃഷ്ണവാരൃർ ഈ അഭിപ്രായം ശരിവെയ്ക്കുന്നുണ്ട്.

"ഒരു ഗണത്തിൻെറ (ഒരു സൈന്യവ്യൂഹത്തിൻെറ അല്ലെങ്കിൽ ഒരു ജനസമൂഹത്തിൻെറ) നായകൻ എന്നേ ഗണപതി എന്ന വാക്കിനർത്ഥമുള്ളു." (5-2-84 — കുമാരി വീക്കിലി)

## ഗണപതി ബുദ്ധമതത്തിൽനിന്നു്

ഗണപതിയുടെ വ്യത്യസ്ത ഉല്പത്തിക്കഥകളെപ്പോലെതന്നെ രൂപത്തിലും വ്യത്യാസമുണ്ട്.

"ചെന്താമരയിൽ പത്മാസനത്തിലിരിക്കുന്ന ഗണപതിയെയാണ് സാധാരണയായി കാണുക. അദ്ദേഹം നാലുകൈകളിൽ പാശം, അങ്കുശം, ആനക്കൊമ്പ്, മാമ്പഴം (മാതളപ്പഴം) എന്നിവ ധരിച്ചിരിക്കുന്നു. തുമ്പിക്കൈ മിക്കപ്പോഴും വലത്തോട്ട് ചുരുണ്ടിരിക്കും. അപൂർവമായി അതു് ഇടത്തോട്ടു ചുരുണ്ടും കാണാം. തുമ്പിക്കയ്യിലമർന്ന പൊൻകലശവും ചില പ്രതിമകളിൽ ഉണ്ടായിരിക്കും. എട്ടു കൈകളുള്ള ഗണപതിപ്രതിമകളുമുണ്ട്. എഴുന്നേററുനിന്നു് നൃത്തം ചെയ്യുന്ന വിധത്തിലും ഗണപതിയുടെ ചിത്രങ്ങൾ കണ്ടിട്ടുണ്ട്."

(എൻ. വി., - കുമാരി—5-2-84)

ഇതുപോലെ മറെറാരു കാര്യം ശ്രദ്ധേയമാണു്. നമ്മുടെ ഗണപതിയുടെ ഭാര്യമാരുടെ കഥ. കേരളത്തിൽ നമുക്കു സുപരിചിതനായ ഗണപതി ബ്രഹ്മചാരിയാണ്. എങ്കിലും മററു ചില കഥകളില്ലാതില്ല. ഒരിക്കൽ ഗണപതിയും സുബ്രഹ്മണ്യനും തമ്മിൽ ആദ്യം വിവാഹംചെയ്യുന്ന പ്രശ്നത്തിൽ തർക്കമുണ്ടായി. പാർവതീപരമേശ്വരന്മാർ ഇക്കാര്യത്തിൽ ഇടപെട്ടു. അവർ ഒരു വ്യവസ്ഥ വെച്ചു.

ഭൂലോകം ആദ്യം ചുററിവരുന്ന ആളിനു് ആദ്യം വിവാഹം. സുബ്രഹ്മണ്യൻ മയിൽവാഹനത്തിലേറി ഭൂലോകം ചുററാൻ പുറപ്പെട്ടു. എന്നാൽ ഭൂലോകം ചുററുന്നതിനുപകരം പാർവതീപരമേശ്വരന്മാരെ ചുററിയാൽ മതിയെന്നറിയാവുന്ന ഗണപതി അപ്രകാരം ചെയ്യുകയും വിവാഹംകഴിക്കുകയുംചെയ്തു. ഇങ്ങനെയൊരു കഥയുണ്ടു്. കൂടാതെ ഗണപതിക്കു് സിദ്ധി, ബുദ്ധി എന്നു രണ്ടു ഭാര്യമാരുണ്ടായിരുന്നതായി പത്മപുരാണത്തിൽ മറെറാരു കഥയും പറയുന്നു.

എന്നാൽ ഗണപതിക്കു് ഇവർ കൂടാതെ അനവധി ഭാര്യമാരുണ്ടെന്നു ശ്രീ: എൻ. വി. കൃഷ്ണവാര്യർ പറയുന്നു. "മോദ, പ്രമോദ, സുമുഖ, സുന്ദരി, മനോരമ, മംഗല, കേശിനി, കാന്ത, ചാരുഹാസ, സുമധ്യമ, നന്ദിനി, കാമദ മുതലായി ഒട്ടു വളരെ പത്നിമാർ ഗണപതിക്കുണ്ടായിരുന്നുവെന്നും ചിലേടങ്ങളിൽ പ്രസ്താവിച്ചുകണ്ടിട്ടുണ്ടു്. (കുമാരി 5-2-84)

അതുപോലെ ഗണപതി കേരളീയനല്ലെന്നും തമിഴ്നാട്ടിൽനിന്നു വന്ന ദൈവമാണെന്നും എൻ. വി. പറയുന്നു.

"മുരുക (സുബ്രഹ്മണ്യ)നെപ്പോലെ ഗണപതിയും (പുള്ളെയാരും) തമിഴ്നാട്ടിലെ ജനകീയദൈവമാണു്. ചാലൂക്യരുടെ തലസ്ഥാനമായിരുന്ന വാതാപി (ബാദാമി) നഗരം ക്രിസ്തുവർഷം 640-ൽ ആക്രമിച്ചു പിടിച്ചടക്കിയ നരസിംഹപല്ലവനാണത്രെ തമിഴ്നാട്ടിൽ ഗണപതിപൂജ പ്രചരിപ്പിച്ചതു്. വാതാപിയിലെ സുപ്രസിദ്ധമായിരുന്ന ക്ഷേത്രത്തിലെ ഗണപതിബിംബം പല്ലവൻ അവിടെ നിന്നു തമിഴ്നാട്ടിലേയ്ക്കു കൊണ്ടുവരുകയുണ്ടായി."

(കുമാരി: 5-2-84)

കേരളത്തിലെ ക്ഷേത്രങ്ങളിൽ കാണുന്ന ഗണപതിയിൽനിന്നും വ്യത്യസ്തമായ ഒരു ഗണപതിയെയാണു് എല്ലാ അർത്ഥത്തിലും നാം കണ്ടുകഴിഞ്ഞതു്. ഒരു ഹൈന്ദവദൈവമായ ഗണപതിയുടെ ഗജമുഖസങ്കല്പത്തിന്റെ അടിസ്ഥാനബീജം കേരളത്തിലെ പല പ്രമുഖ ദൈവങ്ങളേയുംപോലെതന്നെ ബുദ്ധമതത്തിൽനിന്നാണു്. എൻ. വി. തന്നെ പറയുന്നതു നോക്കുക:

"ഗണപതിയുടെ ഗജമുഖസങ്കല്പത്തിന്റെ ആദിമരൂപം പ്രത്യക്ഷപ്പെട്ടതു് ബൗദ്ധശില്പങ്ങളിൽ കാണുന്ന മൂക്കനീണ്ടു് ചെവിപരന്ന ഒരു യക്ഷനിലാണു് എന്നു കേട്ടിട്ടുണ്ടു്."

ഗജമുഖമല്ലാത്ത ഗണപതിപൂജ വേദകാലംമുതൽ ഉണ്ടായിരുന്നതാണു്.

എൻ. വി. അതും വ്യക്തമാക്കുന്നു:

"ഗണപതി ഒരു വൈദികദേവതയാണു്. 'ഗണാനാം ത്വാ ഗണപതിം' എന്നു തുടങ്ങുന്ന ബ്രഹ്മണസ്പതിസൂക്തം ഗണപതിയെ പ്രകീർത്തിക്കുന്നു." (കുമാരി: – 5-2-84)

വായുവിനെയും അഗ്നിയെയും ഭയന്ന മനുഷ്യൻ അവയെ ദൈവങ്ങളാക്കിയതുപോലെ അടിച്ചമർത്തപ്പെട്ട മനുഷ്യനു് നേതാവിനെ ആരാധിക്കേണ്ടി (ഷാബിയുടെ അഭിപ്രായം ഓർക്കുക)വന്നിട്ടുണ്ടാകാം. അങ്ങനെയാകാം വൈദികകാലത്തു് ഗണപതിപൂജ ഉണ്ടായിട്ടുള്ളതു്. എന്നാൽ കേരളത്തിലെ ഗജമുഖഗണപതിയുടെ ഉൽപ്പത്തി ബുദ്ധനിൽനിന്നുതന്നെയാണെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

## പതിനാറ്

# മണ്ണാറശാലയിലെ മനുഷ്യദൈവവും സർപ്പദൈവങ്ങളും

മണ്ണാറശാല മാഹാത്മ്യത്തെപ്പററി ഐതീഹ്യമാലയിൽ കൊട്ടാരത്തിൽ ശങ്കുണ്ണി പറയുന്ന കഥ പ്രസിദ്ധമാണല്ലോ. എന്നാൽ അതിൽനിന്നും കുറെ സ്വാഭാവികത കൈവരുത്തിക്കൊണ്ടാണ് മണ്ണാറശാല ഇല്ലത്തിലെ ഒരംഗമായ ശ്രീ. പരമേശ്വരൻ നമ്പൂതിരി മണ്ണാറശാലയുടെ ചരിത്രം "മണ്ണാറശാല ശ്രീനാഗരാജക്ഷേത്രവും ഉത്ഭവവും ചില വസ്തുതകളും" എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. 'ആ ചരിത്രം' നമുക്കൊന്നു പരിശോധിക്കാം.

"......ഹരിപ്പാട്ട് ബസ്സ്സ്റ്റാൻഡിൽനിന്നും ഏകദേശം മൂന്നു കിലോമീററർ വടക്കുപടിഞ്ഞാറായി ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നു."

പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട ഈ ക്ഷേത്രത്തിലെ ശാന്തിക്കായി ഇരിങ്ങാലക്കുടയിലുള്ള എരിഞ്ഞാടപ്പള്ളി ഇല്ലത്തുനിന്ന് ഇളമുറക്കാരനായ വാസുദേവൻ നമ്പൂതിരിയെ പരശുരാമൻ ചുമതലപ്പെടുത്തി. യഥാകാലം വാസുദേവൻ വേളികഴിച്ചു. ആദികാലത്ത് മണ്ണാറശാല ഇല്ലത്ത് അമ്മ എന്ന സ്ഥാനം നിലവിലില്ലായിരുന്നു. ക്ഷേത്രത്തിൽ ശാന്തി, എഴുന്നള്ളത്ത്, സർപ്പബലി, ആയില്യം, പൂജ എന്നിവ കഴിച്ചുവന്നതു് കുടുംബനാഥന്മാരായിരുന്നു.

അങ്ങനെയിരിക്കെ, എരഞ്ഞാടപ്പള്ളി കുടുംബത്തിലും ചില അനിഷ്ടസംഭവങ്ങൾ വന്നുകൂടി. സന്താനസൗഭാഗ്യം ഇല്ലാതായി. ഗൃഹനാഥനായ വാസുദേവനും ശ്രീദേവി അന്തർജ്ജനവും മനംചുട്ടു പ്രാർത്ഥിച്ചിട്ടും കുട്ടികളുണ്ടായില്ല.

വർഷങ്ങൾ കഴിഞ്ഞു. വൃദ്ധനായ നമ്പൂതിരിവംശം നിലനിർത്താൻ രണ്ടാംവേളി കഴിക്കാൻ തീരുമാനിച്ചു. അതു് ശ്രീദേവി അന്തർജ്ജനത്തെ കൂടുതൽ തപ്തഹൃദയയാക്കി.

കോട്ടയത്തു് മൂലയിൽ ഇല്ലത്തു് രാമൻനമ്പൂതിരി പല ചികിത്സകളും ഹോമയാഗാദികളും തന്റെ മകൾ പ്രസവിക്കുന്നതിനുവേണ്ടി നടത്തിനോക്കി. അവസാനം അവർ നാഗരാജാവിങ്കൽതന്നെ അഭയംതേടി. നാഗരാജാവിനു് പഞ്ചദേവാർച്ചനയും പൂജകളും നടത്തിവന്നു. കൂടാതെ ഇന്നത്തെ മണ്ണാറശാല ഇല്ലത്തിന്റെ സ്ഥാനത്തിരുന്നു് അതീന്ദ്രിയധ്യാനവും നടത്തിവന്നു.

വർഷം ഒന്നു കഴിഞ്ഞപ്പോൾ പർണ്ണശാലക്കുചുററിലുമുള്ള സർപ്പക്കാവുപോലും തീപിടിച്ചു. ചൂട്ടും പുകച്ചിലുംകൊണ്ടു് ചുററിപ്പുളയുന്ന സർപ്പക്കുഞ്ഞുങ്ങളെ കണ്ടു് ശ്രീദേവി ഞെട്ടി സ്തബ്ധയായി. തീർത്ഥക്കുളത്തിലെ പച്ചവെള്ളവും പാലും ഇളനീരും കോരിയൊഴിച്ചു് ആ സർപ്പശിശുക്കളെ ആശ്വസിപ്പിച്ചു. അങ്ങനെ അന്നു് ആ മണ്ണിന്റെ ചൂടാറിയതുകൊണ്ടു് കാലാന്തരത്തിൽ ആ സ്ഥലത്തിനു് മണ്ണാറശാല എന്നു പേരു കിട്ടി. ചൂടിന്റെ അസഹ്യത നീങ്ങിക്കിട്ടിയപ്പോൾ ആ പിഞ്ചു പാമ്പിൻകുഞ്ഞുങ്ങൾ അന്തർജ്ജനത്തിന്റെ ചുററിലും മടിത്തട്ടിലും തത്തിക്കളിക്കാൻതുടങ്ങി. ആ കാഴ്ച കണ്ടു് ആ അമ്മ തന്റെ ദൗർഭാഗ്യത്തെ ഓർത്തു് കണ്ണീർ പൊഴിച്ചു.

നിമിഷങ്ങൾക്കകം ഇടവപ്പാതി ആരംഭിച്ചു. അമ്മയുടെ കണ്ണുനീരിനെവെല്ലുവിളിച്ചുകൊണ്ടു് ഉഗ്രൻ മഴപെയ്തു് കാട്ടുതീ കെട്ടടങ്ങി.

അന്നുരാത്രി ശ്രീദേവി സ്വപ്നംകണ്ടു, താൻ അഞ്ചുതലയുള്ള ഒരു സർപ്പശിശുവിനെയും ഒരു പുരുഷപ്രജയെയും പ്രസവിച്ചു എന്നു്.

ആ വിവരം അവർ ഭർത്താവിനെ അറിയിച്ചു. പക്ഷെ ഭർത്താവു് വിശ്വസിച്ചില്ല. എങ്കിലും ആ സ്വപ്നം യാഥാർത്ഥ്യമായി.

കുംഭമാസത്തിലെ ആയില്യത്തിൻറന്നു് ഒരു മനുഷ്യശിശുവിനെയും ഒപ്പം അഞ്ചുതലയുള്ള സർപ്പത്തിനെയും പ്രസവിച്ചു. അച്ഛനു് മനുഷ്യശിശുവിനോടും അമ്മയ്ക്കു് സർപ്പശിശുവിനോടുമായിരുന്നു വാത്സല്യം.

സന്താനപ്രാപ്തിക്കുശേഷം ദേവപ്രസൂവായതുകൊണ്ടു് ഭഗവാനോടു് സാദൃശ്യംപ്രാപിക്കാനായി അമ്മ ഒരു നിത്യസന്യാസിനിയായി മാറിക്കഴിഞ്ഞു.

ഒരു കന്നിമാസത്തിലെ ആയില്യത്തിനു് നമ്പൂതിരിക്കു ക്ഷേത്രത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ലാതെ വന്നു. തലേദിവസം ഉച്ചയ്ക്കു് അദ്ദേഹത്തിനു അവിശുദ്ധി സംഭവിച്ചു. പിറേറദിവസവും അദ്ദേഹത്തിനു് ക്ഷേത്രത്തിൽ പ്രവേശിക്കാൻ കഴിയാതായി. സംഭവങ്ങളുടെ ദുർഗതിയിൽ പരവശയായ അമ്മ പെട്ടെന്നു് പർണ്ണശാലയിൽ നിന്നിറങ്ങി തീർത്ഥക്കുളത്തിൽ മുങ്ങി ഭഗവത് സന്നിധിയിലെത്തി അസ്തപ്രജ്ഞയായി ഇരിപ്പായി.

താമസിയാതെ ഭഗവാൻെറ അരുളപ്പാടുണ്ടായി. ഭർത്താവിനു പകരം അമ്മ തന്നെ പൂജ മുഴുവനാക്കുവാനും നാളെ ഭഗവാൻെറ തിരുവാഭരണം അമ്മതന്നെ എഴുന്നള്ളിച്ചു് പർണ്ണശാലയിലിരുത്തി നൂറും പാലും നിർവഹിക്കുവാനുമായിരുന്നു ആ മൊഴി. അമ്മ മേലിൽ ക്ഷേത്രവളപ്പിൽത്തന്നെ താമസമുറപ്പിക്കണമെന്നും ആ അശരീരി ശബ്ദം വീണ്ടും മുഴങ്ങി. അപ്രകാരം തുടർന്നു് അമ്മ പർണ്ണശാല വലുതാക്കി മണ്ണാർശാലയിൽ താമസമുറപ്പിച്ചു് പൂജ നടത്തിപ്പോന്നു.

അന്നത്തെ അഞ്ചുതലസർപ്പം വലുതായെങ്കിലും കാവുകളിൽ പോകാതെ ഇല്ലത്തും ക്ഷേത്രവളപ്പിലും അമ്മയുടെ ചുററുവട്ടത്തിലുമായി കഴിഞ്ഞുവന്നു. സ്വർണ്ണനിറമുള്ള ആ സർപ്പത്തിൻെറ ശരീരത്തിലും രത്നംതിളങ്ങുന്ന മകുടത്തിലും ഇളംവെയിലേല്ക്കുമ്പോൾ വളരെയധികം പ്രഭാപൂരം പൊഴിയും. ആ ശോഭ ദൃഷ്ടിഗോചരമാ

കുന്ന ഭക്തജനങ്ങൾ കണ്ണുഞ്ചി തപ്പിത്തടയുമ്പോൾ ഈ ബാലസർപ്പം അവരെ അമ്പരപ്പിക്കത്തക്കവിധം മനഃപൂർവം തമാശയായി ചില ശബ്ദങ്ങൾ കേൾപ്പിക്കുക, ചീററുക. വാൽ നിലത്തടിക്കുക തുടങ്ങിയ ബാലചാപല്യങ്ങൾ കാട്ടാൻതുടങ്ങി. ഇതു് പലർക്കും അമ്മയുടെയടുക്കൽ പരാതിപ്പെടാനും പരിഭവംപറയാനും കാരണമായി. അമ്മ അവരെ സമാധാനിപ്പിച്ചു് കുഴഞ്ഞു.

ഒരുദിവസം ശിവരാത്രിയായിരുന്നു. ശിവരാത്രിദിവസംമാത്രമേ വൈകിട്ടു് ക്ഷേത്രത്തിൽ പൂജയും സർപ്പബലിയും നടത്തൂ. അന്നു് വൃശ്ചികമാസത്തിലെപ്പോലെ നവകം പൂജയും കലശമാടലും കുംഭാഭിഷേകവും ധാരയുമുണ്ടായിരുന്നു.

അന്നു് ധാരാളം ഭക്തജനങ്ങൾ ക്ഷേത്രത്തിൽ വന്നിരുന്നു. കുസൃതിയായ സർപ്പബാലനും ഒരു ഉത്സവത്തിമർപ്പോടെ ഓടിനടന്നു. അന്നു വളരെയധികം പരാതികൾ അമ്മയ്ക്കു് ലഭിച്ചു. ഒരു ദുർബ്ബലനിമിഷത്തിൽ ശാസനാരൂപത്തിൽ അമ്മ സർപ്പബാലനോടു പറഞ്ഞു: “നിനക്കു് വല്ല ഇരുട്ടത്തോ നിലവറയുടെ മൂലയിലെങ്ങാനമോ പോയിരിക്കരുതോ? എന്തിനാ ഇങ്ങനെ ആളുകളെ ശല്യം ചെയ്യുന്നതു്.”

പെട്ടെന്നു പാമ്പു് തലയുയർത്തി അമ്മയെ നോക്കി. വേഗം നിലവറയിലേയ്ക്കു് ഇഴഞ്ഞുനീങ്ങി. പരിസരബോധംവന്ന അമ്മ “അയ്യോ എൻെറ കുഞ്ഞേ, നീ പോവ്വാണോ, അമ്മ അറിയാതെ പറഞ്ഞതല്ലേ” എന്നു് അലമുറയിട്ടു പിന്നാലെ ഓടി.

“അമ്മക്കിനി എന്നെ കാണണമെങ്കിൽ നിലവറയിൽ വന്നേക്കുു, എൻെറ കുടുംബത്തിലെയല്ലാതെ മററാരെയും അങ്ങോട്ടു് വിടുകയും അരുതു്” എന്ന ശബ്ദം അകത്തുനിന്നു് മുഴങ്ങുകയും നിലവറയുടെ വാതിൽ താനെ അടയുകയുംചെയ്തു.

കതകടഞ്ഞതുകൊണ്ടു് അമ്മ അകത്തുകയറിയില്ല. പോരെങ്കിൽ ഭയങ്കര ഇരുട്ടും. അന്നു മുഴവൻ അമ്മ അവിടെത്തന്നെ ഇരുന്നു കരഞ്ഞു. അന്നുരാത്രി നിലവറയുടെ തൊട്ടടുത്ത മുറിയായ “കോമ്പര”

യിൽ കിടന്നു. (ഇന്നും ഇല്ലത്തെ വലിയ അമ്മമാർ ഇവിടെയാണ ന്തിയുറങ്ങുന്നതു് എന്നു പറയുന്നു.)

പിറേറദിവസം തൻെറ കുഞ്ഞിനു നൂറും പാലും ഒരുക്കി അമ്മ ഒരു നിലവിളക്കമേന്തി നിലവറയ്ക്കുള്ളിലേയ്ക്കു പ്രവേശിച്ചു. കാത്തിരുന്നു കുഞ്ഞിനെ കാണാതെ അമ്മ തേങ്ങിക്കരഞ്ഞു. പെട്ടെന്നൊരു അശരീരി മുറിയ്ക്കുള്ളിൽ കേട്ടു. "അമ്മ എനിക്കുള്ളതെല്ലാം അവിടെ വെച്ചിട്ടു് കതകടച്ചു പൊയ്ക്കൊള്ളു. നാലുദിവസം കഴിഞ്ഞു് കതകു തുറന്നാൽ എന്തെങ്കിലും ബാക്കിവന്നാൽ കുട്ടികൾക്കു കൊടുത്തേക്കു. മേലിൽ ഒരാണ്ടിൽ ഈ ഒരു ദിവസംമാത്രം എനിക്കു് ആഹാരം തന്നാൽ മതി. ബാക്കി ദിവസങ്ങളിൽ ഞാൻ നിത്യബ്രഹ്മചാരിയായി ഈശ്വരസേവയിൽ മുഴുകി ധ്യാനനിരതനായി ഇരിക്കുന്നതാണു്. ഈ ദിവസവും നാലാംദിവസവും എനിക്കു് എൻെറ കുഞ്ഞുങ്ങളെ കാണുകയുംവേണം." കണ്ണുനീരോടെ അമ്മ അതെല്ലാം അവിടെവെച്ചിട്ടു് കതകടച്ചുപോന്നു. അഞ്ചാംദിവസം ചെന്നു മകൻ കഴിച്ചതിൻെറ ബാക്കി അമ്മയും മററു് കുടുംബാംഗങ്ങളും ഭുജിച്ചു. ബാക്കി വന്നതു് തീർത്ഥക്കുളത്തിൽ നിക്ഷേപിച്ചു. (ഇന്നും ഈ കീഴ്പതിവ്വ് തുടർന്നുപോരുന്നു. ഇവിടെ നൂറും പാലും കഴിക്കുന്നതിനുവേണ്ട ഒരുക്കങ്ങളും അരി ഇടിക്കലും മററും പുറത്തുള്ള മററാരെക്കൊണ്ടും ചെയ്യിക്കാതെ കുടുംബാംഗങ്ങൾ മാത്രം നിർവ്വഹിച്ചുപോരുന്നു. അതുപോലെ നാലാംദിവസത്തെ പ്രസാദം കുടുംബാംഗങ്ങൾക്കല്ലാതെ മററാർക്കും കൊടുക്കുകയില്ല. ഇതിനു പല ഔഷധഗുണങ്ങളും അത്ഭുതസിദ്ധികളും ഉള്ളതായി വിശ്വസിക്കപ്പെടുന്നു. നിലവറയിൽ നൂറും പാലുമുള്ള ശിവരാത്രിയുടെ പിറേറദിവസവും നാലാം ദിവസവും കുടുംബാംഗങ്ങളെല്ലാവരും നിലവറവാതുക്കൽ കൂടിനിൽക്കും. വലിയമ്മ പ്രസാദമെടുത്തുകൊടുക്കും. അതു കഴിച്ചതിനുശേഷമേ അന്നാരും ആഹാരം കഴിക്കുകയുള്ളു. അന്നു മാത്രമേ ഇന്നത്തെ മണ്ണാറശാല കുടുംബാംഗങ്ങളെ ഒന്നിച്ചുകാണാൻ പററുകയുള്ളൂ.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ സർപ്പശിശുവിൻെറ സഹോദരനായ മനുഷ്യബാലനു ചേട്ടനെ കാണണമെന്ന മോഹം ജനിച്ചു. അമ്മ ആദ്യമൊക്കെ തടഞ്ഞിട്ടും ബാലൻ കൂട്ടാക്കിയില്ല. അവസാനം

അമ്മ പറഞ്ഞു: "എന്നാൽ നിലവറയിൽ കേറി ഇടത്തേ കണ്ണടച്ച് വലത്തേ കണ്ണുകൊണ്ട് വടക്കുപടിഞ്ഞാറേ മൂലയിലേക്ക് നോക്കു. ആ ബാലൻ ആ വിധം ചെയ്തു. അപ്പോൾ അമിതമായ പ്രഭാപൂരം നിമിത്തം ദർശനം ലഭിച്ച കണ്ണിനു കാഴ്ച നഷ്ടപ്പെടുകയാണുണ്ടായത്. (ഇന്നും ഇല്ലത്തെ ആണുങ്ങളും അവരുടെ വേളിമാരുമല്ലാതെ മററാരും നിലവറയിൽ പ്രവേശിക്കാറില്ല. നിലവറയിൽ കേറിയാലും അവർ ആ ഭാഗത്തേയ്ക്കു് നോക്കില്ല. ശിവരാത്രിയുടെ പിറേറ ദിവസമല്ലാതെ മററു ദിവസങ്ങളിൽ നിലവറയ്ക്കുള്ളിൽ വിളക്കു കൊളുത്താറുമില്ല. അടഞ്ഞുകിടക്കുന്ന നിലവറയുടെ വാതുക്കൽമാത്രം വിളക്കു കത്തിക്കും)"

മണ്ണാറശാല നിലകൊള്ളുന്ന അത്ഭുതകരമായ അടിസ്ഥാനകഥ ഇതാണ്. ഈ കഥയിൽ എത്രമാത്രം സത്യമുണ്ടെന്നുള്ളതു് വായിക്കുന്ന ആർക്കും മനസ്സിലാകും. സാങ്കല്പികവും യാഥാർത്ഥ്യവും കലർന്ന സാഹിത്യാവിഷ്ക്കാരമാണ് ഈ കഥയുടെ പിന്നിലുള്ളതു്. ശ്രീദേവി സ്വപ്നം കണ്ടതുവരെയുള്ള കാര്യങ്ങൾ യാഥാർത്ഥ്യമാകാം. എന്നാൽ അതിനുശേഷമുള്ള അഞ്ചു തലയുള്ള സർപ്പ പ്രസവവും തുടർന്നുള്ള സർപ്പത്തിൻെറ അരുളപ്പാടുകളും കെട്ടുകഥകളാണ്. ഈ കെട്ടുകഥകൾക്ക് ആധാരം ഈ സ്വപ്നവുമാണ്. ഈ ലേഖകൻ ഒരു ഉത്സവദിവസം ഈ അറപ്പുരയ്ക്കകത്തു കയറി അഞ്ചുതല സർപ്പത്തെ നോക്കിയതാണ്. എന്നാൽ അതിനകത്തു് അങ്ങനെയൊന്നില്ലായെന്നു ബോദ്ധ്യമായി. ഈ കെട്ടുകഥയുടെ പ്രചാരണത്തിൽനിന്നും ധാരാളം സർപ്പാരാധകർ മണ്ണാറശാലയിൽ വരുവാൻ തുടങ്ങുകയും ധാരാളം പണം മണ്ണാറശാലയിലേക്ക് കുന്നുകൂടുകയും ചെയ്തപ്പോൾ മണ്ണാറശാല ഇല്ലക്കാർ ധാരാളം പണം കുറുക്കുവഴിയിലൂടെ സമ്പാദിക്കുവാൻ കഴിയുമെന്നു മനസ്സിലാക്കി. അതുകൊണ്ടു് അവർ അഞ്ചുതല സർപ്പത്തെ ചുററിപ്പററിയുള്ള കഥകൾ പ്രചരിപ്പിക്കുവാൻതുടങ്ങി. പ്രചാരം വർദ്ധിച്ചപ്പോൾ അഞ്ചുതല സർപ്പത്തെക്കുറിച്ചുള്ള കള്ളക്കഥയിൽനിന്നു രക്ഷപ്പെടാൻ അഞ്ചുതല സർപ്പത്തെ ആർക്കും പ്രവേശനമില്ലാത്ത അറപ്പുരയിലേക്ക് കേന്ദ്രീകരിക്കുകയുംചെയ്തു. ഈ രഹസ്യം എന്നും സൂക്ഷിക്കുന്നതിനുവേണ്ടിയാണ് അറപ്പുര ആണ്ടിലൊരുദിവസം മാത്രം ഇല്ലക്കാർക്ക്

തുറക്കാവൂ എന്നു് സർപ്പവചനത്തിലൂടെ വ്യവസ്ഥചെയ്തിരിക്കുന്നതു്.

## അൽഭുതകരമായ അന്ധവിശ്വാസങ്ങൾ

മണ്ണാറശാലയിലെ ഉരുളി കമിഴ്ത്തൽ പ്രസിദ്ധമാണല്ലോ. നിരവധി ഭക്തജനങ്ങൾ ക്ഷേത്രത്തിൽ ഉരുളി സമർപ്പിച്ച് സന്താനലബ്ധി കൈവരിച്ചിട്ടുള്ള കഥകൾ ഇവിടെ പറയുന്നുണ്ട്. അതിൻെറ ഉത്ഭവകഥ ഇങ്ങനെയാണു്.

"ഇവിടുത്തെ അമ്മയും വളരെ പ്രായംചെന്നിട്ടാണു് പ്രസവിച്ചതെന്നും, അതു് നാഗരാജാവിൻെറ അനുഗ്രഹംമൂലമാണെന്നും സന്താനഭാഗ്യമില്ലാത്ത നിത്യദുഃഖിതയായ കാഞ്ഞിരപ്പള്ളിക്കാരി കുഞ്ഞുലക്ഷ്മി ക്ഷേത്രദർശനത്തിനു വന്നപ്പോൾ ആരോ പറഞ്ഞു. ആ സ്ത്രീ അങ്ങനെ അമ്മയെ കണ്ടു് ദുഃഖം ബോധിപ്പിച്ചു. അമ്മ ഒന്നു പ്രാർത്ഥിച്ച് കുറെ ഭസ്മം പ്രസാദമായി കുഞ്ഞുലക്ഷ്മിക്കു് കൊടുത്തു. ദാനശീലയായ അമ്മ അവർക്കു് ഉച്ചഭക്ഷണവും നൽകി. അന്നു് ചോറുകൊണ്ടുവന്ന ഉരുളി അൽപ്പം വക്കു് പൊട്ടിയതായിരുന്നു. ആ സ്ത്രീ വീട്ടിൽപോയി ഏതാനുംദിവസങ്ങൾക്കകം ഒരു ഉരുളിയുമായി വന്നു് അമ്മയ്ക്കു കാഴ്ചവെച്ചു. വളരെ കമനീയമായ ആ ഉരുളി തൻെറ അരുമമകനു് കളിക്കാനായി, വേണ്ടിവന്നാൽ നൂറും പാലിനും ഉപയോഗിക്കാം എന്നുദ്ദേശിച്ച് തീർത്ഥക്കുളത്തിൽ മുക്കി നിലവറയിൽ കമിഴ്ത്തിവെച്ചു. ആ മുത്തശ്ശിക്കു് ആരു് എന്തു് കാഴ്ചവെച്ചാലും അതു തൻെറ മകനു് എന്നു സങ്കൽപ്പിച്ച് നിലവറയിൽ വെച്ചശേഷമേ എടുക്കുകയുള്ളു. അത്ഭുതമെന്നുപറയട്ടെ, ആ സ്ത്രീ വീട്ടിലെത്തി നാളുകൾക്കുശേഷം ഗർഭം ധരിച്ചു. അരുമയായ ഒരു ആൺകുട്ടിയെ പ്രസവിക്കുകയുംചെയ്തു. രണ്ടുകൂട്ടർക്കും ഉരുളിയിൽ വിശ്വാസം ജനിച്ചു.

ഉരുളി മുത്തശ്ശിയെടുത്തു് നിലവറയിൽ കമിഴ്ത്തിയിരുന്നു. ആറാം മാസം കുട്ടിയുമായി വന്നു് ഉരുളി നിവർത്തിച്ചു. മററു വഴിപാടുകൾ കഴിച്ചു. അങ്ങനെയാണു് ഈ ക്ഷേത്രത്തിൽ ഉരുളി കമിഴ്ത്തു വഴിപാടുണ്ടായതു്. ഈ സംഭവം ഒരുപക്ഷേ യാഥാർത്ഥ്യമാ

യിരിക്കാം. പക്ഷേ അതു് മണ്ണാറശാല അമ്മ ഭസ്മം ജപിച്ചുകൊടു ത്തതുകൊണ്ടോ ഉരുളി കമിഴ്ത്തിയതുകൊണ്ടോ അല്ല. പുരുഷൻെറ ബീജം സംബന്ധമായും സ്ത്രീയുടെ ഗർഭാശയസംബന്ധമായുമുള്ള കുഴപ്പങ്ങൾ മാറുന്നതുകൊണ്ടാണു് വന്ധ്യത മാറുന്നതു്. വന്ധ്യത മാററുവാൻ ഒരു ദൈവങ്ങൾക്കും ഒന്നും ചെയ്യാൻ കഴിയില്ല.

## സർപ്പങ്ങളുടെ സ്വൈരവിഹാരം

ക്ഷേത്രവളപ്പുകളിലും സർപ്പക്കാവുകളിലും ഇല്ലത്തും മററുമായി നിരവധി സർപ്പങ്ങൾ സ്വൈരവിഹാരംനടത്താറുണ്ടെന്നും, പലപ്പോഴും ഇല്ലത്തിലെ അംഗങ്ങളുടെ കിടക്കയിലും തലയിണക്കിടയിലും സർപ്പങ്ങളെ കണ്ടുവരാറുണ്ടെന്നും, കുടുംബത്തിലെ ആരെങ്കിലും അസുഖമായി കിടപ്പായാൽ സ്വർണ്ണനിറമുള്ള സർപ്പങ്ങൾ കട്ടിലിനു സമീപം വന്നു തലയുയർത്തി നോക്കുന്നതും രോഗി എഴുന്നേററാൽ സ്വച്ഛന്ദം സ്ഥലംവിടുന്നതും നിത്യസംഭവങ്ങളാണെന്നും ക്ഷേത്രഭാരവാഹികൾ പറയുന്നു. ഇതൊരത്ഭുതമായി കാണാൻ കഴിയില്ല. കാരണം ഇതും കുടുംബത്തിലുള്ളവരല്ലാതെ മററാരും കണ്ടതായി സാക്ഷികളില്ല.

## അമ്മ എന്ന മനുഷ്യദൈവം

മണ്ണാറശാലയിൽ ഒരു മനുഷ്യദൈവമുണ്ടു്. മണ്ണാറശാലയമ്മ എന്ന മനുഷ്യദൈവം. ഇവരെ എല്ലാവരും ദിവ്യമാതാവായിട്ടാണു് കണക്കാക്കുന്നതു്. മണ്ണാറശാലയിലെ ഇപ്പോഴത്തെ ദിവ്യമാതാവിനു 83 വയസ്സുണ്ടു്. അഞ്ചുതലസർപ്പത്തിൻെറ മാതാവിൻെറ സ്ഥാനവും ദിവ്യശക്തിയുമാണു് ഇവർക്കുള്ളതെന്നവകാശപ്പെടുന്നു. ഈ സിദ്ധി ലഭിക്കുന്നതിനു് ഐതിഹ്യത്തിൽ ഒരു കഥ പറയുന്നു അഞ്ചുതലസർപ്പത്തെ പ്രസവിച്ചയുടൻ മനുഷ്യസ്ത്രീയായ തൻെറ മാതാവിനോടു് പറഞ്ഞു:

"അല്ലയോ മാതാവേ, ഇവിടെയുള്ള സർപ്പങ്ങളെയെല്ലാം അഗ്നിബാധയിൽനിന്നു രക്ഷിച്ചതു് ഈ കുടുംബത്തിലുള്ള സ്ത്രീകളാണല്ലോ. അതുകൊണ്ടു് ഈ കുടുംബത്തിലെ സ്ത്രീകളോടു് അതിയായ സന്തോ

ഷവും കൃതജ്ഞതയുമുണ്ട്. അതിനാൽ ഇവിടെ സർപ്പങ്ങളുടെ പൂജയും മററും ഓരോ തലമുറതോറും അമ്മമാരിൽ അന്നന്നു മൂത്ത യാൾ നടത്തണം. അങ്ങനെയാകുന്നതാണു് സർപ്പങ്ങൾക്കു് കൂടു തൽ സന്തോഷകരമായിരിക്കുന്നതു്."

അഞ്ചുതല സർപ്പത്തിൻെറ ശക്തിയിൽനിന്നാണു് ദിവ്യമാതാ വിൻെറ ജനനം. അഞ്ചുതലസർപ്പത്തിൻെറ കഥ നമ്മൾ പരിശോ ധിച്ചുകഴിഞ്ഞതാണ്. അഞ്ചുതലസർപ്പത്തിൻെറ കഥ ഒരു കെട്ടു കഥയായിരിക്കെ അവിടുത്തെ ദിവ്യമാതാവിനു് പിന്നെന്തു ദിവ്യത യാണുള്ളതു്?

## സർപ്പാരാധനയുടെ ആരംഭം

നാഗങ്ങളെ ആരാധിക്കുന്ന സ്വഭാവം ഇന്നും ഇന്നലെയും തുട ങ്ങിയതല്ല. പ്രാചീനകാലത്തു് ഭാരതത്തിലും ഈജിപ്ററിലും മെസപ്പൊട്ടോമിയയിലുമൊക്കെ സർപ്പത്തെ ആരാധിക്കൽ നിലനി ന്നിരുന്നു. ആരാധന തുടങ്ങുന്നതെപ്പോഴും ഭയത്തിൽനിന്നാണല്ലോ. ഇടി, മിന്നൽ, തീയ്, കടൽക്ഷോഭം തുടങ്ങിയവയുടെ ആക്രമണം മൂലം ഭയന്ന പ്രാകൃതമനുഷ്യൻ അവയെ ആരാധിക്കാൻ തുടങ്ങിയതു പോലെ, വിഷമുള്ള പാമ്പുകളുടെ ദംശനമേററു് മനുഷ്യൻ മരിക്കുന്ന തു് കണ്ടപ്പോഴാണ് സർപ്പങ്ങളെ ആരാധിക്കുവാൻ തുടങ്ങിയതു്.

ലൈംഗികദാഹമുള്ള ഭൂരിഭാഗം സ്ത്രീകളും സർപ്പങ്ങളെ സ്വ പ്നംകാണുമെന്നു് പ്രമുഖ മനഃശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോ യ്ഡ് പറയുന്നു. ഇത്തരം സ്വപ്നങ്ങളും സർപ്പാരാധനയ്ക്കു് കാരണമാണ്.

കേരളത്തിലെ ഭൂരിഭാഗം ക്ഷേത്രങ്ങളിലും സർപ്പാരാധനയുണ്ടു്. കണ്ണൂരിലെ പെരളശ്ശേരി ക്ഷേത്രം, തൃശ്ശൂരിലെ പാമ്പിൻമെയ്ക്കാട്ടി ലും, ആമേടമംഗലം, തൃപ്പാറ, കരിപ്പാൽനാഗക്കാവു്, മാവേലിക്ക രയിലുള്ള വെട്ടിക്കോട്ടു്, മണ്ണാറശാല തുടങ്ങിയവയാണ് ഇവയിൽ പ്രമുഖമായവ.

## സർപ്പംതുള്ളൽ

കേരളത്തിലെ സർപ്പക്കാവുകളിൽ ഇന്നും നിലവിലുള്ളതാണ് സർപ്പംതുള്ളൽ. സർപ്പംതുള്ളുന്നവരിൽ സന്നിവേശിക്കുന്നതെന്നു പറയുന്ന ദൈവങ്ങൾ നാഗരാജാവും, നാഗയക്ഷിയും, നാഗകന്യകയുമാണ്. ഈ ദൈവങ്ങൾ കൂടുതലും വരുന്നതു് സ്ത്രീകളിലാണ്. സ്ത്രീകളിൽത്തന്നെ കൗമാരപ്രായംകഴിഞ്ഞ പെൺകുട്ടികളിലാണ് കൂടുതൽ കാണുന്നതു്. സർപ്പാരാധനയുള്ള കാവുകളിലും ക്ഷേത്രങ്ങളിലും നിരന്തരം പ്രാർത്ഥിക്കുവാൻപോകുന്നതു മൂലമാണ് ഇതുണ്ടാകുന്നതു്. അതുമൂലം മുൻകാലങ്ങളിൽ ലഭിച്ചിട്ടുള്ള സർപ്പദൈവങ്ങളെക്കുറിച്ചുള്ള കഥകളും മുത്തശ്ശിക്കഥകളും ഇവരുടെ ഉപബോധമനസ്സിലൂടലെടുക്കുകയും അതുണ്ടാക്കിയ ഭയത്തിൽനിന്നു് രക്ഷപ്പെടുന്നതിനായി സർപ്പദൈവത്തിൻെറ കൃപയ്ക്കുവേണ്ടി എല്ലാനേരവും അവയെ ആരാധിക്കുകയുംചെയ്യുന്നു. ഈ ആരാധന എന്നു പറയുന്നതു് ഒരു സർപ്പത്തെക്കുറിച്ചുള്ള ചിന്തയാണ്. ഈ ചിന്ത സ്വയം നിർദ്ദേശ (suggestion)മായി മാറുന്നു. ഇവ പൂർണ്ണമാകുന്നതോടുകൂടി ബോധമനസ്സ് നിർവീര്യമാകുകയും നിയന്ത്രണം പൂർണ്ണമായി ഉപബോധമനസ്സിലുള്ള ഈ മിഥ്യാബോധം ഏറ്റെടുക്കുകയും, ആ ദ്വിതീയവ്യക്തിത്വം ശരീരത്തെ പിന്നെ പൂർണ്ണമായി നയിക്കുകയും ചെയ്യും. ഈ നേരങ്ങളിൽ ദ്വിതീയവ്യക്തിത്വത്തിനു് എന്തു സ്വഭാവമാണോ ഉള്ളതു് ആ സ്വഭാവം ബോധവും ശരീരവും പ്രകടിപ്പിക്കും. ക്ഷേത്രങ്ങളിൽ താളമേളങ്ങളും പാട്ടും ഈ ദ്വിതീയവ്യക്തിത്വത്തെ ഉണർത്തുവാൻ സഹായിക്കുന്നുണ്ട്, അതിനുവേണ്ടിയാണു് തുള്ളലുകൾക്ക് എല്ലാ ക്ഷേത്രങ്ങളിലും മേളം ഒഴിവാക്കാത്തതു്.

കളമെഴുത്തും പാട്ടും സർപ്പം തുള്ളലും പതിനായിരങ്ങൾ ചെലവാക്കിയാണ് പഴയ ആൾക്കാർ ചെയ്തിരുന്നതു്. ഇന്നു പല തറവാട്ടുകാരും ആഢ്യതയ്ക്കും പൊങ്ങച്ചത്തിനും വേണ്ടിയാണ് ചെയ്യുന്നതെങ്കിൽ ക്ഷേത്രങ്ങളും കാവുകളും മതപരമായ അന്ധവിശ്വാസങ്ങൾ വളർത്തുന്നതിനും അതുവഴി ക്ഷേത്രവിശ്വാസങ്ങൾ സജീവമാക്കുന്നതിനുവേണ്ടിയാണ് ഇന്നു നടത്തുന്നതു്.

ചില സമുദായക്കാർ ഒരു തൊഴിലായി സർപ്പംതുള്ളലും കളമെഴുത്തുംപാട്ടും നടത്തിവരുന്നുണ്ട്. കണിയാന്മാരും, മണ്ണാന്മാരും,

വണ്ണാന്മാരും, വേലന്മാരും, മലയന്മാരും, ഗണികന്മാരും, പുള്ളുവന്മാരുമാണ് ഇവരിൽ പ്രമാണിമാർ.

## പാമ്പിനെ തിന്നുന്നവർ

പാമ്പിനെ കേരളത്തിലെ ഭൂരിഭാഗം ആൾക്കാരും യാതനകളിൽ നിന്നുള്ള മോക്ഷത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾത്തന്നെ കേരളത്തിൽ ഇടുക്കിജില്ലയിലെ ഇഞ്ചിയാനി, വെട്ടിമററം, ഇളംദേശം, കലയന്താനി തുടങ്ങിയ പ്രദേശങ്ങളിലുള്ളവർ പാമ്പിനെ തിന്നുന്ന വസ്തുത നമുക്ക് നിഷേധിക്കാവുന്നതല്ല. ഇവരിൽ പ്രമുഖ സർപ്പഭോജി ഫാദർ കാട്ടാങ്കോട്ടിലാണ്, കർഷകനായ പതിക്കാട്ടു കൊച്ചനും കലയന്താനി പള്ളിയിലെ കപ്യാർ ഐപ്പും കലയന്താനി ഹൈസ്ക്കൂളിലെ ചില അദ്ധ്യാപകരും, പഴയിടത്തിൽ ദേവസ്യാച്ചൻ, ജോർജ്ജ്, ജോസഫ്. പിണക്കാട്ടിൽ കൊച്ചുപാറയ്ക്കൽ തൊമ്മൻ, കാടങ്കാവിൽ തോമസ്, പേഴമററം ജോൺ, കാഞ്ഞിരംപാറ തൊമ്മച്ചൻ, വെട്ടിമററം സ്കൂളിനടുത്തുള്ള വിമുക്തഭടനായ കെ. വി. ജോൺ, ഫാ: തോമസ് കാട്ടാങ്കോട്ട് തുടങ്ങി അനവധി പേർ സർപ്പഭോജികളാണ്.

(കലാകൗമുദി ലക്കം 524)

സർപ്പത്തെ എങ്ങനെയാണു് പാകംചെയ്യേണ്ടതെന്നു് സർപ്പഭോജിയായ പതിക്കാട്ട് മാതൃുവിൻെറ പത്നി പറയുന്നു:

“ആദ്യം ചെയ്യേണ്ടതു് തൊലി പൊളിച്ചുകളയുകയാണ്. വിഷമുള്ള ഇനങ്ങളാണെങ്കിൽ വിഷസഞ്ചിയുടെ താഴെവച്ചു് തല വെട്ടിക്കളയണം. നട്ടെല്ലിൻെറ ഇരുവശങ്ങളിലുമുള്ള ഇറച്ചി ഉരിഞ്ഞെടുക്കുക. വട്ടത്തിൽ കഷണിക്കാം. കുഴപ്പമില്ല. പക്ഷെ പാമ്പിൻ മുള്ളു് ഇറച്ചിയിൽ കാണുന്നതു് ചിലർക്കു് അരോചകമായ ഓർമ്മകളുണ്ടാക്കും; ആവശ്യമുള്ള വലിപ്പത്തിൽ കഷണങ്ങളാക്കുക. എണ്ണ ലേശം കൂടുതൽ വേണ്ടിവരും. ഇളം ചുവപ്പുനിറം വരുന്നതുവരെ ഇറച്ചി മൂപ്പിക്കണം. അപ്പോഴേക്കും ആസ്വാദ്യമായ ആ ഗന്ധം അടുക്കള നിറഞ്ഞുകഴിയും. ഇളം ചൂടോടെ കഴിക്കുവാൻ ഇത്രയും സ്വാദിഷ്ടമായ മറെറാരു ഡിഷ് ഇല്ല.

(കലാകൗമുദി, സെപ്റ്റംബർ 29-'85)

ഇടുക്കിയിൽ മാത്രമല്ല സർപ്പഭോജികളായ മനുഷ്യർ ഇന്നുള്ളതു്. വിയററ്നാമിലെ മനുഷ്യർ പാമ്പുമദ്യം കഴിക്കുന്നവരാണു്.

അടുത്തകാലത്തു് വിയററ്നാം സന്ദർശിച്ച പത്രപ്രവർത്തകനായ ഇടമറുകു് പറയുന്നതു് നോക്കുക:

"മദ്യത്തിന്റെ കാര്യം പറയുമ്പോൾ വിയററ്നാംകാരുടെ ചില പ്രത്യേക മദ്യങ്ങളുടെകാര്യം ഓർമ്മവരുന്നു. പാമ്പിൻമദ്യമാണു് അതിൽ ഒന്നു്. ഒരു പ്രത്യേകതരം മദ്യമുണ്ടാക്കിയിട്ടു് അതിൽ ജീവനുള്ള പാമ്പിനെ പിടിച്ചിടും. മൂന്നും നാലും വർഷം പാമ്പു് അതിൽ കിടക്കുമ്പോൾ ചത്ത പാമ്പിന്റെ ഉടലിൽനിന്നും പലതും മദ്യത്തിൽ അലിഞ്ഞുചേരും. ഈ മദ്യം വളരെ വിലപ്പെട്ടതാണു് ഇവിടെ. വലിയ വിലയും. വലിയ കടകളിൽ ഈ മദ്യം ലഭിക്കും. ഇതു കഴിച്ചാൽ വാതം, നാഡീക്ഷീണം തുടങ്ങിയവ പോകുമെന്നു് ഇവിടത്തുകാർ കരുതുന്നു. പാമ്പിൻമദ്യംപോലെതന്നെ പല്ലി മദ്യവും കിട്ടും. പാമ്പിനു പകരം പല്ലിയെയാണു് ഇട്ടിരിക്കുന്നതെന്നു മാത്രം. (കേരളശബ്ദം '86—ഫെബ്റുവരി 2)

മനുഷ്യർ പാമ്പിനെ ആഹാരമായി കഴിക്കുന്ന ഈ കാലത്തു് സർപ്പാരാധനക്കു് എന്തു വിലയാണുള്ളതു്?

## പതിനേഴ്

# പോലീസുകാർ കൊളുത്തുന്ന മകരവിളക്ക്

മകരസംക്രമദിനം സന്ധ്യയ്ക്കു് ശബരിമലയിൽനിന്നു നോക്കിയാൽ വടക്കുകിഴക്കായി ആകാശത്തിൽ മൂന്നുപ്രാവശ്യം പ്രത്യക്ഷപ്പെടുന്ന ദിവ്യജ്യോതിസ്സിനെയാണ് മകരവിളക്കെന്നു പറയുന്നതു്.

മത്സ്യമാംസാദികൾ വർജ്ജിച്ചുകൊണ്ടും മദ്യപാനം ഉപേക്ഷിച്ചുകൊണ്ടും കാലത്തും വൈകിട്ടും കുളിച്ചു് ക്ഷേത്രദർശനം നടത്തിക്കൊണ്ടും സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ടും ഋതുവായ സ്ത്രീകളെയും പ്രസവിച്ച സ്ത്രീകളെയും വീട്ടിൽനിന്നൊഴിവാക്കി താമസിപ്പിച്ചുകൊണ്ടും, ചുരുക്കംപറഞ്ഞാൽ ശരീരവും മനസ്സും ശുദ്ധിയാക്കിക്കൊണ്ടു് ശബരിമലയിൽനിന്നു് ദർശിക്കുന്ന ഒരാളിനേ മകരവിളക്കു് കാണുവാൻ കഴിയുകയുള്ളുവെന്നാണ് പഴയ ചട്ടം. മറിച്ചു് വ്രതാനുഷ്ഠാനങ്ങൾ പാലിക്കാത്തവർക്കും, സംശയാലുക്കൾക്കും മൂഢന്മാർക്കും മകരവിളക്കു് ദർശിക്കാനുള്ള സന്ദർഭം ലഭിക്കുകയില്ലെന്നുമാണ് പഴമക്കാർ പറയുന്നതു്.

മകരവിളക്കിനെക്കുറിച്ചു് ദിവ്യമായൊരു കഥയുണ്ടു്. അയ്യപ്പൻ ജനിച്ചതു് മകരസംക്രമവേളയിലായതിനാൽ മകരസംക്രമദിവസം ദീപാരാധനനേരം അയ്യപ്പന്റെ സാക്ഷാൽ ഇരിപ്പിടമായ

പൊന്നമ്പലമേട്ടിൽ ദേവതകളും ഋഷികളും ചേർന്ന് പൂജയും ദീപാരാധനയും നടത്തുന്നതാണ് ശബരിമലയിൽ നിന്നു കാണുന്ന ദിവ്യജ്യോതിസ്സ് എന്നാണ് ഐതിഹ്യം.

എന്നാൽ മകരജ്യോതിസ്സ് ഒരു ദിവ്യജ്യോതിസ്സല്ല. കാരണം പൊന്നമ്പലമേട്ടിൽ ദേവസ്വത്തിന്റെ നേതൃത്വത്തിൽ കർപ്പൂരവിളക്കു കൊളുത്തി ശബരിമലയിലേയ്ക്ക് കാണിക്കുന്നതു് തൊട്ടടുത്തു നിന്നു കണ്ട ഒരാളാണ് ഞാൻ. മുൻ വർഷങ്ങളിൽ എന്റെ പല സുഹൃത്തുക്കളും ഇതിനു് സാക്ഷ്യംവഹിച്ചിട്ടുണ്ട്. ആ വിവരം ചുവടെ ചേർക്കാം:

## മകരവിളക്കു് മുൻവർഷങ്ങളിൽ

1973-ൽ കൊല്ലം ആയൂർ സ്വദേശിയായ കെ. പി. സ്വാമിയും രാമദേവനുമടക്കം ഇരുപത്തിനാലു പേർ പൊന്നമ്പലമേട്ടിൽ ചെല്ലുകയും പടക്കവും അമിട്ടും പൊട്ടിക്കുകയുമുണ്ടായി. ശബരിമലയിൽ നിന്നവർ ഇതു കാണുകയും അന്നത്തെ ദേവസ്വം ബോർഡ് പ്രസിഡൻറായിരുന്ന ബി. മാധവൻനായർ പൊന്നമ്പലമേട്ടിൽ ചെന്നു ദിവ്യസന്നിധി കളങ്കപ്പെടുത്തിയ സാമൂഹ്യദ്രോഹികളെ പോലീസ് പിടികൂടണമെന്നു് പ്രസ്താവന നടത്തുകയുമുണ്ടായി, ഇതിനെ തുടർന്നു് പോലീസ് സ്വാമിയെയും സംഘത്തെയും അറസ്ററുചെയ്യുകയുണ്ടായി. എന്നാൽ കേസ് ചാർജ്ജുചെയ്യാൻ വകുപ്പില്ലാത്തതിനാൽ അവരെ വിട്ടയക്കുകയാണുണ്ടായതു്. അതിനുശേഷം 1980-ൽ തിരുവനന്തപുരത്തുനിന്ന് ധനുവച്ചപുരം സുകുമാരന്റെയും തൃശൂരിൽ നിന്നും ടി. എൻ. ഭദ്രന്റെയും നേതൃത്വത്തിലുള്ള ഒരു സംഘം പൊന്നമ്പലമേട്ടിൽ ചെല്ലുകയുമുണ്ടായി. കേരളാ ഇലക്ട്രിസിററിബോർഡിലെ ഡ്രൈവറായ ഗോപിയാണ് മകരവിളക്ക് കൊളുത്തിക്കാണിക്കുന്നതെന്നു് അവർ മനസ്സിലാക്കുകയും 1980 ഡിസംബർ 1-ാംതീയതിയിലെ കേരളകൗമുദിയിലൂടെ ഈ വിവരം അവർ വെളിപ്പെടുത്തുകയുമുണ്ടായി. 1981-ൽ വീണ്ടും തിരുവനന്തപുരത്തുനിന്നും എം. പി. ശ്രീധരന്റെയും ധനുവച്ചപുരം സുകുമാരന്റെയും നേതൃത്വത്തിൽ 50 പേരും തൃശൂരിൽനിന്നു് ഉണ്ണി കാക്കനാടിന്റെയും എ. വി. ജോസി

ൻെറയും ടി. എൻ. ഭദ്രൻെറയും നേതൃത്വത്തിൽ 59 പേരും, ആലപ്പുഴ, എറണാകുളം, ചാലക്കുടി, ഗുരുവായൂർ എന്നീ ഭാഗങ്ങളിൽ നിന്നും ഇരുപത്തഞ്ചുപേരും അടങ്ങിയ ഒരു സംഘം പൊന്നമ്പലമേട്ടിൽ പോയിരുന്നു. ആ വർഷം ദേവസ്വം പ്രതിനിധികളും ഫോറസ്റ്റധികൃതരും ഇലക്ട്രിസിററി ബോർഡിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരും മകരവിളക്ക് കൊളുത്തിക്കാണിക്കുന്നതിനു സംബന്ധിച്ചിരുന്നു. ഗോപി തന്നെയാണ് ആ വർഷവും കൊളുത്തിക്കാണിച്ചതു്. ഈ ജനവഞ്ചന നിർത്തണമെന്നു് അവരോടു പറഞ്ഞുവെങ്കിലും അവർ കേട്ടിരുന്നില്ല. അവസാനം പൊന്നമ്പലമേട്ടിൽ ചെന്നവർ മത്താപ്പ്, എലിവാണം തുടങ്ങിയ വെടിമരുന്നുപ്രയോഗങ്ങൾ നടത്തുകയുണ്ടായി. ഈ വിവരം ശബരിമലയിൽനിന്നു കണ്ട പ്രമുഖ പത്രങ്ങൾ (കേരളകൗമുദി, മാതൃഭൂമി, മനോരമ, ദീപിക) റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. 1982-ലും ഒരു സംഘം യുക്തിവാദികൾ പോയിരുന്നു. 1983-ൽ പോയ യുക്തിവാദികളെ പോലീസ് മൃഗീയമായി തല്ലിച്ചതച്ചശേഷം മകരവിളക്കു കൊളുത്തിക്കാണിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് 1983 ഫെബ്രുവരി, മാർച്ചുമാസം 'രണരേഖ'യുടെ ലക്കങ്ങളിൽ കല്ലിയൂർ പ്രസന്നരാജ് എഴുതിയ റിപ്പോർട്ട് ശ്രദ്ധേയമാണ്. 1984-ലും 1985-ലും ഈ ഗ്രന്ഥകാരനുണ്ടായ അനുഭവങ്ങൾ ഇതിനോടൊപ്പം ചേർക്കുന്നു. 1985-നു ശേഷമുള്ള വർഷങ്ങളിലെ റിപ്പോർട്ടു ലഭിച്ചിട്ടില്ല.

## 1984-ലെ മകരജ്യോതിസ്

1983-ൽ പൊന്നമ്പലമേട്ടിൽപോയ പ്രതാപനും ഞാനും കൊല്ലം കെ. എസ്. ആർ. ററി. സി. ബസ് സ്റ്റാൻഡിൽനിന്നും കക്കി-പമ്പ ബസിൽ പൊന്നമ്പലമേട്ടിലേയ്ക്കു തിരിച്ചു. മൂഴിയാറിൽചെന്നപ്പോൾ മൂഴിയാറുമുതൽ പമ്പയ്ക്കുള്ള റോഡ് റിപ്പയറിലായതിനാൽ ബസ് പമ്പയ്ക്കുള്ള ബോർഡാണ് വെച്ചിട്ടുള്ളതെങ്കിലും മൂഴിയാറുവരെയുള്ളുവെന്നറിയിച്ചു. വീണ്ടും ഞങ്ങൾ നിരാശരായി. എന്നാൽ അവിടുത്തെ പോലീസ് സ്റ്റേഷനിൽ അന്നു് ജോലിചെയ്തുകൊണ്ടിരുന്ന പോലീസ് കോൺസ്റ്റബിൾ ബാവായെ സ്റ്റേഷനിൽ

കയറി കണ്ടു. ഞങ്ങൾ പരിചയക്കാരായിരുന്നു. കാരണം ഞാനന്നു പോലീസ് ഡിപ്പാർട്ടുമെൻറിൽ പോലീസുകാരനായി ജോലി നോക്കുകയായിരുന്നു. ബാവ ഉടനേ എന്നോടു പറഞ്ഞു:

"നീയെന്തു മണ്ടനാ, ഇന്നലെ വൈകിട്ടു വന്നിരുന്നെങ്കിൽ നമ്മുടെതന്നെ എത്ര വണ്ടികളുണ്ടായിരുന്നു. ഇവിടുന്നുതന്നെ എത്രയെണ്ണം പോയെന്നറിയാമോ?" ഞാൻ പറഞ്ഞു. "സാരമില്ല. ഇനിയേതെങ്കിലും വണ്ടി ഇവിടെ വരുന്നുണ്ടെങ്കിൽ ഒന്നു കയററിവിട്ടാൽ മതി."

"ശരി. ഞാനേററു" ബാവ പറഞ്ഞു.

ഞങ്ങൾ കാൻറീനിൽ കയറി കാപ്പി കുടിച്ചു. ഇറങ്ങിവന്നപ്പോൾ അടിവാരത്തിൽ നിന്നും ഒരു വണ്ടിയുടെ ശബ്ദം കേട്ടു. അതൊരു ലോറിയായിരുന്നു. താമസിയാതെ അതു മുകളിൽ വന്നു. സ്റ്റേഷൻെറ വാതിലിൽ വന്നപ്പോൾ എൻെറ പോലീസ് സഹൃത്ത് കൈകാട്ടി. ലോറി സഡൻബ്രേക്കിട്ട് നിന്നു.

"പമ്പയ്ക്കു പോകുകയാണോ?"

"ആണ് സാർ"—ഡ്രൈവർ പറഞ്ഞു.

"ദാ, ഇവരെക്കൂടി കയററിക്കോ. നമ്മുടെ ആൾക്കാരാ."

അങ്ങനെ ഞങ്ങളും ആ ലോറിയിൽ കയറി യാത്രയായി.

ഏകദേശം പത്തുപതിനഞ്ചു കിലോമീററർ ഓടിക്കഴിഞ്ഞപ്പോൾ പ്രധാന റോഡുവിട്ടു ലോറി വലത്തോട്ടു തിരിഞ്ഞ് ഓടുവാൻ തുടങ്ങി. അപ്പോൾ ഞങ്ങൾക്കൊരു സംശയംതോന്നി. "പമ്പയ്ക്കാണോ ഇതു പോകുന്നതു്?" ഞാൻ ചോദിച്ചു.

"അല്ല. ഞങ്ങൾ ഈററ കയററാൻ പോകയാണ്." എന്നിട്ടവർ ഒരു സ്ഥലത്തിൻെറ പേർ പറഞ്ഞു.

"എങ്കിൽ ഞങ്ങളെ ഇവിടെയിറക്കൂ."

വണ്ടി നിറുത്തി.

ഞങ്ങൾ ഇറങ്ങി.

ലോറി പോയി.

ചുററും കാട്ട്. ഇടയ്ക്കു് ചില കിളികളുടെ ചിലയ്ക്കൽ. ഞങ്ങൾക്കു് എങ്ങോട്ടു പോകണമെന്നറിയില്ല. ഇനി എന്തുചെയ്യും?

ഞാൻ പറഞ്ഞു. എന്തായാലും നമുക്ക് മുന്നോട്ടുതന്നെ പോകാം.

ഞങ്ങൾ നടന്നു.

മണിക്കൂറിൽ നാലഞ്ചു കിലോമീററർ കടന്നുപോകത്തക്ക വേഗതയിലായിരുന്നു ഞങ്ങൾ നടന്നുകൊണ്ടിരുന്നതു്. 6 മണിക്കു മുമ്പ് അവിടെ ചെല്ലണമല്ലോ. അല്ലെങ്കിൽ വിഫലശ്രമമായി പ്പോകും.

മണിക്കൂറുകൾ നടന്നുകഴിഞ്ഞപ്പോൾ പമ്പക്കടുത്തുവെച്ച് ഒരു പുല്ലുവെട്ടുകാരൻ പറഞ്ഞു "നിങ്ങൾ വളരെ വേഗം പോകാമെങ്കിൽ പമ്പയിൽനിന്നും കൊച്ചുപമ്പ വഴി ആനത്തോട്ടിലേയ്ക്കു് പോകുന്ന ബസുണ്ട്. അതിൽ കൊച്ചുപമ്പയിൽ ഇറങ്ങാം." വളരെയധികം നടന്നുകഴിഞ്ഞ ഞങ്ങൾക്കു് അതൊരാശ്വാസം പകർന്നു. ഞങ്ങൾ വീണ്ടും നടക്കാൻതുടങ്ങി.

പമ്പ പോസ്ററാഫീസിന്റെ മുൻവശത്തുവെച്ച് ഞങ്ങൾക്കു ബസ് കിട്ടി. അരമണിക്കൂറിനകംതന്നെ ഞങ്ങൾ കൊച്ചുപമ്പയിൽ എത്തി. കൊച്ചുപമ്പയിൽ ചെന്നപ്പോൾ ജീപ്പുകൾ ഓരോന്നായി പൊന്നമ്പലമേട്ടിലേയ്ക്കു് വന്നുകൊണ്ടിരുന്നു. ഏകദേശം നാലു കിലോമീററർ നടന്നപ്പോൾ പൊന്നമ്പലമേട്ടിൽ മകരജ്യോതി കൊളുത്തിക്കാണിക്കുന്ന ഉയർന്ന കുന്നിന്റെ അടിവാരത്തെത്തി. രണ്ടു മൂന്നു കുന്നുകളിൽ ഏററവും ഉയർന്ന കുന്നിലാണു് ജ്യോതി കൊളുത്തിക്കാണിക്കുന്നതു്. അപ്പോൾ അവിടെ പത്തിരുപതു് ജീപ്പ് കിടക്കുന്നുണ്ടായിരുന്നു.

ഏതാനും ചുവടുകൾ വെച്ചാൽ ജീപ്പുപാതവിട്ട് കുന്നിലേയ്ക്കു് കയറാം. ഞങ്ങളുടെ മുമ്പെ അഞ്ചാറുപേർ നടന്നുപോകുന്നുണ്ടായിരുന്നു. അവരുടെ മുമ്പിലേയ്ക്കു് ഒരു ജീപ്പ് ഓടിവന്നു് സഡൻബ്രേക്കിട്ടു നിന്നു. പെട്ടെന്നൊരു സബ്ഇൻസ്പെക്ടർ ചാടിയിറങ്ങിവന്നു.

"എവ്ടെപ്പോന്ന്റാ?"

തലമുടി വളർത്തിയ സുമുഖനായൊരു ചെറുപ്പക്കാരൻ അതിലു ണ്ടായിരുന്നു. അയാൾ എന്തോ മറുപടി പറഞ്ഞു.

ഉടൻ സബ്ഇൻസ്പെക്ടർ അവൻെറ വളർന്ന തലമുടിയിൽ ചുററി പ്പിടിച്ചുകൊണ്ടു് തറയിലേയ്ക്കുടിച്ചിരുത്തി.

"യ്യോ...ഞങ്ങള്് സത്യാന്വേഷികളാ, സത്യാന്വേഷികളാ..." ചെറുപ്പക്കാരൻ പറഞ്ഞു.

"ന്ൻെറ തന്തയെങ്ങനെയാ ഒണ്ടായതെന്നു ആദ്യം പോയി അന്വേഷിച്ചിട്ടു വാ. പിന്നിങ്ങോട്ടു വന്നാ മതി."

അവരെ അവിടെ ജീപ്പ്പാതയുടെ അരികിലേയ്ക്കു് മാററിയി രുത്തി.

"ഒററയൊരെണ്ണം ഇവ്ടുന്നനങ്ങിപ്പോകരുതു്." ഇൻസ്പെക്ടർ അലറി.

ഇതു കണ്ട ഞങ്ങൾ ഒന്നു ഞെട്ടി. കഴിഞ്ഞ വർഷം പ്രതാപ ൻെറ കഴുത്തിനു കുത്തിപ്പിടിച്ച സബ്ഇൻസ്പെക്ടർ കൂടെ നില്ക്കുന്നു! പ്രതാപൻ ആകെ തളർന്നു.

ഞാൻ പറഞ്ഞു, സാരമില്ല.

ഞങ്ങൾ രണ്ടും കല്പിച്ചു് വീണ്ടും മുന്നോട്ടു നീങ്ങി. അപ്പോൾ സ്ററാർട്ടുചെയ്ത ജീപ്പ് വീണ്ടും സഡൻ ബ്രേക്കിട്ടു് ഞങ്ങളുടെ മുമ്പിൽ കുതിച്ചുനിന്നു.

ഞാൻ പോലീസുകാരനാണെങ്കിലും ഇവർക്കാർക്കും എന്നെ പരി ചയമില്ല. ഞാൻ സർവീസിൽ കയറിയിട്ടു് അന്നു് കുറെ നാളുകൾ മാത്രമേ ആയിരുന്നുള്ളു. പിന്നൊട്ടും ഞാൻ അമാന്തിച്ചില്ല. ഇവിടെ രക്ഷപെടുകയാണ് വേണ്ടതു്. സൈന്യത്തിൽ മേൽ ഓഫീസ്സറെ കാണുമ്പോൾ ചെയ്യേണ്ട ആചാരം ഞാനങ്ങു ചെയ്തു.

ഒരൊററ സല്യൂട്ടു്.

ഉടൻ ആ സബ് ഇൻസ്പെക്ടർ പറഞ്ഞു.

ങേ! പോലീസുകാരൻ.

"സർ.... പോലീസുകാരൻ!"

ഉടൻ ഇടതുവശത്തു നിന്നും മറെറാരു സബ് ഇൻസ്പെക്ടർ ചാടിയിറങ്ങി. പെട്ടെന്ന് എനിക്കു് ആളിനെ മനസ്സിലായി. എസ്. ഐ. സത്യരാജൻ! കുണ്ടറ പോലീസ് സ്റേറഷനിലെ സബ് ഇൻസ്പെക്ടർ. അദ്ദേഹത്തിനും വെച്ചുകൊടുത്തു ഞാനൊരു സല്യൂട്ട്.

"ങാ..... പോലീസുകാരനാണോ?"

"അതേ."

"ഇയാളോ?" പ്രതാപനെ ചൂണ്ടി ചോദിച്ചു.

"കൂടെ വന്നതാ."

"തന്റെ പേരെന്താ?"

"ശ്രീനിയെന്നാ."

"താൻ എവിടുത്തെ പോലീസുകാരനാ?" അപ്പോൾ സ്വരം മാററി.

"സർ! ഞാൻ....കൊല്ലം എ. ആർ. ക്യാമ്പിലെ—"

"ഞാനിങ്ങനെയൊരു പോലീസുകാരനെ കണ്ടിട്ടില്ലല്ലോ."

"ഉണ്ടു് സർ. എന്റെ നമ്പർ 3497 എന്നാ...."

"ങാം."

"ശരി......ഇവരെ മുകളിലേയ്ക്കു കയററിവിട്ടേരെ. ഇവരു് നമ്മുടെ ആൾക്കാരാ."

ജീപ്പുടൻ ഇളകി. അപ്പോൾ ആദ്യം കണ്ട എസ്. ഐ. പറഞ്ഞു. "നിങ്ങൾ ആ ബാഗ് എല്ലാം ഇവിടെ നമ്മുടെ വണ്ടിയിൽ വെച്ചിട്ടുപോ. അതെല്ലാംകൊണ്ടു് മുകളിലോട്ടുപോകാൻ ബുദ്ധിമുട്ടാ."

ഞങ്ങൾ നടക്കാൻ തിരിഞ്ഞപ്പോൾ എസ്. ഐ. സത്യരാജൻ പറഞ്ഞു.

"നിങ്ങൾ മുകളിലോട്ടു ചെല്ലുന്നതു സൂക്ഷിച്ചുവേണം. അവിടെ ഡി. വൈ. എസ്. പി. അദ്ദേഹമൊക്കെ ഇരുപ്പുണ്ടു്."

ഞാൻ തലകുലുക്കി.

ജീപ്പ് മുന്നോട്ടു കുതിച്ചു.

ഞങ്ങൾ മുമ്പോട്ടു നടന്നു.

കുന്നുകയറാൻ തുടങ്ങുമ്പോൾ കൊല്ലം എ. ആർ. ക്യാമ്പിലെ ടെമ്പോയിൽ പരിചിതനായ ഡ്രൈവർ അംബുജാക്ഷൻപിള്ള. അദ്ദേഹം ചിരിച്ചു. പിന്നെ താമസിച്ചില്ല. ഞങ്ങളുടെ ബാഗ് വണ്ടിക്കുള്ളിലേയ്ക്കു് വാങ്ങിവെച്ചു. എന്നിട്ടു ഞാനും പ്രതാപനും മുകളിലോട്ടു കയറി.

മുകളിലോട്ടു് ഒററയടിപ്പാതയിലൂടെ ജ്യോതി കൊളുത്തുന്ന ഭാഗത്തേയ്ക്കു് നടന്നപ്പോൾ മുകളിൽ ഒരുപററം പോലീസുകാർ നില്ക്കുന്നതു ഞാൻ കണ്ടു. മുകളിലോട്ടു നടന്നുചെല്ലുമ്പോൾ പോലീസുകാരുടെ ഇടയിൽ കസേരയിൽ കണ്ണാടിവെച്ചു് കറുത്ത തടിച്ച ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. എനിക്കു് കണ്ടയുടനെ ആളിനെ മനസ്സിലായി. കൊല്ലം ക്രൈം ഡിററാച്ച്മെൻറ് ഡി. വൈ. എസ്. പി. പി. ഗോപാലകൃഷ്ണപിള്ള (ഇപ്പോൾ റിട്ടയർചെയ്തു). പോലീസുകാരിൽ മൂന്നുപേർ തോക്കുധാരികളായിരുന്നു. ചില സിവിൽ വേഷധാരികളും അതോടൊപ്പം ഉണ്ടായിരുന്നു. അവർ ബൈനാക്കുലർ ഉപയോഗിച്ചു് ശബരിമലയിലേയ്ക്കു മാറി മാറി നോക്കുന്നുണ്ടായിരുന്നു. ദേവസ്വം ബോർഡുു് പ്രതിനിധികളും ഇലക്ട്രിസിററി ബോർഡുു് ഉദ്യോഗസ്ഥന്മാരും ഫോറസ്ററു് ഉദ്യോഗസ്ഥന്മാരുമായിരുന്നു അവർ.

ജ്യോതി കത്തിച്ചുകാണിക്കുന്ന ഭാഗത്തിനു വലതുമാറി എതിർവശത്തായി കുറേ മരങ്ങൾ നിൽപ്പുണ്ടു്. അതിനു തൊട്ടടുത്തുള്ള സാമാന്യം ചെറുതല്ലാത്ത പാറയിൽ വെട്ടിയ, വെള്ളമുള്ള ഒരു കുളമുണ്ടു്. കൊളുത്തുന്ന ഭാഗത്തു് പത്തടിയോളം പൊക്കമുള്ള ഒരു വൃക്ഷമുണ്ടു്. അതിൻെറ ചുവട്ടിനു തൊട്ടടുത്തുവച്ചാണു് ജ്യോതി കൊ

ളുത്തിക്കാണിക്കുന്നതു്. ഇതിൻെറ മറുവശം ആകാശത്തേയ്ക്കുള്ള ദൂരം പോലെ അഗാധമായ ഗർത്തമാണ്. ഈ ഭാഗം ശബരിമലയിലേയ്ക്കു തള്ളിനിൽക്കുന്ന ഒരു പാറയാണ്. ഇവിടെനിന്നു നോക്കിയാൽ ശബരിമല കാണാവുന്നതാണു്. ഒരുകൂട്ടം നക്ഷത്രങ്ങൾപോലെ കുറെ വെളിച്ചം മാത്രമായി. അവിടെ വയ്ക്കുന്ന നേർച്ചവെടിയുടെ പ്രകാശം കണ്ടു് ഒരു മിനിട്ടു കഴിഞ്ഞാണ് അതിൻെറ ശബ്ദം നാം കേൾക്കുന്നതു്. അത്രയും ദൂരമുണ്ടു്. ഈ പാറയിൽ ഒരിടത്തു് പൊടിയൻ ചന്ദ്രൻ, സ്വാമിദാസൻ എന്നും ഒരു ശൂലത്തിൻെറ രൂപവും ഒരു നക്ഷത്രവും കൊത്തിവെച്ചിട്ടുണ്ടു്.

ഞാൻ നാലുമണിയോടുകൂടിയാണ് അവിടെ ചെന്നതു്. നാലുമണിമുതൽ ഞാൻ അവിടെ നടക്കുന്ന ഓരോ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. ഒരടിയോളം വ്യാസവും മുക്കാൽ അടിയോളം പൊക്കവുമുള്ള ഒരു കരിപുരണ്ട പഴയ അലുമിനിയം ചരുവത്തിൽ ഉമിയിട്ടതിനുശേഷം കുറേ കർപ്പൂരം തട്ടിയിട്ടു. ആ പാത്രം അവിടെ മാററിവെച്ചിരുന്നു. തൊട്ടടുത്തു് രണ്ടു ഫോറസ്ററ് ഉദ്യോഗസ്ഥന്മാർ നനഞ്ഞ ചാക്കുമായി അവിടെ ഇരിക്കുന്നുണ്ടായിരുന്നു.

നേരം ആററര മണിയോടടുത്തപ്പോൾ പൊന്നമ്പലമേട്ടിൽ ഒരുത്സവത്തിനെന്നപോലെ ആൾക്കാർ തടിച്ചുകൂടി. 90 വയസ്സോളം പ്രായമുള്ള ഒരു വൃദ്ധയും രണ്ടു് സ്ത്രീകളും രണ്ടു് പെൺകുട്ടികളും രണ്ടു് ആൺകുട്ടികളും ഹിന്ദുസ്ഥാൻ പേപ്പർ മില്ലിലെ ചില ജോലിക്കാരും കുറേ പൊന്നമ്പലമേട്ട് നിവാസികളും കൂടി ചേർന്നതായിരുന്നു ആ ആൾക്കൂട്ടം.

ഞാൻ ഡി. വൈ. എസ്. പി. യുടെ അടുത്തായിരുന്നു നിന്നിരുന്നതു്. അപ്പോൾ അദ്ദേഹത്തിൻെറ കയ്യിലിരുന്ന ട്രാൻസിസ്ററർ ശബരിമലയിലെ ദിവ്യജ്യോതിയെക്കുറിച്ചുള്ള ദൃക്സാക്ഷിവിവരണം തുടങ്ങിയിരുന്നു.

"ഇതാ മകരജ്യോതി പ്രത്യക്ഷപ്പെടാൻ പോകുന്നു...... ഇതാ മകരജ്യോതി പ്രത്യക്ഷപ്പെടാൻ പോകുന്നു. ഏതാനും നിമിഷങ്ങൾക്കകം...." അങ്ങനെ കമൻററി തുടർന്നുകൊണ്ടിരുന്നു.

എല്ലാപേരും ജ്യോതി കൊളുത്തുന്നതു കാണുവാൻ ആകാംക്ഷാഭരിതരായി നിൽക്കവേ ഡി. വൈ. എസ്. പി. പോലീസുകാരോട് ചോദിച്ചു.

"തിരുവാഭരണം ചാർത്തി നട അടച്ചുകഴിഞ്ഞ് തുറക്കുമ്പോഴെന്നല്ലേ പറഞ്ഞതു്?"

പോലീസുകാരൻ "സർ" എന്നു മൂളി.

ഏതാനും നിമിഷങ്ങൾക്കകം റേഡിയോ കമൻററി കേട്ടു. "തിരുവാഭരണം ചാർത്തിക്കഴിഞ്ഞു. നടയിതാ തുറക്കുന്നു. ഇതാ ആ അത്ഭുതശക്തി വിളിച്ചോതുന്ന ജ്യോതി ഇതാ പ്രത്യക്ഷപ്പെടുന്നു . . . ."

ഇതു കേട്ടയുടൻ ഡി. വൈ. എസ്. പി. പറഞ്ഞു.

"കൊളുത്തിക്കോ."

"കൊളുത്തിക്കോ."

പിന്നൊരു നിമിഷം താമസിച്ചില്ല. നേരത്തേ തയ്യാറാക്കി വെച്ചിരുന്ന അലൂമിനിയം ചരുവത്തിലേക്കു് ഒരു ഫോറസ്ററു് ഉദ്യോഗസ്ഥൻ തീപ്പെട്ടിക്കൊള്ളി ഉരച്ചുവെച്ചു. തീ പാത്രത്തിൽ നിന്നും ഒരു കുടംപോലെ ഉയർന്നു. തൽക്ഷണം ഒരു ഇലക്ട്രിസിററിബോർഡു്ജീവനക്കാരൻ അതെടുത്തു തലക്കുമുകളിലേക്കു് ഉയർത്തിപ്പിടിച്ചു. ഒരുനിമിഷം അങ്ങനെനിന്നശേഷം പാത്രം താഴ്ത്തിവെച്ചു. അപ്പോൾ മററു രണ്ടു ഫോറസ്ററുകാർ മുൻകൂട്ടി നനച്ചുവെച്ചിരുന്ന രണ്ടായി മടക്കിയ ചാക്കുകഷണം ചരുവത്തിനു മുകളിലേക്കു് തീ അണയത്തക്കവിധം പാടെ ശക്തിയായി ഇട്ടു.

രണ്ടാമതു് വീണ്ടും ആദ്യം ചെയ്തപോലെ പാത്രം കത്തിച്ചുയർത്തിയപ്പോൾ ഡി. വൈ. എസ്. പി. പറഞ്ഞു.

"ഇങ്ങനെ ഉയർത്തിയാൽ അവിടെ നില്ക്കുന്നവരു് കാണത്തില്ല. അല്പം ചരിച്ചുകൊട്ടു്."

അങ്ങനെ ചരിച്ചാണ് പിന്നീടു് രണ്ടുതവണ കാണിച്ചതു്. ആ വർഷം രണ്ടു ജ്യോതിയെ കണ്ടുള്ളുവെന്നു് പത്രങ്ങൾ പറയുന്നു. കാരണമിതാണു്.

അതോടുകൂടി ആ വർഷത്തെ ദിവ്യജ്യോതി കൊളുത്തൽ തീരുകയും ഞങ്ങൾ ബാഗ് വെച്ച ക്യാമ്പിലെ ടെമ്പോയിൽ കയറി പമ്പ വരെ വരുകയും ചെയ്തു. അടുത്ത വർഷം (1985) ഒന്നുംകൂടി പരിശോധിക്കുന്നതിനായി ഞാൻ പൊന്നമ്പലമേട്ടിലേയ്ക്ക് പുറപ്പെട്ടു. എൻെറകൂടെ ഒരു പോലീസ് സുഹൃത്ത് രാജേന്ദ്രബാബു കൂടി ഉണ്ടായിരുന്നു.

പഴയതുപോലെ കക്കി–പമ്പ ബസിൽ ഞങ്ങൾ പമ്പാ ഡാമിലെത്തി. അവിടെ ചെല്ലുമ്പോൾ ക്യാമ്പിലെ ഡ്രൈവർ സോമൻ പമ്പാകാൻററീനടുത്തുണ്ടായിരുന്നു. ഏകദേശം പതിനഞ്ചു കിലോമീററർ യാത്രചെയ്യാനുള്ളതുകൊണ്ട് സോമൻ പറഞ്ഞു, ഇവിടെ നിന്നും ഓഫീസ്സേഴ്സ് പോകുന്ന ജീപ്പുണ്ട്. അതിൽ വേണമെങ്കിൽ നിങ്ങൾക്കു പോകാം "എങ്കിൽ ഉപകാരമായി" ഞാൻ പറഞ്ഞു.

സോമനോടു ഞാൻ ചോദിച്ചു.

"ആരാണ് ചാർജ്ജ്."

"ഡി. വൈ. എസ്. പി. അദ്ദേഹമാണ്. ടി. ബി. യിലുണ്ട്."

"എങ്കിൽ ഞങ്ങൾ അദ്ദേഹത്തെ കാണുവാൻ പോകുകയാണ്." ഞാൻ പറഞ്ഞു.

ഞങ്ങൾ നേരേ ടി.ബി. യിലേയ്ക്കു ചെന്നു. അവിടെ ചെല്ലുമ്പോൾ ഡി. വൈ. എസ്. പി. ഗോപാലകൃഷ്ണപിള്ള അവിടെ ഒരു വട്ടമേശയുടെ മുന്നിൽ മററൊരാളുമായി ഇരിപ്പുണ്ടായിരുന്നു. ഞങ്ങളെ കണ്ടയുടനെ ഒരു കൊലപ്പുള്ളിയെ നോക്കുന്നതുപോലെ അദ്ദേഹം നോക്കി. ഉടനേതന്നെ പഴയതുപോലെ ഞാൻ അദ്ദേഹത്തിനൊരു സല്യൂട്ടുചെയ്തു. ഒപ്പം രാജേന്ദ്രബാബുവും.

"പോലീസുകാരാണോ?"

"അതെ."

"ഡ്യൂട്ടിയ്ക്കു വന്നതാണോ"

"അല്ല."

"പിന്നെന്തിനു വന്നു?"

"എന്തിനു വന്നു?"എന്ന് ഡി. വൈ. എസ്. പി. അലറുവാൻ തുടങ്ങി. അലർച്ച കേട്ട് മറെറാരു മേശയ്ക്കു ചുററും ചീട്ടുകളിച്ചുകൊണ്ടിരുന്ന രണ്ട് കെ. എ. പി. സർക്കിൾ ഇൻസ്പെക്ടർമാരും, തിരുവനന്തപുരം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കുര്യാക്കോസും കഴിഞ്ഞ വർഷം വാനിലുണ്ടായിരുന്ന സബ് ഇൻസ്പെക്ടറും പുലിക്കുട്ടികളെപ്പോലെ ഓടിവന്നു.

ഡി. വൈ. എസ്. പി. ചോദ്യം ആവർത്തിക്കുവാൻ തുടങ്ങി.

"നിൻെറ പേരെന്താ?"

"ശ്രീനി."

"എവിടെയാ നിൻെറ സ്ഥലം?"

"പട്ടത്താനം."

"നിൻെറ പേരെന്താ?" സുഹൃത്തിനോടു ചോദിച്ചു.

രാജേന്ദ്രബാബു. സ്ഥലം ആശ്രാമം.

"നിങ്ങളെന്തിനിവിടെ വന്നു?"

മകരജ്യോതിസ്സ് കൊളുത്തുന്നതു കാണുവാൻ വന്നു എന്നു തോന്നിക്കുംവിധം ചിരിച്ച് ഞാൻ ബോദ്ധ്യപ്പെടുത്തി.

അപ്പോൾ വീണ്ടും ആവർത്തിച്ചു.

"നിങ്ങളെന്തിനിവിടെ വന്നു?"

അവസാനം ഞാൻ പറഞ്ഞു.

പൊന്നമ്പലമേട്ട് കാണാൻവന്നതാണ്."

"സ്ഥലം കാണുവാൻ നിനക്കൊക്കെ ഇന്നേ സമയം കിട്ടിയുള്ളോ?"

ഞാൻ പറഞ്ഞു.

"അതേ. ഇന്നാകുമ്പോൾ നമ്മുടെയൊക്കെ ആൾക്കാരുണ്ടല്ലോ. മറെറാരു ദിവസമാകുമ്പോൾ അതുണ്ടാകില്ലല്ലോ. അതുകൊണ്ടാണ്."

"ഓ. ഇവൻ യുക്തിവാദിസംഘക്കാരനാ."

"നിങ്ങളെന്തിനിവിടെ വന്നു? നിൻെറയൊക്കെ ഉദ്ദേശമെന്താ?"

"ഇവന്മാരു് സാധാരണക്കാരല്ല. ഇവനൊക്കെ ഇന്ദിരാഗാന്ധിയെ കൊന്നവരിൽപ്പെട്ടവരാണു്. അത്രത്തോളം നമ്മുടെ സൈന്യം ഇന്നു് അധഃപതിച്ചിട്ടുണ്ടു്. എല്ലാ വിഭാഗത്തിൽപ്പെട്ടവരും നമ്മുടെ സൈന്യത്തിൽ കടന്നുകൂടിയിട്ടുണ്ടു്."

"ബാഗിലെന്തൊക്കെയുണ്ടു്....റാ. എല്ലാം പെറുക്കിയിടു്."

ഞങ്ങൾക്കു രണ്ടുപേർക്കുംകൂടി ഒരു കിററായിരുന്നു.

പെട്ടെന്നു് സർക്കിൾ ഇൻസ്പെക്ടർ കുര്യാക്കോസ് ബാഗിൽ നിന്നും എല്ലാ സാധനങ്ങളും പെറുക്കിയിട്ടു.

"ക്യാമറയുണ്ടോന്നു നോക്കൂ."

"ഇല്ല സർ." കുര്യാക്കോസ് മറുപടിപറഞ്ഞു.

അപ്രതീക്ഷിതമായി ഒരു തുണ്ടു പേപ്പറും ഒരു ഡോട്ടു് പെന്നും അതിൽ കണ്ടു.

"ഓഹോ! പൊന്നമ്പലമേട്ടു് കാണാൻവന്നവരു് പേപ്പറും പേനയും എന്തിനു കൊണ്ടുവന്നു? ഓ—മകരജ്യോതി കൊളുത്തുവാൻ ആരെല്ലാം വന്നെന്നു റിപ്പോർട്ടുചെയ്യാനായിരിക്കും. ഉള്ള സത്യം പറ. നീയൊക്കെ എന്തിനു വന്നു?"

പോലീസിൻെറ സർവ ഭീകരനിറവും അപ്പോൾ പ്രത്യക്ഷമായിരുന്നു.

ഞങ്ങൾ മറുപടി പറഞ്ഞില്ല.

ഡി വൈ. എസ്. പി. പറഞ്ഞു.

"ശരി. ഒരു വ്യവസ്ഥ. ഒന്നുകിൽ നിങ്ങൾ മടങ്ങിപ്പോകണം. അല്ല സന്ധ്യവരെ നില്ക്കുന്നുവെങ്കിൽ അവിടെച്ചെന്നു സസ്പെൻഷൻ ഒപ്പിട്ടുവാങ്ങി പണികളഞ്ഞു് പൊയ്ക്കോണം. എന്തു പറയുന്നു?"

ഉടൻ എനിക്ക് കാര്യം മനസ്സിലായി. നിന്നാൽ കാണുവാൻ അനുവദിക്കുകയില്ല. മർദ്ദനമേൽക്കേണ്ടിവരികയും ചെയ്യും. അതു കൊണ്ട് ഞാൻ പറഞ്ഞു.

"തിരിച്ചുപൊയ്ക്കൊള്ളാം."

ഡി. വൈ. എസ്. പി. ഉടൻ സി. ഐ.യോടു വിളിച്ചുപറഞ്ഞു.

"ഇവന്മാരെ വന്ന വണ്ടീത്തന്നെ കൊണ്ടുപോയി വിട്ടേയ്ക്ക്."

ഉടനെ എസ്. ഐ. ജീപ്പുമായി വന്നു. സി. ഐ. കുര്യാക്കോസ് ഞങ്ങളോടു ജീപ്പിൽ കയറുവാൻപറഞ്ഞു. ഞങ്ങൾ ജീപ്പിനുള്ളിലേയ്ക്ക് കയറി. സി. ഐ. ജീപ്പിന്റെ മുൻഭാഗത്ത് ഇരുന്നു. പമ്പ കാൻറീൻ ലക്ഷ്യമാക്കി ജീപ്പ് ഒഴുകിവന്നു നിന്നു. കാൻറീൻ ജീവനക്കാരും പമ്പ കോളനിവാസികളും അവിടെ നിൽപ്പുണ്ടായിരുന്നു.

ഞങ്ങളെ ജീപ്പിൽനിന്നും ഇറക്കിവിട്ടശേഷം ബസ്സിൽ കയറുവാൻ ആവശ്യപ്പെട്ടു. താമസിയാതെ വിട്ട ബസിന്റെ പുക കണ്ടതിനുശേഷമാണ് അവർ അവിടെനിന്നും തിരിച്ചുപോയത്.

## 1985-ലെ ജ്യോതി

1985-ൽ മകരജ്യോതി കൊളുത്തിയതെങ്ങനെയെന്ന് ഞാൻ അന്വേഷിച്ചു. അതിന്റെ ഫലമായി ഒരഭിജ്ഞവൃത്തത്തിൽ നിന്നും മകരജ്യോതിസ്സ് കൊളുത്തിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ട് എനിക്കു ലഭിച്ചു.

---

ഈ വർഷം പൊന്നമ്പലമേട്ടിലേയ്ക്കുള്ള എല്ലാവരുടേയും പ്രവേശനം കർശനമായി തടഞ്ഞു. (ഞാനായിരിക്കും കാരണമെന്നു ഊഹിക്കുന്നു. അനുച്ചസ്സ്വായിരുന്നല്ലോ എന്നെ പറഞ്ഞുവിട്ടത്). പോലീസ് മാത്രമേ ഈ വർഷം സംബന്ധിച്ചിരുന്നുള്ളു. മററു് ഫോറസ്റ്റ് ജീവനക്കാരെയും ഇലക്ട്രിസിററിബോർഡു് ജീവനക്കാരേയും കോളനിനിവാസികളെയും മററും മുൻവർഷത്തെപ്പോലെ പങ്കെടുപ്പിച്ചിരുന്നില്ല. ഫോറസ്ററുകാരും പോലീസുകാരും തമ്മിൽ ഇടയുകയുണ്ടായി. ഫോറസ്ററുകാരുടെ അധികാരപരിധിയിൽ കയ

റിയതിനു് ഫോറസ്ററ് ഉദ്യോഗസ്ഥന്മാർ വേണ്ട നടപടികൾ സ്വീകരിക്കുമെന്നു് പോലീസിനോടു പറയുകയുണ്ടായി. ഫോറസ്റ്റ് ഓഫീസ്സറും പമ്പ ഇലക്ട്രിസിററി ബോർഡു് എഞ്ചിനീയർ ശ്രീധരൻനായരും കാണുവാൻ അനുവദിക്കാതെ പോലീസ് തിരിച്ചുവിട്ടവരിൽ പെടുന്നു. മുൻവർഷങ്ങളിൽ ഫോറസ്ററുകാരുടേയും ഇലക്ട്രിസിററിബോർഡ് ജീവനക്കാരുടേയും സഹായത്തോടെയാണ് മകരജ്യോതിസ്സ് കൊളുത്തിപ്പോന്നിട്ടുള്ളതു്. കൊളുത്തുമ്പോൾ ദേവസ്വംബോർഡ് നേതൃത്വം വഹിക്കുന്നുവെന്നു മാത്രം.

കെ. എ. പി. ബെററാലിയനിൽപ്പെട്ട 20 പോലീസുകാരും, 6 ജീപ്പു് ഡ്രൈവർമാരും, ഒരു സി. ഐ., ഒരു എസ്. ഐ., രണ്ടു് കെ. എ. പി. സി. ഐ. മാർ, ഒരു ഡി. വൈ. എസ്. പി., ദേവസ്വം ബോർഡിലെ ഒരു എഞ്ചിനീയർ, മറെറാരു ജീവനക്കാരൻ ഇത്രയുംപേരാണ് മകരജ്യോതിസ്സ് കൊളുത്തുവാൻ കഴിഞ്ഞവർഷം സംബന്ധിച്ചിരുന്നതു്.

മകരവിളക്കിൻെറ പൊള്ളത്തരങ്ങളാണ് നാം കണ്ടുകഴിഞ്ഞതു്. ഇനിയും ഇതു ദിവ്യജ്യോതിസ്സാണെന്നു കരുതുന്നവർ അന്നേ ദിവസം പൊന്നമ്പലമേട്ടിൽ പോകാമെങ്കിൽ യാഥാർത്ഥ്യം നേരിൽ കാണാമെന്നൊരഭ്യർത്ഥനയുണ്ടു്.

## പതിനെട്ട്

# ഓച്ചിറ ക്ഷേത്രം ബുദ്ധവിഹാരമാണ്.

കേരളത്തിലെ പ്രസിദ്ധ ക്ഷേത്രങ്ങളിലൊന്നാണ കൊല്ലം ജില്ലയിലെ ഓച്ചിറ ക്ഷേത്രം.

ഇവിടുത്തെ ദേവത പരബ്രഹ്മമാണ്. പ്രധാന ഉത്സവങ്ങൾ ഓച്ചിറക്കളിയും പന്ത്രണ്ട വിളക്കും.

ശബരിമല വ്രത കാലത്തു ശബരിമലയിൽ പോകുവാൻ തെക്കനിന്നു വരുന്നവർ ഓച്ചിറ ക്ഷേത്രത്തിൽ വന്നതിനു ശേഷമെ പോവുകയുള്ളൂ. പിതാവിനെ കണ്ടതിനു ശേഷമെ മകനെ കാണാവൂ എന്ന വിശ്വാസത്തിൻെറ പേരിലാണ് ഇവർ ഇവിടെ വരുന്നത്.

കൈ, കാൽ തുടങ്ങിയ ശരീരാവയവങ്ങൾക്ക് വൈകല്യം സംഭവിച്ചവർ തടിയിലുള്ള അവയവങ്ങൾ നേർച്ചചെയ്താൽ അവരുടെ അസുഖം മാറുമെന്നാണ് വിശ്വാസം. ഇപ്രകാരം തടിയിലുള്ള അവയവങ്ങൾ ഇവിടെ ധാരാളം വില്പനയ്ക്കുണ്ട്. ഓച്ചിറയിലെ പൂജാരിമാരാണ് ഇതിൻെറ വില്പനക്കാർ. അവയവങ്ങൾക്കുള്ള വില നേർച്ചക്കാർ കൊടുക്കുന്നതോടുകൂടി പൂജാരിമാർ ഈ അവയവങ്ങൾ നേർച്ചക്കാരുടെ കയ്യിലേയ്ക്കു കൊടുക്കുകയും ആ അവയവങ്ങൾ അവർ വിളക്കിനു മുമ്പിൽ കൊണ്ടു വെക്കുകയും തിരികെ പോരുകയും ചെയ്യും. നേർച്ച

ക്കാർ പോയി കഴിയുമ്പോൾ വീണ്ടും ഇവ എടുത്തു വില്പനയ്ക്ക് വയ്ക്കും. ഭക്തജനങ്ങൾക്ക നേർച്ചയില്ലെങ്കിൽതന്നെയും അവരെ നിർബ്ബന്ധിച്ച വാങ്ങിപ്പിക്കുക ഇവരുടെ പരിപാടിയാണ്.

രണ്ട് പ്രധാന ആൽത്തറകളിലാണ് ആരാധന നടക്കുന്നതു്. ഇവിടെ ക്ഷേത്രം പണിഞ്ഞുകൂടെന്നും ക്ഷേത്രം പണിയുന്നെങ്കിൽ അതിന്റെ നാലു വാരിത്തുമ്പിലൂടെയും ഒഴുകിവരുന്ന മഴവെള്ളം നാലു കടലിൽ വീഴണമെന്നുമാണ് വിശ്വാസം.

ധാരാളം ഭക്തജനങ്ങൾ മോക്ഷപ്രാപ്തിക്കായി ഇവിടെ ഭജനം പാർക്കുന്നുണ്ട്. സന്ന്യാസിമാരാണ് അവരിൽ കൂടുതൽ. ഇവരുടെ ഇഷ്ട മൃഗമാണു ഇവിടുത്തെ കാളകൾ. മണി കെട്ടിയ ഓച്ചിറക്കാളകൾ ഇവിടെ എപ്പോഴുമുണ്ട്. ഇതു് ഇവിടുത്തെ ദിവ്യ മൃഗമാണ്. ഓച്ചിറക്കാളയെ പലരും ക്ഷേത്രത്തിലേയ്ക്ക് നേർച്ച കൊടുക്കാറുണ്ട്. ഓച്ചിറക്കാളയെ ദിവ്യ മൃഗമായി കാണുവാൻ കാരണം ഇവിടുത്തെ ദൈവമായ ശിവന്റെ വാഹനം കാളയാണെന്ന വിശ്വാസമാണ്.

ഓച്ചിറ ക്ഷേത്രത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഓച്ചിറ പരബ്രഹ്മത്തിനു ഒരു അസ്ഥിത്വവുമില്ലെന്നു മനസ്സിലാവും. ഇതു കാലക്രമേണയുണ്ടായ ഒരു വിശ്വാസമാണെന്നും ബോദ്ധ്യമാകും.

A. D. – 1706-1758 കാലഘട്ടത്തിൽ കായംകുളം രാജാവും വേണാട്ട് രാജാവായിരുന്ന അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവും തമ്മിൽ നടന്ന യുദ്ധത്തിന്റെ സ്മാരകമാണു ഓച്ചിറക്കളിയെന്നാണു ചില ചരിത്രകാരന്മാരുടെ അഭിപ്രായം. അതിനുള്ള തെളിവായി ഓച്ചിറ പടനിലം പോലെ മറ്റു പല പടനിലങ്ങളും അവർ സൂചിപ്പിക്കുന്നുണ്ട്. ഓച്ചിറയുടെ സമീപ പ്രദേശങ്ങളായ ഭരണിക്കാവ്, വള്ളിക്കുന്നം, പാലമേൽ, നൂറനാട്ട്, പള്ളിക്കൽ എന്നിവിടങ്ങളിൽ പടനിലം എന്നു വിളിക്കപ്പെടുന്ന വിസ്തൃത മൈതാനങ്ങൾ ഇന്നും കണ്ടുവരുന്നു. എന്നാൽ ഓച്ചിറയുടെ ചരിത്രം നാം കൂടുതൽ പഠനത്തിനു വിധേയമാക്കുമ്പോൾ ഇതിനുപരി ചില കാര്യങ്ങൾ നമുക്ക മനസ്സിലാക്കാൻ കഴിയും. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂ

ട്ട് ഓഫ് എഡ്യൂക്കേഷൻ പ്രസിദ്ധീകരിച്ച കേരള ചരിത്ര ഗ്രന്ഥാവലിയിൽ പി. ഐ. എ. കരീം അതു വ്യക്തമാക്കുന്നു. "ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ എല്ലാ ഹൈന്ദവർക്കും ജാതി വ്യത്യാസം കൂടാതെ പ്രവേശനം ഉണ്ടായിരുന്നു. ഇതര മത വിഭാഗങ്ങളിൽപ്പെട്ടവർക്കും ഈ ക്ഷേത്ര പരിസരങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്നില്ല. അതിനാൽ എല്ലാ മത വിഭാഗക്കാരും ഒരുപോലെ പ്രാധാന്യം കല്പിച്ചിരുന്ന ഈ പ്രദേശം ഒരു പ്രസിദ്ധ ബുദ്ധമത കേന്ദ്രമായിരുന്നു എന്നാണു ചരിത്ര പണ്ഡിതന്മാരുടെ അഭിപ്രായം. മററു ക്ഷേത്രങ്ങളിൽ കാണുന്നതുപോലെയുള്ള വിഗ്രഹങ്ങളോ, ആഹാരസാധനങ്ങൾ നിവേദ്യങ്ങളായി അർപ്പിക്കുന്ന പതിവോ ഇവിടെ ഇല്ല. അതുപോലെ പൂജാദി കർമ്മങ്ങൾ നിർവ്വഹിക്കുന്നതു ബ്രാഹ്മണരല്ല, നായർ വിഭാഗത്തിൽപ്പെട്ട കുറുപ്പന്മാരാണു്. ഇക്കാര്യങ്ങളും മററു ദൃശ്യങ്ങളും ഈ പ്രദേശത്തിൻെറ പ്രാചീന ബുദ്ധമത സ്വഭാവം തെളിയിക്കുന്നു."

ശബരിമല അയ്യപ്പൻ ഒരു ബുദ്ധ വിഗ്രഹമാണെന്നാണല്ലോ ചരിത്രകാരന്മാരുടെ അഭിപ്രായം. ഇന്നും ശബരിമലയിൽ പോകുന്ന ഒരു വിഭാഗം അയ്യപ്പന്മാർ ഓച്ചിറ വഴിയാണല്ലോ പോകുന്നതു്. പഴയ കാലത്തെ ബുദ്ധ കേന്ദ്രങ്ങൾ തമ്മിലുള്ള ബന്ധത്തിൻെറ പരിണാമമാണു് ഇതെന്നു നമുക്കൂഹിക്കാം.

ബൗദ്ധന്മാരുടെ കാലും കയ്യും വെട്ടി അരിഞ്ഞു കൊന്നതിൻെറ പ്രതീകങ്ങളായിട്ടാണു കാലും കയ്യും നഷ്ടപ്പെട്ടവർക്കായുള്ള ഇവിടത്തെ നേർച്ചയെന്നും, മറെറാരഭിപ്രായമുണ്ട്. അതു് ഇതിനെ സാധൂകരിക്കാവുന്നതാണു്.

---

കേരളത്തിൽ ബ്രാഹ്മണ മേധാവിത്വം സ്ഥാപിക്കുന്നതിനായി ബുദ്ധ ക്ഷേത്രങ്ങൾ തച്ചുടയ്ക്കുകയും പകരം ഹൈന്ദവ ദൈവങ്ങളെ സ്ഥാപിക്കുകയും ചെയ്തുവല്ലോ. ഇതിനു് നേതൃത്വം കൊടുത്തതു് ശങ്കരാചാര്യരുമാണല്ലോ. ഇ. എം. എസ്. നമ്പൂതിരിപ്പാട്ട് "കേരള ചരിത്രവും സംസ്കാരവും ഒരു മാർക്സിസ്റ്റു വീക്ഷണം" എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നു.

"ആശയവാദത്തിൻെറ മുഖ്യ രൂപമായ ബ്രാഹ്മണ മതത്തെ വെല്ലുവിളിച്ചുകൊണ്ടു ബൗദ്ധ ജൈന മതങ്ങൾ ഇവിടെ ഉയർന്നുവന്നു. കൂടാതെ ഇന്ത്യയ്ക്കു വെളിയിൽനിന്നു വന്ന ഇസ്ളാമിൻെറയും ക്രിസ്തീയ മതത്തിൻെറയും സ്വാധീനത്തിനു വിധേയരായി ഹൈന്ദവരിൽ വലിയൊരു വിഭാഗം (താണ ജാതിക്കാർ) മതപരിവർത്തനം ചെയ്തു. ഇക്കൂട്ടത്തിൽ ബ്രാഹ്മണ-ബൗദ്ധ മതങ്ങൾ തമ്മിലുള്ള സമരം വളരെയേറെ രൂക്ഷമായി. ഇതിൻെറ അല, കേരളമടക്കം തെക്കേ ഇന്ത്യയിലും വടക്കേ ഇന്ത്യയിൽ മുഴുവനും വ്യാപകമായിത്തീർന്നു. ഈ സമരത്തിൽ ബൗദ്ധ-ജൈന മതങ്ങളെ മിക്കവാറും പരാജയപ്പെടുത്തി ബ്രാഹ്മണ മതം വിജയക്കൊടി നാട്ടിയ സംഭവം വർണ്ണ-ജാതി വ്യവസ്ഥയുടെ വെന്നിക്കൊടി നാട്ടലായി വേണം കണക്കാക്കാൻ.

ഈ രൂക്ഷ സമരത്തിൽ ഒരു പ്രധാന പങ്ക് കേരളം വഹിച്ചിട്ടുണ്ട്. ബൗദ്ധ-ജൈന മതങ്ങളെ തകർത്തു ബ്രാഹ്മണ മതത്തിൻെറ മേധാവിത്വം സ്ഥാപിച്ച സേനാനികളിൽ വിശേഷിച്ചു എടുത്തു പറയേണ്ട പേരാണു് ശ്രീശങ്കരൻേറതു്.

ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ ഓച്ചിറ പരബ്രഹ്മ ക്ഷേത്രം ഒരു ബുദ്ധ വിഹാരമായിരുന്നുവെന്നു നമുക്കു് അനുമാനിക്കാവുന്നതാണു്.

പത്തൊൻപത്

# നാരായണഗുരു ദൈവ അവതാരമോ?

ശ്രീനാരായണഗുരു ഒരു സാംസ്കാരിക നായകനായിരുന്നു. ബ്രാഹ്മണമേധാവിത്വത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ സന്ധിയില്ലാതെ സമരംചെയ്ത ഒരു പോരാളിയായിരുന്നു. എന്നാൽ ഇന്ന് അദ്ദേഹത്തിൻെറ അനുയായികൾ തന്നെ അദ്ദേഹം പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണ്. അദ്ദേഹത്തെ ദൈവമാക്കുന്ന കഥകൾ അദ്ദേഹത്തിൻെറ ജന്മഗൃഹത്തിൽനിന്നുതന്നെ ഇന്നു ജന്മംകൊണ്ടിട്ടുണ്ട്. ഉദാഹരണങ്ങൾ നോക്കുക:

"എട്ടുവീട്ടിൽ പിള്ളമാരുടെ ക്ഷേത്രമായിരുന്നു ആദ്യകാലത്ത് ചെമ്പഴന്തി ശ്രീഭദ്രകാളീക്ഷേത്രം.

പിന്നീട് അത് നായന്മാരുടേയും ഈഴവരുടേതുമായിത്തീർന്നു. ഇരുവരും ചേർന്നാണ് അന്ന് ക്ഷേത്രത്തിൻെറ ഭരണം നടത്തിപ്പോന്നത്. ഇരുവർക്കും അന്ന് രണ്ടു തളമുണ്ടായിരുന്നു. ശ്രീദേവിയും ഭദ്രകാളിയുമായിരുന്നു ഓരോ തളത്തിലേയും വിഗ്രഹങ്ങൾ. രണ്ട് ക്ഷേത്രവും ഒരുമിച്ചായതുകൊണ്ട് ഇരുവരും ചേർന്നാണ് പൂജനടത്തിയതും. രണ്ടുഭാഗത്തുനിന്നും കുവിവിളിച്ചാണ് കാര്യങ്ങൾ നടത്തിയിരുന്നതും. തുടർന്ന് അഭിപ്രായവ്യത്യാസങ്ങൾ ഇവർ തമ്മിലുണ്ടാകുകയും അവസാനം ക്ഷേത്രം ഈഴവർക്ക് നായന്മാർ വിട്ടുകൊടു

ക്കുകയും ചെയ്തു. ക്രമേണ ഈഴവരും പൂജയിൽ മന്ദീഭാവമായി. ഇരുകൂട്ടർക്കും പൂജ അറിയില്ലായിരുന്നതാണ് കാരണം.

അക്കാലത്ത് എല്ലാ ക്ഷേത്രത്തിലേയും ഉത്സവത്തിന് ഗുരുവിനെ വിളിക്കുക പതിവായിരുന്നു, ചെമ്പഴന്തിയിലും ഉത്സവത്തിന് അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം വന്നു. എന്നാൽ പൂജയിൽ അദ്ദേഹം അസംതൃപ്തനായിരുന്നു. ആ അസംതൃപ്തിയെ തുടർന്ന് എല്ലാവരും അദ്ദേഹത്തോടാരാഞ്ഞു. തുടർന്ന് ഗുരുവിൻെറ ഇഷ്ടപ്രകാരം ക്ഷേത്രം നടത്തുവാൻ അവിടത്തെ പ്രമാണിമാരെല്ലാം ചേർന്ന് സമ്മതിച്ചു. അപ്രകാരം ക്ഷേത്രം അവർ അദ്ദേഹത്തിൻെറ പേർക്ക് എഴുതിവയ്ക്കുകയും ചെയ്തു. താമസമായി കുറേദിവസം കഴിഞ്ഞപ്പോൾ ഒരുദിവസം വൈകുന്നേരം അഞ്ചാറുപേർ ചേർന്ന് ഒരാട്ടിനേയും നാലഞ്ചു കോഴികളെയുമായി അവിടെ വന്നു. ഗുരുവിനോട് അവർ ബലിക്കാരാണെന്നു പറഞ്ഞപ്പോൾ അദ്ദേഹം ചോദിച്ചു: "നിങ്ങൾ എന്തിനാണിവയെ ബലികഴിക്കുന്നത്?"

"ഭദ്രകാളിയെ പ്രസാദിപ്പിക്കാനാണ്."! എല്ലാപേരും ചേർന്നു പറഞ്ഞു. ഉടൻ ഗുരു തിരിച്ചു ചോദിച്ചു:

"നിങ്ങളുടെ ഒരു തുള്ളി രക്തംപോലും നഷ്ടപ്പെടാതെ അല്പം വേദനപോലുമറിയാതെ നിരുപദ്രവകാരികളായ ഈ മൃഗങ്ങളെ നിങ്ങൾ കൊന്നാൽ നിങ്ങൾക്ക് എങ്ങിനെയാണ് ഭദ്രകാളിയെ പ്രസാദിപ്പിക്കാൻ കഴിയുന്നത്?"

"അത് ഗുരു ഞങ്ങളോട് തട്ടാമുട്ട പറയുകയാണ്. ഞങ്ങളെ ഇതിന് അനുവദിക്കണം." എന്ന് അവർ പറഞ്ഞു. അങ്ങനെ ബലി നടന്നു. തുടർന്ന് അവർ പോയി. അന്നുമുതൽ ഗുരു മ്ലാനവദനനായി കാണപ്പെട്ടു. ആരോടും മിണ്ടാട്ടവും ഉരിയാട്ടവും ഇല്ലാതായി. എല്ലാ ശിഷ്യന്മാരും ഗുരുവിൻെറ അപ്രതീക്ഷിതമായ മൗനം കണ്ട് അവരും മൗനത്തിലായി. ഒരുദിവസം ഗുരു എല്ലാ ശിഷ്യന്മാരോടും പറഞ്ഞു: "ഇന്നത്തെ ദിവസം രാത്രി നിങ്ങളെല്ലാവരും നാലുഭാഗത്തുമുള്ള ഓരോ വീടുകളിൽ പോയി മുററത്ത് കാവൽനിൽക്കണം. ഒട്ടും ഉറങ്ങരുത്. അതുപോലെ ഇവിടെ എന്തു സംഭവിച്ചാലും തിരിച്ചു

വരികയും ചെയ്യരുതു്." ഇത്രയും പറഞ്ഞശേഷം ഗുരു അവരെ നാലു ഭാഗത്തേയ്ക്കും പറഞ്ഞയച്ചു. ഗുരുവിനു് അന്നുവരെ ഇല്ലാത്ത പ്രത്യേകതയിൽ എല്ലാവരും ദുഃഖിച്ചു. രാവേറെക്കഴിഞ്ഞിട്ടും ശിഷ്യന്മാർ ഉറങ്ങാതെ എല്ലാ വീട്ടുകാരുടേയും വീട്ടുപറമ്പിൽ കാത്തുനിന്നു. എല്ലാവരുടേയും ശ്രദ്ധ ഗുരുവിലേയ്ക്കായിരുന്നു. അർദ്ധരാത്രിയായപ്പോൾ എല്ലാപേരും ഒരു കാഴ്ച കണ്ടു. ക്ഷേത്രത്തിനു മുന്നിലെ പനയിൽ ഒരുക്കൂട്ടം തീയ് മുകളിലോട്ടും കീഴോട്ടും ഒരു ചംക്രമണംപോലെ തീപ്പൊരി പൊട്ടിച്ചുകൊണ്ടു് ആളിക്കത്തുന്നു. ഒരുക്കൂട്ടം പന്തങ്ങൾ ആരോ മുകളിലോട്ടു് വലിച്ചെറിയുന്നതുപോലെ അവർക്കു തോന്നി. ഇതോടുകൂടി ഗുരുവിനെന്തെങ്കിലും സംഭവിച്ചുകാണുമെന്നു അവർ വിധിയെഴുതി. എല്ലാവർക്കും പോയി ഗുരുവിനെ അന്വേഷിക്കണമെന്നുണ്ടു്. പക്ഷെ ഗുരു പറഞ്ഞിരിക്കുന്നതു് എന്തു സംഭവിച്ചാലും വരരുതെന്നാണു്. അഥവാ ഗുരുവിനെ തേടിച്ചെന്നാൽ ഗുരു കോപിച്ചാലോ എന്നും അവർ ഭയപ്പെട്ടു.

നേരം വെളുത്തു. എല്ലാവരും ഗുരുവിനെത്തേടി അവിടെച്ചെന്നു. അത്ഭുതം! ഗുരു മുൻവശത്തുതന്നെ ഇരുപ്പുണ്ടു്. ഗുരുവിനു യാതൊന്നും സംഭവിച്ചിട്ടില്ല. തലേദിവസം അവർ കണ്ട കാഴ്ച എല്ലാവരും ഗുരുവിനോടു പറഞ്ഞു. പക്ഷെ ഗുരു ഒന്നും അറിഞ്ഞിരുന്നില്ലെന്നും ഗുരു അകത്തായിരുന്നുവെന്നും മറുപടിപറഞ്ഞു. ഗുരുദർശനം കഴിഞ്ഞു് എല്ലാവരും ക്ഷേത്രത്തിനുള്ളിലേയ്ക്കു് നോക്കി. എല്ലാവരും ഞെട്ടിപ്പോയി! ശ്രീഭദ്രകാളിയുടെ വിഗ്രഹം കാണാനില്ല. എല്ലാവരും ചുററും നോക്കി. അപ്പോഴുണ്ടു് വിഗ്രഹം അവിടെനിന്നും ഇളക്കി മുററത്തെ പടിഞ്ഞാറെ മൂലയിൽ എടുത്തു മാററിവെച്ചിരിക്കുന്നതു് അവർ കണ്ടു. അപ്പോഴാണു് അവർക്കു മനസ്സിലായതു് ഗുരു അകത്തായിരുന്നു എന്നു പറഞ്ഞതിൻെറ അർത്ഥം. അതിൽനിന്നും അവർ മനസ്സിലാക്കി ഗുരു ഭദ്രകാളിയെ എടുത്തുമാററിയ നേരത്താണു് അത്ഭുതകരമായ തീയ് പനയിൽ കണ്ടതു് എന്നവർ വിശ്വസിച്ചു.

ഇതുപോലെ മറെറാരു കഥയുണ്ടു്. "ഒരുദിവസം ഗുരു അടുത്തു് വേടർ താമസിക്കുന്ന ഭാഗത്തേയ്ക്കു പോയി. അവിടെ പോകുവാൻ കാരണം, അവിടെയുള്ള കുട്ടികളെ എഴുത്തുപഠിപ്പിക്കുന്നതിനു

വേണ്ടിയായിരുന്നു. ആ അവസരത്തിൽ അവിടെ വസൂരി പടർന്നു പിടിക്കുകയുണ്ടായി. വസൂരി പടർന്നുപിടിച്ചപ്പോൾ അവരെ ചികിത്സിക്കുന്നതിനായി അദ്ദേഹം ഓടി നടന്നു. അങ്ങനെ ഗുരുവിനും വസൂരി പിടിച്ചു. മുഖവും ശരീരവും വ്രണംകൊണ്ടു ചുവന്നു. വസൂരി തനിക്കും ബാധിച്ചപ്പോൾ ഭദ്രകാളിയെ അദ്ദേഹം മനസ്സിൽ ധ്യാനിച്ചു. അർദ്ധരാത്രി ഉറങ്ങവേ ഒരു ശബ്ദപ്രവാഹം കേട്ടു. ഗുരു ഞെട്ടിയുണർന്നു നോക്കിയപ്പോൾ പകൽപോലും കൂരിരുളായി കിടക്കുന്ന കാട്ടിൽ ഒരു വെള്ളിവെളിച്ചം. ശുഭ്രവസ്ത്രധാരിയായ ഒരു വൃദ്ധ പ്രത്യക്ഷപ്പെട്ടുനില്ക്കുന്നു. ഗുരുവിനു അതു കണ്ടപ്പോഴേ മനസ്സിലായി. ഗുരു ഉടൻ പറഞ്ഞു: "വിഷ്ണുഭക്തനാണെങ്കിലും ഞാൻ അവിടുത്തെ ആരാധകനുമാണല്ലോ......"

"ഉടൻ വൃദ്ധയുടെ മറുപടി: "കുളിച്ചുവരൂ."

അത്രയും പറഞ്ഞുകഴിഞ്ഞതോടെ ആ ശുഭ്രവസ്ത്രധാരിയായ വൃദ്ധ അപ്രത്യക്ഷയായി.

വൃദ്ധ പറഞ്ഞപ്രകാരം ഗുരു കുളത്തിലിറങ്ങി മൂന്നു പ്രാവശ്യം മുങ്ങി എഴുന്നേററു.

നേരം വെളുത്തു. ഗുരുവിനെ എല്ലാപേരും കണ്ടു. ഗുരു വളരെ പ്രസന്നവദനനായി കാണുന്നു. വസൂരിക്കലയുടെ ഒരു പാടുപോലുമില്ല." (ചെമ്പഴന്തിമഠത്തിലെ സ്വാമി അമൃതാനന്ദൻ ലേഖകനോടു പറഞ്ഞ കഥകൾ.)

ഭദ്രകാളിവിഗ്രഹം ആരെടുത്തു മാററി വെച്ചാലും ഒന്നും സംഭവിക്കാറില്ല.

ഉദാഹരണമായി ഈ ലേഖകൻ ഒരനുഭവം വ്യക്തമാക്കാം:

കഴിഞ്ഞ '84 നവംബർ 16-ാം തീയതി തിരുവനന്തപുരത്തു് കണ്ണമ്മൂലയിൽ പനങ്ങാഴികത്തു് വളരെ പുരാതനമായി വെച്ചാരാധിക്കുന്ന ഒരു ആൽത്തറയും വിഗ്രഹങ്ങളും ഈ ലേഖകൻ ഉടച്ചുകളയുകയുണ്ടായി.

എൻെറ ഒരു ബന്ധുവിൻെറ അമ്മയ്ക്ക കിട്ടിയ ഓഹരിയായി രുന്നു ആ സ്ഥലം. ആൽത്തറയും വിഗ്രഹങ്ങളും ഉള്ളതിനാൽ ആരും തന്നെ അതു വാങ്ങുന്നില്ല. അവരുടെ കുലദൈവമായിരുന്നു അവ യെല്ലാം. ഇതറിഞ്ഞു് ഞാൻ ബന്ധുവിൻെറ സമ്മതത്തോടെ അവി ടെച്ചെല്ലുകയും ഉച്ചയ്ക്ക് 2 മണിനേരത്തു് ഇവിടെവെച്ചാരാധിക്കുന്ന ഭദ്രകാളി, മന്ത്രമൂർത്തി, മാടൻ, മറുത, യക്ഷി, യോഗീശ്വരൻ, ചുടല മാടൻ എന്നിവരെ മൺവെട്ടികൊണ്ടു തട്ടിയുടച്ചുകളഞ്ഞശേഷം ഞാനും ബന്ധുവും തിരിച്ചുപോരുകയുണ്ടായി. ഇതുവരെ എനിക്കോ എൻെറ വീട്ടുകാർക്കോ ഒരത്യാഹിതവും ഉണ്ടായിട്ടില്ല. മാത്രമല്ല നേട്ട ങ്ങളാണുണ്ടായിട്ടുള്ളതു്. ഇതിൽനിന്നും നാരായണഗുരു ഭദ്രകാളി യുടെ വിഗ്രഹം ഇളക്കിമാററി വെച്ചപ്പോൾ അഗ്നിയുണ്ടായെന്നു പറ യുന്നതു് ശുദ്ധ നുണയാണു്.

നാരായണഗുരു സമാധിയായതാണെന്ന ഒരഭിപ്രായം പരക്കെ യുണ്ടു്. ഈ അഭിപ്രായത്തിൻെറ ഉദ്ദേശ്യം നാരായണഗുരുവിനെ ദൈവമാക്കുകയെന്നുള്ളതാണു്. അതിൻെറ ഫലമായി നാരായണ ശിഷ്യന്മാർ അദ്ദേഹത്തെ കണ്ണാടിക്കൂട്ടിലടച്ചു് നാട്ടിൻെറ എല്ലാ ഭാഗങ്ങളിലും ഇന്നു് സ്ഥാപിച്ചുകൊണ്ടിരിക്കയാണ്. നാരായണ ഗുരു പ്രതിഷ്ഠയ്ക്കു പകരം നിലക്കണ്ണാടി പ്രതിഷ്ഠിച്ചതു് അവനവൻ സ്വയം മനസ്സിലാക്കി സംസ്കരിക്കുന്നതിനാണ്. പക്ഷെ ഗുരു വിൻെറ സിദ്ധാന്തങ്ങളെ കാററിൽ പറത്തിക്കൊണ്ടു് കണ്ണാടിക്കു പകരം ഗുരുവിനെ പ്രതിഷ്ഠിക്കുകയാണ് ഇന്നു ശ്രീനാരായണ ശിഷ്യന്മാർ. ഇതിൻെറ ഫലമോ നാരായണഗുരു നിർത്തിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനരാവർത്തിക്കപ്പെടുന്നു. തൻെറ ഗുരു എന്തെന്നു് പഠിക്കാത്തതാണ് അവരെ ഈ വഴിക്കു് നയിക്കുന്നതിൻെറ കാരണം.

ഗുരു ദൈവമോ അമാനുഷനോ ഒന്നുമല്ല. വെറുമൊരു സാംസ്കാരികപ്രവർത്തകൻ മാത്രമായിരുന്നു. ഗുരുവിൻെറ മര ണം തന്നെ അതു് വ്യക്തമാക്കുന്നു. ഗുരു സമാധിയായതാണെന്നു് പ്രചാരകർ പറയുമ്പോൾ ഗുരുവിൻെറ അന്ത്യത്തെക്കുറിച്ചു് പഠിച്ച ചരിത്രകാരന്മാർ പറയുന്നതു് യാഥാർത്ഥ്യത്തിനു നിരക്കുന്ന വിധ

മാണ്. കേരളസാംസ്കാരികചരിത്രത്തിൽ ശ്രീ: പി. കെ. ബാലകൃഷ്ണൻ പറയുന്നതു് നോക്കുക: "1928-ൽ 73-ാമത്തെ വയസ്സിൽ രോഗബാധിതനായി ശ്രീനാരായണഗുരു ചരമഗതി പ്രാപിച്ചു" (പേജ് 549). അതുപോലെ കോട്ടൂക്കോയിക്കൽ വേലായുധൻ പദ്യരൂപത്തിൽ എഴുതിയ ഗുരുവിന്റെ ജീവചരിത്രത്തിലും അതു് വ്യക്തമാക്കുന്നുണ്ടു്.

"ആയുസ്സ്നീട്ടാൻ കഴിഞ്ഞില്ല പിന്നെന്നായ്
അസ്വാസ്ഥതയ്ക്കു് ദേഹംവഴങ്ങി.
മൂത്രാശയത്തിനു ഹീനിവന്നെന്നപോൽ
എത്രയോ നാളുകൾ വിശ്രമിച്ചു.
രോഗശമനാർത്ഥം ചെയ്യോരു കർമ്മങ്ങൾ
രോഗംവളരുവാൻ ഹേതുവായോ?"

## ഇരുപത്

# ദൈവവും ദർശനവും

കേരളത്തിലെ പ്രമുഖ ദൈവങ്ങളെക്കുറിച്ചും, അവരെ ചുററിപ്പററിയുള്ള ദിവ്യാത്ഭുതങ്ങളുടെ പൊള്ളത്തരങ്ങളും നാം കണ്ടുകഴിഞ്ഞു. ഇനി പ്രപഞ്ചം സൃഷ്ടിച്ചെന്നു പറയുന്ന ദൈവത്തിൻെറ അസ്ഥിത്വം എന്താണെന്നു നോക്കാം.

ഹിന്ദുക്കൾക്കു മുപ്പത്തിമുക്കോടി ദൈവങ്ങളാണുള്ളത്.

കശ്യപപ്രജാപതിക്കു് ദക്ഷപ്രജാപതിയുടെ പുത്രിയായ അദിതിയിൽ ജനിച്ചവരാണ് ഭാരതീയ ദേവന്മാരിൽ മിക്കവരും. അവർ എണ്ണത്തിൽ മുപ്പത്തിമൂന്നു കോടിയുണ്ടു്. അവരെ ആദിത്യന്മാർ, വിശ്വദേവന്മാർ, വസുക്കൾ, തുഷിതന്മാർ, ആഭാസ്വരന്മാർ, അനിലന്മാർ, മഹാരാജികന്മാർ, സാദ്ധ്യന്മാർ, രുദ്രികന്മാർ, വിദ്യാധരന്മാർ, പിതൃദേവന്മാർ ഇങ്ങനെ പല വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇവയ്ക്കുപുറമേ അപ്സരസ്സുകൾ, വിരൂപാക്ഷന്മാർ, ഭദ്രന്മാർ, ഗന്ധർവന്മാർ, കുംഭാണ്ഡന്മാർ, രക്ഷസ്സുകൾ, നാഗന്മാർ, അശ്വിനികൾ, കിന്നരന്മാർ, കിംപുരുഷന്മാർ, പിശാചന്മാർ, ഗുഹ്യകന്മാർ, സിദ്ധന്മാർ, ചാരണന്മാർ, മാതൃക്കൾ, കുശ്മാണ്ഡങ്ങൾ, ഭൂതങ്ങൾ, വേതാളങ്ങൾ എന്നിങ്ങനെ പലതായി തിരിച്ചിരിക്കുന്ന ഇവരെക്കൂടാതെ ലോകപാലകന്മാർ, ലിപികന്മാർ (ലേഖകന്മാർ) ഇങ്ങനെയും ചിലരെ കാണുന്നുണ്ടു്. ദേവഗണങ്ങളെ പൃഥ്വി മുതലായ ഭൂതഗണങ്ങളോടു് പ്രത്യേകം ബന്ധപ്പെട്ടവരായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് അവരെ ഭൂദേവതകൾ, അഗ്നിദേവതകൾ, വായുദേവതകൾ എന്നിങ്ങനെ പറയുന്നു. മുപ്പത്തിമൂന്നു കോടി ദേവതകൾക്കു് മുപ്പത്തിമൂന്നു അധിപന്മാരുണ്ടു്. ദ്വാദശാദിത്യന്മാർ (പന്ത്രണ്ടുപേർ), ഏകാദശരുദ്രന്മാർ (പതിനൊന്നുപേർ), അഷ്ടവസു

ക്കൾ (എട്ടുപേർ), അശ്വിനീദേവന്മാർ (രണ്ടുപേർ) എന്നിങ്ങനെ മുപ്പത്തിമൂന്നു ദേവപ്രധാനികൾ. ഇവരുടെയെല്ലാം നാഥൻ ഇന്ദ്രനു മാണ്. (പുരാണിക് എൻസൈക്ലോപീഡിയാ—വെട്ടം മാണി)

ഈ ദൈവങ്ങളിൽ പലരും ആരാധനയ്ക്കു വിധേയമാകാത്തവരും ആരാധിച്ച് തഴയപ്പെട്ടിട്ടുള്ളവരും ചിലർ ആരാധിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരുമാണ്. ഈ മുപ്പത്തിമുക്കോടി ദൈവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നതു് പുരാണകഥകളിൽനിന്നു മാണ്. പുരാണം കഥ ആയതിനാൽ ഇതിൽ ഭാവനയ്ക്കാണ് ഏറെ സ്ഥാനമുള്ളതു്. ആത്മീയദാർശനികനായ എഴുത്തുകാരൻെറ ഭാവനയിൽനിന്നുമാണ് ഈ മുപ്പത്തിമുക്കോടി ദൈവങ്ങളും ജന്മംകൊണ്ടിട്ടുള്ളതു്. അതുകൊണ്ട് ആത്മീയദർശനമെന്തെന്നു നമുക്ക് പരിശോധിക്കാം. ആത്മാവിനെ സംബന്ധിച്ചതാണ് ആത്മീയം. പ്രപഞ്ചത്തിൻെറ മൂലകാരണം ആത്മാവ് അഥവാ പരമാത്മാവ് അല്ലെങ്കിൽ ബ്രഹ്മം അഥവാ ആശയം, ബോധം എന്നൊക്കെ വിവക്ഷിക്കുന്ന ദാർശനികതയാണ് ആത്മീയം. ഈ ദർശനമാണ് ഈശ്വരൻെറ അസ്തിത്വവും.

ഈ ആത്മാവിനെക്കുറിച്ച് ഉപനിഷത്തുകൾ പറയുന്നതു നോക്കുക:

ഛാന്ദോഗ്യോപനിഷത്തിൽ പറയുന്നു:

"എല്ലാ ജീവജാലങ്ങളുടെയും രാജാവാണ് ആത്മാവ്. അല്ലെങ്കിൽ ബ്രഹ്മം."

ബൃഹദാരണ്യോപനിഷത്തിൽ പറയുന്നു:

"ഞാൻ ബ്രഹ്മമെന്നറിയുന്നവൻ എല്ലാമായിത്തീരുന്നു. താനും ബ്രഹ്മവും വ്യത്യസ്തമെന്നു കരുതി സ്വന്തം ആത്മാവിനെയല്ലാതെ മറേറതെങ്കിലും ദൈവത്തെ ആരാധിക്കുന്നവൻ അറിവില്ലാത്തവനാണ്."

ശ്രീശങ്കരൻ വിരചിച്ച അപരോക്ഷാനുഭൂതിയിൽ പറയുന്നു:

"ഏവം ദേഹദ്വയാദന്യ ആത്മാ പുരുഷ ഈശ്വരഃ

സർവ്വാത്മാ സർവരൂപശ്ച സർവ്വാതീതോഹമവ്യയഃ

(ആത്മാവ് സ്ഥൂലം, സൂക്ഷ്മം എന്നീ രണ്ടു ശരീരത്തിൽ നിന്നും വേറായുള്ളവനും പുരുഷനും (ശരീരത്തിനുള്ളിലിരിക്കുന്നവനും)ഈശ്വരനും എല്ലാററിൻേറയും ആത്മാവും എല്ലാ രൂപവും എടുത്തിരിക്കുന്നവനും എന്നാൽ എല്ലാററിനും മീതെയായിരിക്കുന്നവനും നാശമില്ലാത്തവനും 'ഞാൻ' എന്ന വ്യവഹാരത്തിനു അടിസ്ഥാനമായവനും ആകുന്നു."

(വ്യാഖ്യാതാ, ആഗമാനന്ദസ്വാമികൾ: പേജ് 17, 18)

ശ്രീമദ് ഭഗവത്ഗീത പറയുന്നു:

ആത്മാവു് ഒരിക്കലും ഭേദിക്കപ്പെടാവുന്നതോ, ഛേദിക്കപ്പെടാവുന്നതോ, ദ്രവിപ്പിക്കപ്പെടാവുന്നതോ, നശിപ്പിക്കപ്പെടാവുന്നതോ അല്ല. എന്തുകൊണ്ടെന്നാൽ, ഭൂത-ഭാവി-വർത്തമാനകാലങ്ങളിലും (എപ്പോഴും) ഒരുപോലെ വർത്തിക്കുന്നവനും, അവ്യയനും. സർവത്ര സർവവ്യാപിയായി നിറഞ്ഞിരിക്കുന്നവനും പ്രപഞ്ചത്തിൻെറ ഉല്പത്തിക്കുമുമ്പുതന്നെയുള്ളവനും, ഒരേ അവസ്ഥയിൽമാത്രം അചഞ്ചലനായിരിക്കുന്നവനും ആദിയിൽ ഏതു രൂപത്തിലാണോ (രൂപമുണ്ടെങ്കിൽ) ആ രൂപംതന്നെ എന്നുമുള്ളവനുമാകുന്നു.

(ശ്രീമദ് ഭഗവത്ഗീത—ഡാ: പി. എസ്. നായർ)

ഉപനിഷത്തുക്കൾ പറയുന്നു:

ഈ ആത്മീയചിന്തയിൽ നിന്നാണ് എല്ലാ ദൈവങ്ങളും ജന്മം കൊണ്ടിട്ടുള്ളതു്. മുപ്പത്തിമുക്കോടി ദൈവങ്ങളുടെ പിതാവായ കശ്യപപ്രജാപതിയുടെ ജനനംതന്നെ ഉദാഹരണമായെടുക്കാം. ബൃഹദാരണ്യോപനിഷത്തുതന്നെ അതു് വ്യക്തമാക്കുന്നു:

"ആരംഭത്തിൽ പ്രപഞ്ചംമുഴവൻ ജലമായിരുന്നു. ജലം ബ്രഹ്മത്തെ സൃഷ്ടിച്ചു. ബ്രഹ്മത്തിൽനിന്നു് പ്രജാപതിയുണ്ടായി."

തത്വശാസ്ത്രവുമായി ബന്ധപ്പെട്ടതിയാണ് ഇവിടെ കശ്യപപ്രജാപതിയെ സൃഷ്ടിച്ചതെങ്കിൽ സാധാരണ എല്ലാ ദൈവങ്ങളുടെയും

സൃഷ്ടി ബ്രഹ്മദർശനം ഉൾക്കൊള്ളുന്ന സാഹിത്യകാരൻെറ ഭാവനയിൽനിന്നാണ്.

ഭദ്രകാളിയുടെ ഉത്ഭവകഥതന്നെ ഉദാഹരണം.

"ഒരിക്കൽ പ്രജാപതിമാർ യാഗംചെയ്തു. ആ യാഗത്തിൽ ബ്രഹ്മാവും മഹാവിഷ്ണുവും ശിവനും സന്നിഹിതരായിരുന്നു. പ്രജാപതികളാൽ ക്ഷണിക്കപ്പെട്ട ദക്ഷനും അവിടെ വന്നുചേർന്നു. പക്ഷെ ദക്ഷനെ കണ്ടിട്ട് ജാമാതാവായ ശിവൻ എഴുന്നേററില്ല. ശിവൻെറ ഈ ധിക്കാരവൃത്തി ദക്ഷനെ കോപിഷ്ഠനാക്കി. ശിവനോട് ഇതിനു പ്രതികാരംചെയ്യണമെന്നുള്ള ദൃഢനിശ്ചയത്തോടു കൂടി അവിടെനിന്ന് യാത്രതിരിച്ച ദക്ഷൻ സ്വന്തമായി ബൃഹസ്പതീസവനം എന്ന യാഗം നടത്തി. ആ യാഗത്തിൽ ശിവനോ സതിയോ ക്ഷണിക്കപ്പെട്ടില്ല.

അച്ഛൻെറ യാഗമുണ്ടെന്നറിഞ്ഞ് സതീദേവി ക്ഷണിക്കപ്പെടാതെതന്നെ അവിടെ ചെന്നുചേർന്നു. പക്ഷെ ദക്ഷൻ സതിയെ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. ഹൃദയം നുറുങ്ങിയ സതീദേവി അവിടെത്തന്നെ ഒരഗ്നികുണ്ഡം നിർമ്മിച്ച് അതിൽ ചാടി മരിച്ചു. ഈ വിവരം അറിഞ്ഞയുടനെ ശിവൻ കോപംകൊണ്ടു ജ്വലിച്ചു. അദ്ദേഹം അസഹ്യമായ ദുഃഖത്താൽ തൻെറ ജടപിടിച്ചു നിലത്തടിച്ചു. അപ്പോൾ അതിൽനിന്നും വീരഭദ്രനെന്നും ഭദ്രകാളിയെന്നും പേരോടുകൂടിയ രണ്ടു ശക്തികൾ ഉത്ഭവിച്ചു. അവർ ഉടൻതന്നെ ദക്ഷസവിധത്തിലേയ്ക്കു പാഞ്ഞുചെന്നു. വീരഭദ്രനും ഭദ്രകാളിയും കൂടി ദക്ഷൻെറ യാഗശാലയിൽ കയറിച്ചെന്നു കണ്ണിൽ കണ്ടതെല്ലാം തകർത്ത് തരിപ്പണമാക്കി. സകലതും നശിപ്പിച്ചു. ദക്ഷനെത്തന്നെയും പിടികൂടി ഗളഛേദംചെയ്തു. (ദേവീഭാഗവതം സപ്തമസ്കന്ധം)

അതുപോലെ പ്രണവസ്വരത്തിൽനിന്നാണ് ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർ ഉണ്ടായിട്ടുള്ളതെന്ന് കുണ്ഡലനീതത്വത്തിൽ പറയുന്നു. 'ഓം' എന്ന പ്രണവസ്വരത്തെ മൂന്നായി വിഭജിച്ചതാണ് 'അ'കാര'ഉ'കാര'മ'കാരങ്ങൾ. ('അ'കാരം ബ്രഹ്മനെന്നും 'ഉ'കാരം വിഷ്ണുവെന്നും 'മ'കാരം രുദ്രനെന്നും പറയപ്പെട്ടിരി

കുന്നു. നിത്യബോധചന്ദ്രിക ഭൈരവാനന്ദ യോഗീന്ദ്രനാഥ്) ഈ 'അ'കാര'ഉ'കാര'മ'കാരങ്ങളുടെ കലാപരമായ പരിണാമമാണ് ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർ.

ഈ പ്രണവസ്വരത്തിന്റെ ഉല്പത്തി ഇഡയെന്നും പിംഗല എന്നും വിളിക്കുന്ന രണ്ടു നാഡികളുടെ മദ്ധ്യത്തിൽ ബ്രഹ്മനാഡിയെന്നും സരസ്വതി നാഡിയെന്നും സുപ്രസിദ്ധമായിരിക്കുന്ന സഷുമ്നാനാഡിയുടെ അഗ്രസ്ഥാനത്താണെന്നും അതു പരാശക്തിയുടെ സ്ഥാനമാണെന്നും നിത്യബോധചന്ദ്രികയിൽ പറയുന്നു. ഈ പരാശക്തി പരബ്രഹ്മമാണ്. പുരുക്കത്തിൽ തത്വചിന്തയിൽനിന്നാണ് ദൈവങ്ങളുണ്ടായതു്.

ഭാരതത്തിൽ തത്വചിന്ത ആവിർഭവിച്ച കാലംമുതൽ ആത്മീയ ചിന്തയുടെ പൊള്ളത്തരം ചോദ്യംചെയ്യുന്നുണ്ടു്.

സാംഖ്യം, വൈശേഷികം, മീമാംസ, ലോകായതം, മാധ്യമികം, സൗത്രാന്തികം, വൈഭാഷികം, ബൗദ്ധം, ജൈനം തുടങ്ങിയ ദർശനങ്ങൾ ഈശ്വരന്റെ അസ്തിത്വത്തെ ചോദ്യംചെയ്തിട്ടുള്ളവയാണ്.

ഉദാഹരണം നോക്കുക.

"സാംഖ്യന്മാരുടെ അഭിപ്രായത്തിൽ ഒന്നുമില്ലായ്മയിൽനിന്നു യാതൊന്നുമുണ്ടാവുകയില്ല. (നഃ വസ്തുനോ വസ്തു സിദ്ധിഃ). സൃഷ്ടി എന്നതു മുമ്പുണ്ടായിരുന്നതിന്റെ ഒരു പ്രകടനം അല്ലെങ്കിൽ രൂപഭേദം മാത്രമാണ്. പ്രപഞ്ചത്തിലെ ഓരോ പ്രതിഭാസത്തിനും അതിന്റേതായ കാരണമുണ്ടു്. ഓരോ കാരണവും അതിന്റെ അനിവാര്യമായ ഫലമുളവാക്കുന്നു. കാര്യവും കാരണവും തമ്മിൽ അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിനു് തൈരു് പാലിൽനിന്നേ ഉണ്ടാകൂ. വെള്ളത്തിൽനിന്നുണ്ടാവില്ല. കുശവൻ കളിമണ്ണിൽനിന്നാണ്, തുണിയിൽനിന്നല്ല കുടമുണ്ടാക്കുന്നതു്. ദൃശ്യപ്രപഞ്ചം അതിസൂക്ഷ്മമായ അതിന്റെ കാരണത്തിൽനിന്നുൽഭവിച്ചതാണ്. ആ സൂക്ഷ്മകാരണത്തിനാണ് പ്രകൃതി എന്നു പറയുന്നതു്. പ്രപഞ്ചത്തിന്റെ മൂലകാരണം ദൈവമോ പരമാത്മാവോ

ബ്രഹ്മമോ മറേറതെങ്കിലും ദിവ്യശക്തിയോ അല്ല. അതു ക്രമാനുഗതമായി പരിണമിച്ചുണ്ടായതാണ്.'

(ഇന്ത്യയുടെ ആത്മാവ്—കെ. ദാമോദരൻ. പേജ്: 75, 76)

ലോകായതദർശനം പറയുന്നതു നോക്കുക.

"ഈശ്വരൻ എന്ന ഒന്നില്ല. ജഗത്തു് മാത്രമാണുള്ളതു്. ലോകം വിചിത്രമാണ്. പക്ഷേ, ദൈവമല്ല ആ വൈചിത്ര്യത്തെ സൃഷ്ടിച്ചതു്. പഞ്ചസാരയുടെ മാധുര്യവും വേപ്പിലയുടെ കയ്പും പക്ഷിമൃഗാദികളുടെ ജന്മവാസനയും മററും ദൈവം എന്ന ശക്തിയാൽ സൃഷ്ടിക്കപ്പെട്ടവയല്ല. വസ്തുക്കളുടെ സഹജ സ്വഭാവങ്ങളാണതെല്ലാം. നാലു് മൂലപദാർത്ഥങ്ങളുടെ യാദൃശ്ചിക സംയോഗത്തിൽ നിന്നാണ് പ്രപഞ്ചമുൽഭവിച്ചതു്. ഭൂമി, വായു, വെള്ളം, അഗ്നി എന്നീ നാലു ഭൂതങ്ങളാണ് പ്രപഞ്ചത്തിന്റെ മൗലിക ഘടകങ്ങൾ. ഈ മൗലികപദാർത്ഥങ്ങൾ ഒരു സവിശേഷരീതിയിൽ ഒന്നിച്ചു ചേരുമ്പോളാണ് മനുഷ്യചൈതന്യമുണ്ടാകുന്നതു്. ചില പ്രത്യേക പദാർത്ഥങ്ങൾ ഒന്നിച്ചുചേരുമ്പോൾ മദ്യമായിത്തീരുന്നില്ലേ? മദ്യത്തിനു ലഹരിയുണ്ടു്. പക്ഷേ മദ്യത്തിലടങ്ങിയ ആ പദാർത്ഥങ്ങളെ ഒററയ്ക്കൊററയ്ക്കെടുത്തു് നോക്കിയാൽ ലഹരിയുണ്ടാവില്ല. അതുപോലെതന്നെ ഭൂമി, വെള്ളം, തീ, വായു എന്നീ നാലു് മൗലിക ഘടകങ്ങൾ ഒററയ്ക്കൊററയ്ക്കു നിൽക്കുമ്പോൾ മനുഷ്യചൈതന്യമില്ല. അവ ഒരു പ്രത്യേകതരത്തിൽ ഒന്നിച്ചു ചേരുമ്പോൾ ചൈതന്യമുൽഭവിക്കുന്നു. ജീവചൈതന്യമാണ് ആത്മാവു്. ദേഹം നശിക്കുമ്പോൾ ആത്മാവും നശിക്കുന്നു."

(ഇന്ത്യയുടെ ആത്മാവ്—കെ. ദാമോദരൻ. പേജ്: 69)

അതുപോലെ മസ്തിഷ്ക്കത്തിൽനിന്നും ബോധം ഉണ്ടാകുന്നു. മറിച്ചു ബോധത്തിൽനിന്നും മസ്തിഷ്ക്കമുണ്ടാകുന്നില്ല. ഇക്കാര്യം ലെനിൻ വെളിപ്പെടുത്തുന്നു. "എല്ലാവിധ പദാർത്ഥത്തിനും സാരാംശത്തിൽ സംവേദനംപോലെതന്നെയുള്ള ഒരു ഗുണമുണ്ടു്, പ്രതിഫലനഗുണം."

(വി. ഐ. ലെനിൻ, സമാഹൃതകൃതികൾ—പേജ്: 32)

അതുകൊണ്ട് പ്രപഞ്ചസൃഷ്ടി ആത്മാവിൽനിന്നോ ബ്രഹ്മത്തിൽനിന്നോ അല്ല. വസ്തുവിൽനിന്നുതന്നെയാണ്.

ചുരുക്കത്തിൽ ആത്മാവും പരമാത്മാവും വെറും സങ്കൽപ്പങ്ങളാണ്. ജീവോൽപ്പത്തിയെക്കുറിച്ചും പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചുമുള്ള മനുഷ്യന്റെ അജ്ഞതയിൽനിന്നുമാണ് ഇത്തരം ഉത്തരങ്ങൾ കണ്ടെത്തിയിട്ടുള്ളത്. അതിനുള്ള തെളിവാണ് ഇവയ്ക്ക് ശാസ്ത്രീയാടിസ്ഥാനം ഇല്ലായെന്നുള്ളതും.

## ഹിന്ദുമതം

നമുക്ക് ഹിന്ദുമതമെന്താണെന്നുകൂടി പരിശോധിക്കാം.

സാധാരണ ക്രൈസ്തവ-ഇസ്ലാം-ബൗദ്ധമതങ്ങളെപ്പോലെ ഹിന്ദുമതത്തിനു് സ്ഥാപകരോ അടിസ്ഥാനപ്രമാണങ്ങളോ ഇല്ലെന്നുള്ളതാണ് പ്രത്യേകത. എങ്കിൽതന്നെയും മത ഉദ്ധാരകരും മതഗ്രന്ഥങ്ങളും ഇല്ലാതില്ല.

BC 2000-ത്തോടുകൂടി മദ്ധ്യ ഏഷ്യയിൽനിന്നും ഇന്ത്യയിലേയ്ക്ക കുടിയേറിപ്പാർത്ത (ഭാരതീയ വിദ്യാഭവൻ തയ്യാറാക്കിയ ഇന്ത്യാ ചരിത്രത്തിൽ ഡോ: ഘോഷ്. ബി. കെ. അഭിപ്രായപ്പെട്ടതു്.) വരാണ് ഹിന്ദുക്കൾ. ഇവർ സിന്ധു നദീതടത്തിലാണ് സ്ഥിരതാമസമുറപ്പിച്ചതു്. കാലക്രമത്തിൽ ഈ സൈന്ധവരെ ഹൈന്ദവർ അഥവാ ഹിന്ദുക്കൾ എന്നു വിളിച്ചു.

പണ്ഡിററ് ജവഹർലാൽനെഹ്റു പറയുന്നതു നോക്കുക.

ഹിന്ദു എന്ന വാക്ക് നമ്മുടെ പുരാതന സാഹിത്യത്തിൽ ഒരിടത്തും കാണാനില്ല. ഒരു ഇന്ത്യൻ പുസ്തകത്തിൽ ഇദംപ്രഥമമായി അതിനെക്കുറിച്ചു പ്രസ്താവിക്കുന്നതു് ക്രി: പി: എട്ടാം ശതകത്തിലെ ഒരു താന്ത്രിക ഗ്രന്ഥത്തിലാണെന്നറിയുന്നു. അവിടെ 'ഹിന്ദു' എന്നതിനു് ഒരു ജനത എന്നാണർത്ഥം. ഒരു മതത്തിന്റെ അനുയായികൾ എന്നല്ല. പക്ഷേ 'അവെസ്ത'യിലും പുരാതന പെർഷ്യനിലും ആ വാക്കു കാണാനുള്ളതുകൊണ്ട്, അതു വളരെ പുരാതനമാണെന്നു തീർച്ചതന്നെ. അന്നും അവിടെനിന്നു ഒരായിരമോ അധികമോ കൊ

ല്ലക്കാലത്തോളം പശ്ചിമേഷ്യയിലേയും മദ്ധ്യേഷ്യയിലേയും ജനങ്ങൾ അതുപയോഗിച്ചതു്, ഇന്ത്യയെ അഥവാ സിന്ധുനദിയുടെ അക്കരെ താമസിക്കുന്ന ജനത്തെ കുറിക്കാനാണ്. ഇൻഡസ് എന്നു് ഇംഗ്ലീഷിൽ പറയുന്ന നദിക്കു് പണ്ടും ഇന്നുമുള്ള ഇന്ത്യൻ നാമധേയമായ 'സിന്ധു' എന്നതിൽനിന്നാണ് ഈ വാക്കിൻെറ ആഗമം എന്നു വ്യക്തം. ഈ സിന്ധുവിൽനിന്നാണ് ഹിന്ദു, ഹിന്ദുസ്ഥാൻ എന്നും, ഇന്തോസ് ഇന്ത്യ എന്നുമുള്ള വാക്കുകൾ വന്നതു്. ക്രി: പി: ഏഴാം ശതകത്തിൽ ഇന്ത്യയിലേക്കുവന്ന പ്രസിദ്ധ ചീന തീർത്ഥയാത്രികനായ ഇട്സിങ്ങ് തൻെറ യാത്രാവിവരണഗ്രന്ഥത്തിൽ "വടക്കൻ വർഗ്ഗക്കാർ" അതായതു്, മദ്ധ്യേഷ്യയിലെ ജനങ്ങൾ ഇന്ത്യയെ "ഹിന്ദു" (ഹ്സിൻ-തു) എന്നു വിളിക്കുന്നതായി എഴുതുന്നു......ഇന്ത്യക്കു് ഇന്നു പരക്കെ 'ഹിന്ദ്' എന്നുപയോഗിക്കാറുണ്ടു്. പശ്ചിമേഷ്യയിലെ രാജ്യങ്ങളിലും, ഇറാനിലും, തുർക്കിയിലും, ഇറാക്കു്, അഫ്ഘാനിസ്ഥാൻ, ഈജിപ്റ്റ് മുതലായ നാടുകളിലും ഇന്ത്യയെക്കുറിച്ചു് എന്നും 'ഹിന്ദ്' എന്നാണ് പറഞ്ഞുപോന്നിട്ടുള്ളതു്. ഇന്നു വിളിക്കുന്നതും അതുതന്നെ. ഇന്ത്യയെ സംബന്ധിച്ച എല്ലാററിനും 'ഹിന്ദ്' എന്നു പറയുന്നു. ഹിന്ദിക്കു് മതവുമായി ഒരു ബന്ധവുമില്ല. ഒരു മുസ്ലിമോ, ക്രിസ്ത്യാനിയോ ആയ ഇന്ത്യക്കാരൻ ഹിന്ദുമതാവലംബിയായ ഒരാളെപ്പോലെതന്നെ ഹിന്ദിയാണ്. എല്ലാ ഇന്ത്യക്കാരെയും ഹിന്ദുക്കൾ എന്നു വിളിക്കുന്ന അമേരിക്കക്കാർക്കു് വലിയ തെററു പററിയിട്ടില്ല.

(ഇന്ത്യയെ കണ്ടെത്തൽ—പേജ്: 89, 92)

ചുരുക്കത്തിൽ ഹിന്ദുമതം ഒരു മതമല്ല. അതൊരു സംസ്കാരമാണ്. അതിനുള്ള തെളിവാണ് ഹൈന്ദവചിന്തകളിൽ ആത്മീയവും ഭൗതികവുമായ ചിന്തകൾ നിറഞ്ഞുനിൽക്കുന്നതു്.

മാസ് പബ്ളിക്കേഷൻസ്
കിളികൊല്ലൂർ P. O.
കൊല്ലം–691004.

# കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുത രഹസ്യങ്ങളും



ശ്രീനി പട്ടത്താനം